ഹയർ സെക്കണ്ടറി തുല്യത കോഴ്സ്
(Higher Secondary Equivalency Course)

രണ്ടാം വർഷം

XII

# സോഷ്യോളജി
# SOCIOLOGY

ഭാഗം 1

സ്വയംപഠന സാമഗ്രി
(SELF-LEARNING MATERIAL)

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്:
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2020

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാ ഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

*Prepared by* :

**Kerala State Literacy Mission Authority**

'Aksharam', Near Pettah Govt. Boys HSS, Pettah P.O., Thiruvananthapuram-24
Ph: Off . (0471) 24722253/24722254 Tele-Fax : (0471) 2462252)
E-mail : info.kslma@kerala.gov.in, Web: www.literacymissionkerala.org.

**State Council of Educational Research and Training (SCERT)**

Poojappura, Thiruvananthapuram 695012, Kerala
© Department of Education, Government of Kerala

| | | |
|---|---|---|
| First Edition | : | 2016 |
| Second Edition | : | 2018 |
| Third Edition | : | 2020 |
| Typesetting & Layout | : | KSLMA |
| Cover design | : | KSLMA |
| Printed at | : | |
| **Price** | : | **₹ 80** |

(C) Department of Education, Government of Kerala

## ആമുഖം

കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയുടെ അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയിലെ തുല്യതാകോഴ്സ് 2015 മുതൽ പതിനൊന്നാം തരത്തിലേക്കുകൂടി വ്യാപിപ്പിച്ചപ്പോൾ അതിനു വേണ്ട അക്കാദമിക പ്രവർത്തനങ്ങളുടെ ചുമതല യേറ്റെടുത്ത എസ്.സി.ഇ.ആർ.ടി ഏറെ അഭിമാനത്തോടെയാണ് അതിന്റെ തുടർച്ചയായ പന്ത്രണ്ടാം തരത്തിനുവേണ്ട പഠനസാമഗ്രികൾ അവതരിപ്പിക്കുന്നത്. പതിനൊന്നാം തരത്തിനുവേണ്ടി എസ്.സി.ഇ.ആർ.ടി തയാറാക്കിയ ഓരോ പഠന സാമഗ്രിയും ഉള്ളടക്കത്തിലും അവതരണത്തിലും സൂക്ഷ്മിച്ച മികവും പ്രയോഗ ക്ഷമതയും ഏറെ പ്രശംസിക്കപ്പെട്ടു എന്നതിൽ സന്തോഷമുണ്ട്.

ഔപചാരികവിദ്യാഭ്യാസം തുടരാൻ സാധിക്കാതെപോയ 19700 പേർ കഴിഞ്ഞ അധ്യയന വർഷം സംസ്ഥാന ഹയർസെക്കണ്ടറി കോഴ്സിനു തുല്യമായ പതിനൊന്നാംതരം ക്ലാസിൽ ചേർന്നു പഠനമാരംഭിച്ചിട്ടുണ്ട്. കേരള ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് സമൂഹശാസ്ത്ര പഠനത്തിനു നിർദ്ദേശിച്ചിട്ടുള്ള എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളുടെ ഉള്ളടക്കവും അവതരണക്രമവും നിലവാരവും നില നിർത്തിക്കൊണ്ടാണ് പുസ്തകങ്ങൾ തയാറാക്കിയിരിക്കുന്നത്. ഒപ്പം ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ പ്രവർത്തിക്കുന്ന മുതിർന്ന പഠിതാക്കൾക്ക് തങ്ങളുടെ ജീവിത പരിസരവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കും നിരന്തര മൂല്യ നിർണയത്തിനും വേണ്ടത്ര ഇടം ഈ പഠനസാമഗ്രികൾ നൽകിയിട്ടുണ്ട്.

ഒന്നാം വർഷ പഠിതാക്കളിൽ നിന്നും സമ്പർക്ക ക്ലാസുകൾ കൈകാര്യം ചെയ്ത അധ്യാപകരുടെയും നിർദ്ദേശങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് സ്വയം വിലയിരുത്ത ലിനുള്ള കൂടുതൽ ചോദ്യങ്ങളും ആയതിന്റെ ഉത്തരസൂചികയുംകൂടി നൽകി സമ്പുഷ്ടമാക്കാൻ പഠനസാമഗ്രിക്കു പിന്നിൽ പ്രവർത്തിച്ച വിദഗ്ധർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഈ സ്വയം പഠന സാമഗ്രിക്കൊപ്പം അധികവായനയും ജീവിതാനുഭവങ്ങളും താങ്കളെ മഹത്തരമായ വിജയത്തിലേക്ക് നയിക്കും എന്ന പ്രതീക്ഷയോടെ, വിജയം ആശംസിക്കുന്നു.

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51. ക. മൗലിക കർത്തവ്യങ്ങൾ- താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്.**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക.

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക.

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവുവരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക.

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം നിലനിർത്തുകയും ചെയ്യുക.

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നത തലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിന്നാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടികൾക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# പഠിതാക്കളോട്

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 1998ൽ ആരംഭിച്ച തുടർവിദ്യാഭ്യാസപരിപാടികളിൽ ഏറ്റവും ശ്രദ്ധേയവും ജനകീയ വുമാണ് തുല്യതാ പരിപാടി. നവസാക്ഷരർ, സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോ യവർ തുടങ്ങി ഔപചാരിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കാതെ പോയ വർക്ക് അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ തുടർപഠനത്തിന് സാക്ഷരതാ മിഷൻ അവസരം നൽകുന്നു. നാലാംതരം, ഏഴാംതരം, പത്താംതരം തുല്യത യിലൂടെ വിജയിച്ച ലക്ഷക്കണക്കിനാളുകൾക്ക് ഉപരിപഠനത്തിനും സ്ഥാനക യറ്റത്തിനും ഇതിലൂടെ അവസരവും ലഭിച്ചിട്ടുണ്ട്.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ പഠനാനുഭവങ്ങൾ പൂർണ്ണമായി ലഭിക്കാത്ത വരും പലവിധ കാരണങ്ങളാൽ പഠനം പാതിവഴിയിൽ നിർത്തേണ്ടിവന്നവരും ജീവിതായോധനത്തിനായി വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരു മാണ് തുല്യതാ പഠനത്തിലെ ബഹുഭൂരിപക്ഷം പഠിതാക്കളും. ജീവിതത്തെ ആഴത്തിൽ മനസ്സിലാക്കാനും വസ്തുനിഷ്ഠമായി സമീപിക്കാനും കഴിയുന്ന പഠനരീതിയാണ് സ്വയംപഠനസാമഗ്രികളിൽ സ്വീകരിച്ചിരിക്കുന്നത്.

ഹയർ സെക്കൻണ്ടറി തുല്യതാ കോഴ്സിൽ മാനവികവിഷയങ്ങളായ ഹ്യുമാ നിറ്റീസ്, കൊമേഴ്സ് ഗ്രൂപ്പുകളാണ് ഉൾപെടുത്തിയിട്ടുള്ളത്. മറ്റു പാഠപുസ്ത കങ്ങളിൽനിന്ന് വ്യത്യസ്തമായി സ്വയംപഠനസാമഗ്രികളാണ് സാക്ഷരതാ മിഷൻ തയാറാക്കിയിട്ടുള്ളത്. എസ്.സി.ഇ.ആർ.ടിയുടെ അക്കാദമിക സഹകര ണത്തോടെ പരിചയസമ്പന്നരായ അധ്യാപകരുടെയും അനൗപചാരിക വിദ്യാ ഭ്യാസ വിദഗ്ദരുടെയും മേൽനോട്ടത്തിൽ ശാസ്ത്രീയമായ രീതിയിൽ മുതിർന്ന വരുടെ ബോധനശാസ്ത്രത്തിന്റെ വെളിച്ചത്തിൽ നിരവധി ശില്പശാലകളിലൂ ടെയാണ് പഠനസാമഗ്രികൾ തയ്യാറാക്കിയിട്ടുള്ളത്. സ്ഥിതിസമത്വം, സാമൂഹ്യ നീതി, ജനാധിപത്യബോധം, മതേതരത്വം തുടങ്ങിയവ വളർത്തുക, തൊഴിൽ/ സംരഭകത്വശേഷിക്ക് സഹായകമായ നേതൃപാടവം, ആശയവിനിമയശേഷി, സംഘാടന നൈപുണി തുടങ്ങിയ കഴിവുകൾ വികസിപ്പിക്കുക എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ നടത്തുന്നത് പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള ഹയർസെ ക്കൻണ്ടറി ഡയറക്ടറേറ്റാണ്.

ഈ കോഴ്സിന് ആവശ്യമായ സ്വയംപഠനസാമഗ്രികൾ തയാറാക്കുന്നതിന് സഹായിച്ച അനൗപചാരികവിദ്യാഭ്യാസ വിദഗ്ധർ, ഹയർ സെക്കണ്ടറി/കോളജ് അധ്യാപകർ, ഉദ്യോഗസ്ഥർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. സമ്പർക്ക പഠനക്ലാസുകൾക്ക് നേതൃത്വം നൽകുന്ന അധ്യാപകർക്കും മറ്റ് സഹപ്രവർത്ത കർക്കും ഞങ്ങളുടെ നന്ദി രേഖപ്പെടുത്തുന്നു.

**ഡോ.പി.എസ്.ശ്രീകല**
ഡയറക്ടർ
സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ശില്പശാലയിൽ പങ്കെടുത്തവർ

**ജെ.ജോൺ ക്രിസ്റ്റഫർ**
ജി.എച്ച്.എസ്.എസ്. മങ്ങാട്, കൊല്ലം

**മാത്യു പ്രകാശ്.കെ.എ.**
സെന്റ് ഗൊരേറ്റി എച്ച് എസ്.എസ്.
പുനലൂർ, കൊല്ലം

**വിനയകുമാർ.എം.**
ജി.എച്ച്.എസ്.എസ്. കോട്ടപുറം,
മലപ്പുറം

**ഫൈസൽ.കെ.**
ഇ.എം.ഇ.എ.എച്ച്.എസ.എസ്
കൊണ്ടോട്ടി, മലപ്പുറം

**പ്രമോദ്.എസ്.**
ജി.എം.ജി.എച്ച്.എസ്.എസ്.
ചടയമംഗലം, കൊല്ലം

**അബ്ദുൾ സമദ്.കെ.സി**
ജി.എച്ച്.എസ്.എസ്. പുത്തൂർ, വടകര

**ഡോ.എൽ.കൃഷ്ണൻ നാടാർ**
സെന്റ് ജോൺസ് എച്ച്.എസ്.എസ്.
ഉണ്ടൻകോട്, തിരുവനന്തപുരം

**കെ.എം.അബ്ദുൽ ഗഫൂർ**
ജി.എച്ച്.എസ്.എസ്.എടപ്പാൾ, മലപ്പുറം

**സാനു കെ.സുഗതൻ**
ടി.ആർ.കെ.എച്ച്.എസ്.എസ്.
വാണിയംകുളം, പാലക്കാട്

## വിദഗ്ധ സമിതി

**അജിത് ആർ.പിള്ള**
ഡി.ബി.എച്ച്.എസ്.എസ്, പരുമല, പത്തനംതിട്ട

## അക്കാദമിക് ചുമതല

**അഞ്ജന വി.ആർ.ചന്ദ്രൻ**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി

## കോഡിനേഷൻ

**കെ. അയ്യപ്പൻ നായർ**
അസി.ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരത മിഷൻ

## കോഡിനേഷൻ സഹായം

**റിയാന അൻസാരി**
പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരത മിഷൻ

**ബീന എ.ആർ**
പ്രോഗ്രാം ഓഫീസർ, സംസ്ഥാന സാക്ഷരത മിഷൻ

**എം.എം.ഷറഫുദ്ദീൻ**
കോർഡിനേറ്റർ (തുല്യത), സംസ്ഥാന സാക്ഷരത മിഷൻ

ഉള്ളടക്കം


1 ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തുന്നു
(Introducing Indian Society)

2 ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാ ശാസ്ത്രപരമായ ഘടന
(The Demographic Structure of the Indian Society)

3 സാമൂഹ്യ സ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും
(Social Institutions :
Continuity and Change)

4 വിപണി ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ
(The Market as a Social Institution)

5 സാമൂഹ്യ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ
(Patterns of Social Inequlity and Exclusion)

6 സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ
(The Challenges of Cultural Diversity)



1

# ഇന്ത്യൻ സമൂഹത്തെ പരിചയപ്പെടുത്തുന്നു (Introducing Indian Society)

## ആമുഖം

നാം ഉൾപ്പെടുന്ന സമൂഹത്തെക്കുറിച്ചുള്ള പഠനമാണ് സമൂഹശാസ്ത്രമെന്ന് കഴിഞ്ഞ വർഷം നിങ്ങൾ പഠിച്ചുവല്ലോ. സമൂഹശാസ്ത്രത്തിന്റെ പഠനവിഷയം നമ്മുടെ ദൈനംദിന ജീവിതവുമായി കൂടുതൽ ചേർന്നുനിൽക്കുന്നതാണ്. എല്ലാ വ്യക്തികളും വിവിധങ്ങളായ സാമൂഹ്യ ബന്ധങ്ങളിലും സ്ഥാപനങ്ങളിലും ഉൾപ്പെടുന്നവരാണ്. അവർ സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യങ്ങൾ, ആദർശങ്ങൾ മുതലായവയെ നേരിട്ടനുഭവിക്കുന്നു, പരിചയിക്കുന്നു. സമൂഹത്തെക്കുറിച്ചുള്ള ഈ മുന്നറിവും മുൻപരിചയവും സമൂഹശാസ്ത്രത്തെ ഒരു വിജ്ഞാന ശാഖ എന്ന നിലയിൽ സമീപിക്കുമ്പോൾ എപ്രകാരമാണ് സ്വാധീനിക്കുന്നത് എന്നും സമൂഹശാസ്ത്ര വിദ്യാർത്ഥികൾ തങ്ങൾക്ക് ചുറ്റുമുള്ള സമൂഹത്തെയും തങ്ങളെത്തന്നെയും എപ്രകാരമാണ് നോക്കികാണേണ്ടതെന്നും ഈ അധ്യായം ചർച്ചചെയ്യുന്നു.

## പഠനനേട്ടങ്ങൾ

- സമൂഹശാസ്ത്ര പഠനത്തിൽ സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ പ്രസക്തി വിലയിരുത്തുന്നു.
- ഭൂമിശാസ്ത്ര ഭൂപടവും സാമൂഹ്യ ഭൂപടവും തമ്മിൽ താരതമ്യം ചെയ്യുന്നു.
- സമൂഹശാസ്ത്രം സാമൂഹ്യ ഭൂപട നിർമിതിയെ സഹായിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നു.
- ഇന്ത്യൻ അവബോധത്തെയും ദേശീയതയെയും രൂപപ്പെടുത്തുന്നതിൽ അധിനിവേശ കാലഘട്ടത്തിന്റെ പങ്ക് വിശകലനം ചെയ്യുന്നു.

ഹയർ സെക്കണ്ടറി തുല്യതാകോഴ്സ് പഠിതാക്കളായ മഹേഷും ഗോകുലും പതിവുപോലെ അന്നും സമ്പർക്ക പഠന ക്ലാസിനുശേഷം ഒരുമിച്ചാണ് വീട്ടിലേക്ക് പോയത്. വഴിമധ്യേ അവരുടെ ചർച്ച അന്നേദിവസം നടന്ന സമൂഹശാസ്ത്ര ക്ലാസിനെക്കുറിച്ചായിരുന്നു.

മഹേഷ് : ഇന്നത്തെ ക്ലാസ് എങ്ങനെയുണ്ടായിരുന്നു?

ഗോകുൽ : കുഴപ്പമില്ല

മഹേഷ് : എനിക്ക് പക്ഷെ ക്ലാസ് കഴിഞ്ഞപ്പോൾ കൺഫ്യൂഷനാണ് ഉണ്ടായത്.

ഗോകുൽ : അതെന്തു പറ്റി?

മഹേഷ് : ഇന്ന് കുടുംബത്തെക്കുറിച്ചാണല്ലോ നമ്മൾ ക്ലാസ്സിൽ ചർച്ച ചെയ്തത്. നാമെല്ലാം കുടുംബങ്ങളിൽ നിന്ന് വരുന്നവരാണ്. നമുക്കറിയില്ലേ കുടുംബം എന്താണെന്ന്. പക്ഷെ ടീച്ചർ പറഞ്ഞത് കുടുംബം ഒരു സ്ഥാപനമെന്നാണ്. പിന്നെയും മറ്റെന്തൊക്കെയോ പറഞ്ഞല്ലോ? എനിക്കൊന്നും മനസ്സിലായില്ല.

ഗോകുൽ : എനിക്കും ഈ കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായമുണ്ട്.

മഹേഷ് : നാം ഉൾപ്പെടുന്ന സമൂഹത്തെക്കുറിച്ചുള്ള പഠനമാണല്ലോ സമൂഹശാസ്ത്രം. അതുകൊണ്ട് ഞാൻ കരുതിയിരുന്നത് സമൂഹത്തിൽ നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്നതിനപ്പുറം മറ്റൊന്നും ഇല്ല എന്നാണ്.

ഗോകുൽ : അടുത്ത ക്ലാസിൽ നമുക്ക് ടീച്ചറിനോട് ഇതിനെക്കുറിച്ച് കൂടുതൽ ചോദിക്കാം മഹേഷ്.

മഹേഷ് : ശരി ഗോകുൽ, അപ്പോൾ പിന്നെ കാണാം.

ഗോകുൽ : ശരി

- മഹേഷിന്റെയും ഗോകുലിന്റെയും സംഭാഷണത്തിലെ പ്രധാന വിഷയം എന്താണ്?
- മഹേഷിനും ഗോകുലിനും കുടുംബത്തെക്കുറിച്ച് സമൂഹശാസ്ത്ര സമ്പർക്കക്ലാസിൽ പഠിച്ചതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായമുണ്ടാകാൻ കാരണമെന്തായിരിക്കാം?
- കുടുംബത്തെക്കുറിച്ചുള്ള മുന്നറിവ് സമൂഹശാസ്ത്രപരമായി കുടുംബത്തെ സമീപിക്കുന്നതിന് മഹേഷിനെയും ഗോകുലിനെയും എപ്രകാരം സ്വാധീനിക്കും?

ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, സമൂഹശാസ്ത്രത്തിന്റെ പഠന വിഷയം നമ്മുടെ അനുദിന ജീവിതവുമായി കൂടുതൽ ചേർന്നു നിൽക്കുന്നതാണ്.

അതുകൊണ്ടുതന്നെ സമൂഹശാസ്ത്ര പഠനം ആരും ശൂന്യതയിൽ നിന്ന് തുടങ്ങുന്നില്ല എന്നു പറയാം. ഏതൊരു വ്യക്തിക്കും സമഹത്തെക്കുറിച്ചുള്ള ചില അറിവുകളും ധാരണകളും ഉണ്ടായിരിക്കും. മറ്റ് സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ നിന്ന് വ്യത്യസ്തമായി സമൂഹത്തെക്കുറിച്ചുള്ള ഈ അറിവ് നമുക്ക് ലഭിക്കുന്നത് ഔപചാരിക പഠനത്തിലൂടെയല്ല, മറിച്ച് സ്വാഭാവികമായോ യാദൃശ്ചികമായോ നാം സ്വായത്തമാക്കുന്നതാണ്. ആറ് വയസുകാരി സ്കൂളിൽ ചേരുന്ന സമയത്തുതന്നെ അവളിൽ നിന്ന് ചരിത്രം, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, സാമ്പത്തികശാസ്ത്രം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള മുന്നറിവുകൾ ആരും പ്രതീക്ഷിക്കുന്നില്ല. എന്നാൽ ഇതേ കുട്ടിക്ക് സമൂഹത്തെക്കുറിച്ചും സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചും ചില ധാരണകൾ ഉണ്ടായിരിക്കും. അങ്ങനെയെങ്കിൽ ജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ നിൽക്കുന്ന നിങ്ങളെ സംബന്ധിച്ച് പ്രത്യേകം പറയേണ്ടതില്ലല്ലോ.

## സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ നേട്ടങ്ങളും പരിമിതികളും (Merits and Demerits of prior Knowledge about Society)

നിങ്ങൾ കഴിഞ്ഞവർഷം സമൂഹശാസ്ത്രപഠനം ആരംഭിക്കുന്നതിന് മുൻപുതന്നെ സമൂഹത്തെക്കുറിച്ചും സാമൂഹ്യ ബന്ധങ്ങളെക്കുറിച്ചുമുള്ള ചില മുന്നറിവുകൾ നിങ്ങൾക്ക് ഉണ്ടായിരുന്നു എന്നത് വ്യക്തമാണല്ലോ. സമൂഹത്തെക്കുറിച്ചുള്ള ഈ മുന്നറിവ് സമൂഹശാസ്ത്ര പഠനത്തിൽ നിങ്ങളെ എപ്രകാരമാണ് സഹായിച്ചത്? പട്ടികപ്പെടുത്തൂ.

- ജീവിതഗന്ധിയായി തോന്നി
- വിഷയത്തോട് അടുപ്പം തോന്നി
- 

സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് ഉണ്ടായിരുന്നതുകൊണ്ട് സമൂഹശാസ്ത്രത്തെ ഭയം കൂടാതെ സമീപിക്കുവാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടാവുമല്ലോ.

ഇത്തരം നേട്ടങ്ങൾ നിലനിൽക്കുമ്പോഴും സമൂഹത്തെക്കുറിച്ചുള്ള ഈ മുന്നറിവ് സമൂഹശാസ്ത്രപഠനത്തിൽ ചില പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്.

## പഠനപ്രവർത്തനം

*കുടുംബം, സാമൂഹ്യനിയന്ത്രണം, എന്നിവയെക്കുറിച്ച് സമൂഹശാസ്ത്രത്തിൽ പഠിക്കുന്നതിന് മുൻപ് നിങ്ങൾക്കുണ്ടായിരുന്ന അറിവും സമൂഹശാസ്ത്രത്തിൽ നിങ്ങൾ ഇവയെക്കുറിച്ച് പഠിച്ചതും തമ്മിൽ താരതമ്യം ചെയ്ത് ചാർട്ട് പൂർത്തിയാക്കുക.*

| ആശയങ്ങൾ | മുൻധാരണ | സമൂഹശാസ്ത്രപരമായ അറിവ് |
|---|---|---|
| കുടുംബം | | |
| സാമൂഹ്യനിയന്ത്രണം | | |

ചാർട്ട് പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ നിങ്ങൾക്ക് എന്താണ് തോന്നുന്നത്?

നിങ്ങളുടെ മുൻധാരണകൾ പലതും സാമാന്യ ബുദ്ധിയിലധിഷ്ഠിതമായിരുന്നു എന്ന് ബോധ്യമായില്ലേ? സാമാന്യബുദ്ധി (Common Sense) എന്താണെന്ന് കഴിഞ്ഞവർഷം നിങ്ങൾ പഠിച്ചത് ഓർക്കുമല്ലോ. സാമാന്യ ബുദ്ധി എപ്പോഴും തെറ്റായിക്കൊള്ളണമെന്നില്ല. സാമാന്യ ബുദ്ധിയിലധിഷ്ഠിതമായ മുന്നറിവ് നാം സാമൂഹ്യ ചുറ്റുപാടിൽ നിന്ന് രൂപം കൊള്ളുന്നതാണ്. ഇത് പലപ്പോഴും ഒരു പ്രത്യേക വീക്ഷണത്തിലുള്ളതും ഭാഗികവുമായിരിക്കും.

### സാമാന്യബുദ്ധി (Common sense)

*കൃത്യമായ അർത്ഥത്തിൽ 'സാമാന്യബുദ്ധി', 'മുൻവിധി' (Prejudice) തന്നെയാണ്. ഒരു വസ്തുതയെ നാം ബോധപൂർവ്വം വിലയിരുത്തുന്നതിന് മുൻപ് അത് നമ്മുടെ ഉള്ളിൽ സ്ഥാനം പിടിക്കുകയും കാര്യമായി പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യും. സാമൂഹ്യ ലോകത്തിന്റെ സിംഹഭാഗത്തെക്കുറിച്ച് യാതൊരു സംശയങ്ങളും തോന്നാത്ത വിധത്തിൽ നമ്മുടെ തിരിച്ചറിവിനെ അത് മുൻകൂട്ടി ചിട്ടപ്പെടുത്തുന്നു.*

ഭാഗികം എന്നത് രണ്ട് വ്യത്യസ്തങ്ങളായ അർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്- അപൂർണ്ണവും മുൻവിധിയോടുകൂടിയതും.

നമുക്ക് ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള ഇത്തരത്തിലുള്ള മുന്നറിവ് സമൂഹശാസ്ത്രപരമായ പല സങ്കല്പനങ്ങളും (concepts) ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുന്നതിന് തടസ്സമായി നിൽക്കുന്നു. അതിനാൽ സമൂഹത്തെക്കുറിച്ചുള്ള മുൻ ധാരണകൾ ഇല്ലാതാക്കുക (unlearn) എന്നതാണ് സമൂഹശാസ്ത്ര പഠനത്തിന്റെ ആദ്യപടി. ഈ അർത്ഥത്തിലാണ് സമൂഹശാസ്ത്രത്തെ സാമാന്യ ബുദ്ധിയുടെ വിമർശനം (Critique of common sense) എന്ന് നിർവചിക്കുന്നത്.

## പഠനപുരോഗതി വിലയിരുത്താം

1. ശരിയോ തെറ്റോ എന്ന് പറയുക

   a. സമൂഹശാസ്ത്രം പഠിക്കാതെ തന്നെ ഏതൊരുവ്യക്തിക്കും സമൂഹത്തെക്കുറിച്ചുള്ള ചില ധാരണകൾ ഉണ്ടായിരിക്കും.

   ശരി/തെറ്റ്

   b. സമൂഹത്തെക്കുറിച്ചുള്ള സാമാന്യ ബുദ്ധിയിലധിഷ്ഠിതമായ അറിവ് എപ്പോഴും തെറ്റായിരിക്കും.

   ശരി/തെറ്റ്

2. സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് സമൂഹശാസ്ത്രപരമായ സങ്കല്പനങ്ങൾ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കുന്നതിന് തടസ്സമാണെന്ന് പറയുന്നതെന്തുകൊണ്ട്?

മുൻധാരണകൾ മാറ്റിക്കൊണ്ട് സമൂഹത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് രൂപീകരിക്കാൻ സമൂഹശാസ്ത്രം എപ്രകാരമാണ് നമ്മെ സഹായിക്കുക?

സാമൂഹ്യ യാഥാർത്ഥ്യങ്ങളുടെ എല്ലാവശങ്ങളും തുറന്നു കാട്ടുന്ന ഒരു പ്രത്യേക വീക്ഷണം സമൂഹശാസ്ത്രം മുന്നോട്ടുവയ്ക്കുന്നില്ല. എന്നാൽ ഈ ദിശയിലേക്ക് ചില മാർഗ്ഗനിർദ്ദേശങ്ങൾ സമൂഹശാസ്ത്രം നൽകുന്നുണ്ട്.

- സാമൂഹ്യ യാഥാർത്ഥ്യങ്ങളെ വ്യത്യസ്ത വീക്ഷണ കോണുകളിലൂടെ നോക്കികാണാൻ സമൂഹശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. ഓരോ വീക്ഷണവും ലോകത്തിന്റെ ഭാഗികമായൊരു തലം മാത്രമാണ് വെളിവാക്കുന്നത്. ഇപ്രകാരമുള്ള വ്യത്യസ്ത വീക്ഷണ കോണുകളിലൂടെ നോക്കികാണുമ്പോൾ നമുക്ക് ചുറ്റുമുള്ള ലോകത്തിന്റെ ഏതാണ്ട് പൂർണ്ണ രൂപം നമുക്ക് ദൃശ്യമാകും.
- പുറമേ നിന്നുകൊണ്ട് എങ്ങനെയാണ് നമ്മളെ തന്നെ നോക്കിക്കാണേണ്ടതെന്ന് സമൂഹശാസ്ത്രം കാണിച്ചുതരുന്നു. സ്വയം പ്രതിപതനമാണ് (Self reflexivity) ഇതിനുള്ള മാർഗമായി സമൂഹശാസ്ത്രം നിർദേശിക്കുന്നത്. സ്വയം പ്രതിപതനത്തെക്കുറിച്ച് നിങ്ങൾ കഴിഞ്ഞ വർഷം പഠിച്ചത് ഓർക്കുമല്ലോ. സ്വയം പ്രതിപതനമെന്നത് മറ്റുള്ളവരുടെ കാഴ്ചപ്പാടിലൂടെ അവനവനിലേക്ക് തന്നെയുള്ള ഒരു തിരിഞ്ഞു നോട്ടമാണ്. ഈ തിരിഞ്ഞുനോട്ടം എപ്പോഴും വിമർശനാത്മകമായി (critical) രിക്കണമെന്ന് സമൂഹശാസ്ത്രം നിഷ്കർഷിക്കുന്നു.
- ഇന്ത്യൻ സമൂഹത്തെയും സാമൂഹ്യ ഘടനയെയും കുറിച്ചുള്ള അറിവ് നമുക്ക് പ്രദാനം ചെയ്യുന്ന സാമൂഹ്യ ഭൂപടം (Social map) നിർമ്മിക്കുവാൻ സമൂഹശാസ്ത്രം നമ്മെ പ്രാപ്തരാക്കുന്നു. മറ്റുള്ളവരുമായി ബന്ധപ്പെട്ട് സമൂഹത്തിൽ നമ്മുടെ സ്ഥാനം എവിടെയാണെന്ന് കണ്ടെത്തുവാൻ സാമൂഹ്യ ഭൂപടം സഹായിക്കുന്നു. ഒരു ഭൂമിശാസ്ത്ര ഭൂപടത്തിൽ നിങ്ങളുടെ സ്ഥാനം എങ്ങനെ

യാണ് കണ്ടെത്തുന്നത്? നിങ്ങൾ വസിക്കുന്ന പ്രദേശത്തിന്റെ അതിരുകളും ഭൂമി ശാസ്ത്രപരമായ പ്രത്യേകതകളും നിങ്ങൾ അടയാളപ്പെടുത്താറില്ലേ? ഇതുപോലെ സാമൂഹ്യഭൂപടത്തിൽ നിങ്ങളുടെ സ്ഥാനം നിർണയിക്കുന്ന ചില സ്വത്വങ്ങൾ (Identities) ഉണ്ട്. ഈ സ്വത്വങ്ങൾ ഏതൊക്കെയാണ്?

- നിങ്ങൾ ഉൾപ്പെടുന്ന സാമൂഹ്യസംഘം
- ഭാഷ
- നിങ്ങളുടേയോ മാതാപിതാക്കളുടെയോ സാമ്പത്തിക ശേഷി
- മതം
- പ്രദേശം
- ജാതി
-
-

മേൽ സൂചിപ്പിച്ച തരത്തിലുള്ള നിങ്ങളുടെ സ്വത്വങ്ങൾ കണ്ടെത്തി സാമൂഹ്യ ഭൂപട ത്തിൽ നിങ്ങളുടെ സ്ഥാനം അടയാളപ്പെടുത്തുമല്ലോ?

സമൂഹത്തിൽ ഏതൊക്കെ തരത്തിലുള്ള വിഭാഗങ്ങളും സംഘങ്ങളും ഉണ്ടെന്നും, അവ തമ്മിൽ എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നും നമ്മുടെ സ്വന്തം ജീവിതത്തിൽ ഇത് എന്താണ് അർത്ഥമാക്കുന്നതെന്നും സാമൂഹ്യ ഭൂപടം നമുക്ക് വ്യക്തമാക്കിത്തരു ന്നു.

ഒരു സാമൂഹ്യ ഭൂപടം നാം എങ്ങനെയാണ് തയാറാക്കുക?

നമ്മുടെ സാമൂഹ്യ ഭൂപടത്തിന്റെ ഒരു പതിപ്പ് സാമൂഹീകരണ പ്രക്രിയയിലൂടെ കുട്ടി ക്കാലത്ത് തന്നെ നമുക്ക് ലഭിച്ചിട്ടുണ്ട്. ഇത് സാമാന്യ ബോധത്തിലധിഷ്ഠിതമായ ഭൂപടമാണ്. ഇത്തരത്തിലുള്ള സാമാന്യ ബോധ ഭൂപടങ്ങൾ (common sense map) വഴി തെറ്റിക്കുന്നതും വളച്ചൊടിക്കപ്പെട്ടതുമാകാൻ സാധ്യത വളരെ കൂടുതലാണ്. സാമാന്യ ബോധ ഭൂപടം ഉപേക്ഷിച്ചാൽ മാത്രമേ ശരിയായ ഭൂപടം നമുക്ക് തയാറാക്കാൻ സാധി ക്കൂ. സമൂഹശാസ്ത്രപരമായ വീക്ഷണം സാമൂഹ്യ ഭൂപടം തയാറാക്കാൻ നമ്മെ പര്യാ പ്തരാക്കും

**പഠനപ്രവർത്തനം**

*സാമൂഹീകരണ പ്രക്രിയയിലൂടെ കുട്ടിക്കാലത്ത് നിങ്ങൾക്ക് ലഭിച്ചിട്ടുള്ള സാമൂഹ്യ ഭൂപടവും ഒരു സമൂഹശാസ്ത്ര വിദ്യാർത്ഥി എന്ന നിലയിൽ ഇപ്പോൾ നിങ്ങൾ തയാറാക്കിയ സാമൂഹ്യ ഭൂപടവും തമ്മിൽ താരതമ്യം ചെയ്ത് കുറിപ്പ് തയാറാ ക്കുക.*

- വ്യക്തികളുടെ സ്വകാര്യ ബുദ്ധിമുട്ടുകളും (personal problems) സാമൂഹ്യപ്രശ്ന ങ്ങളും (Social problems) തമ്മിലുള്ള ബന്ധം കണ്ടെത്താൻ നമ്മെ പര്യാപ്തരാ ക്കുന്നു എന്നതാണ് സമൂഹശാസ്ത്രം നിർവഹിക്കുന്ന മറ്റൊരു ധർമ്മം. പ്രശസ്ത

അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ സി.റൈറ്റ് മിൽസ് (C.Wright Mills) മുന്നോട്ടുവെച്ച സമൂഹശാസ്ത്ര സങ്കൽപ്പം (Sociological Imagination) എന്ന ആശയമാണിത്. ഒരു സാമൂഹ്യ ജീവിയെന്ന നിലയിൽ എന്തൊക്കെയാണ് നിങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ? ഇവ നിങ്ങൾ അനുഭവിക്കുന്ന ആധികളും പ്രശ്നങ്ങളും ഉത്ക്കണ്ഠകളുമാണ്. ഉദാഹരണത്തിന്, നിങ്ങളുടെ കുടുംബത്തിലെ മുതിർന്നവർ നിങ്ങളോടുകാണിക്കുന്ന പെരുമാറ്റ രീതിയെക്കുറിച്ച് നിങ്ങൾ അതൃപ്തിയുള്ളവരായിരിക്കാം; നിങ്ങളുടെ തന്നെ ഭാവിയെക്കുറിച്ചോ നിങ്ങൾ ചെയ്യുന്ന ജോലിയുടെ ഭാവിയെക്കുറിച്ചോ ഒരു പക്ഷേ നിങ്ങൾ ആകുലപ്പെടുന്നുണ്ടാവാം; നിങ്ങളുടെ ആത്മാഭിമാനത്തെയും ആത്മവിശ്വാസത്തെയും മുറിപ്പെടുത്തുന്ന, വേവലാതിയും പിരിമുറുക്കവും സൃഷ്ടിക്കുന്ന പല സന്ദർഭങ്ങളും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായെന്നും വരാം. ഇവയെല്ലാം നിങ്ങളുടെ വ്യക്തിപരമായ ബുദ്ധിമുട്ടുകളല്ലേ? ഈ പ്രശ്നങ്ങളുടെ അർത്ഥവും വ്യാപ്തിയും വ്യക്തിപരമല്ലേ?



സി.റൈറ്റ് മിൽസ്
(1916 - 1962)

നിങ്ങളുടെ വ്യക്തിപരമായ ഇത്തരം പ്രശ്നങ്ങൾക്ക് ഏതെങ്കിലും സാമൂഹ്യ പ്രശ്നങ്ങളുമായി ബന്ധമുണ്ടോ?

സാമൂഹ്യ പ്രശ്നങ്ങൾ വലിയ സാമൂഹ്യ സംഘങ്ങളുമായി ബന്ധപ്പെട്ടവയാണ്. നിങ്ങൾ അഭിമുഖീകരിക്കുന്നതുപോലുള്ള വ്യക്തിപരമായ ബുദ്ധിമുട്ടുകൾ സമൂഹത്തിൽ നിരവധി വ്യക്തികൾ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അത് സാമൂഹ്യ പ്രശ്നമായി മാറുന്നു. ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രധാന സാമൂഹ്യ പ്രശ്നങ്ങൾ ഏതൊക്കെയാണ്?

- തലമുറകൾ തമ്മിലുള്ള വിടവ് (Generation Gap)
- തൊഴിലില്ലായ്മ (Unemployment)
- വർഗീയത (Communalism)
- ജാതീയത (Casteism)
- ലിംഗപരമായ അസമത്വങ്ങൾ (Gender Inequalities)
- പ്രായഘടന

മേൽ സൂചിപ്പിച്ച സാമൂഹ്യ പ്രശ്നങ്ങൾ അവയുമായി ബന്ധപ്പെടുന്ന വ്യക്തികളെയെല്ലാം ഒരേ രീതിയിലാണോ ബാധിക്കുന്നത്?

ഇത്തരം പ്രശ്നങ്ങളിൽ വ്യക്തികൾ ഉൾപ്പെടുന്നതും അവർ വഹിക്കുന്ന പങ്കും അവരുടെ സാമൂഹ്യസ്ഥാനത്തെ ആശ്രയിച്ചിരിക്കും. ഉദാഹരണത്തിന് കീഴ്ജാതിക്കാർ അധമരാണെന്ന് വിശ്വസിക്കുന്ന ഒരു മേൽജാതിക്കാരൻ ജാതീയതയിൽ ഉൾപ്പെടുന്നത് മേൽക്കോയ്മകൾ ആസ്വദിക്കാനും മറ്റുള്ളവരെ ചൂഷണം ചെയ്യാനും അവകാശമുള്ള

വൻ എന്ന നിലയിലായിരിക്കും. എന്നാൽ കീഴ് ജാതിയിലെ അംഗങ്ങൾ ഇരകളെന്ന നിലയിലായിരിക്കും ജാതീയതയുടെ ഭാഗമാകുന്നത്.

### പഠനപ്രവർത്തനം

*നിങ്ങളുടെ തൊഴിൽ മേഖലയിൽ നിങ്ങൾ അഭിമുഖീകരിക്കുന്ന ഏതെങ്കിലും ഒരു വ്യക്തിപരമായ ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ച് അതുമായി ബന്ധപ്പെട്ട സാമൂഹ്യപ്രശ്നം വിശകലനം ചെയ്യുക. ഈ സാമൂഹ്യപ്രശ്നത്തിൽ ഉൾപ്പെടുന്ന വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളെ കണ്ടെത്തി അവർ ഏത് തലത്തിലാണ് ഈ സാമൂഹ്യപ്രശ്നത്തിന്റെ ഭാഗമാകുന്നതെന്ന് വിശകലനം ചെയത് കുറിപ്പ് തയാറാക്കുക.*

### പഠനപുരോഗതി വിലയിരുത്താം

3. മറ്റുള്ളവരുടെ കാഴ്ചപ്പാടിലൂടെ അവനവനിലേക്ക് തന്നെയുള്ള തിരിഞ്ഞു നോട്ടമാണ് ...........
4. മറ്റുള്ളവരുമായി ബന്ധപ്പെട്ട് സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം കണ്ടെത്താൻ സഹായിക്കുന്ന ഭൂപടമേത്?
5. ഭൂമിശാസ്ത്ര ഭൂപടവും സാമൂഹ്യഭൂപടവും തമ്മിലുള്ള വ്യത്യാസമെന്ത്?
6. ഒരു സാമൂഹ്യ ഭൂപടത്തിൽ വ്യക്തികളുടെ സ്ഥാനം നിർണയിക്കുന്ന ഏതെങ്കിലും മൂന്ന് സ്വത്വങ്ങൾ എഴുതുക.
7. സാമൂഹീകരണ പ്രക്രിയയിലൂടെ കുട്ടിക്കാലത്ത് ലഭ്യമായ സാമൂഹ്യ ഭൂപടത്തിന്റെ പരിമിതികൾ എന്തെല്ലാം?
8. സമൂഹശാസ്ത്ര സങ്കൽപ്പം (Sociological Imagination) എന്ന ആശയം മുന്നോട്ടുവച്ച സമൂഹശാസ്ത്രജ്ഞൻ ആര്?
9. ഏതെങ്കിലും മൂന്ന് സാമൂഹ്യ പ്രശ്നങ്ങൾ പട്ടികപ്പെടുത്തുക.

## ഒരു ആമുഖത്തെ പരിചയപ്പെടുത്തൽ

## (Introducing an Introduction)

ഇന്ത്യൻ സമൂഹത്തെ സമൂഹശാസ്ത്രപരമായ വീക്ഷണത്തിലൂടെ പരിചയപ്പെടുത്താനാണ് ഈ സ്വയംപഠന സാമഗ്രി ശ്രമിക്കുന്നത്.

സമകാലിക ഇന്ത്യൻ സമൂഹം രൂപപ്പെട്ടത് സങ്കീർണമായ വഴികളിലൂടെയാണ്. ഈ പ്രക്രിയയിൽ അധിനിവേശകാലഘട്ടം (Colonial Period) നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

- ഇന്ത്യൻ അവബോധം രൂപപ്പെടുത്തുന്നതിൽ ബ്രിട്ടീഷ് അധിനിവേശകാലഘട്ടം സുപ്രധാന പങ്ക് വഹിച്ചു. കോളനി വാഴ്ചയ്ക്ക് കീഴിൽ രാഷ്ട്രീയമായും ഭരണ

പരമായും ഇന്ത്യ ഏകീകരിക്കപ്പെട്ടതും ആധുനിക മുതലാളിത്ത വ്യവസ്ഥയിലേക്ക് മാറിയതും ചരിത്ര ക്ലാസുകളിൽ നിങ്ങൾ പഠിച്ചിട്ടുണ്ടാകുമല്ലോ.

- ഇന്ത്യൻ ദേശീയത രൂപം കൊണ്ടത് ബ്രിട്ടീഷ് കോളനിവാഴ്ചയുടെ കാലത്താണ്. കോളനി വാഴ്ചയുടെ തിക്താനുഭവങ്ങൾ വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളെ ഒന്നിപ്പിക്കുന്നതിനും കർമ്മോത്സുകരാക്കുന്നതിനും സഹായിച്ചു. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച മധ്യവർഗം കോളനി ഭരണത്തെ വെല്ലുവിളിച്ചു. വിരോധാഭാസമെന്നു പറയട്ടെ, കോളനി വാഴ്ചയും പാശ്ചാത്യ വിദ്യാഭ്യാസവും ഇന്ത്യൻ പാരമ്പര്യങ്ങളുടെ പുനരുജ്ജീവനത്തിനും ഇടയാക്കി. ഇത് സാമൂഹ്യ - സാംസ്കാരിക മേഖലകളിൽ പുരോഗതിക്ക് വഴിയൊരുക്കുകയും ദേശീയവും പ്രാദേശികവുമായി ഉയർന്നുവന്ന സമുദായങ്ങളെ ഏകീകരിക്കുകയും ചെയ്തു.
- പിൽക്കാല ചരിത്രത്തിൽ സുപ്രധാന പങ്കുവഹിച്ച പല സാമൂഹ്യ വർഗങ്ങളും സമുദായങ്ങളും കോളനിവാഴ്ചയുടെ സൃഷ്ടിയാണ്. ഇത്തരം സമുദായങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.
- മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള സമുദായങ്ങളുടെ സംഘാടനത്തിനും കോളനിവാഴ്ച ഇടയാക്കി.

**പഠനപ്രവർത്തനം**

*ബ്രിട്ടീഷ് കോളനി വാഴ്ചയുടെ ഫലമായി ഇന്ത്യൻ സമൂഹത്തിൽ സംഭവിച്ച മാറ്റങ്ങൾ ചരിത്രാധ്യാപകന്റെ സഹായത്തോടെ കണ്ടെത്തി കുറിപ്പ് തയാറാക്കുക.*

## പഠനപുരോഗതി വിലയിരുത്താം

10. ബ്രിട്ടീഷ് കോളനി വാഴ്ചയുടെ കീഴിൽ ഇന്ത്യൻ ദേശീയത രൂപം കൊള്ളാനുണ്ടായ സാഹചര്യമെന്താണ്?
11. പദസൂര്യൻ പൂർത്തീകരിക്കുക.



## സംഗ്രഹം

- സമൂഹശാസ്ത്രപഠനം ആരും ശൂന്യതയിൽ നിന്ന് തുടങ്ങുന്നില്ല.
- സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് പലപ്പോഴും സാമാന്യ ബുദ്ധിയിലധിഷ്ഠിതമാണ്. ഇത് മുൻ വിധിയോടുകൂടിയതോ ഭാഗികമോ ആയിരിക്കും.
- സമൂഹത്തെക്കുറിച്ചുള്ള മുന്നറിവുകൾ ഇല്ലാതാക്കുക (unlearn) എന്നതാണ് സമൂഹശാസ്ത്രപഠനത്തിന്റെ ആദ്യപടി.
- സാമൂഹ്യ യാഥാർത്ഥ്യങ്ങളെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കി കാണുന്നത് സമൂഹത്തെക്കുറിച്ചുള്ള സമൂഹശാസ്ത്രപരമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സഹായകമാകും.
- വിമർശനാത്മകമായ സ്വയം പ്രതിപതനം (Self reflexivity) വ്യക്തിപരമായ ഉൾക്കാഴ്ച നേടുന്നതിന് സഹായകമാണ്.
- മറ്റുള്ളവരുമായി ബന്ധപ്പെട്ട് സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം നിർണയിക്കാൻ സാമൂഹ്യഭൂപടം സഹായിക്കും.
- സാമൂഹീകരണ പ്രക്രിയയിലൂടെ കുട്ടിക്കാലത്ത് രൂപീകരിക്കപ്പെടുന്ന സാമൂഹ്യ ഭൂപടം സാമാന്യബോധത്തിലധിഷ്ഠിതമാണ്. അത് വഴിതെറ്റിക്കുന്നതും വളച്ചൊടിക്കപ്പെട്ടതുമാകാൻ സാധ്യതയുണ്ട്.
- വ്യക്തികളുടെ സ്വകാര്യ ബുദ്ധിമുട്ടുകളും സാമൂഹ്യ പ്രശ്നങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്താൻ സമൂഹശാസ്ത്രം സഹായിക്കും
- സമകാലിക ഇന്ത്യൻ സമൂഹം രൂപപ്പെട്ടത് സങ്കീർണമായ വഴികളിലൂടെയാണ്. ഈ പ്രക്രിയയിൽ അധിനിവേശ കാലഘട്ടം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**സ്വയം വിലയിരുത്തൽ ചെക്ക്ലിസ്റ്റ്**

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| • സമൂഹശാസ്ത്രപഠനത്തിൽ സമൂഹത്തെക്കുറിച്ചുള്ള മുന്നറിവിന്റെ പ്രസക്തി തിരിച്ചറിയാൻ | | | |
| • ഭൂമിശാസ്ത്ര ഭൂപടവും സാമൂഹ്യ ഭൂപടവും തമ്മിൽ താരതമ്യം ചെയ്യാൻ | | | |
| • സമൂഹശാസ്ത്രം എപ്രകാരം സാമൂഹ്യ ഭൂപട നിർമ്മിതിയെ സഹായിക്കുന്നു എന്ന് വിശദീകരിക്കാൻ | | | |
| • ഭൂമിശാസ്ത്ര ഭൂപടവും സാമൂഹ്യ ഭൂപടവും തമ്മിൽ താരതമ്യം ചെയ്യാൻ | | | |
| • സമകാലിക ഇന്ത്യൻ സമൂഹത്തിന്റെ രൂപീകരണത്തിൽ ബ്രിട്ടീഷ് അധിനിവേശകാലഘട്ടത്തിന്റെ പ്രസക്തി വിശകലനം ചെയ്യാൻ | | | |

## തുടർമൂല്യനിർണയ സാധ്യതകൾ

- പാഠഭാഗത്ത് നൽകിയിരിക്കുന്ന പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ തെളിവുകൾ തുടർമൂല്യനിർണയത്തിന് ഉപയോഗിക്കാവുന്നതാണ്. (പോർട്ട്ഫോളിയോ)
- പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി ഈ പാഠഭാഗവുമായി ബന്ധപ്പെടുത്തി അധ്യാപക സഹായിയിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ സമ്പർക്ക ക്ലാസിൽ ഏറ്റെടുക്കേണ്ടതാണ്.
- യൂണിറ്റ്തല വിലയിരുത്തലിന്റെ ഭാഗമായി ഈ പാഠഭാഗത്തെ ആസ്പദമാക്കി ഓപ്പൺബുക്ക് അസസ്മെന്റ് നടത്താവുന്നതാണ്.

## പഠനപുരോഗതിവിലയിരുത്താം - ഉത്തരസൂചിക

1. (i) ശരി

   (ii) തെറ്റ്

2. സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് പലപ്പോഴും സാമാന്യ ബുദ്ധിയിൽ അധിഷ്ഠിതമാണ്. ഇത് ഒരു പ്രത്യേക വീക്ഷണത്തിലുള്ളതും ഭാഗികവും ആയിരിക്കും.
3. സ്വയം പ്രതിപതനം (Self reflexivity)
4. സാമൂഹ്യ ഭൂപടം
5. ഭൂമിശാസ്ത്ര ഭൂപടം വ്യക്തികൾ വസിക്കുന്ന സ്ഥലവും അതിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകളും അടയാളപ്പെടുത്തുന്നു. സാമൂഹ്യ ഭൂപടം സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം നിർണയിക്കാൻ ഉപയോഗിക്കുന്നു.
6. സാമൂഹ്യ സംഘം, സാമ്പത്തികശേഷി, മതം, പ്രദേശം, ജാതി
7. സാമാന്യ ബോധത്തിലധിഷ്ഠിതമായ ഭൂപടം. ഇത് വഴിതെറ്റിക്കുന്നതും വളച്ചൊടിക്കപ്പെട്ടതുമായിരിക്കും.
8. സി.റൈറ്റ് മിൽസ്
9. തലമുറകൾ തമ്മിലുള്ള വിടവ്, തൊഴിലില്ലായ്മ, വർഗീയത
10. കോളനിവാഴ്ചയുടെ തിക്താനുഭവങ്ങൾ വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങളെ ഒന്നിപ്പിച്ചു. പാശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച മധ്യവർഗം കോളനി ഭരണത്തെ വെല്ലുവിളിച്ചു. ദേശീയവും പ്രാദേശികവുമായി ഉയർന്നുവന്ന സമുദായങ്ങളെ ഏകീകരിച്ചു.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ശരിയോ തെറ്റോ എന്ന് പറയുക.

   സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് സമൂഹശാസ്ത്രപരമായ പല സങ്കൽപ്പങ്ങളും ശരിയായ അർത്ഥത്തിൽ മനസിലാക്കുന്നതിന് തടസമാണ്.

   ശരി/തെറ്റ്

2. സമൂഹശാസ്ത്രത്തെ സാമാന്യബുദ്ധിയുടെ വിമർശനം എന്ന് നിർവചിക്കുന്നതിന്റെ സാംഗത്യം പരിശോധിക്കുക.

3. മുൻധാരണകൾ മാറ്റിക്കൊണ്ട് സമൂഹത്തെക്കുച്ചുള്ള വ്യക്തമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സമൂഹശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം?

4. സമൂഹത്തെക്കുറിച്ചുള്ള മുന്നറിവ് സമൂഹശാസ്ത്ര പഠനത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിമർശനാത്മകമായി വിലയിരുത്തുക.

5. സാമാന്യബുദ്ധി സംബന്ധിച്ച് ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.

   (a) സാമാന്യ ബുദ്ധി എപ്പോഴും തെറ്റായിരിക്കും.

   (b) സാമാന്യ ബുദ്ധി സമൂഹത്തെക്കുറിച്ചുള്ള പൂർണമായ അറിവ് പ്രദാനം ചെയ്യുന്നു.

   (c) സാമാന്യ ബുദ്ധി മുൻവിധിയോടുകൂടിയതാണ്

   (d) സാമാന്യ ബുദ്ധി ഇല്ലാതാക്കാൻ (unlearn) കഴിയുന്നവയല്ല

6. സമൂഹത്തിൽ മറ്റുള്ളവരുമായുള്ള ബന്ധത്തിൽ നമ്മുടെ സ്ഥാനം അടയാളപ്പെടുത്തുന്ന ഭൂപടം ...... ആണ്.

   (ഭൂമിശാസ്ത്ര ഭൂപടം, ഭൗതിക ഭൂപടം, സാമൂഹ്യ ഭൂപടം, രാഷ്ട്രീയ ഭൂപടം)

7. സമൂഹശാസ്ത്ര സങ്കൽപ്പം (Sociological imagination) എന്ന ആശയം മുന്നോട്ടുവച്ചതാര്?

   (അഗസ്ത് കോംത്, സി.റൈറ്റ് മിൽസ്, ഹെർബർട്ട് സ്പെൻസർ, കാൾ മാക്സ്)

8. സാമൂഹ്യ പ്രശ്നമായി പരിഗണിക്കാൻ കഴിയാത്തത് കണ്ടെത്തുക.

   (തലമുറകൾ തമ്മിലുള്ള വിടവ്, ജാതീയത, വർഗീയത, നിങ്ങളുടെ ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം)

10. സമകാലിക ഇന്ത്യൻ സാമൂഹ്യ നിർമ്മിതിയിൽ അധിനിവേശ കാലഘട്ടത്തിന്റെ പങ്ക് വിശകലനം ചെയ്യുക.

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തരസൂചിക

1. ശരി
2. സമൂഹത്തെക്കുറിച്ചുള്ള പ്രത്യേക സാമൂഹ്യ ചുറ്റുപാടിൽ നിന്ന് രൂപംകൊള്ളുന്നതാണ്. ഇത് അപൂർണവും മുൻവിധിയോടുകൂടിയതുമായിരിക്കും. സമൂഹത്തെക്കുറിച്ചുള്ള മുൻധാരണകൾ ഇല്ലാതാക്കുകയാണ് സമൂഹശാസ്ത്ര പഠനത്തിന്റെ ആദ്യപടി.
3. സാമൂഹ്യ യാഥാർത്ഥ്യങ്ങളെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കിക്കാണുക, സ്വയം പ്രതിപതനം, സാമൂഹ്യഭൂപടം തയാറാക്കൽ, സമൂഹശാസ്ത്രസങ്കൽപ്പം (Sociological imagination)
4. നേട്ടം-സമൂഹശാസ്ത്രത്തെ ഭയംകൂടാതെ സമീപിക്കാൻ സഹായിക്കുന്നു.

   കോട്ടം-സാമാന്യ ബുദ്ധിയിലധിഷ്ഠിതം, പ്രത്യേക വീക്ഷണത്തിലുള്ളതും ഭാഗികവും, സമൂഹശാസ്ത്ര സങ്കൽപ്പങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിന് തടസം.
5. സാമാന്യബുദ്ധി മുൻവിധിയോടുകൂടിയതാണ്.
6. എല്ലാ വ്യക്തികൾക്കും സമൂഹത്തെക്കുറിച്ചുള്ള ചില ധാരണകൾ ഉണ്ടായിരിക്കും. ഇത് മുൻവിധിയോടുകൂടിയതാണ്-പ്രത്യേക വീക്ഷണത്തിലുള്ളത്-ഭാഗികവും അപൂർണവും-പരിശോധിക്കപ്പെടേണ്ടതാണ്.
7. സാമൂഹ്യ ഭൂപടം
8. സി.റൈറ്റ് മിൽസ്
9. നിങ്ങളുടെ ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം
10. 
   - ഇന്ത്യൻ അവബോധം രൂപം കൊണ്ടു
   - ദേശീയത
   - പുതിയ വർഗങ്ങളുടെയും സമുദായങ്ങളുടെയും ഉദയം
   - മതത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിലുള്ള സമുദായങ്ങളുടെ സംഘാടനം

## തുടർപ്രവർത്തനങ്ങൾ

നിങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്ത സ്വത്വങ്ങൾ കണ്ടെത്തി നിങ്ങളുടെ സമൂഹത്തിന്റെ ഒരു സാമൂഹ്യ ഭൂപടം തയാറാക്കുക.

## തുടർവായന സാമഗ്രികൾ

1. INDIAN SOCIETY, NCERT 2006 രണ്ടാം വർഷ സമൂഹശാസ്ത്ര പാഠപുസ്തകം.
2. സമകാലിക ഇന്ത്യ ഒരു ഭൂമിശാസ്ത്രവീക്ഷണം, സതീശ് ദേശ്പാണ്ഡെ, വിവർത്തനം : ജെ.ദേവിക, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്

## പദാവലി (Glossary)

- **സാമാന്യ ബുദ്ധി** (Commonsense) : സ്വാഭാവികമായി നാം നേടുന്ന അറിവുകളും കഴിവുകളുമാണ് സാമാന്യ ബുദ്ധി. തങ്ങളുടെ സാമൂഹ്യ-സാംസ്കാരിക പരിസരങ്ങളിൽ നിന്ന് സാധാരണക്കാർ സ്വാംശീകരിക്കുന്നതും വിമർശനദൃഷ്ടി കൂടാതെ സ്വാഭാവികമായി അംഗീകരിക്കുന്നതുമായ ലോകവീക്ഷണമാണിത്.
- **സ്വയം പ്രതിപതനം** (Self reflexivity) : ഒരു ഗവേഷകൻ തന്നെത്തന്നെയും തന്റെ ഗവേഷണത്തെയും മറ്റുള്ളവരുടെ കണ്ണിലൂടെ നോക്കിക്കാണുന്നതാണ് സ്വയം പ്രതിപതനം. ഇത് മറ്റുള്ളവരുടെ ദൃഷ്ടിയിലൂടെ അവനവനിലേക്ക് തന്നെയുള്ള തിരിഞ്ഞുനോട്ടമാണ്.
- **സാമൂഹ്യ ഭൂപടം** (Social map) : മറ്റുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ട് സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം നിർണയിക്കുന്ന ഭൂപടമാണ് സാമൂഹ്യഭൂപടം. വ്യക്തി ഉൾപ്പെടുന്ന സാമൂഹ്യസംഘം, ഭാഷ, സാമ്പത്തികശേഷി, മതം, പ്രദേശം, ഭാഷ, ജാതി തുടങ്ങിയ സാമൂഹ്യ സ്വത്വങ്ങളാണ് സൂമൂഹ്യ ഭൂപടത്തിൽ വ്യക്തികളുടെ സ്ഥാനം നിശ്ചയിക്കുന്ന അതിരുകൾ
- **സമൂഹശാസ്ത്ര സങ്കൽപ്പം** (Sociological Imagination) : വ്യക്തിപരമായ ബുദ്ധിമുട്ടുകളും (Personal Problems) സാമൂഹ്യ പ്രശ്നങ്ങളും (social issues) തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നതിനായി പ്രശസ്ത അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ സി.റൈറ്റ് മിൽസ് മുന്നോട്ടുവച്ച ആശയമാണ് സമൂഹശാസ്ത്ര സങ്കൽപ്പം.



2

# ഇന്ത്യൻ സമൂഹത്തിന്റെ ജനസംഖ്യാ ശാസ്ത്രപരമായ ഘടന
# (The Demographic Structure of the Indian Society)

## ആമുഖം

ഒരു രാജ്യത്തിന്റെ പുരോഗതി അവിടെ അധിവസിക്കുന്ന ജനങ്ങളെ ആശ്രയിച്ചിരിക്കും ജനസംഖ്യയിലും അതിന്റെ ഘടനയിലും ഉണ്ടാകുന്ന മാറ്റങ്ങൾ അവിടത്തെ കാർഷിക വ്യാവസായിക വളർച്ചയേയും ലിംഗാനുപാതത്തേയും ആശ്രയ അനുപാതത്തേയും സ്വാധീനിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യം ഇന്ത്യയാണ്. ഇന്ത്യൻ ജനസംഖ്യയിൽ യുവാക്കളുടെ എണ്ണം കൂടുതലാണെന്ന് 2011 -ലെ സെൻസസ് സൂചിപ്പിക്കുന്നു. അതുകൊണ്ട് ഇന്ത്യൻ ജനസംഖ്യയെ ഒരു ഭാരമായി കാണുന്നതിനുപകരം അതിനെ രാജ്യപുരോഗതിയ്ക്ക് ഉപകരിക്കുന്ന രീതിയിലുള്ള വിഭവമായി കാണുകയാണ് വേണ്ടത്. ജനസംഖ്യയുമായി ബന്ധപ്പെട്ട സംജ്ഞകളും (പദങ്ങൾ) സൂചകങ്ങളും മനസ്സിലാക്കുന്നതിനും സൈദ്ധാന്തിക അടിത്തറ പരിചയപ്പെടുന്നതിനും ജനസംഖ്യാവളർച്ചയുടെ സ്വാധീനം തിരിച്ചറിയുന്നതിനും ഈ അധ്യായം സഹായകമാകും.

## പഠനനേട്ടങ്ങൾ

- ജനസംഖ്യാശാസ്ത്രം (Demography), സാമൂഹ്യ ജനസംഖ്യാ ശാസ്ത്രം (Social Demography), സാമൂഹ്യ സാംഖികശാസ്ത്രം (Social Statistics) എന്നീ പദങ്ങൾ നിർവചിക്കുന്നു.
- സാമൂഹ്യ ജനസംഖ്യാശാസ്ത്രം, സാമൂഹ്യ സാംഖികശാസ്ത്രം, എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞു വിശദീകരിക്കുന്നു.
- സമകാലിക ഇന്ത്യൻ സമൂഹത്തിൽ ജനസംഖ്യവർദ്ധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്തത്തിന്റെ പ്രസക്തി വിലയിരുത്തുന്നു.
- ജനസംഖ്യാശാസ്ത്ര പരിവർത്തന സിദ്ധാന്തം വിശകലനം ചെയ്യുന്നു.
- ജനസംഖ്യാശാസ്ത്രത്തിലെ പൊതു സങ്കൽപ്പനങ്ങളും സൂചകങ്ങളും (ജനനനിരക്ക്, മരണനിരക്ക്, പ്രത്യുൽപ്പാദന നിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്) വിശദീകരിക്കുന്നു.
- ആയുർദൈർഘ്യം, ലിംഗാനുപാതം, പ്രായഘടന, ആശ്രയത്വ അനുപാതം, ജനസംഖ്യയുടെ പ്രായമാകൽ എന്നീ പദങ്ങൾ നിർവചിക്കുന്നു.
- ഇന്ത്യയിലെ ജനസംഖ്യാനേട്ടം വിശകലനം ചെയ്യുന്നു.
- ഇന്ത്യയുടെ ജനസംഖ്യ വലിപ്പം, വളർച്ച എന്നിവ വിശകലനം ചെയ്യുന്നു.
- ഇന്ത്യയുടെ ജനന-മരണ നിരക്കുകളെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുന്നു.
- വിവിധ വർഷങ്ങളിലെ ഇന്ത്യയുടെ ജനസംഖ്യാ പ്രായഘടന താരതമ്യം ചെയ്ത് വ്യത്യാസങ്ങൾ കണ്ടെത്തുന്നു.
- ഇന്ത്യയിലെ ലിംഗാനുപാത നിരക്കിലെ താഴ്ചയെ സ്വാധീനിക്കുന്ന ഘടകങ്ങൾ വിശദീകരിക്കുന്നു.
- ഇന്ത്യയുടെ സാക്ഷരതയും ജനസംഖ്യാ പ്രവണതയും തമ്മിലുള്ള ബന്ധം വിലയിരുത്തുന്നു.
- ഇന്ത്യയുടെ ജനസംഖ്യാപരിവർത്തനവും നഗര-ഗ്രാമ വ്യത്യാസങ്ങളും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നു.
- ഇന്ത്യയുടെ ജനസംഖ്യാനയത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.



# ഇന്ത്യ 'വളരുന്നു'; ചൈനയെ മറികടക്കാൻ ഇനി ഏഴുവർഷം

**യുണൈറ്റഡ്നേഷൻസ്:** ഏഴു വർഷം കൊണ്ട് ചൈനയെ മറികടന്ന് ഇന്ത്യ ലോകത്തെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായി മാറും. ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക -സാമൂഹികവിഭാഗം ബുധനാഴ്ച പുറത്തിറക്കിയ റിപ്പോർട്ടിലാണ് ഈ വിവരം.

2028-ഓടെ മാത്രമേ ഇന്ത്യ ജനസംഖ്യയുടെ കാര്യത്തിൽ ചൈനയ്ക്കൊപ്പമെത്തൂ എന്നായിരുന്നു രണ്ട് വർഷം മുമ്പ് ഐക്യരാഷ്ട്രസഭ കണക്കാക്കിയിരുന്നത്. അന്നത്തെ കണക്കനുസരിച്ച് 2028-ൽ ഇന്ത്യയിലും ചൈനയിലും 145 കോടിയാണ് ജനസം...

...ന്നാൽ, ജനപ്പെരുപ്പ നിരക്ക് കൂടിയ ഇന്ത്യ അതിവേഗം ചൈനയോടടുക്കുകയാണ്.

2022-ൽ രണ്ട് രാജ്യങ്ങൾക്കും ഏതാണ്ട് 140 കോടി ജനസംഖ്യയുണ്ടാവും. എന്നാൽ ഇന്ത്യയ്ക്ക് 2030-ൽ 150 കോടിയും 2050-ൽ 170 കോടിയുമായിരിക്കും ജനസംഖ്യ. അതേസമയം, 2030-ന് ശേഷം ചൈനയിൽ ജനസംഖ്യയിൽ കുറവിനാണ് സാധ്യതയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ജനസംഖ്യാവളർച്ചയും യുവാക്കളുടെ എണ്ണം കൂടുന്നതനുസരിച്ചുള്ള ഉത്പാദനവർധനയും ആദ്യഘട്ടത്തിൽ ഇ...

പത്രക്കുറിപ്പ് ശ്രദ്ധിച്ചില്ലേ.

- എന്താണ് ഇത്തരത്തിലൊരു വാർത്തയുടെ ആധാരം
- വർദ്ധിച്ചുവരുന്ന ജനസംഖ്യ ഇന്ത്യയുടെ വികസനത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നത്.

ഒരു രാജ്യത്തിന്റെ വികസനം അവിടത്തെ ജനസംഖ്യയും അതിന്റെ ഘടനയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ജനസംഖ്യയെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനമാണ് ജനസംഖ്യാശാസ്ത്രം (Demography). ഗ്രീക്ക് ഭാഷയിൽ നിന്നാണ് ഈ പദത്തിന്റെ ഉത്ഭവം. ജനങ്ങൾ എന്നർത്ഥമുള്ള ഡിമോസ് (Demos), വിവരിക്കുക എന്നർഥമുള്ള ഗ്രഫിൻ (graphein) എന്നീ രണ്ട് വാക്കുകൾ ചേർന്നാണ് ഡെമോഗ്രാഫി (Demography) എന്ന പദം ഉണ്ടായിട്ടുള്ളത്. ജനങ്ങളുടെ വിവരണം എന്നാണ് ഈ പദം അർത്ഥമാക്കുന്നത്. ജനസംഖ്യാശാസ്ത്രം ജനസംഖ്യയുമായി ബന്ധപ്പെട്ട പ്രവണതകളേയും പ്രക്രിയകളേയും പഠന വിധേയമാക്കുന്നു. ജനസംഖ്യയുടെ വലുപ്പത്തിലുണ്ടാകുന്ന മാറ്റങ്ങൾ, ജനന-മരണങ്ങളിലേയും കുടിയേറ്റത്തിലേയും മാതൃകകൾ, ജനസംഖ്യയുടെ ഘടന (സ്ത്രീകളുടെയും പുരുഷൻമാരുടേയും മറ്റ് പ്രായവിഭാഗങ്ങളുടെയും അനുപാതം തുടങ്ങിയവ) എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ജനസംഖ്യാശാസ്ത്രത്തെ പല വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഔപചാരിക ജനസംഖ്യാശാസ്ത്രം, സാമൂഹ്യജനസംഖ്യാശാസ്ത്രം എന്നിവയാണ് അതിൽ പ്രധാനപ്പെട്ടവ.

## ഔപചാരിക ജനസംഖ്യാശാസ്ത്രം (Formal Demography)

പ്രധാനമായും അളവുമായി ബന്ധപ്പെട്ടവയാണ് (പരിമാണാത്മകം (quantitative)) ഔപചാരികജനസംഖ്യാശാസ്ത്രം ജനനം, മരണം, കുടിയേറ്റം, വിവാഹം, വിവാഹമോചനം തുടങ്ങിയ കാര്യങ്ങളുടെ ഗണിതശാസ്ത്രപരമായ പഠനമാണിത്.

*സാമൂഹ്യസാംഖിക ശാസ്ത്രം (Social Statistics) : ജനസംഖ്യയുടെ വിവിധ വശങ്ങളെക്കുറിച്ചുള്ള പരിമാണാത്മകമായ (Quantitative) (എണ്ണം, വലിപ്പം, അളവ് എന്നിവ) സ്ഥിതി വിവരണങ്ങളുടെ പഠനം.*

## സാമൂഹ്യ ജനസംഖ്യാശാസ്ത്രം (Social Demography)

ജനസംഖ്യയുടെ സാമൂഹ്യവും, സാമ്പത്തികവും രാഷ്ട്രീയവുമായ തലങ്ങൾക്കാണ് സാമൂഹ്യ ജനസംഖ്യാശാസ്ത്രം ഊന്നൽ നൽകുന്നത്.

## സെൻസസ് (Census)

ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നമ്മുടെ വീടുകളിൽ വരാറുണ്ടല്ലോ. ഈ അടുത്ത കാലത്ത് എപ്പോഴാണ് അവർ വന്നത്.

എത്ര വർഷം കൂടുമ്പോഴാണ് ഈ കണക്കെടുപ്പ് നടക്കാറുള്ളത്.?

ജനസംഖ്യാ ശാസ്ത്രപരമായ എല്ലാ പഠനങ്ങളുടെയും അടിസ്ഥാനം സെൻസസ്, സർവ്വേ തുടങ്ങിയവ എണ്ണമെടുപ്പ് (enumeration) പ്രക്രിയകളാണ്. ഒരു പ്രത്യേക പ്രദേശത്ത് താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചിട്ടയോടെ ശേഖരിക്കുന്നതിന് ഈ പ്രക്രിയകൾ സഹായിക്കുന്നു.

ദേശരാഷ്ട്രങ്ങളുടെ (Nation-State) സാമൂഹ്യ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്ന സമ്പ്രദായം പണ്ടുകാലം മുതൽക്കുതന്നെ നിലനിന്നിരുന്നു. എന്നാൽ ഈ സമ്പ്രദായത്തിന് ആധുനിക രൂപം കൈവന്നത് 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെയാണ്. 1790-ലെ അമേരിക്കൻ സെൻസസാണ് ലോകത്തെ ആദ്യത്തെ സെൻസസ്. 1862-72 കാലത്താണ് ഇന്ത്യയിൽ സെൻസസ് ആരംഭിച്ചത്. ബ്രിട്ടീഷ്-ഇന്ത്യൻ ഗവൺമെന്റാണ് ഇതിന് തുടക്കം കുറിച്ചത്. 1881-ലാണ് ഇന്ത്യയിലെ ആദ്യത്തെ പൂർണവും ശാസ്ത്രീയവുമായ സെൻസസ് നടന്നത്. ഇതിനുശേഷം ഓരോ പത്തു വർഷം കൂടുന്തോറും സെൻസസ് എടുക്കുന്ന സമ്പ്രദായം നിലവിൽ വന്നു. സ്വതന്ത്ര ഇന്ത്യ ഈ സമ്പ്രദായം തുടരുകയും 1951 മുതൽ 7 ദശവർഷം സെൻസസുകൾ നടത്തുകയും ചെയ്തു. 2011-ലെ സെൻസസാണ് ഏറ്റവും ഒടുവിൽ നടന്നത്. ലോകത്തിലെ ഏറ്റവും വലിയ സെൻസസ് ഇന്ത്യയുടേതാണ് (ഉയർന്ന ജനസംഖ്യയുള്ള ചൈന കൃത്യമായ സെൻസസ് നടത്താറില്ല).

**പഠനപ്രവർത്തനം**

*ഇന്ത്യയുടെ 2011 സെൻസസിൽ നിന്ന് നിങ്ങളുടെ പഞ്ചായത്ത്/മുൻസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട ജനസംഖ്യാവിവരങ്ങൾ ശേഖരിച്ച് ഒരു റിപ്പോർട്ട് തയാറാക്കുക. (Ref.www.censusindia.gov.in)*

### പഠന പുരോഗതി വിലയിരുത്താം

1. ഇന്ത്യൻ സെൻസസിന്റെ തന്മയും ചരിത്രവും വിശകലനം ചെയ്യുക.

## ജനസംഖ്യാശാസ്ത്രത്തിലെ ചില സിദ്ധാന്തങ്ങൾ (Some theories in Demography)

### ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്തം (The Malthusian Theory of population Growth)

ജനസംഖ്യാശാസ്ത്രത്തെക്കുറിച്ചുള്ള പ്രസിദ്ധമായ സിദ്ധാന്തങ്ങളിലൊന്ന് തോമസ് റോബർട്ട് മാൽത്തസിന്റേതാണ്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ പ്രധാന ആശയങ്ങൾ താഴെ പറയുന്നവയാണ്.

മനുഷ്യന്റെ ഉപജീവനമാർഗ്ഗങ്ങളുടെ (ഭക്ഷണം, വസ്ത്രം, കാർഷികോൽപ്പാദനങ്ങൾ തുടങ്ങിയവ) വളർച്ചാനിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് ജനസംഖ്യ വർദ്ധിക്കുന്നത് ജനസംഖ്യാ വർദ്ധനവിന് അനുപാതികമായ വർദ്ധനവ് ഭക്ഷ്യോൽപ്പാദനത്തിൽ ഉണ്ടാകുന്നില്ലെന്ന് അദ്ദേഹം ചൂണ്ടികാട്ടി. അതിനാൽ മനുഷ്യവർഗം എന്നന്നേക്കുമായി ദാരിദ്ര്യത്തിൽ കഴിയുവാൻ വിധിക്കപ്പെടുന്നു. കാരണം കാർഷികോൽപ്പാദനത്തിന്റെ വളർച്ചയെ ജനസംഖ്യാ വളർച്ച എല്ലായ്പ്പോഴും മറികടക്കുന്നു.

ജനസംഖ്യ വർദ്ധിക്കുന്നത് ജ്യാമിതീയ ശ്രേണി പ്രകാരമാണ് (geometric progression അതായത് 2, 4, 8, 16, 32, .......... എന്ന ക്രമത്തിൽ). എന്നാൽ കാർഷികോൽപ്പാദനത്തിലുള്ള വർദ്ധനവ് സമാന്തര ശ്രേണിയിലാണ് (Arithmetic Progression, അതായത് 2, 4, 6, 8, 10 .......... എന്ന ക്രമത്തിൽ). (ജനസംഖ്യാ വർദ്ധനവും കാർഷികോൽപ്പാദന വളർച്ചയും ഉണ്ടാകുമ്പോൾ എന്ത് പ്രത്യാഘാതങ്ങളായിരിക്കും സമൂഹത്തിലുണ്ടാകുക?)

**തോമസ് റോബർട്ട് മാൽത്തസ് (1766-1834)**



ഇംഗ്ലണ്ടിലെ ഒരു സാമ്പത്തിക ശാസ്ത്രജ്ഞാനിയായിരുന്ന അദ്ദേഹം 1798 -ൽ പ്രസിദ്ധീകരിച്ച ജനസംഖ്യയെക്കുറിച്ചുള്ള ഒരു പ്രബന്ധം (An Essay on Population) എന്ന കൃതിയിലാണ് തന്റെ സിദ്ധാന്തം അവതരിപ്പിച്ചത്.

സാമൂഹ്യപുരോഗതി കൈവരിക്കുവാൻ എന്ത് ചെയ്യണം?

ജനസംഖ്യാവർദ്ധനവ് നിയന്ത്രണമാണ് പുരോഗതി കൈവരിക്കാനുള്ള ഏക മാർഗം

### ജനസംഖ്യാനിയന്ത്രണ മാർഗങ്ങൾ

1. **പ്രതിരോധാത്മക നിയന്ത്രണങ്ങൾ (Preventive Checks)**

വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം തുടങ്ങിയവ പ്രതിരോധാത്മക നിയന്ത്രണങ്ങളിൽപ്പെടുന്നു.

### 2. ഗുണാത്മക നിയന്ത്രണങ്ങൾ (Positive Checks)

യുദ്ധം, ക്ഷാമം, രോഗങ്ങൾ, പട്ടിണി തുടങ്ങിയവ ഗുണാത്മക നിയന്ത്രണങ്ങളാണ്.

ജനസംഖ്യാവർദ്ധനവ് കുറയ്ക്കാനുള്ള ശേഷി മനുഷ്യവർഗ്ഗത്തിന് വളരെ പരിമിതമായി മാത്രമെയുള്ളു. അതിനാൽ ജനസംഖ്യാവളർച്ച നിയന്ത്രിക്കാൻ ഗുണാത്മക നിയന്ത്രണങ്ങൾ അത്യന്താപേക്ഷിതമാണെന്ന് മാൽത്തസ് വിശ്വസിച്ചു.

മാൽത്തസിന്റെ സിദ്ധാന്തം ഇന്നത്തെ സാഹചര്യത്തിൽ പ്രസക്തമാണോ?

ഇന്ത്യയിൽ അതിവേഗത്തിലുള്ള ജനസംഖ്യാവർദ്ധനവ് ഉണ്ടായെങ്കിലും ഭക്ഷ്യോൽപ്പാദനവും ജീവിതനിലവാരവും ഉയർന്നുകൊണ്ടേയിരുന്നു. ഇതോടെ മാൽത്ത്യൂസിയൻ സിദ്ധാന്തത്തിന്റെ പ്രസക്തി കുറയാനിടയാക്കി. എന്തൊക്കെയാവും ഇതിനുള്ള കാരണങ്ങൾ?

- ജനന നിരക്ക് ഗണ്യമായി കുറഞ്ഞു (ജനന നിയന്ത്രണ മാർഗങ്ങളുടെ വ്യാപകമായ ഉപയോഗം)
- പകർച്ചവ്യാധികൾ നിയന്ത്രിക്കപ്പെട്ടു. (വൈദ്യശാസ്ത്ര രംഗത്തെ പുരോഗതിയാണ്)
- ഭക്ഷ്യോൽപ്പാദന രംഗത്ത് പുരോഗതിയുണ്ടായി (സാങ്കേതിക വിദ്യയിലെ മുന്നേറ്റം.

### പഠന പുരോഗതി വിലയിരുത്താം

2. ജനസംഖ്യാവർദ്ധനവിനെക്കുറിച്ചുള്ള മാൽത്തൂസിയൻ സിദ്ധാന്ത പ്രകാരം ജനസംഖ്യാവർദ്ധനവും ഭക്ഷ്യോൽപ്പാദന വർദ്ധനവും ഏത് തരത്തിൽ ആണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന് വേർതിരിച്ച് എഴുതുക.

   (സമാന്തര ശ്രേണി; ജ്യാമിതീയ ശ്രേണി; 2, 4, 8, 16, 32 ക്രമം; 2, 4, 6, 8, 10, 12, ക്രമം)

| | |
|---|---|
| ജനസംഖ്യാവർദ്ധനവ് | 1 |
| | 2 |
| ഭക്ഷ്യോൽപ്പാദന വർദ്ധനവ് | 1 |
| | 2 |

3. താഴെ കൊടുത്തിരിക്കുന്നവയെ വിവിധ ജനസംഖ്യാവർദ്ധന നിവാരണ മാർഗങ്ങളായി വേർതിരിച്ചെഴുതുക. (വിവാഹം വൈകിപ്പിക്കൽ, യുദ്ധം, രോഗങ്ങൾ, ബ്രഹ്മചര്യം, ക്ഷാമം)

   പ്രതിരോധാത്മക നിയന്ത്രണങ്ങൾ ..........................................
   (Preventive Checks) ..........................................
   ഗുണാത്മക നിയന്ത്രണങ്ങൾ ..........................................
   (Positive Checks) ..........................................

## ജനസംഖ്യാ പരിവർത്തന സിദ്ധാന്തം (The Theory of Demographic Transition)

ജനസംഖ്യാശാസ്ത്രത്തിലെ മറ്റൊരു പ്രധാന സിദ്ധാന്തമാണ് ജനസംഖ്യാ പരിവർത്തന സിദ്ധാന്തം. ജനസംഖ്യാ വളർച്ച സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട ഒന്നാണെന്ന് ഈ സിദ്ധാന്തം വാദിക്കുന്നു. ഓരോ സമൂഹവും ജനസംഖ്യാ വർദ്ധനവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക വികസന മാതൃകയാണ് പിന്തുടരുന്നതെന്നും ഈ സിദ്ധാന്തം ചൂണ്ടിക്കാട്ടുന്നു. ജനസംഖ്യാവളർച്ച പ്രധാനമായും മൂന്ന് ഘട്ടങ്ങളിലൂടെ കടന്നുപോകുന്നുണ്ട്.

**ജനസംഖ്യാ വളർച്ചയിലെ മൂന്ന് അടിസ്ഥാന ഘട്ടങ്ങൾ**

- അൽപവികസിതവും സാങ്കേതിക പിന്നാക്കാവസ്ഥയിലുള്ള സമൂഹം
- ഉയർന്ന ജനന നിരക്കും മരണ നിരക്കും
- കുറഞ്ഞ ജനസംഖ്യാ വളർച്ചാ നിരക്ക്

**ഘട്ടം – 1**

- പരിവർത്തനാത്മക ഘട്ടം
- സാങ്കേതിക വിദ്യയിൽ പുരോഗതി പ്രാപിക്കാൻ തുടങ്ങുന്ന സമൂഹം
- ഉയർന്ന ജനന നിരക്കും താഴ്ന്ന മരണ നിരക്കും
- ഉയർന്ന ജനസംഖ്യാവളർച്ചാ നിരക്ക്

**ഘട്ടം – 2**

- വികസിത വ്യവസായവൽകൃത സമൂഹം
- താഴ്ന്ന ജനന നിരക്കും മരണ നിരക്കും
- താഴ്ന്ന ജനസംഖ്യാവളർച്ചാ നിരക്ക്

**ഘട്ടം – 3**

## ജനസംഖ്യാ വിസ്ഫോടനം (Population explosion)

ജനസംഖ്യാ പരിവർത്തന സിദ്ധാന്തപ്രകാരം ഒന്നാംഘട്ടത്തിനും മൂന്നാം ഘട്ടത്തിനും മദ്ധ്യേയുള്ള പരിവർത്തനാത്മക ഘട്ടത്തിലാണ് ത്വരിത ഗതിയിലുള്ള ജനസംഖ്യാവളർച്ച അഥവാ ജനസംഖ്യാ വിസ്ഫോടനം ഉണ്ടാകുന്നത്. ജനസംഖ്യാ വർദ്ധനവ് തുടരുമ്പോൾ തന്നെ ആധുനിക രീതിയിലുള്ള രോഗനിയന്ത്രണം പൊതുജനാരോഗ്യ ശ്രദ്ധ, മെച്ചപ്പെട്ട പോഷകാഹാരം എന്നിവയിലൂടെ മരണനിരക്ക് താഴോട്ടു കൊണ്ടുവരുമ്പോഴാണ് ജനസംഖ്യാവിസ്ഫോടനം സംഭവിക്കുന്നത്.

### പഠന പുരോഗതി വിലയിരുത്താം

4. ജനസംഖ്യാ ശാസ്ത്ര പരിവർത്തന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ താഴെ നൽകിയിരിക്കുന്ന പട്ടികയിൽ വിട്ടഭാഗം ഉയരുന്നു/താഴുന്നു/മാറ്റമില്ല എന്നീ വാക്കുകൾ അനുയോജ്യമായി ചേർത്ത് പൂരിപ്പിക്കുക.

| ഘട്ടം 1 | ഘട്ടം 2 | ഘട്ടം 3 |
|---|---|---|
| സാങ്കേതികവിദ്യ പിന്നാക്കാവസ്ഥയിൽ | സാങ്കേതികവിദ്യ മുന്നേറാൻ തുടങ്ങുന്നു. | വികസിത സാങ്കേതികവിദ്യ |
| ജനന നിരക്ക് a ....... മരണനിരക്ക് b ....... | ജനന നിരക്ക് c .......... മരണ നിരക്ക് d .......... | ജനന നിരക്ക് e ........ മരണ നിരക്ക് f ........ |
| വളർച്ചാ നിരക്ക് g .................. | ജനസംഖ്യാ വളർച്ചാനിരക്ക് h ...................... | ജനസംഖ്യാ വളർച്ചാനിരക്ക് i .................. |

## പൊതു സങ്കൽപ്പനങ്ങളും സൂചകങ്ങളും (Common Concepts and Indicators)

ജസംഖ്യാ ശാസ്ത്രപരമായ മിക്ക സങ്കൽപ്പനങ്ങളും നിരക്കുകളുടെ അല്ലെങ്കിൽ അനുപാതത്തിന്റെ രൂപത്തിലാണ് പ്രകടിപ്പിക്കപ്പെടുന്നത്. ജനസംഖ്യാ ശാസ്ത്രത്തിൽ പൊതുവായി ഉപയോഗിച്ചുവരുന്ന സങ്കൽപ്പനങ്ങളും സൂചകങ്ങളും ഏതെല്ലാമാണെന്ന് പരിശോധിക്കാം.

1. **ജനന നിരക്ക് (Birth rate)**

   ഒരു പ്രത്യേക പ്രദേശത്ത് ഒരു നിശ്ചിത കാലയളവിൽ ജീവനോടെ ജനിക്കുന്ന ശിശുക്കളുടെ മൊത്തം എണ്ണത്തെ ആ പ്രദേശത്തെ മൊത്തം ജനസംഖ്യയെ ആയിരത്തിലാക്കി ഹരിക്കുമ്പോൾ കിട്ടുന്ന സംഖ്യയാണ് ജനന നിരക്ക്. അതായത് ഒരു വർഷത്തിൽ ജനസംഖ്യയിലെ ഓരോ ആയിരത്തിനും (1000) ജീവനോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണമാണ് ജനന നിരക്ക്.

2. **മരണ നിരക്ക് (Death rate)**

   ഒരു പ്രത്യേക പ്രദേശത്ത് ഒരു നിശ്ചിത ഘട്ടത്തിൽ ജനസംഖ്യയിൽ ഓരോ 1000–ലും എത്രപേർ മരിക്കുന്നു എന്ന കണക്കാണ് മരണ നിരക്ക്.

3. **ഫലഭൂയിഷ്ഠതാ നിരക്ക് (Fertility rate)**

   സ്ത്രീകൾക്ക് ഗർഭധാരണ ശേഷിയുള്ള കാലഘട്ടത്തിൽ (സാധാരണയായി 15 മുതൽ 49 വയസ്സു വരെയുള്ള കാലം) ഓരോ ആയിരം പേർക്കും ജീവനോടെ ജനിക്കുന്നകുട്ടികളുടെ എണ്ണത്തെയാണ് ഫലഭൂയിഷ്ഠതാ നിരക്ക് എന്നും പറയുന്നത്.

4. **മൊത്തം ഫലഭൂയിഷ്ഠതാ നിരക്ക് (Total Fertility rate)**

   ഇതൊരു സാങ്കൽപ്പിക നിരക്കാണ്. ഒരു സ്ത്രീ അവരുടെ ഗർഭധാരണ ശേഷിയുള്ള പ്രായവിഭാഗത്തിലൂടെ ജീവിച്ചുകടന്നു പോവുകയും ഓരോ പ്രായവിഭാഗത്തിലും അതിന്റെ ഫലഭൂയിഷ്ഠതാ നിരക്കിന് അനുസൃതമായി അവർക്ക് ശരാ

ശരി മക്കളുണ്ടാവുകയും ചെയ്തുവെന്ന് കരുതുക. അവർക്ക് ജീവനോടെ ജനിക്കുന്ന മക്കളുടെ എണ്ണത്തെയാണ് മൊത്തം ഫലഭൂയിഷ്ഠതാ നിരക്ക് സൂചിപ്പിക്കുന്നത്.

5. **ശിശുമരണ നിരക്ക് (Infant Mortality rate)**

ഒരു വർഷം ജനിക്കുന്ന ഓരോ 1000 ശിശുക്കളിലും ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിക്കുന്ന കുട്ടികളുടെ എണ്ണമാണ് ശിശുമരണ നിരക്ക്.

6. **മാതൃമരണ നിരക്ക് (Maternal Mortality rate)**

ഒരു വർഷത്തിൽ ഓരോ 1000 സ്ത്രീകളിലും പ്രസവ സമയത്ത് മരിക്കുന്ന അമ്മമാരുടെ എണ്ണമാണ് മാതൃമരണ നിരക്ക്. ഉയർന്ന നിരക്കിലുള്ള ശിശുമരണവും മാതൃമരണവും പിന്നാക്കാവസ്ഥയുടെയും ദാരിദ്ര്യത്തിന്റേയും വ്യക്തമായ സൂചനയാണ്.

7. **ആയുർദൈർഘ്യം (Life Expectancy)**

ഒരു ശരാശരി മനുഷ്യൻ ജീവിച്ചിരിക്കുമെന്ന് കരുതപ്പെടുന്ന ആകെ വർഷമാണ് ആയുർദൈർഘ്യം എന്ന് സൂചിപ്പിക്കുന്നത്.

8. **ലിംഗാനുപാതം അഥവാ സ്ത്രീ-പുരുഷാനുപാതം (Sex ratio)**

ഒരു നിശ്ചിതപ്രദേശത്ത് ഒരു നിശ്ചിത കാലയളവിൽ 1000 പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ട് എന്ന കണക്കാണ് ലിംഗാനുപാതം.

**സ്ത്രീ-പുരുഷാനുപാതം സ്ത്രീകൾക്ക് അനുകൂലമാക്കുന്ന ഘടകങ്ങൾ**

- പെൺകുട്ടികൾക്ക് ശൈശവത്തിൽ ആൺകുട്ടികളെ അപേക്ഷിച്ച് രോഗപ്രതിരോധശേഷി കൂടുതലാണ്.
- മിക്ക സമൂഹങ്ങളിലും പുരുഷന്മാരേക്കാൾ കൂടുതൽ കാലം ജീവിച്ചിരിക്കുന്നത് സ്ത്രീകളാണ്.

## പഠന പുരോഗതി വിലയിരുത്താം

5. ഇന്ത്യയിൽ സ്ത്രീ-പുരുഷ അനുപാതം സ്ത്രീകൾക്ക് അനുകൂലമല്ലാതാകുവാനുള്ള കാരണങ്ങൾ താഴെ കൊടുത്തിട്ടുള്ള ചിത്രത്തിൽ രേഖപ്പെടുത്തുക.



## ജനസംഖ്യയുടെ പ്രായഘടന (Age Structure of the Population)

മൊത്തം ജനസംഖ്യയ്ക്ക് ആപേക്ഷികമായി വിവിധപ്രായ വിഭാഗങ്ങളിലുള്ള വ്യക്തികളുടെ അനുപാതമാണ് ജനസംഖ്യയുടെ പ്രായഘടന എന്നു പറയുന്നത്. വികസനത്തിന്റെ തലങ്ങൾ, ശരാശരി ആയുർദൈർഘ്യം എന്നിവയ്ക്ക് ആനുപാതികമായി പ്രായഘടനയിൽ മാറ്റം വരുന്നു. തുടക്കത്തിൽ ജനങ്ങളുടെ ജീവിതദൈർഘ്യം കുറവായിരുന്നു. മോശമായ മെഡിക്കൽ സൗകര്യങ്ങളും, രോഗങ്ങളും, മറ്റ് ഘടകങ്ങളുമാണ് ഇതിനു കാരണം. കൂടാതെ ഉയർന്ന ശിശുമരണനിരക്കും, മാതൃമരണ നിരക്കും പ്രായഘടനയെ ബാധിച്ചിട്ടുണ്ട്. പ്രായഘടനയിൽ മാറ്റം വരുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം വികസനമാണ്. വികസനം ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ആയുർദൈർഘ്യം കൂട്ടുകയും ചെയ്യും. ഇത് പ്രായഘടനയിൽ മാറ്റം വരുത്തുന്നു. ക്രമേണ വൃദ്ധന്മാരുടെ എണ്ണം കൂടുകയും ചെറുപ്പക്കാരുടെ എണ്ണം കുറയുകയും ചെയ്യുന്നു. ഇതിനെ വാർദ്ധക്യം ബാധിക്കുന്ന ജനസംഖ്യ (Ageing Population) എന്നു വിളിക്കുന്നു.

### Age Composition of the Population of India, 1961-2026
### ഇന്ത്യയിലെ ജനസംഖ്യാ പ്രായഘടന 1961–2026

| Year | Age Groups | | | Total |
|---|---|---|---|---|
| | *0–14 Years* | *15–59 Years* | *60+ Years* | |
| 1961 | 41 | 53 | 6 | 100 |
| 1971 | 42 | 53 | 5 | 100 |
| 1981 | 40 | 54 | 6 | 100 |
| 1991 | 38 | 56 | 7 | 100 |
| 2001 | 34 | 59 | 7 | 100 |
| 2011 | 29 | 63 | 8 | 100 |
| 2026 | 23 | 64 | 12 | 100 |

Age Group columns show percentage shares; rows may not add up to 100 because of rounding

*Source: Based on data from the Technical Group on Population Projections (1996 and 2006) of the National Commission on Population.*
*Webpage for 1996 Report: http://populationcommission.nic.in/facts1.htm*

**പഠനപ്രവർത്തനം**

1. തന്നിരിക്കുന്ന പട്ടികയിൽ നിന്നും വ്യത്യസ്ത പ്രായ വിഭാഗങ്ങളുടെ വളർച്ചാ നിരക്ക് താരതമ്യം ചെയ്യുക.
2. വർദ്ധിച്ചു വരുന്ന വൃദ്ധരുടെ എണ്ണം രാജ്യത്തിന്റെ പുരോഗതിയെ എപ്രകാരം സ്വാധീനിക്കുമെന്ന് ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.

ചുവടെ കൊടുത്തിരിക്കുന്നവരിൽ നിന്നും മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നവരെ കണ്ടെത്താമോ?

a) വിദ്യാർഥികൾ
b) തൊഴിലില്ലാത്ത സ്ത്രീകൾ
c) യുവാക്കൾ
d) ഉദ്യോഗസ്ഥർ

നമ്മുടെ ജനസംഖ്യയിൽ സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുന്ന ജന വിഭാഗങ്ങളാണ് ആശ്രിത ജനവിഭാഗം.

**ആശ്രിതാനുപാതം (Dependency Rate)**

നമ്മുടെ ജനസംഖ്യയിലെ വൃദ്ധരും കുട്ടികളും ഉൾപ്പെടുന്ന നല്ലൊരു വിഭാഗം ജോലി ചെയ്യാൻ കഴിയാത്തവരാണ്. സ്വാഭാവികമായും അവർക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുന്നു. 15 മുതൽ 64 വയസ്സു വരെയുള്ള പ്രായവിഭാഗത്തിൽപ്പെട്ടവരെയാണ് പൊതുവെ ജോലി ചെയ്യുന്നവരായി കണക്കാക്കുന്നത്.

ആശ്രിതരുടെ ജനസംഖ്യയെ ജോലി ചെയ്യുന്നവരുടെ ജനസംഖ്യകൊണ്ട് ഹരിച്ചാൽ ലഭിക്കുന്നതാണ് ആശ്രിത അനുപാതം.

ആശ്രിത അനുപാതം വർദ്ധിച്ചാൽ ഒരു രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയെ എങ്ങനെ ബാധിക്കും? മറിച്ചാണെങ്കിൽ എന്താകും?

**ജനസംഖ്യാ ലാഭവിഹിതം (Demogrphic dividend)**

ആശ്രിത അനുപാതം കുറയുന്നത് സാമ്പത്തിക വളർച്ചക്കും പുരോഗതിക്കും കാരണമാകുന്നു. ജോലി ചെയ്യാൻ പ്രാപ്തിയില്ലാത്ത പ്രായഘടനയിലുള്ളവരെ അപേക്ഷിച്ച് ജോലി ചെയ്യുവാൻ പ്രാപ്തിയുള്ളവരുടെ പ്രായഘടനയിൽ ഉള്ളവരുടെ എണ്ണം കൂടുന്നതിനെയാണ് ജനസംഖ്യാ ലാഭവിഹിതം (Demogrphic dividend) എന്നു പറയുന്നത്. ഇത് പ്രായ ഘടന മാറുമ്പോൾ ഉണ്ടാകുന്ന നേട്ടമായി ചൂണ്ടികാണിക്കാം. എന്നാൽ ഈ നേട്ടം താൽക്കാലികമാണ്. ജോലി ചെയ്യുന്ന പ്രായ വിഭാഗത്തിൽപ്പെട്ട വലിയൊരു വിഭാഗം ജനങ്ങൾ ക്രമേണ ജോലി ചെയ്യാൻ കഴിയാത്ത വൃദ്ധജനങ്ങളായി മാറുന്നതാണ് ഇതിനു കാരണം.

**ജനസംഖ്യാ ലാഭവിഹിതം (Demographic dividend) വരുത്തുന്ന മാറ്റങ്ങൾ**




## പഠന പുരോഗതി വിലയിരുത്താം

6. ജനസംഖ്യാ ലാഭവിഹിതം (Demogrphic dividend) കൊണ്ട് ഒരു രാജ്യത്തിനുണ്ടാകുന്ന നേട്ടങ്ങൾ എഴുതുക.

   - ആശ്രയത്വം കുറയുന്നു
   - ജോലി ചെയ്യുന്നവരുടെ എണ്ണം കൂടുന്നു
   - ......................
   - ......................
   - ......................

## ഇന്ത്യൻ ജനസംഖ്യയുടെ വലിപ്പവും വളർച്ചയും (Size and Growth of Indian Population)

- പട്ടിക ശ്രദ്ധിക്കുക. എന്തൊക്കെ അനുമാനങ്ങൾ രൂപീകരിക്കാൻ കഴിയും.
- 2011-ലെ സെൻസസ്പ്രകാരം ഇന്ത്യയിലെ ജനസംഖ്യ 121 കോടിയാണ് (1.21 ബില്യൺ). ഇന്ത്യൻ ജനസംഖ്യയുടെ വളർച്ചാ നിരക്ക് എല്ലായ്പ്പോഴും അത്ര ഉയർന്ന തോതിലായിരുന്നില്ല. 1901-നും 1951-നും മധ്യേ ജനസംഖ്യയുടെ ശരാശരി വാർഷിക വളർച്ചാ നിരക്ക് 1.33 ശതമാനത്തിൽ കൂടിയിട്ടില്ല. ഇത് മിതമായ വളർച്ചാ നിരക്കാണ്. 1911-നും 1921-നും മധ്യേ വളർച്ചാ നിരക്ക് കുത്തനെ ഇടിയുകയും -0.03.% എന്ന വിപരീത വളർച്ചാ നിരക്കിൽ എത്തുകയും ചെയ്തു. 1921 വരെയുള്ള ജനസംഖ്യാ വർദ്ധനവ് വളരെ മന്ദഗതിയിലാകാനുള്ള കാരണങ്ങൾ പരിശോധിക്കാം.

**THE POPULATION OF INDIA AND ITS GROWTH DURING THE 20TH CENTURY**

| Year | Total Population (in millions) | Average Annual Growth Rate (%) | Decadal Growth Rate (%) |
|---|---|---|---|
| 1901 | 238 | – | - |
| 1911 | 252 | 0.56 | 5.8 |
| 1921 | 251 | -0.03 | -0.3 |
| 1931 | 279 | 1.04 | 11.0 |
| 1941 | 319 | 1.33 | 14.2 |
| 1951 | 361 | 1.25 | 13.3 |
| 1961 | 439 | 1.96 | 21.6 |
| 1971 | 548 | 2.22 | 24.8 |
| 1981 | 683 | 2.20 | 24.7 |
| 1991 | 846 | 2.14 | 23.9 |
| 2001 | 1028 | 1.93 | 21.5 |
| 2011 | 1210 | 1.64 | 17.6 |

*Source: Census of India 2011 (Provisional).*
*website: http//censusindia.gov.in*

- 1918-19 കാലത്ത് ഉണ്ടായ പകർച്ചപ്പനിയാണ് ജനസംഖ്യാവർദ്ധനവിനെ തടഞ്ഞു നിർത്തിയ ഏറ്റവും പ്രധാന കാരണം.
- മാരകമായ രോഗങ്ങളായ പ്ലേഗ്, മലേറിയ എന്നിവയും കടുത്ത ക്ഷാമങ്ങളും ലക്ഷകണക്കിന് ജനങ്ങളുടെ ജീവനപഹരിക്കുകയുണ്ടായി.

ഇന്ത്യയിലെ ജനന മരണ നിരക്കുകളിലെ മാറ്റമാണ് ചാർട്ട് ഒന്നിൽ നൽകിയിരിക്കുന്നത്. ജനസംഖ്യാപരിവർത്തന ഘട്ടത്തിന്റെ സ്വാധീനം ഈ ഗ്രാഫിൽ വ്യക്തമായി കാണാം.

- 1931-നു മുൻപ് ജനന നിരക്കും മരണ നിരക്കും ഒരുപോലെ ഉയർന്നതായിരുന്നു.
- എന്നാൽ ഈ പരിവർത്തന വേളയ്ക്കുശേഷം മരണ നിരക്കുകൾ കുത്തനെ കുറയുന്നു. എന്നാൽ ജനന നിരക്ക് നേരിയ തോതിൽ മാത്രമേ കുറയുന്നുള്ളു. 1921-ന് ശേഷം മരണ നിരക്ക് കുറയുവാൻ പ്രധാനമായും രണ്ട് കാരണങ്ങളുണ്ട്.

  i) ക്ഷാമനിവാരണ പദ്ധതികൾ

  ii) രണ്ട് പകർച്ചവ്യാധികളുടെ നിയന്ത്രണം.

## Birth and Death Rate in India 1901-2001




*Source: National Commission on Population, Government of India.*

## State-wise Birth Rates in India, 2004



## Regional Shares of Projected Population Growth upto 2026




*Source: Computed from 2001 Census figures and the Report of the Technical Group on Population Projections of the National Commission on Population, 2006.*
*Source: Sample Registration System 2004*

### പഠന പുരോഗതി വിലയിരുത്താം

7. പേജ് 30 ൽ നൽകിയിരിക്കുന്ന ചാർട്ട് പരിശോധിച്ച് 2026 ൽ പ്രതീക്ഷിക്കുന്ന താഴെപറയുന്ന പ്രായഘടനയുള്ളവരുടെ എണ്ണം തിട്ടപ്പെടുത്തുക.

- 0–14 പ്രായവിഭാഗത്തിൽപ്പെട്ടവർ- (കുട്ടികൾ) ..................................
- 15–60 പ്രായവിഭാഗത്തിൽപ്പെട്ടവർ- (പ്രായപൂർത്തിയായവർ) ............................
- 60 വയസ്സിനു മുകളിലുള്ളവർ- (വൃദ്ധന്മാർ) ...................................

## ജനസംഖ്യാ പിരമിഡ് (Population Pyramid)

പ്രായഘടനയുടെ രേഖീയ ചിത്രമാണ് ജനസംഖ്യാ പിരമിഡ്












*Source: Based on data from relevant volumes of the Census of India (1961, 1981 & 2001) and the Report of the Technical Group on Population Projections (2006) of the National Commission on Population.*

ജനസംഖ്യാ പിരമിഡ് പരിശോധിച്ച് പ്രായഘടനയിൽ വ്യത്യാസങ്ങൾ മനസ്സിലാക്കുക.

- കേരളം പോലുള്ള സംസ്ഥാനങ്ങൾ വികസിത രാജ്യങ്ങളിലേതുപോലുള്ള പ്രായ ഘടന ആർജ്ജിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ ഉത്തർപ്രദേശിലെ ചിത്രം വളരെ വ്യത്യസ്തമാണ്. അവിടെ യുവജനങ്ങളുടെ പ്രായവിഭാഗത്തിന്റെ അനുപാതം കൂടുതലും വൃദ്ധരുടെ അനുപാതം കുറവുമാണ്.
- പ്രായ ഘടനയിൽ യുവജന വിഭാഗങ്ങളിലേക്കുള്ള ചായ്‌വ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു നേട്ടമാണെന്ന് വിശ്വസിക്കപ്പെടുന്നു.
- യുവജനങ്ങളുടെ എണ്ണം കൂടുതലായതിനാൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ള ജനവിഭാഗങ്ങളുടെ എണ്ണവും ആപേക്ഷികമായി വലുതാണ്. മാത്രമല്ല അവരെ ആശ്രയിച്ചു നിൽക്കുന്ന വൃദ്ധജനങ്ങളുടെ എണ്ണം ആപേക്ഷികമായി കുറവാണുതാനും. അതുകൊണ്ടാണ് ഇന്ത്യക്ക് ജനസംഖ്യാലാഭവിഹിതം ലഭിക്കുന്നത്.

## പഠന പുരോഗതി വിലയിരുത്താം

8. താഴെ കൊടുത്തിരിക്കുന്ന ജനസംഖ്യപിരമിഡ് പരിശോധിച്ച് പ്രായഘടന കണ്ടെത്തി അടിസ്ഥാനത്തിൽ വേർതിരിച്ച് എഴുതുക.
   a) 0-14 പ്രായ വിഭാഗത്തിൽപ്പെട്ടവർ
   b) 15-60 പ്രായ വിഭാഗത്തിൽപ്പെട്ടവർ
   c) 60 വയസ്സിനു മുകളിലുള്ളവർ
9. താഴെ കൊടുത്തിരിക്കുന്ന ജനസംഖ്യാ പിരമിഡിൽ നിന്നും 2026-ലെ പ്രായഘടനയിൽ ഏത് പ്രായ വിഭാഗത്തിലുള്ളവരായിരിക്കും കൂടുതൽ എന്ന് വ്യക്തമാക്കുക.




*Source: Report of the Technical Group on Population Projections (2006) of the National Commission on Population.*

## ഇന്ത്യയിലെ താഴുന്ന സ്ത്രീ-പുരുഷാനുപാതം (Declining Sex ratio in India)

ലിംഗാനുപാതം എന്ന പദം നാം പരിചയപ്പെട്ടുവല്ലോ. ജനസംഖ്യാ ഘടനയിൽ ലിംഗാനുപാതത്തിന് അഥവാ സ്ത്രീ-പുരുഷാനുപാതത്തിന് വലിയ പ്രാധാന്യമുണ്ട്. ലിംഗപരമായ സന്തുലിതാവസ്ഥയുടെ (gender balance) ഒരു സൂചകമാണ് സ്ത്രീ പുരുഷാനുപാതം. 1000 പുരുഷന്മാർക്ക് എത്ര സ്ത്രീകളുണ്ട് എന്നതാണല്ലോ സ്ത്രീ പുരുഷാനുപാതം.

**THE DECLINING SEX-RATIO IN INDIA, 1901-2011**

| Year | Sex-ratio (all age groups) | Variation over previous decade | Child Sex-ratio (0–6 years) | Variation over previous decade |
|---|---|---|---|---|
| 1901 | 972 | – | – | – |
| 1911 | 964 | –8 | – | – |
| 1921 | 955 | –9 | – | – |
| 1931 | 950 | –5 | – | – |
| 1941 | 945 | –5 | – | – |
| 1951 | 946 | +1 | – | – |
| 1961 | 941 | –5 | 976 | – |
| 1971 | 930 | –11 | 964 | –12 |
| 1981 | 934 | +4 | 962 | –2 |
| 1991 | 927 | –7 | 945 | –17 |
| 2001 | 933 | +6 | 927 | –18 |
| 2011* | 940 | +7 | 914 | –13 |

*NOTE: The sex-ratio is defined as the number of females per 1000 males*
*Data on age specific sex ratios is not available before 1961*
**Census of India 2011 (Provisional)*

മുകളിൽ കൊടുത്ത പട്ടികയിൽ നിന്നും വ്യക്തമാകുന്നത് ഇന്ത്യയിൽ ഇപ്പോൾ സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരാണുള്ളത് എന്നാണ്.

## സ്ത്രീ പുരുഷാനുപാതത്തിന്റെ നാൾവഴികൾ

- 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലിംഗാനുപാതം 972 ആയിരുന്നു. അതായത് 1000 പുരുഷന്മാർക്ക് 972 സ്ത്രീകളാണ് ഉണ്ടായിരുന്നത്.
- 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലിംഗാനുപാതം 933 ആയി കുറഞ്ഞു.
- കഴിഞ്ഞ നാലു പതിറ്റാണ്ടുകളായി സ്ത്രീ പുരുഷാനുപാതത്തിൽ കണ്ടുവരുന്ന കുറവ് ആശങ്കാജനകമാണ് - 1961 (941), 1991 (927), 2001 (933) എന്നീ തോതിലാണ്.
- 2011 സെൻസസ് പ്രകാരം സ്ത്രീ പുരുഷാനുപാതം 940-ൽ എത്തി നിൽക്കുന്നു.

**സ്ത്രീ പുരുഷാനുപാതം കുറയുന്നതിനുള്ള കാരണങ്ങളും പരിഹാരങ്ങളും**

| കാരണങ്ങൾ | പരിഹാരങ്ങൾ |
|---|---|
| • ആരോഗ്യപരമായ കാരണങ്ങൾ<br>• പ്രസവത്തോടെയുള്ള സ്ത്രീകളുടെ മരണം<br>• പോഷകാഹാര കുറവ്<br>• വൈദ്യസഹായത്തിന്റെ ലഭ്യത കുറവ്<br>• ഗതാഗത സൗകര്യമില്ലായ്മ<br>• പെൺകുട്ടികളോടുള്ള മനോഭാവത്തിലെ വ്യത്യാസം<br>• പെൺകുട്ടികൾ സമൂഹത്തിൽ ശാപവും ബാധ്യതയുമായി കാണുന്നു.<br>• ശൈശവകാലത്തെ കടുത്ത അവഗണന<br>• പെൺഭ്രൂണഹത്യ<br>• സ്ത്രീധനം | • സാമൂഹ്യ വികസനം<br>• ആധുനിക ചികിത്സാ സമ്പ്രദായം<br>• പോഷകാഹാരം<br>• ഗതാഗതവിനിമയ സൗകര്യങ്ങൾ<br>• പൊതു വിദ്യാഭ്യാസത്തിന്റെ വളർച്ച<br>• ബോധവൽക്കരണം<br>• ഗവൺമെന്റ് കർശനമായ നിയമങ്ങൾ ഇതിനെതിരെ നടപ്പിലാക്കി<br>• PNDT നിയമം അഥവാ Pre Natal Diagnostic Techniques (Regulations and prevention of Misuse) Act-1996<br>• നിയമപ്രകാരം പെൺഭ്രൂണഹത്യ നിയന്ത്രിക്കുന്ന സാമൂഹ്യമനോഭാവത്തിലുണ്ടാകുന്ന മാറ്റങ്ങൾ |

***സോണോഗ്രാം***

*ഗർഭാവസ്ഥയിൽ ശിശുവിന്റെ ജനിതക തകരാറുകളും മറ്റ് പ്രശ്നങ്ങളും നിരീക്ഷിച്ചറിയുന്നതിനു വേണ്ടി വികസിപ്പിച്ചെടുത്തതും അൾട്രാസൗണ്ട് സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി എക്സ്റേ പോലെ പ്രവർത്തിക്കുന്നതുമായ ഒരു രോഗനിർണയ ഉപകരണം, ഗർഭസ്ഥശിശുവിന്റെ ലിംഗനിർണയം നടത്തി പെൺഭ്രൂണത്തെ നശിപ്പിക്കാൻ പലരും ഈ സാങ്കേതികവിദ്യയെ ദുരുപയോഗം ചെയ്യാറുണ്ട്.*

### ശിശുലിംഗാനുപാതം കുറവുള്ള സംസ്ഥാനങ്ങൾ

ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ ലിംഗാനുപാതം കണ്ടുവരുന്നത് ഏറ്റവും സമൃദ്ധമായ പ്രദേശങ്ങളിലാണ്. ആളോഹരി വരുമാനമനുസരിച്ച് ഏറ്റവും സമ്പന്നമായ സംസ്ഥാനങ്ങളായ പഞ്ചാബ്, ഹരിയാന, ഛത്തീസ്ഗഡ്, ഡൽഹി, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലാണ് ഏറ്റവും കുറഞ്ഞ ലിംഗാനുപാതമുള്ളത്.

### പഠന പുരോഗതി വിലയിരുത്താം

10. സ്ത്രീ പുരുഷാനുപാതം കുറയുന്നതിനുള്ള കാരണങ്ങളും പരിഹാരങ്ങളും എഴുതുക.

| കാരണങ്ങൾ | പരിഹാരങ്ങൾ |
|---|---|
| • പോഷകാഹാര കുറവ് | • ബോധവൽക്കരണം |
| • പെൺ ഭ്രൂണഹത്യ | • ....................................... |
| • ....................................... | • ....................................... |

**പഠനപ്രവർത്തനം**

*സ്ത്രീപുരുഷാനുപാതം കുറയുമ്പോൾ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക*

### സാക്ഷരത

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ഘടകമെന്ന നിലയിൽ സാക്ഷരത ശാക്തീകരണത്തിന്റെ ഒരുപകരണമാണ്. ജനങ്ങൾ എത്രകണ്ട് സാക്ഷരരാകുന്നുവോ അത്രത്തോളം അവരുടെ തൊഴിൽ തെരഞ്ഞെടുക്കാനുള്ള അവബോധവും വർദ്ധിക്കുന്നു. ജ്ഞാന സമ്പദ് വ്യവസ്ഥയിൽ (Knowledge economy) സജീവമായി പങ്കെടുക്കാനും ഇത് അവരെ സഹായിക്കുന്നു. കൂടാതെ സാക്ഷരത ജനങ്ങളിൽ ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. ഒപ്പം സമുദായത്തിന്റെ സാംസ്കാരിക-സാമ്പത്തിക ക്ഷേമത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുന്നു.

**LITERACY RATE IN INDIA**

**(Percentage of population 7 years of age and above)**

| Year | Persons | Males | Females | Male-Female gap in literacy rate |
|---|---|---|---|---|
| 1951 | 18.3 | 27.2 | 8.9 | 18.3 |
| 1961 | 28.3 | 40.4 | 15.4 | 25.1 |
| 1971 | 34.5 | 46.0 | 22.0 | 24.0 |
| 1981 | 43.6 | 56.4 | 29.8 | 26.6 |
| 1991 | 52.2 | 64.1 | 39.3 | 24.8 |
| 2001 | 65.4 | 75.9 | 54.2 | 21.7 |
| 2011* | 74.0 | 82.1 | 65.4 | 16.7 |

*Source: Bose (2001:22) *Census of India 2011 (Provisional).*

ലിംഗം, പ്രദേശം, സാമൂഹ്യ വിഭാഗങ്ങൾ എന്നിവയ്ക്കനുസരിച്ച് സാക്ഷരത വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. ഉദാഹരണത്തിന്, ഇന്ത്യയിൽ സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷന്മാരുടെ സാക്ഷരതാ നിരക്കിനേക്കാൾ വളരെ താഴെയാണ്. 2011-ലെ സെൻസസ് പ്രകാരം സാക്ഷരതയുള്ള സ്ത്രീ പുരുഷ അനുപാതം 16.7 ആണ്. എത്രയോ താഴെയാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്നിരുന്നാലും സ്ത്രീ സാക്ഷരതാ നിരക്ക് പുരുഷ സാക്ഷരത നിരക്കിനേക്കാൾ വേഗത്തിൽ ഉയർന്നു കൊണ്ടിരിക്കുകയാണ്. സ്ത്രീ-സാക്ഷരതാ നിരക്ക് ആപേക്ഷികമായി വളരെ താഴ്ന്ന തലങ്ങളിൽ നിന്ന് തുടങ്ങിയതാകാം ഇതിനു കാരണം. 1991–2001 കാലഘട്ടത്തിൽ പുരുഷ സാക്ഷരതാ നിരക്കിലെ വർദ്ധനവ് 12 ശതമാനത്തിൽ താഴെയായിരുന്നു. എന്നാൽ ഇതേ കാലയളവിൽ സ്ത്രീ-സാക്ഷരതാ നിരക്കിലെ വർദ്ധനവ് ഏതാണ്ട് 15 ശതമാനമാണ്. 2001–2011 കാലഘട്ടത്തിൽ ഇത് യഥാക്രമം ഏതാണ്ട് 9 ശതമാനവും (പുരുഷന്മാരുടെ) 12 ശതമാനവും (സ്ത്രീകളുടെ) ആണ്.

### സാക്ഷരത-പ്രയോജനങ്ങൾ

- ശാക്തീകരണം വളർത്തുന്നു
- തൊഴിൽ തെരഞ്ഞെടുക്കാനുള്ള അവബോധം കൂട്ടുന്നു
- ആരോഗ്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.
- സമൂഹത്തിന്റെ സാംസ്കാരിക - സാമ്പത്തിക ക്ഷേമത്തിനുള്ള പ്രവർത്തനങ്ങളിൽ ഭാഗമാകുന്നു.

പ്രാദേശികമായ വ്യത്യാസങ്ങളും സാക്ഷരതാ നിരക്കിൽ വലിയ വ്യതിയാനങ്ങൾ സൃഷ്ടിക്കാറുണ്ട്. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ സമ്പൂർണ സാക്ഷരതയോടടുത്തു കൊണ്ടിരിക്കുകയാണ്. സാക്ഷരതയിലും സ്ത്രീ പുരുഷ സാക്ഷരതാ നിരക്കിലും ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണ്. എന്നാൽ ബീഹാർ പോലെയുള്ള സംസ്ഥാനങ്ങൾ സാക്ഷരതയിൽ വളരെ പുറകിലാണ്. സാക്ഷരതയിൽ ഏറ്റവും പുറകിൽ നിൽക്കുന്ന സംസ്ഥാനം ബീഹാറാണ്.

### പഠന പുരോഗതി വിലയിരുത്താം

11. സാക്ഷരതയിലെ അസമത്വങ്ങൾക്കുള്ള കാരണങ്ങൾ ചിത്രത്തിൽ രേഖപ്പെടുത്തുക.



## ഗ്രാമ നഗര വ്യത്യാസങ്ങൾ (Rural-Urban Difference)

ഇന്ത്യൻ ജനസംഖ്യയിലെ ഭൂരിഭാഗവും ഗ്രാമപ്രദേശങ്ങളിലാണ് ജീവിക്കുന്നത്. 2011-ലെ സെൻസസ് പ്രകാരം ജനസംഖ്യയിലെ 69 ശതമാനവും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. 31 ശതമാനം ജനങ്ങൾ മാത്രമാണ് നഗരങ്ങളിലും പട്ടണങ്ങളിലും വസിക്കുന്നത്. എന്നിരുന്നാലും നഗരങ്ങളിലെ ജനസംഖ്യ കുത്തനെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രവണതയാണ് കാലങ്ങളായി കണ്ടുവരുന്നത്.



20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിലെ നഗരങ്ങളിലെ ജനസംഖ്യ 11 ശതമാനമായിരുന്നു. 21-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അത് 28 ശതമാനമായി വർദ്ധിച്ചു. അങ്ങനെ ഒരു നൂറ്റാണ്ടിനുള്ളിൽ നഗര ജനസംഖ്യയിൽ 2½ മടങ്ങ് വർദ്ധനവുണ്ടായി. ഇത് എണ്ണത്തിന്റെ മാത്രം പ്രശ്നമല്ല. നഗരത്തിലെ ജനസംഖ്യയിൽ വർദ്ധനവുണ്ടാകാനുള്ള പ്രധാന കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

- വികസന പ്രക്രിയകൾ
- കാർഷിക-ഗ്രാമീണ ജീവിത രീതിയിലുള്ള മാറ്റങ്ങൾ
- സാമ്പത്തിക-സാമൂഹ്യ മാറ്റങ്ങൾ
- വ്യാവസായിക-നാഗരിക ജീവിതരീതികളിലുണ്ടായ മാറ്റം
- മെച്ചപ്പെട്ട സൗകര്യം
- കാർഷികേതര മേഖലയിലുള്ള വളർച്ച
- ബഹുജന മാധ്യമങ്ങളും ടി.വി.ചാനലുകളും നഗര ജീവിതത്തെ ആകർഷണീയമായി ചിത്രീകരിക്കുന്നു
- നഗര ജീവിത ശൈലി, ഉപഭോഗ സംസ്കാരത്തിനോടുള്ള ആകർഷണീയത
- നഗരങ്ങളിലെ അപരിചിതത്വം (Anonimity) പലരേയും നഗരങ്ങളിലേക്ക് ആകർഷിക്കുന്നു
- ഉപഭോക്തൃ സംസ്കാരത്തോടുള്ള അഭിനിവേശം
- മെച്ചപ്പെട്ട തൊഴിലവസരങ്ങൾ

**ചില വസ്തുതകൾ**

- ഇന്ത്യയിലിപ്പോൾ 7935 നഗരങ്ങളുണ്ട്
- 377 ദശലക്ഷം ജനങ്ങൾ നഗരങ്ങളിൽ ജീവിക്കുന്നു
- നഗരങ്ങളിലെ മൂന്നിൽ രണ്ടു ഭാഗം ജനങ്ങളും 27 വൻ നഗരങ്ങളിലാണ് ജീവിക്കുന്നത്.

### പഠന പുരോഗതി വിലയിരുത്താം

12. കേരളത്തിലെ നഗര ജനസംഖ്യാ വർദ്ധനവിനുള്ള കാരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

## ഇന്ത്യയിലെ ജനസംഖ്യാ നയം (Population Policy in India)

ജനസംഖ്യയിലെ ചലനാത്മകത (Population dynamics) പ്രധാനപ്പെട്ടൊരു വിഷയമാണ്. ഒരു രാഷ്ട്രത്തിന്റെ വികസന പ്രതീക്ഷകളേയും, ജനങ്ങളുടെ ആരോഗ്യത്തേയും ക്ഷേമത്തേയും അത് സാരമായി ബാധിക്കുന്നു. ജനസംഖ്യയും വികസനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരു രാജ്യത്തിന്റെ വികസനത്തിന് ജനസംഖ്യയുടെ ഊർജ്ജസ്വലത അത്യന്താപേക്ഷിതമാണ്. അതേ സമയം ജനസംഖ്യയുടെ അമിത വളർച്ച രാഷ്ട്രത്തിന്റെ വികസനത്തിനും നിലനിൽപ്പിനും വിലങ്ങുതടിയായി മാറുകയും ചെയ്യും. വികസ്വര രാജ്യങ്ങളാണ് ഈ വെല്ലുവിളി ഏറ്റവും കൂടുതൽ നേരിട്ടു കൊണ്ടിരിക്കുന്നത്. ജനസംഖ്യാ പ്രശ്നം വളരെ നേരത്തെ തന്നെ ഇന്ത്യ തിരിച്ചറിഞ്ഞിരിന്നു. അതിനാൽ 1952-ൽ തന്നെ ഒരു ജനസംഖ്യാ നയം പ്രഖ്യാപിച്ച ആദ്യരാജ്യം ഒരു പക്ഷെ ഇന്ത്യയായിരിക്കും.

കുടുംബാസൂത്രണ പദ്ധതികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള ഒരു ജനസംഖ്യാനയമാണ് ഇന്ത്യാ ഗവൺമെന്റ് സ്വീകരിച്ചത്. ഇതിനായി ഒരു കേന്ദ്ര കുടുംബാസൂത്രണ ബോർഡും കുടുംബാസൂത്രണ വകുപ്പും സ്ഥാപിച്ചു. പഞ്ചവൽസര പദ്ധതികൾ കുടുംബാസൂത്രണത്തിന് അർഹമായ പരിഗണനയേകി. ഇന്ത്യയുടെ ജനസംഖ്യാനയം ദേശീയ കുടുംബാസൂത്രണ പരിപാടി (National Family Planning Programme) അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ഒന്നായിരുന്നു.

### ഇന്ത്യയുടെ ജനസംഖ്യാനയം-ലക്ഷ്യങ്ങൾ

- സമൂഹത്തിന് അഭിലഷണീയമായ രീതിയിൽ ജനസംഖ്യാ വളർച്ചയുടെ നിരക്കിനേയും മാതൃകയേയും സ്വാധീനിക്കുക.
- ജനന നിയന്ത്രണമാർഗങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ജനസംഖ്യാ വളർച്ചയുടെ നിരക്ക് കുറച്ചുകൊണ്ടുവരിക.
- പൊതുജനാരോഗ്യം മെച്ചപ്പെടുത്തുക
- ജനസംഖ്യാപ്രശ്നങ്ങളെക്കുറിച്ചും ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തിയെടുക്കുക.

### ഇന്ത്യയുടെ ജനസംഖ്യാ നയം-നേട്ടങ്ങൾ

കഴിഞ്ഞ ആറു പതിറ്റാണ്ടുകൾക്കിടയിൽ ജനസംഖ്യയുടെ മേഖലയിൽ സുപ്രധാനമായ പലനേട്ടങ്ങളും കൈവരിക്കാൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്.

- പ്രാകൃത ജനന നിരക്ക് 4.8-ൽ നിന്ന് (1951) 24.1 ആയി (2004) കുറഞ്ഞു.
- ശിശുമരണ നിരക്ക് 146-ൽ നിന്ന് (1000 പേർക്ക് 1951 പേർ) 58 ആയി (2004) കുറഞ്ഞു.

- പങ്കാളികളുടെ സംരക്ഷണ നിരക്ക് 10.4 ശതമാനത്തിൽ നിന്ന് (1971) 44 ശതമാനമായി (1998) വർദ്ധിച്ചു
- പ്രാകൃത മരണനിരക്ക് 25-ൽ നിന്ന് (1951) 7.5 ആയി (2004) കുറഞ്ഞു
- ജീവിത ദൈർഘ്യം 37 വയസ്സിൽ നിന്ന് 37 വർഷം കൂടി വർദ്ധിച്ച് 62 വയസ്സിലെത്തി
- കുടുംബാസൂത്രണത്തിന്റെ ആവശ്യകതയെക്കുറിച്ചും രീതികളെക്കുറിച്ചും സാർവത്രികമായ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞു
- ഫലഭൂയിഷ്ഠതാ നിരക്ക് 6.0-ൽ നിന്ന് (1951) പകുതിയായി കുറഞ്ഞ് 3.0-യിൽ എത്തി (2004)

## പഠന പുരോഗതി വിലയിരുത്താം

13. താഴെ കൊടുത്തിരിക്കുന്ന ശരിയോ തെറ്റോ എന്ന് പറയുക.

a. ജനസംഖ്യ ഒരു രാജ്യത്തിന്റെ ആരോഗ്യത്തെയും ക്ഷേമത്തേയും സ്വാധീനിക്കുന്ന ഘടകമാണ്

b. ജനസംഖ്യയും വികസനവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു

c. ഒരു രാജ്യത്തിന്റെ വികസനത്തിന് ജനസംഖ്യയുടെ ഊർജ്ജസ്വലത അത്യാവശ്യഘടകമല്ല.

d. ജനസംഖ്യാ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തിയെടുക്കേണ്ടതുണ്ട്

14. ജനസംഖ്യാ വളർച്ച നിയന്ത്രിക്കാനുള്ള നിർദ്ദേശങ്ങൾ എഴുതുക.

   - കുടുംബാസൂത്രണ പദ്ധതികൾ
   - അവബോധം വളർത്തുക
   - ..................................................
   - ..................................................

## സംഗ്രഹം

- ജനസംഖ്യയെക്കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് ജനസംഖ്യാ ശാസ്ത്രം.
- ജനസംഖ്യാശാസ്ത്രത്തിന്റെ രണ്ട് മേഖലകളാണ് ഔപചാരിക ജനസംഖ്യാ ശാസ്ത്രവും, സാമൂഹ്യ ജനസംഖ്യാ ശാസ്ത്രവും
- ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്ത പ്രകാരം മനുഷ്യന്റെ ഉപജീവന മാർഗങ്ങളുടെ വളർച്ചാ നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്.

- ജനസംഖ്യ നിയന്ത്രിക്കുന്നതിന് 2 മാർഗ്ഗങ്ങളുണ്ട് (Preventive checks), പ്രതിരോധാത്മക നിയന്ത്രണങ്ങളും (Positive checks)
- ഉയർന്ന ജനന മരണ നിരക്കിൽ നിന്നും താഴ്ന്ന ജനന-മരണ നിരക്കിലേക്കുള്ള ജനസംഖ്യാപരിവർത്തനത്തെ ജനസംഖ്യാ പരിവർത്തന സിദ്ധാന്തം എന്നു പറയുന്നു.
- ജനസംഖ്യയിലെ ഓരോ 1000 പേരിൽ എത്രപേർ മരിക്കുന്നു എന്ന കണക്കാണ് മരണനിരക്ക്
- ഫലഭൂയിഷ്ഠതാ നിരക്ക്: സാങ്കൽപ്പികമായി ഒരു സ്ത്രീക്ക് ജീവനോടെ ജനിക്കുന്ന മക്കളുടെ എണ്ണം
- ശിശുമരണ നിരക്ക് : 1000 ശിശുക്കളിൽ ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിക്കുന്ന കുട്ടികളുടെ എണ്ണം
- മാതൃമരണ നിരക്ക്:- 1000 സ്ത്രീകളിൽ പ്രസവ സമയത്ത് മരിക്കുന്നവരുടെ എണ്ണം
- ആയുർദൈർഘ്യം:- ശരാശരി മനുഷ്യൻ ജീവിക്കുന്ന വർഷം
- ലിംഗാനുപാതം:- 1000 പുരുഷന്മാർക്ക് ആനുപാതികമായുള്ള സ്ത്രീകളുടെ എണ്ണം
- വിവിധ പ്രായവിഭാഗങ്ങളിലുള്ള വ്യക്തികളുടെ അനുപാതമാണ് ജനസംഖ്യയുടെ പ്രായഘടന
- ആശ്രിത അനുപാതം:- ജനസംഖ്യയിലെ ആശ്രിത വിഭാഗത്തേയും ജോലിചെയ്യുന്നവരുടെ പ്രായവിഭാഗത്തേയും താരതമ്യം ചെയ്യുന്നത്.
- ഇന്ത്യൻ ജനസംഖ്യയിൽ തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവരുടെ എണ്ണം ആശ്രയ ജനവിഭാഗങ്ങളെക്കാൾ കൂടുതലായതിനാൽ ഇന്ത്യയ്ക്ക് ജനസംഖ്യാലാഭ വിഹിതം (demographic dividend) ഉണ്ട്.
- ജനസംഖ്യാ പിരമിഡ്:- പ്രായ ഘടനയുടെ അടിസ്ഥാനത്തിലുള്ള രേഖീയ ചിത്രമാണ്
- ഇന്ത്യയിൽ സ്ത്രീ പുരുഷാനുപാതം കുറഞ്ഞു വരുന്നു
- സാക്ഷരത വർദ്ധിക്കുമ്പോൾ ജനങ്ങളുടെ ആരോഗ്യ, സാംസ്കാരിക, സാമ്പത്തിക ക്ഷേമ മേഖലകളിൽ പുരോഗതിയുണ്ടാകുന്നു
- ആധുനിക വികസന പ്രക്രിയകൾ, ഉപഭോക്തൃ സംസ്കാരം, തൊഴിലവസരങ്ങൾ തുടങ്ങിയവ മൂലം ഇന്ത്യയിൽ നഗരജനസംഖ്യ വർദ്ധിച്ചു വരുന്നു.

| സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ് | | | |
|---|---|---|---|
| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
| • ജനസംഖ്യാ ശാസ്ത്രം നിർവചിക്കാൻ. | | | |
| • ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചുള്ള മാൽത്ത്യുസിയൻ സിദ്ധാന്തം വിശദീകരിക്കാൻ. | | | |
| • ജനസംഖ്യാ പരിവർത്തന സിദ്ധാന്തം ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചുള്ള മാൽത്തൂസിയൻ സിദ്ധാന്തവുമായി താരതമ്യം ചെയ്ത് മനസ്സിലാക്കുവാൻ. | | | |
| • ജനസംഖ്യാ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു സങ്കൽപ്പങ്ങളും സൂചകങ്ങളും വിശദീകരിക്കുവാൻ. | | | |
| • ജനസംഖ്യാ ലാഭവിഹിതം നിർവചിക്കാൻ. | | | |
| • ജനസംഖ്യയിൽ നഗര ജനസംഖ്യാ വർദ്ധനവിനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ. | | | |
| • ഇന്ത്യയുടെ ജനസംഖ്യാനയം മനസ്സിലാക്കാൻ. | | | |
| • ഇന്ത്യയുടെ ജനസംഖ്യാനയം വിശദീകരിക്കാൻ. | | | |

## പഠനപുരോഗതി വിലയിരുത്താം - ഉത്തരസൂചിക

1. ലോകത്തിലെ ഏറ്റവും വലിയ സെൻസസ് ഇന്ത്യയുടേതാണ്.

- 1862-72 കാലത്താണ് ഇന്ത്യയിൽ സെൻസസ് ആരംഭിച്ചത്.
- 1881 ആദ്യത്തെ പൂർണവും ശാസ്ത്രീയവുമായ സെൻസസ് നടന്നു.
- ഓരോ പത്ത് വർഷവും കൂടുമ്പോൾ സെൻസസ് എടുത്തുവരുന്നു.
- 2011 ൽ ഏറ്റവും ഒടുവിലത്തെ സെൻസസ് നടന്നു.

2. ജനസംഖ്യാ വർദ്ധനവ് — 2, 4, 8, 16, 32 ക്രമം — ജ്യാമിതീയ ശ്രേണി

ഭക്ഷ്യോൽപ്പാദനം — 2, 4, 6, 8, 10, 12 ക്രമം — സമാന്തരശ്രേണി

3. പ്രതിരോധാത്മക നിയന്ത്രണങ്ങൾ - വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം
   ഗുണാത്മക നിയന്ത്രണങ്ങൾ - യുദ്ധം, രോഗങ്ങൾ, ക്ഷാമം
4. a. ഉയരുന്നു
   b. ഉയരുന്നു
   c. മാറ്റമില്ല
   d. താഴ്ന്നു
   e. താഴ്ന്നു
   f. താഴ്ന്നു
   g. താഴ്ന്നു
   h. താഴ്ന്നു
   i. മാറ്റമില്ല
5. പോഷകാഹാരക്കുറവ്, വൈദ്യസഹായത്തിന്റെ ലഭ്യതക്കുറവ്.
6. സാമ്പത്തിക വളർച്ച, രാജ്യപുരോഗതി, മെച്ചപ്പെട്ട ജീവിതനിലവാരം.
7. 0 -14 - 23%
   15 - 60 - 64%
   60 + - 12%
8.

| | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 0 -14 | 19.5% | 18% |
| 15 - 60 | 59.5% | 63% |
| 60+ | 21% | 19% |

9. 15 വയസ്സിനും 60 വയസ്സിനും മദ്ധ്യേ ഉള്ളവർ
10. കാരണങ്ങൾ - പെൺകുട്ടികളോടുള്ള മനോഭാവം
    പരിഹാരങ്ങൾ - വിദ്യാഭ്യാസം, നിയമനിർമാണം
11. സാമ്പത്തിക അവസ്ഥ, കുടുംബ പശ്ചാത്തലം, സാമൂഹ്യ കാഴ്ചപ്പാട്
12. കുടിയേറ്റം, തൊഴിൽ സാധ്യത, ഉപഭോക്തൃ സംസ്കാരത്തോടുള്ള അഭിനിവേശം.
13. (എ) ശരി (ബി) ശരി (സി) തെറ്റ് (ഡി) ശരി
14. വിദ്യാഭ്യാസം നൽകൽ

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ജനസംഖ്യാ ശാസ്ത്രം നിർവചിക്കുക. ഔപചാരിക ജനസംഖ്യാ ശാസ്ത്രവും സാമൂഹ്യ ജനസംഖ്യാശാസ്ത്രവും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക
2. സെൻസസിനെ കുറിച്ച് ഒരു ലഘു വിവരണം എഴുതുക
3. ജനസംഖ്യാ വർദ്ധനവിനെക്കുറിച്ചുള്ള മാൽത്ത്യൂസിയൻ സിദ്ധാന്തത്തിന്റെ പ്രസക്തി നഷ്ടപ്പെടുവാനുള്ള കാരണങ്ങൾ ഏവ?
4. പ്രതിരോധാത്മക നിയന്ത്രണങ്ങൾ സ്വാഭാവിക നിയന്ത്രണങ്ങൾ എന്നിവ വിശദികരിച്ചതാര്? ഇവ എന്തെന്ന് വിശദീകരിക്കുക
5. ജനസംഖ്യാ പരിവർത്തന സിദ്ധാന്തം വിശദീകരിക്കുക
6. ജനന നിരക്ക് എന്നാലെന്ത്?
7. ആയുർ ദൈർഘ്യം എന്നാലെന്ത്?
8. സ്ത്രീപുരുഷാനുപാതം സ്ത്രീകൾക്ക് അനുകൂലമാകുവാനുള്ള കാരണങ്ങൾ വിമർശനാത്മകമായി പരിശോധിക്കുക.
9. ഇന്ത്യയുടെ ഭാവി വികസനത്തിൽ ജനസംഖ്യാ ലാഭവിഹിതത്തിന് എന്ത് പ്രാധാന്യമാണുള്ളത്? വിശകലനം ചെയ്യുക.
10. ജനസംഖ്യാ പിരമിഡുകൾ പരിശോധിച്ച് കേരളത്തിന്റെയും ഉത്തർപ്രദേശിന്റെയും 2026-ലെ ജനസംഖ്യാ ലാഭവിഹിതത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക.






11. ഇന്ത്യയിലെ സ്ത്രീ പുരുഷാനുപാതത്തിലുള്ള താഴ്ചയ്ക്കുള്ള കാരണങ്ങൾ ഏവ.?
12. സാക്ഷരതയുടെ പ്രയോജനങ്ങൾ ഒരു രാജ്യത്തിന്റെ ജനസംഖ്യയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ ഏവ?
13. നഗര ജനസംഖ്യാ വർദ്ധനവിനു കാരണങ്ങൾ ഏവ?
14. ഇന്ത്യയുടെ ജനസംഖ്യാ നയം ചുരുക്കി വിശദീകരിക്കുക.

## ഉത്തരസൂചിക

1. ജനസംഖ്യയെ കുറിച്ചുള്ള പഠനം-അളവുമായി ബന്ധപ്പെട്ടതാണ് ഔപചാരിക ജനസംഖ്യാ ശാസ്ത്രം-ജനസംഖ്യയുമായി ബന്ധപ്പെട്ട സാമൂഹ്യവും, സാംസ്കാരികവും, രാഷ്ട്രീയവുമായ വിശകലനമാണ് സാമൂഹ്യ ജനസംഖ്യാശാസ്ത്രം
2. ഒരു പ്രത്യേക പ്രദേശത്ത് താമസിക്കുന്ന ജനങ്ങളെ സംബന്ധിച്ച് വിവരങ്ങൾ ചിട്ടയോടെ ശേഖരിക്കുന്നതാണ് - സെൻസസ്
3. മനുഷ്യന്റെ ഉപജീവനമാർഗങ്ങളുടെ വളർച്ചാനിരക്കിനേക്കാൾ വളരെ ഉയർന്ന വേഗതയിലുള്ള നിരക്കിലാണ് ജനസംഖ്യ വർദ്ധിച്ചു കൊണ്ടിരിക്കുന്നത്-പ്രസക്തി നഷ്ടമാകുന്നത്-ജനന നിരക്ക് കുറഞ്ഞു, ഭക്ഷ്യോൽപ്പാദന രംഗത്ത് പുരോഗതി തുടങ്ങിയവ.
4. വിവാഹം വൈകിപ്പിക്കൽ, ബ്രഹ്മചര്യം, പ്രതിരോധാത്മക നിയന്ത്രണങ്ങൾ, സ്വാഭാവിക നിയന്ത്രണങ്ങൾ-യുദ്ധം, ക്ഷാമം രോഗങ്ങൾ

5. ഉയർന്ന ജനന-മരണ നിരക്കിൽ നിന്നും താഴ്ന്ന ജനന-മരണ നിരക്കിലേക്കുള്ള പരിവർത്തനം
6. 1000 ജനങ്ങളിൽ ജീവനോടെ ജനിക്കുന്ന കുട്ടികളുടെ എണ്ണം
7. ജീവിച്ചിരിക്കുന്ന വർഷങ്ങളുടെ എണ്ണം
8. പെൺകുട്ടികൾക്ക് പ്രതിരോധശേഷി കൂടുതൽ-സ്ത്രീകൾക്ക് പുരുഷന്മാരേക്കാളും ആയുർദൈർഘ്യം
9. ജോലി ചെയ്യാൻ ശേഷിയില്ലാത്തവരെ അപേക്ഷിച്ച് ജോലി ചെയ്യാൻ പ്രാപ്തിയുള്ളവരുടെ എണ്ണം കൂടുന്നത്.
10. ജനസംഖ്യാ ലാഭവിഹിതം കൂടുതൽ സാധ്യത, കേരളത്തിന്
11. ആരോഗ്യപരമായ കാരണങ്ങൾ-സാമൂഹ്യ പെരുമാറ്റത്തിലെ വ്യത്യാസം
12. ശാക്തീകരണം-തൊഴിൽ അവബോധം-ആരോഗ്യ അവബോധം
13. ആധുനിക വികസനം-ഉപഭോക്തൃ സംസ്കാരം-തൊഴിലവസരങ്ങൾ
14. സമൂഹത്തിന് അഭിലഷണീയമായ രീതിയിലുള്ള ജനസംഖ്യാ വളർച്ച-ജനന നിയന്ത്രണ മാർഗങ്ങൾ തുടങ്ങിയവ.

## തുടർ പ്രവർത്തനങ്ങൾ

2011- ലെ സെൻസസ് റിപ്പോർട്ട് പരിശോധിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യ-വിദ്യാഭ്യാസ-ആരോഗ്യ മേഖലയിലുള്ള ഗ്രാമ-നഗര പ്രത്യേകതകൾ കണ്ടെത്തി വിശകലനം ചെയ്ത് ഒരു സെമിനാർ റിപ്പോർട്ട് തയാറാക്കുക. (Ref.www.censusindia.gov.in)

## തുടർവായന സാമഗ്രികൾ


1. Bose, Ashish, 2001. Pupulation of India 2001 census Results and Methodologhy. B.R Publishing Corporation. Delhi.
2. Davis Kingsley, 1951, Tehe Population of India and Pakistan. Russel and Russel. New York.
3. India 2006.A Reference Annual, Publications Division Government of India. New Delhi.
4. Kirk, Dudley.1968. The Field of Demography in Sills, David.ed.International Encyclopedia of the Social Services. The free press and Mac Millian, New York.

**Website**

www.populationcommission.nic.in/facts.1.htm

www.censusindia.gov.in

## പദാവലി (Glossary)

- **സെൻസസ് (Cesnsus) :** ഒരു രാജ്യത്തെ ജനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചിട്ടയോടെ ശേഖരിക്കുന്ന പ്രക്രിയയാണ് സെൻസസ്. ഇന്ത്യയിൽ പത്ത് വർഷത്തിലൊരിക്കലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുന്നത്. അവസാനത്തെ സെൻസസ് നടന്നത് 2011 - ൽ ആണ്.
- **ജനസംഖ്യ ലാഭവിഹിതം (Demographic dividend) :** ഒരു രാജ്യത്തെ സംഖ്യയിൽ ആശ്രിത ജനവിഭാഗങ്ങളെക്കാൾ തൊഴിൽ ചെയ്യാൻ പ്രാപ്തിയുള്ളവരുടെ എണ്ണം കൂടിയിരിക്കുന്ന അവസ്ഥ.
- **ജനസംഖ്യയുടെ വാർദ്ധക്യം ബാധിക്കൽ (Ageing of population) :** ഒരു രാജ്യത്തിലെ ജനസംഖ്യയിൽ വൃദ്ധരുടെ എണ്ണം ക്രമേണ കൂടി വരുന്ന അവസ്ഥ.



3

# സാമൂഹ്യ സ്ഥാപനങ്ങൾ: തുടർച്ചയും മാറ്റവും (Social Institutions : Continuity and Change)

## ആമുഖം

സമൂഹം എന്നത് വ്യത്യസ്തവും എന്നാൽ പരസ്പരബന്ധിതവുമായ പല തരത്തിലുള്ള വർഗ്ഗങ്ങളും സമുദായങ്ങളും ചേർന്നുണ്ടാകുന്ന ഒരു വ്യവസ്ഥയാണ്. ഈ സമുദായങ്ങളെ നിലനിർത്തുന്നതും നിയന്ത്രിക്കുന്നതും സാമൂഹ്യ സ്ഥാപനങ്ങളിലൂടെയാണ്. ഹയർ സെക്കണ്ടറി തുല്യതാപഠനത്തിന്റെ ഒന്നാം വർഷം കുടുംബം, വിവാഹം, ബന്ധുത്വം എന്നീ സാമൂഹ്യസ്ഥാപനങ്ങളും അവയുടെ സവിശേഷതകളും നിങ്ങൾ പരിചയപ്പെട്ടുവല്ലോ. ഈ അധ്യായത്തിൽ പ്രധാനപ്പെട്ട മൂന്ന് സാമൂഹ്യ സ്ഥാപനങ്ങളെക്കുറിച്ചാണ് നാം ചർച്ച ചെയ്യുന്നത്.

1. ജാതി (*Caste*)
2. ഗോത്രം (*Tribe*)
3. കുടുംബം (*Family*)

### പഠനനേട്ടങ്ങൾ

- പരമ്പരാഗത ജാതി സമ്പ്രദായത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.
- അധിനിവേശ കാലഘട്ടത്തിൽ ജാതി സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ വിശകലനം ചെയ്യുന്നു.
- ജാതി സമ്പ്രാദയത്തിലെ പുത്തൻ പ്രവണതകൾ വിലയിരുത്തുന്നു.
- ഗോത്രങ്ങളെ നിർവചിച്ച് സ്ഥിരവും ആർജ്ജിതവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്നു.
- ഗോത്രത്തെ സംബന്ധിക്കുന്ന വിവിധ ദർശനങ്ങൾ വിശദീകരിക്കുന്നു.
- ഗോത്ര വികസനം ദേശീയ വികസനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നു.
- സമകാലിക ഇന്ത്യയിൽ ഗോത്ര സ്വത്വത്തെ സംബന്ധിച്ചുള്ള അവകാശവാദങ്ങളുടെ പിന്നിലുള്ള ഘടകങ്ങൾ വിശകലനം ചെയ്യുന്നു.
- കുടുംബത്തെ ഒരു സ്ഥാപനമെന്ന നിലയിലും മറ്റു സാമൂഹ്യ സ്ഥാപനങ്ങളുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലും വിശദീകരിക്കുന്നു.
- കുടുംബത്തിന്റെ വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.

*തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചിതയായ, ഗവൺമെന്റ് ജോലിയുള്ള 36 വയസുള്ള മുന്നാക്ക യുവതിക്ക് പുനർവിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതിയും മതവും പ്രശ്നമല്ല. ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് മുൻഗണന.*

മുകളിൽ കൊടുത്തിരിക്കുന്ന വിവാഹപരസ്യത്തിൽ വിവാഹവുമായി ബന്ധപ്പെട്ട പരമ്പരാഗത സങ്കൽപ്പത്തിൽ നിന്നും എന്തൊക്കെ മാറ്റങ്ങളാണ് കാണാൻ കഴിയുന്നത്?

വിവാഹം എന്ന സമ്പ്രദായം തുടരുമ്പോഴും ഈ വ്യവസ്ഥക്കുള്ളിൽ വ്യത്യസ്ത കാലഘട്ടത്തിൽ മാറ്റങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നതായി കാണാം. വിവാഹത്തിൽ മാത്രമല്ല എല്ലാ സാമൂഹ്യസ്ഥാപനങ്ങളും മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുന്നു. നമുക്ക് ജാതി എന്ന സാമൂഹ്യ സ്ഥാപനത്തിൽ കാലാകാലങ്ങളിൽ വന്ന മാറ്റങ്ങൾ പരിശോധിക്കാം.

## ജാതിയും ജാതിവ്യവസ്ഥയും (Caste and Caste System)

ഇന്ത്യാ ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായി നിലനിൽക്കുന്ന ഒരു പുരാതന സാമൂഹ്യ സ്ഥാപനമാണ് ജാതി. സമകാലിക ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായും ജാതി നിലനിൽക്കുന്നുണ്ട്. അതായത് ജാതി ഇന്ത്യയിൽ ഭൂതകാലത്തിന്റെയും

വർത്തമാനകാലത്തിന്റെയും ഭാഗമാണ്. ഈ രണ്ട് കാലയളവുകളിലേയും ജാതി വ്യവസ്ഥയിൽ എത്രത്തോളം സമാനതകളുണ്ട്? ജാതി വ്യവസ്ഥയിൽ കാലാകാലങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ എന്തെല്ലാമാണെന്ന് നമുക്ക് പരിശോധിക്കാം.

## ജാതി ഭൂതകാലത്തിൽ (Caste in the Past)

ഹൈന്ദവ സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് ജാതി വ്യവസ്ഥ. പിൽക്കാലത്ത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഇതര സമുദായങ്ങളിലേക്കും ജാതി വ്യാപിച്ചിട്ടുണ്ട്.

*ജാതി എന്നർത്ഥം വരുന്ന Caste എന്ന ഇംഗ്ലീഷ് പദം Casta എന്ന പോർച്ചുഗീസ് വാക്കിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളത്. ശുദ്ധ ഇനം (pure breed) എന്നതാണ് ഈ പദത്തിന്റെ അർത്ഥം.*

ജാതിയും വർണ്ണവും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്.

| വർണ്ണം | ജാതി |
|---|---|
| • ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയുള്ള ചതുർഘട്ട വിഭജനം.<br>• വർണ്ണ വ്യവസ്ഥക്ക് പുറത്തുള്ളവരെ പഞ്ചമർ (Panchamar) എന്നു വിളിക്കുന്നു.<br>• ആര്യന്മാരിലുള്ള വിഭജനം<br>• ഒരു അഖിലേന്ത്യാ വ്യവസ്ഥയാണ്.<br>• വർണങ്ങൾ നാലെണ്ണമേയുള്ളൂ. | • ഏതെങ്കിലും വർഗ്ഗങ്ങളെ അല്ലെങ്കിൽ ജനങ്ങളെ സൂചിപ്പിക്കുന്ന ഒരു പൊതുവായ പദമാണ് ജാതി.<br>• ഇന്ത്യയിൽ മൂവായിരത്തിൽപരം ജാതികളും ഉപജാതികളും ഉണ്ട്.<br>• ഓരോ പ്രദേശത്തും മുന്നോക്ക ജാതികളെന്നും പിന്നാക്കജാതികളെന്നും ഉള്ള തരംതിരിവുണ്ട്. |

## ജാതിയുടെ പ്രധാന സവിശേഷതകൾ (Main Features of Caste)

- ജനനമാണ് ജാതി നിർണ്ണയിക്കുന്നത്.
- ജാതി വ്യവസ്ഥ സ്വഗണ വിവാഹം (Endogamy) മാത്രമേ അനുവദിക്കുന്നുള്ളൂ. വിവാഹം ജാതി ഗണത്തിലെ അംഗങ്ങൾക്കിടയിൽ പരിമിതപ്പെടുത്തിയിരിക്കുന്നു എന്നർത്ഥം.
- ആഹാരത്തെപ്പറ്റിയും, ആഹാരം പങ്കുവെക്കുന്നതിനെക്കുറിച്ചും ജാതി വ്യവസ്ഥയിൽ ചില നിയമങ്ങളുണ്ട്.
- ജാതികൾക്കിടയിൽ വ്യക്തമായ ശ്രേണീകരണമുണ്ട്. ഓരോ ജാതിയുടെയും പദവിയുടെ അടിസ്ഥാനത്തിലാണ് ഇത് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.
- ജാതികൾ ഉപജാതികളും ഉപ -ഉപജാതികളുമായി വിഭജിക്കപ്പെട്ടിരിക്കുന്നു.

- ജാതികൾ പരമ്പരാഗത തൊഴിലുകളു മായി ബന്ധിതമാണ്. ഒരു ജാതിയിൽപ്പെട്ട വ്യക്തി ആ ജാതിയുമായി ബന്ധപ്പെട്ട തൊഴിൽ മാത്രമേ ചെയ്യാൻ പാടുള്ളൂ.

സൈദ്ധാന്തികമായി ജാതി വ്യവസ്ഥ ഏതെങ്കിലും തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണോ. പരിശോധിക്കാം.

ജാതി വ്യവസ്ഥ രണ്ടു തരത്തിലുള്ള തത്വങ്ങളുടെ ഒരു സങ്കലനമാണ്.

### 1. വ്യത്യസ്തതയും, വിഭജനവും (difference and separation)

ഓരോ ജാതിയും മറ്റു ജാതികളിൽ നിന്ന് വ്യത്യസ്തമാണെന്നാണ് കരുതപ്പെട്ടിരുന്നത്. അതിനാൽ മറ്റ് ജാതികളിൽ നിന്ന് അവ കർശനമായി അകന്നു നിൽക്കണമെന്ന് നിഷ്കർഷിക്കപ്പെട്ടു.

### 2. ആകമാനതയും, അധികാര ശ്രേണിയും (wholism and hierarchy)

ജാതികൾ വ്യത്യസ്തവും വേർപ്പെട്ടതുമാണെങ്കിലും അവയ്ക്ക് ഒറ്റപ്പെട്ട് നിൽക്കുവാൻ കഴിയുകയില്ല. എല്ലാ ജാതികളും ഉൾപ്പെട്ട മൊത്തം സമൂഹത്തിന്റെ (ആകമാനത) ഒരു ഭാഗമായി മാത്രമെ അവയ്ക്ക് നിലനിൽപ്പുള്ളൂ.

ജാതി ശ്രേണിയിലെ ക്രമീകരണത്തിന്റെ അടിസ്ഥാനം ശുദ്ധ-അശുദ്ധ (Purity and pollution) സങ്കല്പമാണ്.

- ശുദ്ധവും അശുദ്ധവും പരസ്പര വിരുദ്ധമായ രണ്ടു സങ്കൽപ്പനങ്ങളാണ്. വിശുദ്ധിയോട് അടുത്ത് നിൽക്കുന്നത് ശുദ്ധവും അകന്നു നിൽക്കുന്നത് അല്ലെങ്കിൽ എതിരായത് അശുദ്ധവും. ഇവ രണ്ടും ആചാരങ്ങളുമായി ബന്ധപ്പെട്ട സങ്കൽപ്പനങ്ങളാണ്.
- ആചാരപരമായി ശുദ്ധമെന്ന് കണക്കാക്കപ്പെടുന്ന ജാതികൾക്ക് ഉന്നതമായ സ്ഥാന

**അയ്യങ്കാളി (1863-1914)**



- കേരളത്തിൽ ജനിച്ചു.
- പിന്നാക്ക ജാതിക്കാരുടെയും ദളിതരുടെയും നേതാവായിരുന്നു.
- ദളിതർക്ക് പൊതു നിരത്ത് ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി.
- ദളിതർക്ക് സ്കൂൾ പ്രവേശനം നൽകാൻ ശ്രമിച്ചു.

**ജ്യോതിറാവു ഗോവിന്ദറാവു ഫൂലെ (1827-1890)**



- പിന്നാക്ക ജാതിക്കാരുടെ നീതിക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നിലകൊണ്ടു.
- ശുദ്ധ - അശുദ്ധ സങ്കല്പങ്ങളെ തള്ളിക്കളഞ്ഞു.
- സത്യശോധക് സമാജം (1873) സ്ഥാപിച്ചു.

മുണ്ട്. അതേ സമയം അശുദ്ധമായി കണക്കാക്കപ്പെടുന്ന ജാതികൾക്ക് താഴ്ന്ന സ്ഥാനം മാത്രമേയുള്ളൂ.

### പഠനപുരോഗതി വിലയിരുത്താം

1. ജാതി നിർണ്ണയിക്കുന്നത് .......... ആണ്.
2. ജാതി ശ്രേണിയിലെ ക്രമീകരണത്തിന്റെ അടിസ്ഥാനം ....................ആണ്
3. വർണ്ണവും ജാതിയും തമ്മിലുള്ള വ്യത്യാസം എഴുതുക.

| വർണ്ണം | ജാതി |
|---|---|
| | |

4. വിട്ടഭാഗം പൂരിപ്പിക്കുക.

| ജാതിയുമായി ബന്ധപ്പെട്ട രണ്ട് വ്യത്യസ്ത ആശയങ്ങൾ | |
|---|---|
| | |

**സാവിത്രിബായ് ഫൂലെ (1831–1897)**



- പുനെയിൽ സ്ഥാപിച്ച രാജ്യത്തെ ആദ്യത്തെ പെൺകുട്ടികൾക്കായുള്ള വിദ്യാലയത്തിന്റെ പ്രഥമ ഹെഡ്മിസ്ട്രസ്സായിരുന്നു.
- ശൂദ്രന്മാരുടെയും ആദി-ശൂദ്രന്മാരുടെയും വിദ്യാഭ്യാസത്തിനു വേണ്ടി ജീവിതം സമർപ്പിച്ചു.
- കൃഷിക്കാർക്കും തൊഴിലാളികൾക്കുമായി ഒരു നിശാപാഠശാല ആരംഭിച്ചു.
- പ്ലേഗ് ബാധിതരായ രോഗികളെ പരിപാലിച്ചുകൊണ്ടിരിക്കുന്നതിനിടെ മരണമടഞ്ഞു.

## കൊളോണിയലിസവും ജാതിയും (Colonialism and Caste)

കൊളോണിയൽ കാലഘട്ടത്തിൽ എല്ലാ സാമൂഹ്യ സ്ഥാപനങ്ങളും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. കൊളോണിയലിസം ഏറ്റവും ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയത് ജാതിയെന്ന സാമൂഹ്യ സ്ഥാപനത്തിലായിരുന്നുവെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. നാം ഇന്നു കാണുന്ന ജാതി പുരാതന ഇന്ത്യൻ പാരമ്പര്യത്തിന്റെ ഭാഗമല്ലെന്നും അത്

യഥാർത്ഥത്തിൽ കൊളോണിയലിസത്തിന്റെ സൃഷ്ടിയാണെന്നും ചില പണ്ഡിതന്മാർ വാദിക്കുന്നു. അതേ സമയം ഈ മാറ്റങ്ങളിൽ ചിലത് കൊളോണിയൽ ഭരണാധികാരികൾ ബോധപൂർവം വരുത്തിയതാണെങ്കിലും മറ്റുള്ളവ കൊളോണിയൽ നയങ്ങളുടെ ഫലമായി വന്നുചേർന്നവയായിരുന്നു.

- ഇന്ത്യൻ സമൂഹത്തിന്റെ അടിത്തറയായിരുന്ന ജാതിയെക്കുറിച്ച് പഠിക്കാതെ രാജ്യഭരണം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്ന തിരിച്ചറിവാണ് ബ്രിട്ടീഷ് ഭരണകർത്താക്കൾക്ക് ഇന്ത്യയൊട്ടാകെയുള്ള ജാതികളുടെയും ഗോത്രങ്ങളുടെയും പഠനങ്ങളെ പ്രോത്സാഹിപ്പിക്കാൻ കാരണമായത്.
- ഇന്ത്യയിലെ ഗോത്രങ്ങളുടെയും ജാതികളുടെയും ആചാരങ്ങൾ, രീതികൾ എന്നിവയെക്കുറിച്ച് ധാരാളം സർവെകൾ സംഘടിപ്പിക്കപ്പെട്ടു. ഭരണകർത്താക്കളായ പല ബ്രിട്ടീഷ് ഉദ്യോഗസ്ഥരും അത്തരം സർവെകളിലും പഠനങ്ങളിലും വലിയ താത്പര്യം കാണിച്ചു.

## പെരിയാർ (1879 – 1973) (ഇ. വി. രാമസ്വാമി നായ്ക്കർ)



- യുക്തിവാദിയും ദക്ഷിണേന്ത്യയിലെ പിന്നാക്കജാതി പ്രസ്ഥാനങ്ങളുടെ നേതാവുമായി അറിയപ്പെട്ടു.
- എല്ലാ മനുഷ്യരും തുല്യരാണെന്നും സ്വാതന്ത്ര്യവും സമത്വവും ഓരോ വ്യക്തിയുടെയും ജന്മാവകാശമാണെന്നും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു.

ജാതിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ നടന്ന ശ്രമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സെൻസസ് മുഖേനയായിരുന്നു.

- 1901-ൽ സെൻസസ് കമ്മീഷണറായിരുന്ന ഹെർബർട്ട് റിസ്‌ലി (Herbert Risely) യുടെ നേതൃത്വത്തിൽ നടന്ന സെൻസസ് പ്രത്യേക പ്രാധാന്യമർഹിക്കുന്നു. ജാതിയുടെ സാമൂഹ്യശ്രേണിയെ അടിസ്ഥാനമാക്കി വിവരം ശേഖരിക്കാനുള്ള ശ്രമമാണ് നടന്നത്.

ജാതിയുടെ പദവികൾ സെൻസസിലൂടെ രേഖപ്പെടുത്തിയപ്പോൾ അതിന്റെ സ്വഭാവത്തിന് മാറ്റമുണ്ടാവുകയും ജാതി ഒരു പുതുജീവൻ കൈവരിക്കാൻ തുടങ്ങുകയും ചെയ്തു. ചുരുക്കത്തിൽ കൊളോണിയൽ ഭരണം ജാതീയമായ സ്വത്വങ്ങളെ ശക്തിപ്പെടുത്തി. കൊളോണിയൽ ഭരണകൂടത്തിന്റെ മറ്റുചില ഇടപെടലുകളും ജാതിയിൽ വലിയ സ്വാധീനമുണ്ടാക്കി.

- ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പിലാക്കിയ ഭൂനികുതി വ്യവസ്ഥകൾ ഉന്നതജാതികളുടെ പരമ്പരാഗത അവകാശങ്ങൾക്ക് നിയമപരമായ അംഗീകാരമേകി.
- കൊളോണിയൽ ഭരണകൂടം നടപ്പിലാക്കിയ വൻകിട ജലസേചന പദ്ധതികളും ജാതിയെന്ന സ്ഥാപനത്തിൽ മാറ്റങ്ങൾ വരുത്തി.
- കൊളോണിയൽ കാലഘട്ടത്തിന്റെ അന്ത്യത്തിൽ അധഃസ്ഥിത വർഗങ്ങൾ (Depressed Classes) എന്ന് വിളിക്കപ്പെട്ടിരുന്ന കീഴ്ജാതിക്കാരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിലും ഗവൺമെന്റ് താത്പര്യമെടുക്കുകയുണ്ടായി.

1935-ൽ ഇന്ത്യാഗവൺമെന്റ് ജാതികളുടെ ഒരു പട്ടിക തയാറാക്കി. 1935-ൽ പാസ്സാക്കിയ ഇന്ത്യാഗവൺമെന്റ് നിയമം (Govt. of India Act 1935) ഈ പട്ടികയ്ക്ക് അഥവാ ഷെഡ്യൂളിന് നിയമപരമായ അംഗീകാരം നൽകി.

- ഇന്ത്യാഗവൺമെന്റ് നിയമപരമായി അംഗീകരിച്ച ജാതിപ്പട്ടികയിൽ ഉൾപ്പെട്ട ജാതികളും ഗോത്രങ്ങളും പട്ടികജാതികൾ, പട്ടികവർഗ്ഗങ്ങൾ എന്നീ പേരുകളിൽ അറിയപ്പെട്ടു.

### പഠനപുരോഗതി വിലയിരുത്താം

5. 1901-ൽ ...........ജാതിയുടെ സാമൂഹ്യശ്രേണിയെ അടിസ്ഥാനമാക്കി വിവരം ശേഖരിച്ചു.
6. ജാതിയെന്ന സ്ഥാപനത്തിൽ കൊളോണിയലിസം കൊണ്ടുവന്ന സുപ്രധാനമായ മാറ്റങ്ങൾ ചുരുക്കി എഴുതുക.

### പഠനപ്രവർത്തനം

*താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യപരിഷ്കർത്താക്കളുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കുക.*

• അയ്യങ്കാളി • ജ്യോതിറാവു ഗോവിന്ദറാവു ഫൂലെ • സാവിത്രിബായി ഫൂലെ • പെരിയാർ ഇ.വി. രാമസ്വാമി നായ്ക്കർ.

## ജാതി വർത്തമാനകാലത്തിൽ (Caste in the Present)

ജനങ്ങളെ ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ദേശീയ പ്രസ്ഥാനത്തിന്റെ പോരാട്ടത്തിൽ അണിനിരത്തുന്നതിന് ജാതീയ പരിഗണനകൾ പ്രധാന പങ്ക് വഹിച്ചിരുന്നു. ഉന്നതജാതികളിലെ പുരോഗമനവാദികളായ പരിഷ്കർത്താക്കളും താഴ്ന്ന ജാതികളിലെ അംഗങ്ങളും അധഃസ്ഥിതവർഗ്ഗത്തെ സംഘടിപ്പിക്കുന്നതിൽ ഒരുപോലെ ശ്രമിക്കുകയുണ്ടായി. ഈ പ്രസ്ഥാനത്തിന്റെ മുൻനിരയിലുണ്ടായിരുന്ന വ്യക്തികളെ കണ്ടെത്താമോ?

മഹാത്മാ ജ്യോതിബാ ഫൂലെ
ബാബാ സാഹേബ് അംബേദ്കർ : പശ്ചിമേന്ത്യ

അയ്യങ്കാളി
ശ്രീനാരായണഗുരു
ഇയോദിദാസ്സ്
പെരിയാർ (ഇ.വി.രാസ്വാമി നായ്ക്കർ)
: ദക്ഷിണേന്ത്യ

മഹാത്മാഗാന്ധിയും അംബേദ്കറും അയിത്തത്തിനെതിരെയുള്ള പോരാട്ടങ്ങൾ സംഘടിപ്പിച്ചു. ജാതീയമായ വിവേചനങ്ങൾ അവസാനിപ്പിക്കണമെന്ന ഒരു സാമാന്യധാരണ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ എടുത്തു. ജാതിയെ ഒരു സാമൂഹ്യ തിന്മയായും ഇന്ത്യക്കാരെ ഭിന്നിപ്പിക്കാനുള്ള ഒരു കൊളോണിയൽ തന്ത്രമായും അവർ വിലയിരുത്തി. അതേ സമയം തന്നെ കീഴ്ജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി ഗാന്ധിജി ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾ പ്രവർത്തിക്കുകയും ചെയ്തു. ചുരുക്കത്തിൽ, ദേശീയ പ്രസ്ഥാനം ജാതിയോട് സ്വീകരിച്ച സമീപനം ഏറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞതായിരുന്നു.

### ശ്രീനാരായണ ഗുരു (1856 – 1928)



- സർവ്വ സാഹോദര്യം പ്രചരിപ്പിച്ചു.
- ജാതി വ്യവസ്ഥയ്ക്കും സവർണ്ണ മേധാവിത്വത്തിനുമെതിരെ പോരാടി
- ഈഴവർക്കിടയിലെ അനാചാരങ്ങൾ തുടച്ചുമാറ്റാൻ ശ്രമിച്ചു.
- എസ്.എൻ.ഡി.പി എന്ന സംഘടനയ്ക്ക് രൂപം നൽകി
- ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന സന്ദേശം പ്രചരിപ്പിച്ചു.

സ്വാതന്ത്ര്യാനന്തര ഇന്ത്യൻ ഭരണകൂടവും ജാതീയ അസമത്വത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്ന വിപ്ലവകരമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചിരുന്നില്ല. ജാതിക്കെതിരെ അന്ധമായി പ്രവർത്തിച്ചാൽ ജാതിയെ അടിസ്ഥാനമാക്കിയുള്ള ആനുകൂല്യങ്ങളെ അവ നശിപ്പിക്കുമെന്ന് അവർ ഭയപ്പെടുകയും ചെയ്തു. ചുരുക്കത്തിൽ ഉന്നത ജാതിക്കാർക്കും കീഴ്ജാതിക്കാർക്കും ഇടയിലുള്ള അസമത്വം വളരെ രൂക്ഷമായി തുടർന്നു.. ഈ സാഹചര്യം കൈകാര്യം ചെയ്യാനുള്ള പരിശ്രമങ്ങളൊന്നും സ്വാതന്ത്ര്യലബ്ധിയെ തുടർന്നുള്ള പതിറ്റാണ്ടുകളിൽ രാഷ്ട്രത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല.

വ്യവസായവൽക്കരണം, നഗരവൽക്കരണം, ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയ ഘടകങ്ങൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ജാതി വ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇടയാക്കി.

- ആധുനിക വ്യവസായങ്ങൾ അനേകം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ജാതീയ നിയമങ്ങൾ അവയ്ക്കു ബാധകമായിരുന്നില്ല. വ്യവസായശാലകളിൽ വിവിധ ജാതികളിൽപ്പെട്ടവർ ഒരുമിച്ചു ജോലി ചെയ്യാൻ തുടങ്ങിയതോടെ ജാതീയമായ പല വിലക്കുകളും നിയന്ത്രണങ്ങളും അപ്രസക്തമായിത്തീർന്നു.

- നഗരവൽക്കരണം വിവിധ ജാതികളിൽപ്പെട്ടവർ ഇടപഴകി ജീവിക്കേണ്ട സാഹചര്യം സൃഷ്ടിച്ചു. ജാതി അനുശാസിക്കുന്ന തരത്തിലുള്ള വേറിട്ട ജീവിത രീതികൾ നഗരങ്ങളിൽ പ്രായോഗികമായിരുന്നില്ല.
- ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനവും ജാതിയെ ബാധിച്ചു. ആധുനിക വിദ്യാഭ്യാസം ലഭിച്ച ഇന്ത്യക്കാർ ലിബറൽ ആശയങ്ങളായ വ്യക്തിവാദം, അർഹതാവാദം എന്നിവയിൽ ആകൃഷ്ടരായി. അവർ കടുത്ത ജാതി ആചാരങ്ങൾ ഉപേക്ഷിക്കാൻ തുടങ്ങി.

ഈ തിരിച്ചടികളെയെല്ലാം നേരിട്ട് പൂർവസ്ഥിതി വീണ്ടെടുക്കാൻ ജാതികൾ നടത്തിയ പരിശ്രമങ്ങൾ ശ്രദ്ധേയമാണ്. വ്യവസായങ്ങളിലെ തൊഴിലുകളിലേക്ക് (തുണിമില്ല്, ചണമില്ല്, മറ്റ് ഫാക്ടറികൾ) പണിക്കാരെ തെരഞ്ഞെടുത്തിരുന്നത് ജാതിയുടെയും സ്വന്ത ബന്ധങ്ങളുടെയും അടിസ്ഥാനത്തിലായിരുന്നു.

ഫാക്ടറികളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്തിരുന്ന ഇടനിലക്കാർ സ്വന്തം ജാതിയിൽ നിന്നുള്ളവരെയും ദേശത്തു നിന്നുള്ളവരെയുമാണ് തെരഞ്ഞെടുത്തത്. അതിനാൽ പല വകുപ്പുകളിലും പ്രത്യേക ജാതിയിൽപ്പെട്ടവർ മേധാവിത്വം സ്ഥാപിച്ചു. എങ്കിലും ഗ്രാമങ്ങളെ അപേക്ഷിച്ച് നഗരങ്ങളിൽ അതിന്റെ കാഠിന്യം കുറവായിരുന്നു.

- ജാതി കരുത്ത് തെളിയിച്ചത് സാംസ്കാരിക ഗാർഹിക മണ്ഡലങ്ങളിലാണ്. ആധുനികവൽക്കരണവും മറ്റു മാറ്റങ്ങളും സ്വഗണ വിവാഹത്തെ (ജാതിക്കകത്തു നിന്നുള്ള വിവാഹം) ബാധിച്ചതേയില്ല. മിശ്ര വിവാഹങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും മിക്ക വിവാഹങ്ങളും ഇപ്പോഴും ജാതിയുടെ അതിരുകൾക്കുള്ളിൽ തന്നെയാണ് നടക്കുന്നത്.
- രാഷ്ട്രീയ മണ്ഡലത്തിൽ, ജാതിയും രാഷ്ട്രീയവും തമ്മിലുള്ള ബന്ധം ക്രമേണ ശക്തിയാർജ്ജിക്കുകയും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ജാതി നിർണായക ശക്തിയായി മാറുകയും ചെയ്തു.

ജാതിയിലെ മാറ്റത്തിന്റെ പ്രക്രിയകളെ മനസ്സിലാക്കുന്നതിനു വേണ്ടി സമൂഹശാസ്ത്രജ്ഞന്മാർ പല പുതിയ സങ്കൽപങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. എം.എൻ.ശ്രീനിവാസ് അവതരിപ്പിച്ച **സംസ്കൃതവൽക്കരണം (Sanskritisation)**, **പ്രബലജാതി (Dominat caste)** എന്നീ സങ്കൽപന (concept) ങ്ങളാണ് അതിൽ പ്രധാനപ്പെട്ടവ.

*ഇടത്തരം ജാതിയിലെ അല്ലെങ്കിൽ കീഴ്ജാതിയിലെ അംഗങ്ങൾ അവരുടെ സ്വന്തം സാമൂഹ്യപദവി ഉയർത്തുന്നതിനുവേണ്ടി മേൽ ജാതിക്കാരുടെ ആചാരങ്ങളും, ജീവിതരീതികളും സാമൂഹ്യ സമ്പ്രദായങ്ങളും സ്വീകരിക്കുന്ന പ്രക്രിയയാണ് സംസ്കൃതവൽക്കരണം എന്നു പറയുന്നത്. അനുകരണത്തിലൂടെയാണ് ഇത് നേടിയെടുക്കുന്നത്.*

സ്വാതന്ത്ര്യാനന്തരം നടപ്പിലാക്കിയ ഭൂപരിഷ്കരണങ്ങളിലൂടെ ഭൂവുടമസ്ഥാവകാശം ലഭിച്ച വലിയ ജനസംഖ്യയുള്ള ജാതികളെയാണ് എം.എൻ.ശ്രീനിവാസ് പ്രബലജാതി (Dominant caste) എന്നു വിശേഷിപ്പിച്ചത്.

ഭൂപരിഷ്ക്കരണ നിയമങ്ങൾ ഉന്നത ജാതിക്കാരായ വൻകിട ജന്മികളുടെ ഭൂവുടമസ്ഥാവകാശം എടുത്തുകളഞ്ഞു. ഇവർ പാട്ടം അവകാശപ്പെടുക എന്നതൊഴികെ കാർഷിക സമ്പദ് വ്യവസ്ഥയിൽ യാതൊരു പങ്കും വഹിച്ചിരുന്നില്ല. അതിനാൽ സ്ഥലത്തില്ലാത്ത ഭൂവുടമകൾ (absentee landlords) എന്ന പേരിലാണ് ഇവർ അറിയപ്പെട്ടിരുന്നത്. ഈ ഭൂവുടമകളിൽ നിന്ന് പിടിച്ചെടുത്ത ഭൂമിയുടെ ഉടമസ്ഥാവകാശം അടുത്ത തട്ടിലുള്ള അവകാശികൾക്കാണ് നൽകിയത്. ഭൂവുടമാവകാശം ലഭിച്ചതോടെ അവർക്ക് ഗണ്യമായ സാമ്പത്തികാധികാരം കൈവന്നു. അവരുടെ സംഖ്യാബലം അവർക്ക് രാഷ്ട്രീയാധികാരം നേടിക്കൊടുത്തു. സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തെ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ തങ്ങളുടെ സംഖ്യാബലം കൊണ്ട് രാഷ്ട്രീയാധികാരം നേടിയെടുക്കാൻ അവർക്ക് ഒട്ടും പ്രയാസമുണ്ടായില്ല. ഇങ്ങനെ സംഖ്യാബലവും, ഭൂവുടമസ്ഥത വഴിയുള്ള സാമ്പത്തിക ശക്തിയും രാഷ്ട്രീയാധികാരവുമുള്ള ജാതികളെയാണ് എം.എൻ.ശ്രീനിവാസ് പ്രബലജാതി (Dominant Caste) എന്നു വിളിക്കുന്നത്.

**എം. എൻ. ശ്രീനിവാസ്**
**(1916 – 1999)**



- മുഴുവൻ പേര് മൈസൂർ നരസിംഹാചാർ ശ്രീനിവാസ്
- ഇന്ത്യയിലെ പ്രമുഖനായ സമൂഹശാസ്ത്രജ്ഞനും സാമൂഹിക നരവംശശാസ്ത്രജ്ഞനും.
- ജാതിവ്യവസ്ഥയെക്കുറിച്ചുള്ള പഠനങ്ങൾ പ്രസിദ്ധനാക്കി.
- സംസ്കൃതവൽക്കരണം, പ്രബല ജാതി എന്നീ സങ്കല്പങ്ങൾ അവതരിപ്പിച്ചു.
- Remembered village എന്ന പുസ്തകം സാമൂഹിക നരവംശ ശാസ്ത്രത്തിലെ അറിയപ്പെടുന്ന ഗ്രാമപഠനങ്ങളിലൊന്നാണ്.

പ്രബലജാതികളുടെ ചില ഉദാഹരണങ്ങൾ:

- ബീഹാറിലെയും ഉത്തർപ്രദേശിലെയും യാദവന്മാർ
- കർണ്ണാടകത്തിലെ വൊക്കലിംഗർ
- ആന്ധ്രാപ്രദേശിലെ റെഡ്ഡിമാരും ഖമ്മൻമാരും.
- മഹാരാഷ്ട്രയിലെ മറാഠികൾ
- പഞ്ചാബ്, ഹരിയാന, പടിഞ്ഞാറെ ഉത്തർപ്രദേശ് എന്നിവിടങ്ങളിലെ ജാട്ടുകൾ
- ഗുജറാത്തിലെ പട്ടിദാർമാർ

പ്രബലജാതികളുടെ സവിശേഷതകൾ —
- സംഖ്യാബലം
- ഭൂസ്വത്തും സാമ്പത്തിക ശക്തിയും
- രാഷ്ട്രീയാധികാരം

വർത്തമാനകാല ജാതിവ്യവസ്ഥയിൽ വന്ന മാറ്റങ്ങൾ പ്രധാനപ്പെട്ട ഒരു മാറ്റം ഉണ്ടായത് ഉന്നത ജാതികളിലും നഗരങ്ങളിലെ മധ്യ- ഉപരി വർഗ്ഗങ്ങളിലുമാണ്. അവരെ സംബന്ധിച്ചിടത്തോളം ജാതി അദൃശ്യമായ (Invisible) ഒരു സംഗതിയായി മാറി. ഇവരുടെ കാഴ്ചപ്പാടിൽ ജാതിയുടെ പ്രാധാന്യം തകരാൻ തുടങ്ങിയിരുന്നു. കാരണം ജാതികൊണ്ടുള്ള നേട്ടങ്ങളെല്ലാം അവർ അനുഭവിച്ചു കഴിഞ്ഞിരുന്നു. ഗവൺമെന്റ് നടപ്പിലാക്കിയ വികസന പദ്ധതികളും, അവസരങ്ങളും പൂർണ്ണമായി മുതലെടുക്കാൻ ഉള്ള സാമ്പത്തികവും വിദ്യാഭ്യാസപരവുമായ ശേഷി അവരുടെ ജാതി പദവി അവർക്ക് ഉറപ്പു വരുത്തിയിരുന്നു.

ഈ വിഭാഗങ്ങളിലെ മൂന്നാം തലമുറയിൽപ്പെട്ടവർക്ക് വേണ്ടത്ര സാമ്പത്തികശേഷിയും വിദ്യാഭ്യാസവുമുണ്ടായിരുന്നു. ജീവിത വിജയം നേടാൻ അവർക്ക് ജാതിയുടെ സഹായം ആവശ്യമുണ്ടായിരുന്നില്ല. മതാനുഷ്ഠാനങ്ങൾ, വിവാഹം, ബന്ധുത്വം തുടങ്ങിയ സ്വകാര്യ മണ്ഡലങ്ങളിൽ ജാതി പരിമിതപ്പെട്ടിരുന്നതിനാൽ പൊതു ജീവിതത്തിൽ അതിന് യാതൊരു പങ്കും വഹിക്കാനില്ലെന്ന് അവർക്ക് തോന്നിത്തുടങ്ങി. അങ്ങനെ ഉന്നത ജാതിയിൽപ്പെട്ടവർക്ക് ജാതി അദൃശ്യമായിത്തീർന്നു.

പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ, പിന്നാക്ക ജാതികൾ എന്നിവയിലും മാറ്റങ്ങളുണ്ടായി. കീഴ്ജാതിക്കാർക്ക് ജാതി കൂടുതൽ ദൃശ്യമായിത്തീർന്നു. ഉന്നത ജാതിക്കാരെ പോലെ അവർക്ക് സാമ്പത്തിക ശേഷിയോ വിദ്യാഭ്യാസമോ സാമൂഹ്യമൂലധനമോ ലഭിച്ചിരുന്നില്ല. എല്ലാ മേഖലകളിലും മുൻപു തന്നെ സ്ഥാനം ലഭിച്ചിരുന്ന ഉന്നതജാതി വിഭാഗങ്ങളോടാണ് അവർക്ക് മത്സരിക്കേണ്ടി വന്നത്. ഈ മത്സരത്തിൽ അവസരങ്ങൾ കരസ്ഥമാക്കാൻ ജാതി സ്വത്വം (Caste identity) മാത്രമെ അവർക്ക് താങ്ങായി ഉണ്ടായിരുന്നുള്ളു. രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി രാഷ്ട്രം നടപ്പിലാക്കിയ സംവരണവും, വിവേചനങ്ങളിൽ നിന്നു പരിരക്ഷയേകുന്ന മറ്റു നിയമങ്ങളുമാണ് അവരുടെ രക്ഷാമാർഗ്ഗങ്ങൾ.

ചുരുക്കത്തിൽ ഉപരിജാതി വിഭാഗങ്ങൾക്ക് ജാതി അപ്രധാനവും അദൃശ്യവുമാണ്. എന്നാൽ കീഴ്ജാതിക്കാർക്ക് ജാതി പ്രധാനവും ദൃശ്യവുമാണ്.

## പഠനപുരോഗതി വിലയിരുത്താം

7. സംസ്കൃതവൽക്കരണം, പ്രബലജാതി എന്നീ സങ്കൽപ്പനങ്ങൾ അവതരിപ്പിച്ച സമൂഹശാസ്ത്രജ്ഞൻ ആര്?

8. അധഃസ്ഥിത വർഗ്ഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ച ദക്ഷിണേന്ത്യയിലെ നാലു നേതാക്കളുടെ പേര് എഴുതുക.

9. വിട്ടഭാഗം പൂരിപ്പിക്കുക.

പ്രബലജാതി —
- ..........................................
- ഭൂസ്വത്തും സാമ്പത്തിക ശേഷിയും
- ..........................................

10. ഉപരിജാതി വിഭാഗങ്ങൾക്ക് ജാതി അദൃശ്യവും, കീഴ്ജാതിക്കാർക്ക് ജാതി ദൃശ്യ വുമാകുന്ന സാഹചര്യം ചുരുക്കി വിവരിക്കുക.

## ഗോത്ര സമുദായങ്ങൾ (Tribal Communities)

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആദിമ നിവാസികളിൽ ഏറ്റവും പഴക്കമുള്ള സമുദായ ങ്ങളെ സൂചിപ്പിക്കുന്ന പദമാണ് ഗോത്രം. നിങ്ങൾക്ക് പരിചയമുള്ളതോ കേട്ടിട്ടുള്ളതോ ആയ പല ഗോത്ര വിഭാഗങ്ങളുടെ പേര് പറയാമോ?

- പണിയൻ
- ഇരുളർ
- 

**എന്തൊക്കെയാണ് ഇവരുടെ പ്രത്യേകതകൾ?**

- ഗോത്ര സമുദായങ്ങൾക്ക് ഒരു ലിഖിത ഗ്രന്ഥത്തോടുകൂടിയ മതമോ മതാനുഷ്ഠാ നങ്ങളോ ഉണ്ടായിരുന്നില്ല.
- അവർക്ക് ഒരു രാഷ്ട്രമോ, സാധാരണ തരത്തിലുള്ള ഒരു രാഷ്ട്രീയ സംവിധാ നമോ ഉണ്ടായിരുന്നില്ല.
- അവർക്കിടയിൽ വർഗ്ഗവിഭജനങ്ങൾ നിലനിന്നിരുന്നില്ല.
- അവർക്ക് ജാതിയുണ്ടായിരുന്നില്ല. അവർ ഹിന്ദുക്കളോ കർഷകരോ ആയിരു ന്നില്ല.

## ഗോത്ര സമുദായങ്ങളുടെ വർഗീകരണം (Classification of Tribal Communities)

ഗോത്രങ്ങളെ അവയുടെ സ്ഥിരവും ആർജിതവുമായ സവിശേഷതകളുടെ അടിസ്ഥാ നത്തിൽ വർഗീകരിക്കാം.

### സ്ഥിര സവിശേഷതകൾ (Permanent traits)

ഗോത്രങ്ങളുടെ സ്ഥിരമായ സവിശേഷതകളിൽ അവരുടെ പ്രദേശം, ഭാഷ, കായിക സവിശേഷതകൾ, പാരിസ്ഥിതിക വാസസ്ഥലം എന്നിവ ഉൾപ്പെടുന്നു.

**പ്രദേശത്തെ അടിസ്ഥാനമാക്കിയുള്ള വർഗീകരണം**



**ഭാഷയുടെ അടിസ്ഥാനത്തിലുള്ള വർഗീകരണം**

- ഇൻഡോ - ആര്യൻ (1%)
- ദ്രാവിഡർ (11%)
- ആസ്ട്രിക് (3%)
- ടിബറ്റോ- ബർമൻ

**കായികവും, വംശീയവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ**

- നെഗ്രിറ്റോ
- ആസ്ട്രലോയിഡ്
- മംഗളോയിഡ്
- ദ്രാവിഡർ
- ആര്യൻ

വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഗോത്രങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. 70 ലക്ഷത്തിലേറെ അംഗങ്ങളുള്ള വലിയ ഗോത്രങ്ങളും 100 പേരിൽ താഴെയുള്ള ചെറിയ ഗോത്ര വിഭാഗങ്ങളും ഇന്ത്യയിലുണ്ട്. ഗോണ്ട്, ബിൽ, സന്താൾ ഒറാവോൻ, മിനാസ്, ബോഡോ, മുണ്ടാ എന്നിവയാണ് വലിയ ഗോത്രങ്ങൾ.

### ആർജ്ജിത സവിശേഷതകൾ (Aquired Traits)

ആർജ്ജിത സവിശേഷതകളെ അടിസ്ഥാനമാക്കിയും ഗോത്ര സമൂഹങ്ങളെ വർഗീകരിക്കാറുണ്ട്. ഉപജീവനമാർഗ്ഗം, ഹൈന്ദവ സമൂഹത്തിലേക്കുള്ള ഉൾച്ചേരൽ എന്നിവ ആർജ്ജിത സവിശേഷതകളിൽ ഉൾപ്പെടുന്നു.

**ആർജ്ജിത സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗീകരണം**

- ഉപജീവനമാർഗം
  - വ്യവസായിക തൊഴിലാളികൾ
  - മീൻ പിടുത്തക്കാർ
  - ഭക്ഷണം ശേഖരിക്കുന്നവർ
  - നായാട്ടുകാർ
  - സ്ഥലം മാറ്റ കൃഷിക്കാർ
  - കർഷകർ
  - തോട്ടിപ്പണിക്കാർ
- ഹൈന്ദവ സമൂഹത്തിലേക്കുള്ള ഉൾച്ചേരൽ
  - ഹിന്ദുമതത്തോട് ചായ്‌വുള്ളവർ
  - ഹിന്ദുമതത്തിൽ നിന്നും വേറിട്ട മതവിശ്വാസമുള്ളവർ

ഹൈന്ദവ സമൂഹത്തിൽ ആഗിരണം ചെയ്യപ്പെടുന്ന ഗോത്രങ്ങളിൽ ചിലതിന് ഉയർന്ന പദവി നൽകാറുണ്ട്. ഭൂരിഭാഗം ഗോത്രങ്ങൾക്കും സാധാരണയായി താഴ്ന്ന പദവിയാണ്. ഹൈന്ദവ സമൂഹത്തിൽ അവയ്ക്ക് നൽകുന്ന സ്ഥാനത്തെ അടിസ്ഥാനമാക്കിയാണ് ഹൈന്ദവ മുഖ്യധാരാവീക്ഷണം ഗോത്രങ്ങളെ വിലയിരുത്തുന്നത്.

## പഠനപുരോഗതി വിലയിരുത്താം

11. താഴെ പറയുന്ന സവിശേഷതകളെ സ്ഥിരം, ആർജ്ജിതം എന്നിങ്ങനെ തരംതിരിക്കുക.
    - ഭാഷ
    - ഉപജീവനമാർഗ്ഗം
    - പ്രദേശം
    - ഹൈന്ദവ സമൂഹത്തോടുള്ള മനോഭാവം
    - പാരിസ്ഥിതിക വാസസ്ഥലം
12. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആദിമ നിവാസികളിൽ ഏറ്റവും പഴക്കമുള്ള സമുദായങ്ങളെ സൂചിപ്പിക്കുന്ന പദമാണ് ______

## ഗോത്രം: ഒരു സങ്കൽപനത്തിന്റെ പുരോഗതി (Tribe: The Career of a Concept)

1960കളിൽ ഗോത്രം എന്ന സങ്കല്പനത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഒരു സംവാദം നടന്നു. ഗോത്രം ജാതിയധിഷ്ഠിത (ഹിന്ദു) കർഷക സമൂഹത്തിന്റെ ഒരു തുടർച്ചയാണോ അതോ അവർ വ്യത്യസ്ത തരത്തിലുള്ള ഒരു സമുദായമായിരുന്നോ എന്നതിനെ ചൊല്ലിയായിരുന്നു സംവാദം

- ഗോത്രം ജാതിയധിഷ്ഠിതമായ കർഷക സമൂഹത്തിന്റെ തുടർച്ചയാണെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ വാദിച്ചു. ഗോത്രങ്ങൾക്ക് ജാതി- കർഷക സമൂഹത്തിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യാസമൊന്നുമില്ലെന്ന് അവർ ചൂണ്ടിക്കാട്ടി ഗോത്രങ്ങൾക്കിടയിൽ സാമൂഹ്യവിഭജനം കുറഞ്ഞതോതിലെ നിലനിന്നിരുന്നുള്ളൂ. വിഭവങ്ങളുടെ ഉടമസ്ഥാവകാശം വ്യക്തികൾക്കല്ല, സമുദായങ്ങൾക്കായിരുന്നു.



- ഗോത്രങ്ങൾ ജാതികളിൽ നിന്ന് പൂർണമായും വ്യത്യസ്തമായിരുന്നുവെന്ന് മറ്റൊരു വിഭാഗം പണ്ഡിതന്മാർ വാദിച്ചു. ജാതി വ്യവസ്ഥയുടെ അടിത്തറയായ ശുദ്ധി - അശുദ്ധി സങ്കല്പം ഗോത്രങ്ങളിൽ നിലനിൽക്കുന്നില്ലെന്ന് അവർ ചൂണ്ടിക്കാട്ടി. ഹൈന്ദവ ജാതികളിലെ ശ്രേണിക്രമവും ഗോത്രങ്ങളിലില്ല. ഗോത്ര വർഗ്ഗങ്ങൾ സർവാത്മവാദികളായിരുന്നു.

1970കളോടെ ഗോത്രത്തെക്കുറിച്ചുള്ള എല്ലാ പ്രധാന നിർവചനങ്ങളും തെറ്റാണെന്ന് തെളിഞ്ഞു തുടങ്ങി. ഗോത്രവും കർഷകവർഗ്ഗവും യാതൊരു ബന്ധവുമില്ലാത്ത

വ്യത്യസ്ത സമൂഹങ്ങളാണെന്നാണ് അതുവരെ കരുതിയിരുന്നത്. ഈ ധാരണ തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. വലിപ്പം, ഒറ്റപ്പെടൽ, മതം, ഉപജീവനമാർഗ്ഗം തുടങ്ങിയ പൊതു മാനദണ്ഡങ്ങളെല്ലാം ഈ ധാരണ തെറ്റാണെന്ന് സ്ഥാപിച്ചു.

- സന്താൾ, ഗോണ്ടുകൾ, ഭില്ലുകൾ തുടങ്ങിയ ചില ഇന്ത്യൻ ഗോത്രങ്ങൾ വലിപ്പക്കൂടുതലുള്ളവയായിരുന്നു.
- മുണ്ട, ഹോ തുടങ്ങിയ ഗോത്രങ്ങൾ അധിവാസ കാർഷിക വൃത്തിയിലേക്ക് തിരിഞ്ഞിരുന്നു.
- വേട്ടയാടിയും ഭക്ഷണം ശേഖരിച്ചും ജീവിച്ചിരുന്ന ബീഹാറിലെ ബിർഹോറുകളെ പോലുള്ള ഗോത്രങ്ങൾ കുട്ട നിർമ്മാണം, എണ്ണയാട്ട് തുടങ്ങിയ ജോലികൾ ചെയ്തുപോന്നു.

ജാതി-ഗോത്ര വ്യത്യാസങ്ങളെപ്പറ്റിയുള്ള ചർച്ചകളെ തുടർന്ന് ഗോത്രങ്ങളെ ഹൈന്ദവ സമൂഹത്തിലേക്ക് ആഗിരണം ചെയ്ത രീതികളെപ്പറ്റി ധാരാളം പുസ്തകങ്ങൾ എഴുതപ്പെട്ടു. സംസ്കൃതവൽക്കരണം, സംസ്കാര സംക്രമണം (acculturation) എന്നിങ്ങനെയുള്ള മാർഗ്ഗങ്ങളും ഇതിനായി ഉപയോഗിച്ചിരുന്നു.

സംസ്കാരം മലിനപ്പെടുത്തിയിട്ടില്ലാത്ത അകളങ്കിത (Pristine) സമൂഹങ്ങളായി ഗോത്രങ്ങളെ കാണുന്നതിൽ യാതൊരു അടിസ്ഥാനവുമില്ലെന്ന് ചില പണ്ഡിതന്മാർ വാദിച്ചു. നേരെ മറിച്ച് ദ്വിതീയ (Secondary) പ്രതിഭാസങ്ങളായാണ് ഗോത്രങ്ങളെ വിലയിരുത്തേണ്ടതെന്ന് അവർ നിർദ്ദേശിച്ചു. ഭരണകൂടങ്ങളും പിന്നീട് വന്ന കൊളോണിയൽ ഗവൺമെന്റും ഗോത്രവർഗ്ഗക്കാരുടെ ജീവിതത്തിലേക്ക് കടന്നു ചെല്ലുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്തു.

*ബാഹ്യലോകവുമായുള്ള ബന്ധം ഗോത്രീയത (Tribalism) എന്ന ആശയത്തിന് രൂപം നൽകി. ഗോത്ര വിഭാഗങ്ങൾ മറ്റുള്ളവരിൽ നിന്ന് തങ്ങളെ വേർതിരിക്കുന്നതിനായി ഗോത്രവർഗങ്ങൾ എന്ന് സ്വയം വിശേഷിപ്പിക്കാൻ തുടങ്ങി.*

## പഠനപുരോഗതി വിലയിരുത്താം

13. ഗോത്രങ്ങളെ ഹൈന്ദവ സമൂഹത്തിൽ ലയിപ്പിക്കുന്നതിന് ഉപയോഗിച്ച മാർഗ്ഗങ്ങളാണ്.

    1. ..........................................
    2. ..........................................
    3. ..........................................

14. ഗോത്രവർഗക്കാർക്ക് ബാഹ്യലോകവുമായുള്ള ബന്ധം .............. എന്ന ആശയത്തിന് രൂപം നൽകി.

## ഗോത്രവിഭാഗങ്ങളോടുള്ള മുഖ്യധാരാ മനോഭാവം (Mainstream Attitudes Towards tribes)

ഗോത്ര വർഗക്കാർ ബാഹ്യലോകത്തു നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്ന ഒരു വിഭാഗമാണ് എന്ന സങ്കല്പത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് 1940കളിലെ വേർതിരിക്കൽ V/s ഉദ്ഗ്രഥനം എന്ന സംവാദം (Isolation versus Integration debate) ഉയർന്നു വന്നത്.

**വേർതിരിക്കൽ (Isolation) വാദം**

- ഗോത്രവർഗക്കാരെ മുഖ്യധാരാ സമൂഹത്തിൽ നിന്നു വേർതിരിച്ചു നിർത്തണം.
- വ്യാപാരികൾ, പണമിടപാടുകാർ, ഹിന്ദു-ക്രിസ്ത്യൻ മിഷനറിമാർ എന്നിവരിൽ നിന്ന് അവർക്ക് സംരക്ഷണമേകണം.
- ഗോത്രവർഗ്ഗക്കാരെ ഭൂരഹിത തൊഴിലാളികളാക്കി മാറ്റിക്കൊണ്ട് അവരെ നിർഗോത്രീകരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.
- മുഖ്യധാരാ സമൂഹങ്ങളുമായുള്ള ബന്ധം ഗോത്രവർഗ്ഗങ്ങളുടെ വിനാശത്തിന് കാരണമാകും.

**ഉദ്ഗ്രഥന (Integration) വാദം**

- ഗോത്രവർഗ്ഗക്കാർ ഹൈന്ദവ സമൂഹത്തിന്റെ ഭാഗമാണ്.
- പിന്നാക്ക ഹിന്ദുക്കളായ അവരെ മുഖ്യധാര സമൂഹത്തിന്റെ ഭാഗമാക്കണം.
- പിന്നാക്ക ഹിന്ദുക്കളായതിനാൽ അവരുടെ പ്രശ്നങ്ങൾ മറ്റു പിന്നാക്ക വിഭാഗങ്ങളുടെ അതേ ചട്ടക്കൂട്ടിനകത്ത് നിന്നുകൊണ്ട് കൈകാര്യം ചെയ്യണം.

**ഗോത്രവർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതികൾ**

- പഞ്ചവത്സര പദ്ധതികൾ
- ഗോത്ര ഉപപദ്ധതികൾ
- ഗോത്ര ക്ഷേമ ബ്ലോക്കുകൾ
- പ്രത്യേക വിവിധോദ്ദേശ പ്രദേശ പദ്ധതികൾ

## ഗോത്രവികസനം ദേശീയ വികസനത്തിന്റെ പശ്ചാത്തലത്തിൽ (National Development Versus Tribal Development)

ഇന്ത്യൻ സമൂഹത്തിന്റെ വികസനത്തിനു വേണ്ടി ഗോത്രങ്ങൾ വലിയ വില നൽകേണ്ടി വന്നു. പദ്ധതി പ്രദേശങ്ങൾ സ്ഥിതി ചെയ്തിരുന്നത് ഗോത്രവർഗ്ഗക്കാരുടെ ധാതുസമ്പന്നവും വന നിബിഡവുമായ പ്രദേശങ്ങളിലാണ്. ധാതു വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനും, ജലവൈദ്യുത പദ്ധതികളും മറ്റും സ്ഥാപിക്കുന്നതിനുള്ള വൻകിട അണക്കെട്ടുകൾ നിർമ്മിക്കുന്നതിനും ഗോത്ര പ്രദേശങ്ങളെയാണ് തെരഞ്ഞെടുത്തിരുന്നത്. ഇത്തരത്തിലുള്ള വികസനം സമൂഹത്തിലെ മുഖ്യധാരയ്ക്കാണ് പ്രയോജനം ചെയ്തത്. ഗോത്രവർഗ്ഗക്കാരുടെ ചെലവിലാണ് അവർ നേട്ടങ്ങൾ കൊയ്തത്. അങ്ങനെ

സമൂഹത്തിലെ മറ്റുള്ളവരുടെ വികസനത്തിനു വേണ്ടി ഗോത്രവർഗ്ഗക്കാർക്ക് അവരുടെ മണ്ണും വിഭവങ്ങളും ഉൾപ്പെടെയുള്ള സർവതും നഷ്ടപ്പെട്ടു.

ഗോത്രവർഗ്ഗക്കാർ കേന്ദ്രീകരിച്ചിരുന്ന പല പ്രദേശങ്ങളും സംസ്ഥാനങ്ങളും ദേശീയ വികസനത്തിന്റെ ഇരകളായി മാറിക്കൊണ്ടിരിക്കുകയാണ്. ഗോത്രേതര വിഭാഗങ്ങളുടെ വൻ കുടിയേറ്റമാണ് അവർ നേരിടുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം.

- ഝാർഖണ്ഡിലെ വ്യാവസായിക മേഖലകളിൽ പുറമെ നിന്നുള്ളവരുടെ കുടിയേറ്റത്തെ തുടർന്ന് ജനസംഖ്യയിലെ ഗോത്രവർഗ്ഗക്കാരുടെ സംഖ്യ സാരമായി കുറയുകയുണ്ടായി.
- ത്രിപുരയിൽ ജനസംഖ്യയിൽ ഗോത്രവർഗ്ഗക്കാരുടെ എണ്ണം ഒരു പതിറ്റാണ്ടിനുള്ളിൽ നേർപകുതിയായി കുറഞ്ഞു.
- അരുണാചൽ പ്രദേശിലും ഗോത്രവർഗ്ഗത്തിന്റെ എണ്ണം ഗണ്യമായി കുറഞ്ഞു.

## ആധുനിക ഗോത്ര സ്വത്വം (Tribal Identity Today)

ഇന്നത്തെ ഗോത്ര സ്വത്വങ്ങൾ (Tribal Identity) രൂപീകരിക്കപ്പെട്ടിരിക്കുന്നത് ഗോത്രങ്ങളുടെ തനത് സവിശേഷതകളിൽ നിന്നല്ല. മുഖ്യധാരാ സമൂഹവുമായുള്ള പാരസ്പര്യത്തിലൂടെയാണ് (Interaction) ആധുനിക ഗോത്ര സ്വത്വങ്ങൾ രൂപം കൊണ്ടിട്ടുള്ളത്.

- മുഖ്യധാരയുമായുള്ള പാരസ്പര്യം ഗോത്ര സമൂഹങ്ങൾക്ക് അനുകൂലമായിരുന്നില്ല. കടുത്ത ചൂഷണത്തിന് അവർ വിധേയരായി.
- ഗോത്ര സ്വത്വത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ ഝാർഖണ്ഡിനും ഛത്തീസ്ഗഢിനും സംസ്ഥാന പദവി നേടിയെടുക്കുന്നതിൽ അവർ വിജയം കൈവരിച്ചു.

എന്നാൽ തുടർന്നുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഈ വിജയങ്ങളുടെ ക്രിയാത്മക സ്വാധീനത്തിന്റെ തീഷ്ണത കുറയ്ക്കുകയാണുണ്ടായത്. മണിപ്പൂർ, നാഗാലാന്റ് തുടങ്ങിയ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് ഇന്ത്യയിലെ മറ്റു പൗരന്മാർക്കുള്ള അതേ അവകാശങ്ങൾ ഉണ്ടായിരുന്നില്ല. അവരുടെ സംസ്ഥാനങ്ങൾ അസ്വാസ്ഥ്യ പ്രദേശങ്ങളായി (disturbed areas) പ്രഖ്യാപിക്കപ്പെട്ടിരുന്നു. ഝാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നീ പ്രദേശങ്ങൾക്ക് പുതിയതായി ലഭിച്ച സംസ്ഥാന പദവി വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ അവർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല.



ഗോത്ര സമുദായങ്ങൾക്കിടയിലെ മറ്റൊരു പ്രധാനപ്പെട്ട സംഭവവികാസം അഭ്യസ്തവിദ്യരായ ഒരു

മധ്യവർഗത്തിന്റെ ക്രമേണയുള്ള ആവിർഭാവമാണ്. വിദ്യാഭ്യാസ രംഗത്തെ സംവരണം ഗോത്ര സമുദായങ്ങൾക്കിടയിലെ മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു. നാഗരികമായ ഒരു പ്രൊഫഷണൽ വിഭാഗത്തെ അതു സൃഷ്ടിച്ചു. ഗോത്ര സമുദായങ്ങൾക്കിടയിൽ വേർതിരിവുകളും ക്രമേണ വർദ്ധിച്ചു വന്നു. അതായത്, വർഗവ്യത്യാസങ്ങളും മറ്റു സാമൂഹ്യവിഭജനങ്ങളും അവർക്കിടയിൽ വികാസം പ്രാപിക്കാൻ തുടങ്ങി. ഇതോടെ ഗോത്ര സ്വത്വം ഉയർത്തിപ്പിടിക്കുന്നതിനുള്ള വ്യത്യസ്ത കേന്ദ്രങ്ങളും വളർന്നു വന്നു.

ഗോത്രവർഗപ്രസ്ഥാനങ്ങൾ ഉയർന്നു വരുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങളാണുള്ളത്.

- ഭൂമി, വനം എന്നിവയെപ്പോലുള്ള പ്രധാനപ്പെട്ട സാമ്പത്തിക വിഭവങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- വംശീയ - സാംസ്കാരിക സ്വത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ

ഈ രണ്ട് പ്രശ്നങ്ങളും പലപ്പോഴും ഒരുമിച്ചാണ് പോകാറുള്ളത്. എന്നാൽ ഗോത്ര സമൂഹത്തിന്റെ വ്യത്യാസമനുസരിച്ച് അവ വേറിട്ട് നിന്നേക്കാം. ഉദാഹരണത്തിന് ഗോത്ര സമൂഹങ്ങളിലെ മധ്യവർഗ്ഗങ്ങൾ അവരുടെ ഗോത്ര സ്വത്വം പ്രഖ്യാപിക്കുന്നതിന് ഉയർത്തുന്ന കാരണങ്ങൾ ദരിദ്രരും അഭ്യസ്തവിദ്യരുമായ ഗോത്രവർഗ്ഗങ്ങൾ ഗോത്ര പ്രസ്ഥാനങ്ങളിൽ അണിചേരുന്നതിന്റെ കാരണങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കും.

### പഠനപുരോഗതി വിലയിരുത്താം

ഗോത്ര സമുദായത്തിന്റെ സ്വഭാവങ്ങൾ പട്ടികപ്പെടുത്തുക.

16. ഗോത്രവർഗ പ്രസ്ഥാനങ്ങൾ ഉയർന്നുവരുന്നതിനുള്ള രണ്ട് കാരണങ്ങൾ സൂചിപ്പിക്കുക.

17. ഗോത്രവർഗക്കാരെ സംബന്ധിക്കുന്ന വേർതിരിക്കൽ (Isolation) വാദവും ഉദ്ഗ്രഥന (Integration) വാദവും താരതമ്യം ചെയ്യുക.

| **വേർതിരിക്കൽ വാദം (Isolation)** | **ഉദ്ഗ്രഥന വാദം (Integration)** |
|---|---|
| • ...................................... | • ...................................... |
| • ...................................... | • ...................................... |
| • ...................................... | • ...................................... |
| • ...................................... | • ...................................... |
| • ...................................... | • ...................................... |

## കുടുംബവും ബന്ധുത്വവും (Family and Kinship)

കുടുംബത്തിന്റെ വിവിധ രൂപങ്ങളും ബന്ധുത്വവും കഴിഞ്ഞ വർഷം നിങ്ങൾ മനസി ലാക്കിയതാണ്. നാം ജനിച്ചുവളരുന്ന കുടുംബത്തോട് സ്വാഭാവികമായും നമുക്ക് നല്ല അടുപ്പമുണ്ടായിരിക്കും. നമ്മുടെ മാതാപിതാക്കന്മാർ, മുത്തശ്ശന്മാർ, മുത്തശ്ശിമാർ, സഹോദരങ്ങൾ, അമ്മാവന്മാർ, അമ്മായിമാർ തുടങ്ങിയവരോടൊക്കെ നിങ്ങൾക്ക് നല്ല സ്നേഹവും അടുപ്പവുമുണ്ടാവും. അതെ സമയം അവരുടെ ഇടപെടലുകളെ ചില പ്പോഴൊക്കെ നിങ്ങൾ എതിർക്കുകയും ചെയ്യും. എന്നിരുന്നാലും അവരിൽ നിന്ന് അകന്നു നിൽക്കുമ്പോൾ നഷ്ടബോധവും അനുഭവപ്പെടും. ഊഷ്മളമായ സ്നേഹ ത്തിന്റെയും ശ്രദ്ധയുടെയും കഥകൾക്കൊപ്പം പെൺശിശുഹത്യ, സ്വത്ത് തർക്കം, ആരോഗ്യകരമായ നിയമയുദ്ധങ്ങൾ എന്നിവയും കുടുംബത്തിന്റെയും ബന്ധുത്വത്തി ന്റെയും ഭാഗമായി നിലനിൽക്കുന്നു. ചുരുക്കത്തിൽ സ്നേഹവും സംഘർഷവും ഒരു പോലെ നിലനിൽക്കുന്ന ഒരു സ്ഥാപനമാണ് കുടുംബം.

- ഹിമാലയൻ പ്രദേശത്തെ ഗ്രാമങ്ങളിൽ നിന്നുള്ള പുരുഷന്മാരുടെ തൊഴിൽ അന്വേഷിച്ചുള്ള ചംക്രമണം ഗ്രാമങ്ങളിൽ മാതൃമേധാവിത്വ കുടുംബങ്ങളുടെ ഉയർച്ചയ്ക്ക് കാരണമാകുന്നു.
- സോഫ്റ്റ്‌വെയർ വ്യവസായത്തിൽ ജോലി ചെയ്യുന്ന ചെറുപ്പക്കാരായ മാതാപി താക്കൾ ജോലിയുമായി ബന്ധപ്പെട്ട് പല സ്ഥലങ്ങളിലേയ്ക്ക് സ്ഥലം മാറുമ്പോൾ അവരുടെ അച്ഛനമ്മമാർ പേരക്കുട്ടികളെ നോക്കുന്നതിനായി ഒപ്പം പോകേണ്ടി വരുന്നു. അങ്ങനെ കുടുംബത്തിന്റെ രൂപീകരണത്തിലും ഘടനയിലും മാറ്റമുണ്ടാ കുന്നു.

കുടുംബം (സ്വകാര്യമണ്ഡലം) സാമ്പത്തികവും, രാഷ്ട്രീയവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ (പൊതു മണ്ഡലങ്ങൾ) മണ്ഡലങ്ങളുമായി ബന്ധിപ്പെട്ടിരി ക്കുന്നു.

കുടുംബത്തിന്റെ ഘടനയിൽ വരുന്ന മാറ്റങ്ങൾ യാദൃശ്ചികമാകാം. ഉദാഹരണത്തിന് ഒരു യുദ്ധമുണ്ടാകുമ്പോഴോ അല്ലെങ്കിൽ ജനങ്ങൾ തൊഴിൽ നേടി മറ്റു ദേശങ്ങളി ലേക്ക് കുടിയേറുമ്പോഴോ കുടുംബഘടനയിൽ മാറ്റം ഉണ്ടാകുന്നു.

ചിലപ്പോൾ ഈ മാറ്റം ബോധപൂർവ്വം സൃഷ്ടിക്കപ്പെടുന്നതാണ്.

യുവജനങ്ങൾ ജീവിത പങ്കാളികളെ തെരഞ്ഞെടുക്കുമ്പോൾ മുതിർന്നവരെ അവഗ ണിച്ചുകൊണ്ട് സ്വയം തീരുമാനമെടുക്കുമ്പോൾ, കുടുംബ ഘടനയിൽ മാറ്റം ഉണ്ടാ കുന്നു.

ഇന്ത്യയിൽ കുടുംബത്തെക്കുറിച്ചുള്ള ചർച്ചകൾ പലപ്പോഴും അണുകുടുംബം, വിസ്തൃത കുടുംബം എന്നിവയെ കേന്ദ്രീകരിച്ചാണ് നടന്നിട്ടുള്ളത്.

## അണുകുടുംബവും വിസ്തൃത കുടുംബവും
## (Nuclear and Extended Family)

| അണുകുടുംബം (Nuclear Family) | വിസ്തൃത കുടുംബം (Extended Family) |
|---|---|
| • ഏറ്റവും ചെറിയ കുടുംബമാണ് അണുകുടുംബം<br>• മാതാപിതാക്കളും അവരുടെ അവിവാഹിതരായ മക്കളുമാണ് അണുകുടുംബത്തിലെ അംഗങ്ങൾ<br>• ഇവയിൽ രണ്ടു തലമുറ വരെയുള്ള അംഗങ്ങൾ ഉണ്ടായിരിക്കും. | • വിസ്തൃത കുടുംബം പല തരത്തിലുണ്ട്<br>• ഒന്നിലധികം ദമ്പതികളും രണ്ടിലധികം തലമുറകളും ഒരുമിച്ച് ജീവിക്കുന്നു.<br>• സഹോദരന്മാരും അവരുടെ സ്വന്തം കുടുംബങ്ങളുമാകാം<br>• മക്കളോടും മരുമക്കളോടും കൂടെഅവരുടെ വൃദ്ധ മാതാപിതാക്കളുമാകാം. |

## കുടുംബത്തിന്റെ മറ്റു രൂപങ്ങൾ
## (Diverse Forms of Family)

| | | |
|---|---|---|
| വാസസ്ഥലത്തിന്റെ (Residence) അടിസ്ഥാനത്തിൽ | നവദമ്പതിമാർ വധുവിന്റെ മാതാപിതാക്കന്മാരോടൊപ്പം താമസിക്കുന്നു. | മാതൃസ്ഥാനീയം (Matrilocal) |
| | ദമ്പതിമാർ വരന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | പിതൃസ്ഥാനീയം (Patrilocal) |
| പൈതൃകത്തിന്റെ അഥവാ വംശപാരമ്പര്യ (Inheritance) ത്തിന്റെ അടിസ്ഥാനത്തിൽ | പാരമ്പര്യം (വംശാവലി) അമ്മ വഴിയാണ് ലഭിക്കുന്നത്. കുടുംബ സ്വത്ത് മാതാവിൽ നിന്ന് മകളിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുക. | മാതൃദായകം (Matrilineal) |
| | പാരമ്പര്യം അച്ഛൻ വഴിയാണ് ലഭിക്കുന്നത്. കുടുംബ സ്വത്ത് പിതാവിൽ നിന്ന് പുത്രനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. | പിതൃദായകം (Patrilineal) |
| അധികാരത്തിന്റെ അടിസ്ഥാനത്തിൽ (Authority) | സ്ത്രീകൾക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | മാതൃമേധാവിത്വ കുടുംബം (Matriarchal) |
| | പുരുഷന്മാർക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | പിതൃമേധാവിത്വ കുടുംബം (Patriarchal) |

## പഠനപുരോഗതി വിലയിരുത്താം

18. അണുകുടുംബവും വിസ്തൃത കുടുംബവും തമ്മിലുള്ള വ്യത്യാസം എഴുതുക.
19. വാസസ്ഥലം, വംശപാരമ്പര്യം, അധികാരം എന്നിവയുടെ അടിസ്ഥാനത്തിൽ കുടുംബത്തിന്റെ രൂപങ്ങൾ എഴുതുക.

### പഠനപ്രവർത്തനം

*വാസസ്ഥലം, വംശപാരമ്പര്യം, അധികാരം എന്നിവയുടെ അടിസ്ഥാനത്തിൽ നിങ്ങളുടെ കുടുംബം താഴെപ്പറയുന്നവയിൽ ഏതെല്ലാം വിഭാഗത്തിൽ പെടുന്നവയെന്ന് കണ്ടെത്തി ഒരു കുറിപ്പ് തയാറാക്കുക.*

- മാതൃസ്ഥാനീയം
- പിതൃസ്ഥാനീയം
- മാതൃദായകം
- പിതൃദായകം
- മാതൃമേധാവിത്വ കുടുംബം
- പിതൃമേധാവിത്വ കുടുംബം

## സംഗ്രഹം (Summary)

- ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ സമാനതകളില്ലാത്ത ഒരു പുരാതന സാമൂഹ്യ സ്ഥാപനമാണ് ജാതി.
- ജനനമാണ് ജാതി നിർണയിക്കുന്നത്.
- ജാതി വ്യവസ്ഥ സ്വഗണ വിവാഹം (Endogamy) മാത്രമെ അനുവദിക്കുന്നുള്ളൂ.
- ആഹാരത്തെപ്പറ്റിയും ആഹാരം പങ്കുവെക്കുന്നതിനെക്കുറിച്ചും ജാതിവ്യവസ്ഥയിൽ ചില നിയമങ്ങളുണ്ട്.
- ജാതികൾക്കിടയിൽ വ്യക്തമായ ശ്രേണീകരണമുണ്ട് (Hierarchy). ജാതിശ്രേണിയിലെ ക്രമീകരണത്തിന്റെ അടിസ്ഥാനം ശുദ്ധ - അശുദ്ധ (purity and pollution) സങ്കല്പമാണ്.
- കൊളോണിയൽ കാലഘട്ടത്തിൽ ജാതി വലിയ മാറ്റങ്ങൾക്ക് വിധേയമായി.
- ദേശീയ പ്രസ്ഥാനത്തിൽ (ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള പോരാട്ടത്തിൽ) ജനങ്ങളെ അണിനിരത്തുന്നതിന് ജാതീയ പരിഗണനകൾ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

- മഹാത്മാഗാന്ധിയും അംബേദ്കറും അയിത്തത്തിനെതിരെയുള്ള പോരാട്ടങ്ങൾ സംഘടിപ്പിച്ചു.
- വ്യവസായവൽക്കരണം, നഗരവൽക്കരണം, ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയ ഘടകങ്ങൾ സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലെ ജാതി വ്യവസ്ഥയിൽ വമ്പിച്ച മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഇടയാക്കി.
- നഗരവൽക്കരണം ജാതീയമായ ആചാരങ്ങളനുസരിച്ചുള്ള ജീവിതം അസാധ്യമാക്കിത്തീർത്തു. രാഷ്ട്രീയത്തിലും ജാതി നിർണ്ണായക ശക്തിയായി മാറി.
- ജാതി വ്യവസ്ഥയിലെ മാറ്റത്തിന്റെ പ്രക്രിയകളെ മനസ്സിലാക്കുന്നതിനു വേണ്ടി എം.എൻ.ശ്രീനിവാസ് സംസ്കൃതവൽക്കരണം, പ്രബലജാതി എന്നീ സങ്കല്പങ്ങൾ അവതരിപ്പിച്ചു.
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ആദിമ നിവാസികളിൽ ഏറ്റവും പഴക്കമുള്ള സമുദായങ്ങളെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പദമാണ് ഗോത്രം.
- ഗോത്രങ്ങളെ സ്ഥിര, ആർജ്ജിത സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാറുണ്ട്.
- ഗോത്ര വിഭാഗങ്ങൾ മറ്റുള്ളവരിൽ നിന്ന് തങ്ങളെ വേർതിരിക്കുന്നതിനായി ഗോത്രവർഗ്ഗക്കാർ എന്ന് സ്വയം വിശദീകരിക്കാൻ തുടങ്ങി. ഇത് ഗോത്രീയത (tribalism) എന്ന ആശയത്തിന് രൂപം നൽകി.
- ഗോത്രവർഗ്ഗ പ്രസ്ഥാനങ്ങൾ ഉയർന്ന് വരുന്നതിന് കാരണമായ രണ്ട് പ്രധാന പ്രശ്നങ്ങളാണ്, ഭൂമി, വനം എന്നിവയുമായി ബന്ധപ്പെട്ടതും, വംശീയ സാംസ്കാരിക സ്വത്വവുമായി ബന്ധപ്പെട്ട വിഷയങ്ങളും.
- കുടുംബം (സ്വകാര്യമണ്ഡലം) സാമ്പത്തികവും, രാഷ്ട്രീയവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ (പൊതു മണ്ഡലങ്ങൾ) മണ്ഡലങ്ങളുമായി ബന്ധിതമാണ്.
- സാമൂഹ്യവും തൊഴിൽപരവുമായ മാറ്റങ്ങൾ കുടുംബ ഘടനയിലും മാറ്റം വരുത്തുന്നു.

| സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ് | | | |
|---|---|---|---|
| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
| • പാരമ്പര്യ ജാതി സമ്പ്രദായത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയാൻ | | | |
| • കൊളോണിയൽ കാലഘട്ടത്തിൽ ജാതി സമ്പ്രദായത്തിൽ വന്ന മാറ്റങ്ങൾ വിശകലനം ചെയ്യാൻ | | | |
| • ജാതി സമ്പ്രദായത്തിലെ പുത്തൻ പ്രവണതകൾ വിലയിരുത്താൻ | | | |
| • ഗോത്രങ്ങളെ നിർവചിക്കാൻ | | | |
| • ഗോത്രങ്ങളെ അവയുടെ സ്ഥിരവും ആർജ്ജിതവുമായ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കാൻ | | | |
| • ഗോത്രത്തെ സംബന്ധിക്കുന്ന വിവിധ ദർശനങ്ങൾ വിശദീകരിക്കാൻ | | | |
| • ഗോത്ര വികസനം ദേശീയ വികസനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്താൻ | | | |
| • ഇന്ന് ഇന്ത്യയിൽ ഗോത്ര സ്വത്വത്തെ സംബന്ധിച്ചുള്ള അവകാശവാദങ്ങളുടെ പിന്നിലുള്ള ഘടകങ്ങൾ തിരിച്ചറിയാൻ. | | | |
| • കുടുംബത്തെ ഒരു സ്ഥാപനമെന്ന നിലയിലും അതിനു മറ്റു സ്ഥാപനങ്ങളുമായുള്ള ബന്ധങ്ങളും വിശദീകരിക്കാൻ | | | |
| • കുടുംബത്തിന്റെ വിവിധ രൂപങ്ങൾ തിരിച്ചറിയാൻ | | | |

## പഠനപുരോഗതി വിലയിരുത്താം - ഉത്തരസൂചിക

1. ജനനം
2. പദവി
3.

| വർണ്ണം | ജാതി |
|---|---|
| • ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയുള്ള ചതുർഘട്ട വിഭജനം<br>• വർണ്ണ വ്യവസ്ഥയ്ക്ക് പുറത്തുള്ളവരെ പഞ്ചമർ (Panchamas) എന്നു വിളിക്കുന്നു.<br>• ഒരു അഖിലേന്ത്യാ വ്യവസ്ഥ.<br>• വർണങ്ങൾ നാലെണ്ണമേയുള്ളൂ. | • ഏതെങ്കിലും വർഗ്ഗങ്ങളെ അല്ലെങ്കിൽ ജനങ്ങളെ സൂചിപ്പിക്കുന്ന ഒരു പൊതുവായ പദം.<br>• ആയിരക്കണക്കിന് ജാതികളും ഉപജാതികളും ഉണ്ട്<br>• പ്രാദേശികമായൊരു വ്യവസ്ഥ |

4.

ജാതിയുടെ രണ്ട് വ്യത്യസ്ത ആശയങ്ങൾ
- വ്യത്യസ്തത, അകൽച്ച
- ആകമാനത, അധികാര ശ്രേണി

5. ഹെർബർട്ട് റിസ്‌ലി
6. ജാതീയമായ സ്വത്വങ്ങളെ ത്വരിതപ്പെടുത്തി
   കൊളോണിയൻ ഭരണകൂടത്തിന്റെ മറ്റു ഇടപെടൽ
   ഭൂനികുതി, വ്യവസ്ഥകൾ ജാതിയടിസ്ഥാനത്തിലുള്ള അവകാശങ്ങൾ നിയമപരമായി അംഗീകാരമേകി
   വൻകിട ജലസേചന പദ്ധതികൾ-ജാതിയിൽ മാറ്റങ്ങൾ വരുത്തി
   കീഴ്ജാതിക്കാരുടെ ക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾ
7. എം.എൻ.ശ്രീനിവാസ്
8. അയ്യങ്കാളി, ശ്രീനാരായണഗുരു, ഇയോദിദാസ്സ്, പെരിയാർ
9.

പ്രബലജാതി
- ഭൂസ്വത്തും സാമ്പത്തിക ശക്തിയും
- സംഖ്യാബലം
- രാഷ്ട്രീയാധികാരം

10. ഉപരിജാതിവിഭാഗം - ജാതിയുടെ പ്രാധാന്യം കുറഞ്ഞു-ജാതിയുടെ നേട്ടങ്ങളെല്ലാം അവർ അനുഭവിച്ചു-വേണ്ടത്ര സാമ്പത്തിക ശേഷിയും വിദ്യാഭ്യാസവും നേടിക്കഴിഞ്ഞു-ജീവിതവിജയം നേടാൻ ജാതി ആവശ്യമില്ല.

കീഴ്ജാതിവിഭാഗം - സാമ്പത്തികശേഷിയോ വിദ്യാഭ്യാസമോ മൂലധനമോ ലഭിച്ചിരുന്നില്ല. ഉന്നത ജാതികളോട് മത്സരിക്കാൻ ജാതിസ്വത്വം മാത്രമെ അവർക്കുള്ളു. രാഷ്ട്രം നടപ്പാക്കിയ സംവരണവും, വിവേചനങ്ങളിൽ നിന്നും പരിരക്ഷയേകുന്ന മറ്റു നിയമങ്ങളുമാണ് അവരുടെ രക്ഷാമാർഗങ്ങൾ. ജാതി അത്യന്താപേഷിതം

11. സ്ഥിരം - ഭാഷ, പ്രദേശം, പാരിസ്ഥിതിക വാസസ്ഥലം

ആർജിതം - ഉപജീവനമാർഗം, ഹൈന്ദവ സമൂഹത്തോടുള്ള മനോഭാവം

12. ഗോത്രം

13. 1. സംസ്കൃതവൽക്കരണം

2. സംസ്കാര സംക്രമണം (Acculturation)

14. ഗോത്രീയത (Tribalism)

15. അഭ്യസ്തവിദ്യരായ ഒരു മധ്യവർഗത്തിന്റെ ക്രമേണയുള്ള ആവിർഭാവം. വിദ്യാഭ്യാസരംഗത്തെ സംവരണം ഗോത്രസമുദായങ്ങൾക്കിടയിലെ മധ്യവർഗത്തിന്റേ വളർച്ചയെ സഹായിച്ചു. നാഗരികമായ ഒരു പ്രൊഫഷണൽ വിഭാഗത്തെ സൃഷ്ടിച്ചു.

16. 1. ഭൂമി, വനം എന്നിവയെപ്പോലെയുള്ള പ്രധാനപ്പെട്ട സാമ്പത്തിക വിഭവങ്ങളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

2. വംശീയ-സാംസ്കാരിക സ്വത്വവുമായി ബന്ധപ്പെട്ട വിഷയങ്ങൾ

17. വേർതിരിക്കൽ - ഗോത്രവർഗക്കാരെ മുഖ്യാധാരാ സമൂഹത്തിൽ നിന്നും വേർതിരിച്ചു നിർത്തണം. - വ്യാപാരികൾ, പണമിടപാടുകാർ, ഹിന്ദു-ക്രിസ്ത്യൻ മിഷനറിമാർ എന്നിവരിൽ നിന്ന് അവർക്ക് സംരക്ഷണമേകണം.- മുഖ്യധാരാ സമൂഹങ്ങളുമായുള്ള ബന്ധം ഗോത്രവർഗങ്ങളുടെ വിനാശത്തിന് കാരണമാകുന്നു.

ഉദ്ഗ്രഥന വാദം - ഗോത്രവർഗക്കാർ ഹൈന്ദവ സമൂഹത്തിന്റെ ഭാഗമാണ് - പിന്നാക്ക ഹിന്ദുക്കളായ അവരെ മുഖ്യധാരാ സമൂഹത്തിന്റെ ഭാഗമാക്കണം. - പിന്നാക്ക ഹിന്ദുക്കളായതിനാൽ അവരുടെ പ്രശ്നങ്ങൾ മറ്റു പിന്നാക്ക വിഭാഗങ്ങളും അതേ ചട്ടക്കൂട്ടിനകത്ത് നിന്നുകൊണ്ട് കൈകാര്യം ചെയ്യണം.

18.

| അണുകുടുംബം | വിസ്തൃത കുടുംബം |
|---|---|
| • മാതാപിതാക്കളും അവരുടെ മക്കളുമാണ് അണുകുടുംബത്തിലെ അംഗങ്ങൾ.<br>• രണ്ട് തലമുറകളിലെ അംഗങ്ങൾ ഉണ്ടാകും | • വിസ്തൃത കുടുംബം പലതരത്തിലുണ്ട്<br>• ഒന്നിലധികം ദമ്പതികളും രണ്ടിലധികം തലമുറകളും ഒരുമിച്ച് ജീവിക്കുന്നു.<br>• സഹോദരങ്ങളും അവരുടെ സ്വന്തം കുടുംബങ്ങളുമാകാം. |

19.

| | | |
|---|---|---|
| വാസസ്ഥല (Residance) ത്തിന്റെ അടിസ്ഥാനത്തിൽ | നവദമ്പതിമാർ വധുവിന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | മാതൃസ്ഥാനീയം (Matrilocal) |
| | ദമ്പതിമാർ വരന്റെ മാതാപിതാക്കളോടൊപ്പം താമസിക്കുന്നു. | പിതൃസ്ഥാനീയം (Patrilocal) |
| പൈതൃകത്തിന്റെ അഥവാ വംശപാരമ്പര്യ (Inheritance) ത്തിന്റെ അടിസ്ഥാനത്തിൽ | പാരമ്പര്യം (വംശാവലി) അമ്മ വഴിയാണ് ലഭിക്കുന്നത്. കുടുംബ സ്വത്ത് മാതാവിൽ നിന്ന് മകളിലേക്കാണ് കൈമാറ്റം ചെയ്യപ്പെടുക. | മാതൃദായകം (Matrilineal) |
| | പാരമ്പര്യം അച്ഛൻ വഴിയാണ് ലഭിക്കുന്നത്. കുടുംബ സ്വത്ത് പിതാവിൽ നിന്ന് പുത്രനിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. | പിതൃദായകം (Patrilineal) |
| അധികാരത്തിന്റെ അടിസ്ഥാനത്തിൽ (Authority) | സ്ത്രീകൾക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | മാതൃമേധാവിത്വ കുടുംബം (Matriarchal) |
| | പുരുഷന്മാർക്ക് അധികാരവും മേധാവിത്വവുമുള്ള കുടുംബം | പിതൃമേധാവിത്വ കുടുംബം (Patriarchal) |

## തുടർമൂല്യനിർണയ സാധ്യതകൾ

**പ്രക്രിയ വിലയിരുത്തൽ**

പഠനപ്രവർത്തനങ്ങളും തുടർപ്രവർത്തനങ്ങളുടെയും ആസൂത്രണം, ദത്തങ്ങളുടെ ശേഖരണ രീതി അവതരണ രീതി എന്നിവ വിലയിരുത്തുന്നു.

**പോർട്ട് ഫോളിയോ വിലയിരുത്തൽ**

പഠനപ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലുകൾ വിലയിരുത്തുന്നു.

**യൂണിറ്റ് വിലയിരുത്തൽ**

ചോദ്യങ്ങൾ തയാറാക്കി ഉത്തരങ്ങൾ എഴുതണം.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. വർണ്ണവും ജാതിയും തമ്മിലുള്ള വ്യത്യാസം കുറിക്കുക.
2. ജാതിയുടെ പ്രധാന സവിശേഷതകൾ ചൂണ്ടിക്കാണിക്കുക.
3. വിഭാഗം പൂരിപ്പിക്കുക.

ജാതി: രണ്ട് വ്യത്യസ്ത ആശയങ്ങളുടെ സങ്കലനം

1. ..................................

2. ..................................

4. ജാതിശ്രേണിയിലെ ക്രമീകരണത്തിന്റെ അടിസ്ഥാനം ....... എന്ന സങ്കല്പമാണ്.
5. ജാതിയെന്ന സാമൂഹ്യസ്ഥാപനത്തിൽ കൊളോണിയലിസം കൊണ്ടുവന്ന സുപ്രധാന മാറ്റങ്ങൾ എന്തെല്ലാം?
6. വ്യവസായവൽക്കരണം, നഗരവൽക്കരണം, ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം തുടങ്ങിയ ഘടകങ്ങൾ സ്വതന്ത്ര്യാനന്തര ഇന്ത്യയിലെ ജാതിവ്യവസ്ഥയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം?
7. താഴെ കൊടുത്തിരിക്കുന്നവയിൽ പ്രബലജാതിയുടെ പ്രത്യേകത അല്ലാത്തത് ഏതാണ്?

   (മദ്യവർജ്ജനം, സംഖ്യാബലം, സാമ്പത്തിക ശക്തി, രാഷ്ട്രീയാധികാരം)
8. പ്രബലജാതി, സംസ്കൃതവൽക്കരണം എന്നിവ ആരുടെ ആശയങ്ങളാണ്?
9. തെക്കെ ഇന്ത്യയിൽ താഴ്ന്ന ജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ച 4 നേതാക്കന്മാരുടെ പേരെഴുതുക.
10. വലിപ്പം, താമസസ്ഥലം, പാരമ്പര്യം എന്നിവയ്ക്കനുസരിച്ചുള്ള കുടുംബങ്ങളുടെ വർഗ്ഗീകരണം വിശദമാക്കുക.

11. ചേരുംപടി ചേർക്കുക

| A | B | C |
|---|---|---|
| ജാതി | 1901 | ജാതിയെക്കുറിച്ചുള്ള വിവരം |
| ഹെർബർട്ട് റിസ്‌ലി | പ്രബലജാതി | ഉപജാതികൾ |
| എം.എൻ.ശ്രീനിവാസ് | മാതൃസ്ഥാനീയം | സംസ്കൃതവൽക്കരണം |
| താമസ സ്ഥലം | പ്രാദേശിക വർഗ്ഗീകരണം | പിതൃസ്ഥാനീയം |

12. ഉപരിജാതി വിഭാഗങ്ങൾക്ക് ജാതി അദൃശ്യവും, കീഴ്ജാതിക്കാർക്ക് ജാതി ദൃശ്യവുമാകുന്നതെങ്ങനെയാണ് വിശദീകരിക്കുക.

13. ഗോത്രവർഗ്ഗങ്ങളുടെ തനതായ സവിശേഷതകൾ പട്ടികപ്പെടുത്തുക.

14. വിട്ടഭാഗം പൂരിപ്പിക്കുക.




## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. വർണ്ണം- ചതുർഘട്ട വിഭജനം (ബ്രാഹ്മണൻ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ), അഖിലേന്ത്യാ വ്യവസ്ഥ

   ജാതി - വർഗ്ഗങ്ങളെ (ജനങ്ങളെ) സൂചിപ്പിക്കുന്ന പൊതുവായ പദം, പ്രാദേശികമായ വ്യവസ്ഥ.

2. 1. ജനനമാണ് ജാതി നിർണ്ണയിക്കുന്നത്.
   2. സ്വഗണ വിവാഹം
   3. ആഹാരത്തെപ്പറ്റിയും ആഹാരം പങ്കുവെയ്ക്കുന്നതിനെപ്പറ്റിയും നിയമങ്ങൾ
   4. വ്യക്തമായ ശ്രേണീകരണം

3.

ജാതി: രണ്ട് വ്യത്യസ്ത ആശയങ്ങളുടെ സങ്കലനം

1. മറ്റു ജാതികളിൽ നിന്നുള്ള വ്യത്യാസവും വേറിടലും

2. മൊത്തം സമൂഹത്തിന്റെ ഒരു ഭാഗം (ആകമാനത)

4. ശുദ്ധം - അശുദ്ധം (purity and pollution)

5. കൊളോണിയലിസത്തിന്റെ ഫലമായ മാറ്റങ്ങൾ

- ബോധപൂർവ്വമല്ലാത്ത മാറ്റങ്ങൾ
- ഗോത്രം, ജാതി ആചാര രീതികളിൽ വന്ന മാറ്റം
- സെൻസസ് - 1901 ഹെർബർട്ട് റിസ്‌ലി
- ഭൂനികുതി വ്യവസ്ഥകൾ - ജാതിയിൽ മാറ്റം
- വൻകിട ജലസേചന പദ്ധതികൾ - ജാതിയിൽ മാറ്റം

6. വ്യവസായവൽക്കരണം - പുതിയ തൊഴിലവസരങ്ങൾ

- ജാതീയമായ വിലക്കുകൾ അപ്രസക്തമായി

നഗരവൽക്കരണം - ഇടപഴകി ജീവിക്കുന്ന സാഹചര്യം

-നഗരങ്ങളിൽ വേറിട്ട ജീവിത രീതി അപ്രായോഗികം

ആധുനിക വിദ്യാഭ്യാസത്തിന്റെ വ്യാപനം - ലിബറൽ ആശയങ്ങൾ

- വ്യക്തിവാദം, അർഹതാവാദം
- ജാതി ആചാരങ്ങൾ ഉപേക്ഷിക്കുക

7. മദ്യവർജ്ജനം

8. എം.എൻ.ശ്രീനിവാസ്

9. അയ്യങ്കാളി, ശ്രീനാരായണഗുരു, ഇയോദിദാസ്സ്, പെരിയാർ

10. വലിപ്പം - അണുകുടുംബം, വിസ്തൃത കുടുംബം

താമസ സ്ഥലം - മാതൃസ്ഥാനീയം - പിതൃസ്ഥാനീയം

പാരമ്പര്യം - മാതൃദായകം - പിതൃദായകം

11.

| A | B | C |
|---|---|---|
| ജാതി | പ്രാദേശിക വർഗ്ഗീകരണം | ഉപജാതികൾ |
| ഹെർബർട്ട് റിസ്‌ലി | 1901 | ജാതിയെക്കുറിച്ചുള്ള വിവരം |
| എം.എൻ.ശ്രീനിവാസ് | പ്രബലജാതി | സംസ്കൃതവൽക്കരണം |
| താമസ സ്ഥലം | മാതൃസ്ഥാനീയം | പിതൃസ്ഥാനീയം |

12. ഉപരിജാതി വിഭാഗം - ജാതിയുടെ പ്രാധാന്യം തകരാൻ തുടങ്ങി (അദൃശ്യം)

കീഴ്ജാതി വിഭാഗം - ജാതി സ്വത്വം പ്രധാനപ്പെട്ടതാണ്
- വിവേചനങ്ങളിൽ നിന്നു പരിരക്ഷ
- ജാതി (ദൃശ്യം)

13. സ്ഥിര സവിശേഷത - പ്രദേശം, ഭാഷ, കായിക സവിശേഷതകൾ, പാരിസ്ഥിതിക വാസസ്ഥലം

ആർജ്ജിത സവിശേഷത - ഉപജീവനമാർഗ്ഗം, ഹൈന്ദവ സമൂഹത്തിലേക്കുള്ള സംയോജനം

14.




## തുടർപ്രവർത്തനങ്ങൾ

*ഏതെങ്കിലും ഗോത്രപ്രദേശം സന്ദർശിച്ച് താഴെ പറയുന്നവയുമായി ബന്ധപ്പെട്ട ദത്തങ്ങൾ ശേഖരിക്കുക. വിവരശേഖരണത്തിന് അനുയോജ്യമായ ചോദ്യാവലി തയാറാക്കേണ്ടതാണ്.*

- ഉപജീവന മാർഗ്ഗം (Modes of livelihood)
- ഭാഷ (Language)
- സാംസ്കാരിക തലങ്ങൾ (Cultural aspects)
- ചടങ്ങുകൾ
- ആചാരങ്ങൾ, നാടൻ രീതികൾ മുതലായവ

## തുടർവായനസാമഗ്രികൾ

1. Gupta, Dipankar, 2000 Interrogating Caste. Penguin Books, New Delhi.
2. Sharma.K.L.ed 1999. Social Inequality in India: Profits of Caste Class and Social mobility
3. Srinivas.M.N 1994. The Dominant Caste and other Essays. Oxford University Press, New Delhi.
4. Ghurye. G.S 1969. Caste and race in India. 5th Edition Popular Prakashan, Mumbai.
5. Sharma, Ursula. 1999, Caste. Open university press, Buckingham & Philadelphia.

## പദാവലി (Glossary)

- ജാതി : വർഗ്ഗങ്ങളെ അല്ലെങ്കിൽ ജനങ്ങളെ സൂചിപ്പിക്കുന്ന ഒരു പൊതുവായ പദമാണ് ജാതി. അചേതനമായ വസ്തുക്കൾ മുതൽ സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യൻ എന്നിവ വരെ ഈ പദം സൂചിപ്പിക്കുന്നുണ്ട്.
- വർണ്ണം : സംസ്കൃത പദമാണ്. നിറം എന്നാണ് ഇതിന്റെ അർത്ഥം. ചതുർഘട്ടവിഭജനമാണ്. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ നാല് വിഭാഗങ്ങളായി വർഗീകരിച്ചിരിക്കുന്നു. ആര്യൻമാരുടെ വിഭജനങ്ങൾ.
- പ്രബലജാതി : സംഖ്യാബലവും, ഭൂവുടമസ്ഥത വഴിയുള്ള സാമ്പത്തിക ശക്തിയും രാഷ്ട്രീയാധികാരവുമുള്ള ജാതികൾ
- സംസ്കൃതവൽക്കരണം : കീഴ്ജാതിയിലെ അംഗങ്ങൾ അവരുടെ സ്വന്തം സാമൂഹ്യ പദവി ഉയർത്തുന്നതിനുവേണ്ടി മേൽ ജാതിക്കാരുടെ ആചാരങ്ങളും ജീവിത

രീതികളും സാമൂഹ്യ സമ്പ്രദായങ്ങളും സ്വീകരിക്കുന്ന പ്രക്രിയ.

- ഗോത്രീയത : ഗോത്ര വിഭാഗങ്ങൾ മറ്റുള്ളവരിൽ നിന്ന് തങ്ങളെ വേർതിരിക്കുന്നതിനായി ഗോത്രവർഗക്കാർ എന്ന് സ്വയം വിശദീകരിക്കാൻ തുടങ്ങി. ബാഹ്യലോകവുമായുള്ള ബന്ധമാണ് ഗോത്രീയത (Tribalism) എന്ന ആശയത്തിന് രൂപം നൽകിയത്.




4

# വിപണി ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ (The Market as a Social Institution)

## ആമുഖം

സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലം എന്ന അർത്ഥത്തിലാണ് വിപണി എന്ന പദം നാം ഉപയോഗിക്കുന്നത്. വാങ്ങുകയും വിൽക്കുകയും ചെയ്യുന്നവർ ഒത്തുചേരുന്ന ഒരു ഇടമാണ് ഇത്. വ്യാപാരത്തിന്റെ ഒരു മേഖലയേയും വിപണി എന്നു വിശേഷിപ്പിക്കാറുണ്ട്. ഒരു പ്രത്യേക ഉൽപ്പന്നത്തിനോ, സേവനത്തിനോ ഉള്ള ചോദനത്തെയും *(demand)* വിപണി എന്നു പറയാറുണ്ട്. മുഴുവൻ സാമ്പത്തിക പ്രശ്നങ്ങളും, സ്ഥാപനങ്ങളും വിപണിയുടെ ഭാഗമാണ്. അതുകൊണ്ട് തന്നെ 'വിപണി' സമ്പദ്വ്യവസ്ഥക്ക് തുല്യമാണ്. വിപണി ഒരു സാമ്പത്തിക സ്ഥാപനം മാത്രമല്ല ഒരു സാമൂഹ്യ സ്ഥാപനം കൂടിയാണ്. ഈ അധ്യായത്തിൽ വിപണിയെ ഒരു സാമൂഹ്യ സ്ഥാപനം എന്ന നിലയിലാണ് വിലയിരുത്തപ്പെടുന്നത്. പരമ്പരാഗത കാലഘട്ടത്തിൽ നിലനിന്നിരുന്ന ജാതിയടിസ്ഥാനത്തിലുള്ള വിപണികളും, ആധുനിക കാലഘട്ടത്തിൽ ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഫലമായി വിപണികളിൽ വന്നിട്ടുള്ള മാറ്റങ്ങളും മനസിലാക്കാൻ ഈ പാഠഭാഗം സഹായിക്കും.

## പഠനനേട്ടങ്ങൾ

- കമ്പോള സമ്പദ്‌വ്യവസ്ഥയിലെ 'അദൃശ്യകരം' എന്ന ആഡംസ്മിത്തിന്റെ ആശയത്തെ വിവരിക്കുന്നു.
- സമൂഹശാസ്ത്രത്തിന്റേയും, സാമ്പത്തിക ശാസ്ത്രത്തിന്റേയും കാഴ്ചപ്പാടിൽ വിപണി എന്ന ആശയത്തെ വിശകലനം ചെയ്യുന്നു.
- ആഴ്ചചന്തകളെ ഒരു സാമൂഹ്യസ്ഥാപനമെന്ന നിലയിൽ വിവരിക്കുന്നു.
- കോളനി ഭരണത്തിനു മുമ്പും, കൊളോണിയൽ കാലഘട്ടത്തിലുമുണ്ടായിരുന്ന ജാതി അടിസ്ഥാനമാക്കിയുള്ള വിപണികളേയും, വാണിജ്യ ശൃംഖലകളേയും വിശകലനം ചെയ്യുന്നു.
- തദ്ദേശീയ മുതലാളിത്തത്തെ ഉദാഹരണസഹിതം വിശദമാക്കുന്നു.
- ഇന്ത്യൻ വിപണിയിൽ പരമ്പരാഗത ബിസിനസ്സ് സമുദായങ്ങളുടെ പങ്കിനെയും അവയുടെ പ്രകൃതത്തെയും തിരിച്ചറിയുന്നു.
- പുതിയ വിപണികളുടെ ആവിർഭാവത്തെക്കുറിച്ചും ഇന്ത്യൻ വിപണിയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിൽ കോളനി വാഴ്ചയുടെ പങ്കിനെക്കുറിച്ചും വിശദീകരിക്കുന്നു.
- ആധുനിക ജീവിതത്തിൽ വസ്തുവൽക്കരണത്തിന്റേയും (Commoditisation) ഉപഭോഗത്തിന്റെയും സാമൂഹ്യവും സാംസ്കാരികവുമായ പ്രാധാന്യം ഉദാഹരണസഹിതം വ്യക്തമാക്കുന്നു.
- ആഗോളവൽക്കരണകാലത്ത് പണവും, സാധനങ്ങളും, ജനങ്ങളും, സംസ്കാരവും എങ്ങനെ പ്രവഹിക്കുന്നു എന്നതിനെക്കുറിച്ച് വിവരിക്കുന്നു.
- ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉദാരവൽക്കരണ നയങ്ങളുടെ സ്വാധീനം വിലയിരുത്തുന്നു.

## വിപണികളെയും, സമ്പദ്‌വ്യവസ്ഥയെയും കുറിച്ചുള്ള സമൂഹശാസ്ത്ര വീക്ഷണങ്ങൾ (Sociological perspectives on Markets and the Economy)

സാമ്പത്തികശാസ്ത്രം ഏതെല്ലാം വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നത്?

- വിലകൾ നിർണ്ണയിക്കപ്പെടുന്ന വിധം?
- പ്രത്യേക തരത്തിലുള്ള നിക്ഷേപങ്ങളുടെ ഫലസാധ്യതകൾ.
- പണം സമ്പാദിച്ചുവെക്കാനും ചെലവഴിക്കാനും ജനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ.
- 

ആധുനിക മുതലാളിത്ത സമ്പദ്‌വ്യവസ്ഥകളിൽ വിപണികൾ എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് മനസിലാക്കുകയും, വിശദീകരിക്കുകയുമാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ ലക്ഷ്യം.

വിപണിയുടെ പഠനത്തിൽ സമൂഹശാസ്ത്രത്തിൽ എന്താണ് പ്രസക്തി?

വിപണിയെക്കുറിച്ച് സാമ്പത്തികശാസ്ത്രം പറയാത്ത കാര്യങ്ങൾ (സാമൂഹ്യമാറ്റങ്ങൾ) അന്വേഷിക്കുകയാണ് സമൂഹശാസ്ത്രത്തിന്റെ ധർമ്മം.

18-ാം നൂറ്റാണ്ടിൽ സാമ്പത്തിക ശാസ്ത്രം അറിയപ്പെട്ടിരുന്നത് 'രാഷ്ട്രീയ സമ്പദ് വ്യവസ്ഥ' (Political Economy) എന്ന പേരിലാണ്.



ആഡംസ്മിത്ത് 1776-ൽ The Wealth of the Nations എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. അക്കാലത്ത് ഉദയം ചെയ്ത കമ്പോളവ്യവസ്ഥയെ മനസിലാക്കാൻ സാമ്പത്തികശാസ്ത്രത്തിന്റെ പിതാവായ ആഡം സ്മിത്ത് തന്റെ ഗ്രന്ഥത്തിൽ ഒരു ശ്രമം നടത്തിയിരുന്നു. വ്യക്തിപരമായ കൈമാറ്റങ്ങളുടെ അല്ലെങ്കിൽ ഇടപാടുകളുടെ (കൊടുക്കലും വാങ്ങലും) ഒരു പരമ്പരയാണ് കമ്പോള സമ്പദ്‌വ്യവസ്ഥയെ സൃഷ്ടിക്കുന്നതെന്ന് ആഡം സ്മിത്ത് വാദിച്ചു.

കമ്പോള സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട ആഡം സ്മിത്ത് അവതരിപ്പിച്ച ആശയമാണ് അദൃശ്യകരം.

*വിപണിയുമായി ബന്ധപ്പെട്ട് വ്യക്തികൾ അവരുടെ നേട്ടത്തിനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ സമൂഹത്തിന് ഗുണകരമായി മാറുന്നു. ഈ മാറ്റം കൊണ്ടുവരുന്നത് ഒരു അദൃശ്യശക്തിയുടെ പ്രവർത്തനമാണെന്ന് സ്മിത്ത് വാദിച്ചു. ഈ ശക്തിയെ ആഡംസ്മിത്ത് അദൃശ്യകരം (Invisible hand) എന്നു വിളിച്ചു.*

ആഡംസ്മിത്തിന്റെ അഭിപ്രായത്തിൽ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ മുന്നോട്ടുകൊണ്ടുപോകുന്നത് വ്യക്തിയുടെ സ്വാർത്ഥ താൽപര്യങ്ങളാണ്. വാങ്ങുന്നവരും, വിൽക്കുന്നവരും അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന യുക്തിപരമായ തീരുമാനങ്ങൾ എടുക്കുമ്പോഴാണ് മുതലാളിത്ത വ്യവസ്ഥ സുഗമമായി പ്രവർത്തിക്കുന്നത്.

'സ്വതന്ത്ര വിപണി' എന്ന് നിങ്ങൾ കേട്ടിട്ടില്ലേ. ഈ ആശയവും മുന്നോട്ടുവച്ചത് ആഡം സ്മിത്താണ്.

*രാഷ്ട്രത്തിന്റെയോ, മറ്റേതെങ്കിലും ഏജൻസികളുടേയോ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളുമില്ലാത്ത വിപണിയാണ് 'സ്വതന്ത്ര വിപണി.' എന്നു പറയുന്നത്.*

ഈ സാമ്പത്തിക ദർശനത്തെ ലെസ്സേഫെയർ (Laissez faire) സിദ്ധാന്തം എന്നു പറയുന്നു. 'ലെസ്സേഫെയർ' എന്ന ഫ്രഞ്ചു പദത്തിന്റെ അർത്ഥം 'തനിയെ വിടുക' അല്ലെങ്കിൽ 'പ്രവർത്തിക്കാൻ അനുവദിക്കുക' എന്നാണ്.

*സമൂഹശാസ്ത്രജ്ഞന്മാർ എങ്ങനെയാണ് വിപണിയെ നോക്കി കാണുന്നത്?*

സമൂഹശാസ്ത്രജ്ഞന്മാർ വിപണികളെ സാമൂഹ്യസ്ഥാപനങ്ങളായാണ് കാണുന്നത്.

പ്രത്യേക സാംസ്കാരിക മാർഗ്ഗങ്ങളിലൂടെയാണ് വിപണികൾ രൂപീകരിക്കപ്പെടുന്നതെന്ന് സമൂഹശാസ്ത്രജ്ഞന്മാർ പറയുന്നു. വിപണികൾ സംഘടിപ്പിക്കുന്നതും, നിയന്ത്രിക്കുന്നതും പ്രത്യേക സാമൂഹ്യ വിഭാഗങ്ങളോ വർഗ്ഗങ്ങളോ ആണ്. അവർക്ക് മറ്റു സ്ഥാപനങ്ങളുമായും സാമൂഹ്യ പ്രക്രിയകളുമായും ഘടനകളുമായും സവിശേഷബന്ധങ്ങളുണ്ട്.

സമ്പദ്വ്യവസ്ഥകൾ സമൂഹത്തിൽ 'ഉറപ്പിച്ചവ'യാണെന്ന് (embedded) സമൂഹശാസ്ത്രജ്ഞന്മാർ പറയുന്നു. ഇതിനുള്ള രണ്ട് ഉദാഹരണങ്ങൾ അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്ന്, ഗോത്രവർഗ്ഗക്കാരുടെ ആഴ്ച ചന്ത (haat). രണ്ട്, കൊളോണിയൽ ഇന്ത്യയിലെ 'പരമ്പരാഗത ബിസിനസ്സ് സമുദായവും' അതിന്റെ വ്യാപാരശൃംഖലകളും.

## പഠനപുരോഗതി വിലയിരുത്താം

1. 18-ാം നൂറ്റാണ്ടിൽ സാമ്പത്തികശാസ്ത്രം ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?
2. 1776-ൽ ആഡംസ്മിത്ത് എഴുതിയ പുസ്തകം ഏതാണ്?
3. വിപണിയിൽ 'അദൃശ്യകര'ത്തിന്റെ സ്വാധീനം എന്തൊണെന്ന് വിശദീകരിക്കുക.
4. 'ലെസ്സേഫെയർ' സിദ്ധാന്തം എന്താണ്?

നിങ്ങൾ എപ്പോഴെങ്കിലും ആഴ്ചച്ചന്തകൾ നിരീക്ഷിച്ചിട്ടുണ്ടോ?

ആരൊക്കെയാണ് ഈ ചന്തകളിൽ വരുന്നത്? അവർ തമ്മിലുള്ള ആശയ വിനിമയം എപ്രകാരമാണ്?

'ആഴ്ചച്ചന്തകൾ' കർഷക സമൂഹങ്ങളുടെ സാമൂഹിക-സാമ്പത്തിക സംവിധാനത്തിന്റെ ഒരു കേന്ദ്ര സവിശേഷതയാണ്. ഇത് ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ ഒരുമിച്ചു കൊണ്ടുവരുന്നു. തങ്ങളുടെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനും, അവരുടെ ഗ്രാമങ്ങളിൽ ലഭ്യമല്ലാത്ത സാധനങ്ങൾ വാങ്ങുന്നതിനുമാണ് അവർ ചന്തകളിലെത്തുന്നത്. നാട്ടിൻ പ്രദേശത്തിനു വെളിയിലുള്ള വ്യാപാരികൾ, പണമിടപാടുകാർ കലാപ്രകടനക്കാർ, ജ്യോത്സ്യന്മാർ തുടങ്ങിയ പല വിഭാഗങ്ങൾ ആഴ്ചച്ചന്തയിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. ഇത്തരത്തിലുള്ള വിപണികൾ വ്യത്യസ്ത മേഖലകളിലേ



യും, പ്രദേശങ്ങളിലേയും സമ്പദ്‌വ്യവസ്ഥകളെ പരസ്പരം കൂട്ടിയിണക്കുന്നു. അവയെ ദേശീയ സമ്പദ്‌വ്യവസ്ഥയുമായും പട്ടണങ്ങളുമായും, മെട്രോ പൊളിറ്റൻ കേന്ദ്രങ്ങളുമായും അത് ബന്ധിപ്പിക്കുന്നു.

ഗോത്രവർഗ്ഗക്കാരുടെ ആഴ്ചച്ചന്തകൾ ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലും, നഗര പ്രദേശങ്ങളിലും സാധാരണമാണ്. സാധനങ്ങളും, സേവനങ്ങളും കൈമാറാനും, സാമൂഹ്യ സമ്പർക്കങ്ങൾക്കുമുള്ള മുഖ്യ ഉപാധിയാണ് ഈ ആഴ്ചച്ചന്തകൾ. ബന്ധുക്കളെ കണ്ടുമുട്ടാനും, വിവാഹങ്ങൾ ഏർപ്പാടാക്കാനും, പരദൂഷണം പറയാനുമൊക്കെയാണ് അവർ വിപണികൾ സന്ദർശിക്കുന്നത്.

കൊളോണിയൽ ഭരണം ആഴ്ചച്ചന്തകളുടെ രൂപത്തിന് മാറ്റങ്ങൾ വരുത്തി. റോഡുകൾ നിർമ്മിച്ചുകൊണ്ട് ഗോത്രവർഗ്ഗക്കാരെ ദേശീയ സമ്പദ്ഘടനയുമായി സംയോജിപ്പിക്കാൻ ഭരണകർത്താക്കൾ ശ്രമിച്ചു. ഗോത്രവർഗ്ഗക്കാരുടെ പ്രദേശങ്ങളിലെ സമ്പന്നമായ വനവിഭവങ്ങളും, ധാതുക്കളും ചൂഷണം ചെയ്യാൻ കൊളോണിയൽ ഭരണാധികാരികൾ ശ്രമിച്ചു. ഇതിനെതിരെ ഉയർന്ന ഗോത്രകലാപങ്ങളെ ബ്രിട്ടീഷുകാർ അടിച്ചമർത്തി. ഗോത്ര പ്രദേശങ്ങൾ തുറക്കപ്പെട്ടതോടെ കച്ചവടക്കാരും, പണമിടപാടുകാരും ഗോത്രേതര ജനങ്ങളും ഈ പ്രദേശങ്ങളിലേക്ക് എത്താൻ തുടങ്ങി.

പുറമേ നിന്നെത്തിയ ജനങ്ങൾ വനവിഭവങ്ങൾ വിലയ്ക്കു വാങ്ങുകയും അവരുടെ ഉത്പന്നങ്ങൾ ഗോത്രവർഗക്കാർക്ക് വിൽക്കുകയും ചെയ്തു. ഇതോടെ പണം ഗോത്ര വ്യവസ്ഥയിലേക്ക് പ്രവേശിക്കുകയും. പ്രാദേശിക ഗോത്ര സമ്പദ്‌വ്യവസ്ഥ മാറ്റങ്ങൾക്കു വിധേയമാവുകയും ചെയ്തു.

കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയൊട്ടാകെ ധാരാളം തോട്ടങ്ങളും, ഖനികളും സ്ഥാപിക്കപ്പെട്ടിരുന്നു. ഇവിടെ പണിയെടുക്കുന്നതിനായി ഗോത്രവർഗക്കാരെ തൊഴിലാളികളായി നിയമിച്ചു. ഗോത്രവർഗക്കാരായ തൊഴിലാളികൾക്കുവേണ്ടി ക്രമേണ ഒരു കമ്പോളവും ഉയർന്നുവന്നു. ഈ മാറ്റങ്ങൾ പ്രാദേശിക ഗോത്രസമ്പദ്‌വ്യവസ്ഥയെ പാടെ മാറ്റി മറിച്ചു. ആദിവാസികൾക്ക് അവരുടെ സർവതും നഷ്ടപ്പെടാൻ തുടങ്ങി.

ബസ്താർ ജില്ലയിലെ ആഴ്ചചന്തകളെക്കുറിച്ചുള്ള പഠനം ഈ മാറ്റങ്ങൾ നമുക്ക് കാണിച്ചുതരുന്നു. ഗോണ്ടുകൾ (Gonds) എന്ന ഗോത്രവിഭാഗമാണ് ബസ്താർ ജില്ലയിൽ താമസിക്കുന്നത്. ബസ്താറിലെ ആഴ്ചച്ചന്ത തദ്ദേശീയരേയും, ഗോത്ര ജനതയേയും, ഗോത്രേതരരേയും, വനപാലകരേയും പുറത്തുനിന്നുള്ളവരേയും ആകർഷിച്ചുപോന്നു. പലതരം ഉല്പന്നങ്ങളും, വസ്തുക്കളും ചന്തയിൽ കൈമാറ്റം ചെയ്യപ്പെടുന്നു. ഗോത്രവർഗക്കാർ കൊണ്ടുവരുന്ന വനോല്പന്നങ്ങൾ കച്ചവടക്കാർ വാങ്ങിക്കുകയും നഗരത്തിൽ കൊണ്ടുപോയി കൂടുതൽ വിലയ്ക്ക് വിറ്റഴിക്കുകയും ചെയ്യുന്നു.

ആഴ്ച ചന്തകളുടെ സാമൂഹ്യ പ്രാധാന്യം എന്താണ്?

ദൊരൈ ഗ്രാമത്തിൽ പഠനം നടത്തിയ നരവംശശാസ്ത്രജ്ഞനായ ആൽഫ്രഡ് ഗെൽ (Alfred Gell) വിപണിയുടെ സാമൂഹ്യ പ്രാധാന്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. സാമ്പത്തിക പ്രവർത്തനങ്ങളെക്കാൾ ഉപരിയായ പ്രാധാന്യം വിപണികൾക്കുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആ പ്രദേശത്തെ സാമൂഹ്യവിഭാഗങ്ങൾക്കിടയിലുള്ള ശ്രേണീക്രമം വിപണിയിലും പ്രതിഫലിക്കുന്നു. സമ്പന്നരും ഉയർന്ന പദവിക്കാരുമായ രജപുത്ര ആഭരണ വ്യാപാരികളും, ഇടത്തരം പദവിയുള്ള പ്രാദേശിക ഹിന്ദു വ്യാപാരികളും വിപണിയുടെ കേന്ദ്രസ്ഥാനങ്ങൾ കച്ചവടമാക്കിയിരിക്കുന്നു.അതേ സമയം പച്ചക്കറികളും, മൺപാത്രങ്ങളും വിൽക്കുന്ന ഗോത്രവർഗക്കാർക്ക് ചന്തയുടെ കേന്ദ്രഭാഗത്തിന് പുറത്താണ് ഇടം ലഭിക്കുക.

**ദൊരെയിലെ വിപണിയുടെ രൂപരേഖ**

- ഗോത്രവർഗക്കാർ
- ഗോത്രവർഗക്കാർ

**ഉയർന്ന പദവിക്കാരായ രജപുത്ര ആഭരണവ്യാപാരികൾ**

**ഇടത്തരം പദവികളിലുള്ള ഹിന്ദു വ്യാപാരികൾ**

- ഗോത്രവർഗക്കാർ
- ഗോത്രവർഗക്കാർ

സാമൂഹ്യബന്ധങ്ങളിലെ ശ്രേഷ്ഠതയും വിപണിയിൽ പ്രതിഫലിക്കപ്പെടുന്നുണ്ട്. വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സാധനങ്ങളുടെ തരങ്ങൾ, ഇടപാടുകൾ നടത്തുന്ന രീതി എന്നിവയിലൂടെയാണ് ഇത് പ്രകടിപ്പിക്കപ്പെടുന്നത്.

### പഠനപ്രവർത്തനം

*നിങ്ങളുടെ പരിസരത്തുള്ള ഒരു ആഴ്ചചന്ത സന്ദർശിക്കുക. അവിടെ നടക്കുന്ന സാമൂഹ്യ, സാമ്പത്തിക ക്രയവിക്രയങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ഒരു ക്ലാസ് റൂം ചർച്ച നടത്തുക.*

### പഠനപുരോഗതി വിലയിരുത്താം

5. ഛത്തീസ്ഗഢിലെ ബസ്താർ ജില്ലയിലെ ദൊരൈ ഗ്രാമത്തിലെ ആഴ്ചതോറുമുള്ള ഗോത്ര വിപണിയുടെ പ്രത്യേകതകൾ എന്തെല്ലാം?
6. ഛത്തീസ്ഗഢിലെ ദൊരൈ വില്ലേജിലെ ആഴ്ചചന്തയെക്കുറിച്ച് പഠനം നടത്തിയതാര്?

## ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിയടിസ്ഥാനത്തിലുള്ള വിപണികളും വ്യാപാരശൃംഖലകളും - കോളനി ഭരണകാലത്തും, അതിനുമുൻപും (Caste based Markets and Networks in Pre-colonial and Colonial India)

കോളനിവാഴ്ചയ്ക്കു മുൻപുള്ള ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയും സമൂഹവും എങ്ങനെയുള്ളതായിരുന്നു?

പരമ്പരാഗത ഇന്ത്യയിലെ സമ്പദ്‌വ്യവസ്ഥയും സമൂഹവും 'മാറ്റമില്ലാത്ത' ഒന്നായിരുന്നുവെന്ന് പാശ്ചാത്യ ചിന്തകർ വാദിക്കുന്നു. എന്നാൽ പുരാതന ഇന്ത്യയിൽ സ്വയം പര്യാപ്തമായ അനേകം ഗ്രാമസമുദായങ്ങൾ ഉണ്ടായിരുന്നു. രൂപയുടെ കമ്പോളേതര കൈമാറ്റമായിരുന്നു അവരുടെ സമ്പദ്‌വ്യവസ്ഥയുടെ അടിസ്ഥാനമെന്നും മറ്റൊരു വാദമുണ്ട്.

കോളനിവാഴ്ചക്കാലത്തെ സമ്പദ്‌വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?

കോളനിവാഴ്ച സ്ഥാപിക്കപ്പെട്ടതോടെ വാണിജ്യത്തിലും, പണത്തിലും, വിപണിയിലും പുതിയ ഒരു സമ്പദ്‌വ്യവസ്ഥ വളർന്നുവന്നു. ഇതോടെ സ്വയം പര്യാപ്ത ഗ്രാമങ്ങൾ തകരുകയും ചെയ്തു.

കോളനിവാഴ്ചയുടെ തൊട്ടുമുൻപു തന്നെ ഭൂനികുതി പണമായി ഈടാക്കുന്ന സമ്പ്രദായം ഇന്ത്യയിൽ ആരംഭിച്ചിരുന്നുവെന്ന് പുതിയ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ഇന്ത്യയിലെ വ്യാപാര സമുദായങ്ങൾക്ക് അഥവാ ജാതികൾക്ക് അവരുടേതായ ബാങ്കിങ് വായ്പാസമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. വായ്പയ്ക്കും, കൈമാറ്റത്തിനും വേണ്ടി അവർ ഹുണ്ടി (Hundi) അഥവാ കൈമാറ്റരേഖ (bill of exchange) ഉപയോഗിച്ചിരുന്നു. ഇത് ക്രെഡിറ്റ് നോട്ടുപോലെയുള്ള ഒരു പ്രമാണമായിരുന്നു. ദൂരദേശ വ്യാപാരത്തിൽ ഏർപ്പെടാൻ ഇത് വ്യാപാരികളെ സഹായിച്ചു.




ഇന്ത്യയിലെ തദ്ദേശീയ വ്യാപാര ശൃംഖലകൾ എങ്ങനെയാണ് സംഘടിപ്പിച്ചിരുന്നത്? എങ്ങനെയാണ് അവ പ്രവർത്തിച്ചിരുന്നത്?

നാട്ടുകോട്ടെ ചെട്ട്യാർമാർ തമിഴ്നാട്ടിലെ പ്രശസ്തമായ ഒരു വാണിജ്യ സമുദായമായിരുന്നു. അവർക്ക് ജാതിയെ അടിസ്ഥാനമാക്കിയുള്ള ഒരു ബാങ്കിങ് സമ്പ്രദായവും വിപുലമായൊരു വ്യാപാര ശൃംഖലയും ഉണ്ടായിരുന്നു. അവരുടെ ജാതിയും, ബന്ധുത്വവും, കുടുംബവുമെല്ലാം വാണിജ്യപ്രവർത്തനങ്ങളോട് വലിയ ആഭിമുഖ്യം കാണിച്ചിരുന്നു. അവരുടെ ബാങ്കുകൾ കൂട്ടുകുടുംബ സ്ഥാപനങ്ങൾ ആയിരുന്നു. നഗരത്താർമാരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ ഒരു തരത്തിലുള്ള തദ്ദേശീയ മുതലാളിത്തമായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

### പഠനപുരോഗതി വിലയിരുത്താം

7. കോളനി ഭരണകാലത്ത് ജാതിയടിസ്ഥാനത്തിൽ നിലനിന്നിരുന്ന ബാങ്കിങ് സമ്പ്രദായത്തിന് ഉദാഹരണം കണ്ടെത്തുക.

8. നഗരത്താർമാരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ ഒരു തരത്തിലുള്ള തദ്ദേശീയ മുതലാളിത്തമായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു. സമർത്ഥിക്കുക.

## വിപണികളുടെ സാമൂഹ്യ സംഘടന - പരമ്പരാഗത ബിസിനസ് സമുദായങ്ങൾ

## (Social organisation of Markets - Traditional Business Communities)

ജാതിവ്യവസ്ഥയും, സമ്പദ് വ്യവസ്ഥയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

ഭൂമിയുടെ ഉടമസ്ഥത, തൊഴിൽപരമായ വ്യത്യാസങ്ങൾ തുടങ്ങിയവയിലെല്ലാം അടുത്ത ബന്ധമുണ്ട്. ഉദാഹരണത്തിന് കൊളോണിയൽ കാലഘട്ടത്തിലെ ജന്മിമാരിൽ ഭൂരിഭാഗവും ഉയർന്ന ജാതിയിൽപ്പെട്ടവരുമായിരുന്നു.

ഓരോ സാമൂഹ്യവിഭാഗത്തിന്റേയും തൊഴിൽനിർണയിച്ചിരുന്നതിന്റെ അടിസ്ഥാനവും ജാതിയായിരുന്നു. ജാതിയും, സമ്പദ് വ്യവസ്ഥയും തമ്മിലുള്ള ബന്ധം വ്യാപാരം, വിപണി എന്നിവയുടെ കാര്യത്തിലും നിലനിൽക്കുന്നുണ്ട്.

നാലുവർണ്ണങ്ങളിലൊന്നായ വൈശ്യരുടെ പ്രധാന തൊഴിൽ വ്യാപാരമാണ്. വ്യാപാരം പരമ്പരാഗത തൊഴിലായി സ്വീകരിച്ച ധാരാളം വൈശ്യസമുദായങ്ങൾ ഇന്ത്യയിലുണ്ട്. പാർസികൾ, സിന്ധികൾ, സൊഹ്റകൾ, ജൈനന്മാർ തുടങ്ങിയവർ ഇന്ത്യയിലെ പരമ്പരാഗത ബിസിനസ്സ് സമുദായങ്ങളിൽപ്പെട്ടവരാണ്.

വാണിജ്യസമുദായങ്ങളിൽ ഉയർന്ന സമൂഹ്യ പദവി ഇല്ലാത്തവരും ഉണ്ടായിരുന്നു. ഉദാഹരണത്തിന് കൊളോണിയൽ കാലഘട്ടത്തിൽ ഉപ്പിന്റെ ദൂരദേശ വ്യാപാരം നിയന്ത്രിച്ചിരുന്നത് ഒരു താഴ്ന്ന 'ഗോത്ര' വിഭാഗമായ 'ബൻജാര' (Banjaras)കളാണ്.

ബിസിനസ്സ് മേഖലയിലെ ജാതിയടിസ്ഥാനത്തിലുള്ള സവിശേഷവൽക്കരണത്തിനുള്ള കാരണങ്ങൾ എന്തെല്ലാമായിരിക്കും?

ജാതിശൃംഖലയിലൂടെ, അല്ലെങ്കിൽ ബന്ധുത്വ ശൃംഖലയിലൂടെ വ്യാപാരവും, വാണിജ്യവും നടത്തിക്കൊണ്ടുപോകാൻ എളുപ്പമായിരുന്നു. ബിസിനസ്സുകാർ സാധാരണയായി സ്വന്തം സമുദായത്തിലുള്ളവരെ അല്ലെങ്കിൽ ബന്ധു വിഭാഗങ്ങളെയാണ് കൂടുതൽ വിശ്വസിക്കുക. ഇത് ചില ബിസിനസ് മേഖലകളിൽ ഒരു തരത്തിലുള്ള 'ജാതി കുത്തക' തന്നെ സൃഷ്ടിക്കുന്നു.

### പഠനപുരോഗതി വിലയിരുത്താം

9. പരമ്പരാഗത ബിസിനസ്സ് സമുദായത്തിന് ഒരു ഉദാഹരണം കണ്ടെത്തുക.

10. ചില ബിസിനസ്സ് മേഖലകളിൽ 'ജാതി കുത്തക' ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തുക.

11. കൊളോണിയൽ കാലഘട്ടത്തിൽ ഉപ്പിന്റെ ദൂരദേശ വ്യാപാരം നിയന്ത്രിച്ചിരുന്ന താഴ്ന്ന ഗോത്ര വിഭാഗം ഏത്?

## കോളനിവാഴ്ചയും പുതിയ വിപണികളുടെ ആവിർഭാവവും (Colonialism and the Emergence of New Markets)

കോളനി ഭരണം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തെല്ലാമാണ്?

ഉൽപാദനം, കൃഷി, വ്യാപാരം എന്നിങ്ങനെയുള്ള സമ്പദ്‌വ്യവസ്ഥയുടെ എല്ലാ മേഖലകളിലും കോളനിഭരണം മാറ്റങ്ങൾ കൊണ്ടുവന്നു.

- ഇന്ത്യയിലെ കൈത്തറി വ്യവസായങ്ങളെ കോളനിവാഴ്ച തകർത്തെറിഞ്ഞു.
- ഇന്ത്യൻ സമ്പദ് വ്യവസ്ഥ ലോക മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുമായി പൂർണമായും കൂട്ടിയിണക്കപ്പെട്ടു.
- വാണിജ്യ-വ്യാപാര രംഗത്തേക്ക് പുതിയ വിഭാഗങ്ങൾ (യൂറോപ്യന്മാർ) കടന്നുവന്നു.
- ഇന്ത്യയിൽ ഒരു കമ്പോളവ്യവസ്ഥ നിലവിൽവന്നു.

കോളനിഭരണം സൃഷ്ടിച്ച അവസരങ്ങൾ ഇന്ത്യയിലെ വാണിജ്യ സമുദായങ്ങൾ എങ്ങനെ മുതലെടുത്തു?

മാർവാഡികൾ ഇന്ത്യയിലെ ഏറ്റവും വ്യാപകവും പ്രശസ്തവുമായ ഒരു വാണിജ്യസമുദായമാണ്. കോളനി ഭരണകാലത്താണ് മാർവാഡികൾ വിജയകരമായ ഒരു വാണിജ്യസമുദായമായി മാറിയത്. വ്യാപാരവും പണവായ്പാ ബിസിനസും നടത്തിക്കൊണ്ടു പോകുന്നതിന് അവർ രാജ്യത്തുടനീളം താമസമാക്കി. പല മാർവാഡി കുടുംബങ്ങളും വ്യാപാരത്തിലൂടെ കണക്കറ്റ് പണം സമ്പാദിച്ചു. പണ വായ്പകൾ നൽകികൊണ്ട് ബാങ്കർമാരായി അവർ പ്രവർത്തിച്ചു. ചില മാർവാഡി കുടുംബങ്ങൾ ആധുനിക വ്യവസായികളായി മാറി.



ഇന്ത്യയിലെ വ്യവസായങ്ങളെ നിയന്ത്രിക്കുന്നവരിൽ മറ്റു സമുദായങ്ങളെക്കാൾ മുൻപന്തിയിൽ നിൽക്കുന്നത് മാർവാഡികൾ തന്നെയാണ്. സാമ്പത്തിക പ്രക്രിയകളിൽ സാമൂഹ്യപശ്ചാത്തലത്തിനുള്ള പ്രാധാന്യത്തെ ഇത് സൂചിപ്പിക്കുന്നു.

### പഠനപുരോഗതി വിലയിരുത്താം

12 വ്യാപകമായ സാമൂഹ്യശൃംഖലകൾ ഉപയോഗപ്പെടുത്തി പ്രശസ്തിയാർജ്ജിച്ച ഇന്ത്യയിലെ ബിസിനസ് സമുദായം ഏതാണ്?

13 സാമ്പത്തികപ്രക്രിയകളിൽ സാമൂഹ്യപശ്ചാത്തലത്തിനുള്ള പ്രാധാന്യത്തെ മാർവാഡികളുടെ ബിസിനസ് മേഖലയിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുക.

## മുതലാളിത്തം ഒരു സാമൂഹ്യവ്യവസ്ഥ എന്ന നിലയിൽ (Understanding Capitalism as a Social system)



മുതലാളിത്ത വ്യവസ്ഥിതിയെക്കുറിച്ച് കാൾ മാക്സിന്റെ കാഴ്ചപ്പാട് എന്താണ്?

കാൾമാക്സ് മുതലാളിത്ത വ്യവസ്ഥിതിയുടെ ശക്തനായ ഒരു വിമർശകനായിരുന്നു. മുതലാളിത്തത്തെ ഒരു ചൂഷക വ്യവസ്ഥിതിയായി ആണ് അദ്ദേഹം കണ്ടത്.

മുതലാളിത്തത്തെക്കുറിച്ച് കാൾമാക്സിന്റെ വിലയിരുത്തലുകൾ എന്തെല്ലാമെന്ന് നോക്കാം.

മുതലാളിത്തം ഒരു ചരക്കുൽപാദന വ്യവസ്ഥയാണ്. ഉൽപാദനം വിപണിയെ ലക്ഷ്യമാക്കിയുള്ളതാണ്.

എല്ലാ സാമ്പത്തിക വ്യവസ്ഥകളും സാമൂഹ്യ വ്യവസ്ഥകൾ കൂടിയാണ്. ഓരോ ഉൽപാദന രീതിയിലും പ്രത്യേക ഉൽപാദന ബന്ധങ്ങൾ ഉണ്ട്.

മുതലാളിത്ത ഉൽപാദന രീതിയിൽ അധ്വാനം തന്നെ ഒരു ചരക്കായി മാറുന്നു. ഇത് രണ്ട് പ്രധാന വർഗ്ഗങ്ങളുടെ ആവിർഭാവത്തിന് കാരണമാകുന്നു; മുതലാളി വർഗ്ഗവും തൊഴിലാളിവർഗ്ഗവും.

ഉൽപാദനോപാധികളുടെ ഉടമകളാണ് മുതലാളിവർഗ്ഗം. മുതലാളിമാർക്ക് തങ്ങളുടെ അധ്വാനം വിറ്റ് ജീവിക്കുന്നവരാണ് തൊഴിലാളി വർഗ്ഗം. ഒരു സാധനത്തിന് മൂല്യമുണ്ടാക്കുന്നത് തൊഴിലാളികളുടെ അധ്വാനമാണ്. തൊഴിലാളികൾക്ക് കുറഞ്ഞ കൂലി നൽകികൊണ്ട് തന്റെ ലാഭം പരമാവധി കൂട്ടാൻ മുതലാളി ശ്രമിക്കുന്നു. മുതലാളി വർഗ്ഗത്തിന്റെ ചൂഷണത്തിനെതിരെ തൊഴിലാളികൾ സംഘടിക്കുകയും ഒരു വിപ്ലവത്തിലൂടെ മുതലാളിത്തത്തിനെ ഇല്ലാതാക്കുകയും തുടർന്ന് ഒരു സോഷ്യലിസ്റ്റ് - കമ്യൂണിസ്റ്റ് സമൂഹം സ്ഥാപിക്കുകയും ചെയ്യുമെന്ന് മാക്സ് വിഭാവനം ചെയ്തു. മാക്സിന്റെ മുതലാളിത്തത്തെ കുറിച്ചുള്ള ഈ സിദ്ധാന്തം നിരവധി പുതിയ സിദ്ധാന്തങ്ങൾക്ക് വഴിതെളിച്ചു.

### പഠനപുരോഗതി വിലയിരുത്താം

15. "മുതലാളിത്ത ഉൽപാദന രീതിയിൽ അധ്വാനം തന്നെ ഒരു ചരക്കായി മാറുന്നു." എന്ന് പറഞ്ഞതാര്?

16. മുതലാളിത്തത്തെ ഒരു ചൂഷക വ്യവസ്ഥിതിയായി ചിത്രീകരിച്ചതാരാണ്?

## ചരക്കുവൽക്കരണവും ഉപഭോഗവും (Commoditisation and Consumption)

മുതലാളിത്ത സമൂഹത്തിന്റെ രണ്ട് സവിശേഷതകൾ കണ്ടെത്താമോ?

(1) ചരക്കുവൽക്കരണം

(2) ഉപഭോഗം

മുതലാളിത്തം ലോകമെമ്പാടും വളർന്നതോടെ വിപണികൾ എല്ലാ സ്ഥലങ്ങളിലേക്കും വ്യാപിക്കുവാൻ തുടങ്ങി. ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിപണികൾ കടന്നു വന്നു. ഇതോടെ ചരക്കുവൽക്കരണം എന്ന പ്രക്രിയയും ആരംഭിച്ചു.

എങ്ങനെയാണ് ചരക്കുവൽക്കരണം ഉണ്ടാകുന്നത്?

മുൻപ് വിപണികളിൽ കച്ചവടം ചെയ്യാതിരുന്ന സാധനങ്ങൾ, വിൽപന വസ്തുക്കൾ ആകുമ്പോഴാണ് ചരക്കുവൽക്കരണം സംഭവിക്കുന്നത്.

എന്താണ് ചരക്കുവൽക്കരണം എന്നത്കൊണ്ട് അർത്ഥമാക്കുന്നത്?

*ചരക്കല്ലാത്ത ഒരു വസ്തുവിനെ ചരക്കാക്കി മാറ്റുകയും, കമ്പോള വ്യവസ്ഥയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് ചരക്കുവൽക്കരണം എന്നു പറയുന്നത്.*

കുടിവെള്ളം പണ്ട് വിൽപനചരക്കായിരുന്നില്ല. ആരും കുടിവെള്ളം കച്ചവടം ചെയ്തിരുന്നില്ല. കുടിവെള്ളത്തെ കുപ്പിയിലാക്കി വിതരണം ചെയ്യുമ്പോൾ അത് ചരക്കായി മാറുന്നു. അതിന്റെ ചരക്കുവൽക്കരണം സംഭവിക്കുന്നു. അതുപോലെ അദ്ധ്വാനം, തൊഴിൽ നൈപുണി (Skill) എന്നിവ ആകർഷിക്കാനും വാങ്ങാനും വിൽക്കാനും കഴിയുന്ന വസ്തുക്കളായി മാറിക്കഴിഞ്ഞു.

ഉദാഹരണം :

(1) അദ്ധ്വാനത്തിന്റെ ചരക്കുവൽക്കരണം

(2) വൃക്ക വിൽപ്പനയെക്കുറിച്ചുള്ള വിവാദം

കമ്പോള കൈമാറ്റത്തിന്റെ ഭാഗമല്ലാതിരുന്ന പല വസ്തുക്കളും, പ്രക്രിയകളും ഇന്ന് ചരക്കുവൽക്കരിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, വിവാഹങ്ങൾ ഏർപ്പാടാക്കുന്നത് പ്രൊഫഷണൽ വിവാഹ ബ്യൂറോകളും, വെബ്സൈറ്റുകളുമാണ്. വ്യക്തിത്വ വികസനം, ഇംഗ്ലീഷ് സംസാരഭാഷ തുടങ്ങിയവ പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ മറ്റൊരുദാഹരണമാണ്.

ആധുനിക സമൂഹങ്ങളിൽ ഉപഭോഗത്തിന്റെ സാമൂഹ്യ പ്രാധാന്യമെന്താണ്?

ആധുനിക സമൂഹങ്ങളിൽ ഉപഭോഗം സാമൂഹ്യ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു. ഉപഭോക്താവ് ചില സാധനങ്ങൾ വാങ്ങുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നതുവഴി

തന്റെ സാമൂഹ്യ സാമ്പത്തിക പദവി വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. കമ്പനികൾ അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി പദവിയുടേയും സംസ്കാരത്തിന്റേയും പ്രതീകങ്ങൾ കാണിച്ച് ഉപഭോക്താവിനെ ആകർഷിക്കാനും ശ്രമിക്കുന്നു.

ജനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സാധനങ്ങൾ അവരുടെ സാമൂഹ്യ പദവിയുമായി ബന്ധപ്പെട്ടതാണെന്ന് ആദ്യമായി ചൂണ്ടിക്കാണിച്ചത് സമൂഹശാസ്ത്രജ്ഞനായ മാക്സ് വെബറാണ്. ഈ ബന്ധം വിശദീകരിക്കുന്നതിന് വേണ്ടി അദ്ദേഹം പദവി ചിഹ്നം (Status Symbol) എന്ന പദം രൂപീകരിക്കുകയുണ്ടായി. ജനങ്ങൾ കൊട്ടാരം പോലെയുള്ള വീടുകൾ പണിതുയർത്തുന്നതും, വില കൂടിയ കാറുകൾ വാങ്ങിക്കൂട്ടുന്നതും സാമൂഹ്യ പദവി പ്രദർശിപ്പിക്കുന്നതിനുള്ള അടയാളമാണ്.

## പഠനപുരോഗതി വിലയിരുത്താം

16. പദവി ചിഹ്നം എന്ന പദം രൂപീകരിച്ച സമൂഹശാസ്ത്രജ്ഞൻ?
17. ആധുനിക സമൂഹങ്ങളിൽ സാമൂഹ്യ വ്യത്യാസങ്ങൾ സൃഷ്ടിക്കുന്ന ഘടകം ഏത്?
18. മുതലാളിത്ത സമൂഹത്തിന്റെ രണ്ട് സവിശേഷതകൾ ഏതെല്ലാം?
19. ചരക്കുവൽക്കരണം എന്നാലെന്ത്? ഉദാഹരണ സഹിതം വ്യക്തമാക്കുക.
20. ചരക്കുവൽക്കരണത്തിന്റെ ദോഷഫലങ്ങൾ കണ്ടെത്തുക.

## ആഗോളവൽക്കരണം - പ്രാദേശികവും, മേഖലാപരവും, ദേശീയവും, അന്തർദേശീയവുമായ വിപണികളുടെ കൂട്ടിയിണക്കൽ (Globalisation - Inter linking of Local, Regional, National and International Markets)

ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ഒരു പുത്തൻ സാമ്പത്തിക നയത്തിന് 1980-കളിൽ ഇന്ത്യാ ഗവൺമെന്റ് രൂപം നൽകി. ഇതോടെ വികസന പ്രവർത്തനങ്ങളുടെ നേതൃത്വത്തിൽ നിന്ന് ഗവൺമെന്റ് പിന്മാറി. പൊതുമേഖലയുടെ പ്രാധാന്യം നഷ്ടപ്പെട്ടു. ഉദാരവൽക്കരണനയങ്ങളും, വിപണിയും സമ്പദ്വ്യവസ്ഥയുടെ പ്രധാന ഘടകങ്ങളായി മാറി. ഇന്ത്യയിൽ ആഗോളവൽക്കരണത്തിന്റെ ഒരു കാലഘട്ടത്തിന് തുടക്കം കുറിക്കപ്പെട്ടു.



എന്താണ് ആഗോളവൽക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

ലോകം മുഴുവൻ പരസ്പരം കൂട്ടിയിണക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തെയാണ് ആഗോളവൽക്കരണകാലം എന്നു പറയുന്നത്. സാമ്പത്തി

കമായും, രാഷ്ട്രീയമായും, സാംസ്കാരികമായും ലോകം കൂട്ടിയിണക്കപ്പെടുന്നു. ഈ പരസ്പര ബന്ധമാണ് ആഗോളവൽക്കരണത്തിന്റെ മുഖമുദ്ര. ഇതിലൂടെ ലോകം ഒരു ആഗോള സമുദായമായി മാറുന്നു.

ആഗോളവൽക്കരണത്തിൽ ധാരാളം പ്രവണതകൾ ഉണ്ട്.

(1) ചരക്കുകൾ, പണം, വിവരങ്ങൾ, ജനങ്ങൾ എന്നിവയുടെ പ്രവാഹത്തിലുള്ള വർദ്ധനവ്

(2) സാങ്കേതികവിദ്യ, അന്തർഘടന എന്നിവയുടെ വികാസം.

(3) വിപണിയുടെ വ്യാപനവും സംയോജനവും.

ആഗോളവൽക്കരണത്തിന്റെ ഫലമായി വിപണികൾ വൻതോതിൽ വ്യാപിച്ചു. കൂടാതെ, ലോകത്തിലെ വിപണികളെല്ലാം പരസ്പരം കൂട്ടിയിണക്കപ്പെടുകയും ചെയ്തു. ഇതോടെ ലോകത്തിലെ ഏതെങ്കിലുമൊരു ഭാഗത്തുണ്ടാകുന്ന വിപണിയിലെ മാറ്റം മറ്റുഭാഗങ്ങളിൽ പ്രതിഫലിക്കാൻ തുടങ്ങി. ഉദാഹരണത്തിന്, 2001 സെപ്റ്റംബർ 9-ന് ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിലുണ്ടായ ഭീകരാക്രമണത്തെ തുടർന്ന് അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ വൻ തകർച്ചയുണ്ടായി. ഇത് ഇന്ത്യൻ സോഫ്റ്റ്വെയർ വ്യവസായത്തെ മോശമായി ബാധിച്ചു. മാത്രമല്ല, ഇന്ത്യയിലെ ബിസിനസ് തൊഴിൽ മേഖലകളിൽ അത് വൻ നഷ്ടത്തിന് കാരണമായി. അനേകം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. സോഫ്റ്റ്‌വെയർ സേവന വ്യവസായങ്ങൾ, കോൾ സെന്റർ പോലെയുള്ള ബി.പി.ഒ (Business Process Outsourcing) വ്യവസായങ്ങൾ എന്നിവയിലൂടെയാണ് ഇന്ത്യ ആഗോളസമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നത്.

### പഠനപുരോഗതി വിലയിരുത്താം

21. ആഗോളവൽക്കരണത്തിന്റെ പ്രവണതകൾ ഏതെല്ലാം?

22. സാമ്പത്തികമായും, രാഷ്ട്രീയമായും, സാംസ്കാരികമായും ലോകം കൂട്ടിയിണക്കപ്പെടുന്ന പ്രക്രിയയെ എന്തു വിളിക്കാം?

23. ലോകത്തിലെ ഏതെങ്കിലുമൊരു ഭാഗത്തുള്ള വിപണിയിലെ മാറ്റം മറ്റു ഭാഗങ്ങളിൽ പ്രതിഫലിച്ചതിന് ഒരു ഉദാഹരണം എഴുതുക.

## വെർച്വൽ വിപണി (Virtual Market)




ആഗോളവൽക്കരണകാലത്ത് പണവും, സാധനങ്ങളും ജനങ്ങളും മാത്രമല്ല പ്രവഹിക്കുന്നത്, ഒപ്പം സാംസ്കാരിക ഉൽപന്നങ്ങളും പ്രവഹിക്കുന്നു. പുതിയ കൈമാറ്റ മേഖലകൾ, പുതിയ വിപണികൾ എന്നിവയും സൃഷ്ടിക്കപ്പെടുന്നു. മുൻപ് വിപണിക്കു പുറത്തു നിന്നിരുന്ന സേവനങ്ങൾ, ഉൽപന്നങ്ങൾ, സാംസ്കാരിക ഘടകങ്ങൾ എന്നിവ വിപണിക്കക

ത്തേയ്ക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഉദാഹരണത്തിന് ഇന്ത്യൻ ആത്മീയതയും, യോഗ, ആയുർവേദം തുടങ്ങിയ സമ്പ്രദായങ്ങളും പാശ്ചാത്യ രാജ്യങ്ങളിൽ വിൽപന ചരക്കായിത്തീർന്നു.

അന്തർദേശീയ വിനോദസഞ്ചാരത്തിനുള്ള വിപണി ഇപ്പോൾ അതിവേഗം വളർന്നു കൊണ്ടിരിക്കുകയാണ്. സംസ്കാരം എങ്ങനെ ഒരു വിൽപ്പന ചരക്കാകുന്നു എന്ന തിന്റെ ഉദാഹരണമാണത്. രാജസ്ഥാനിലെ പുഷ്ക്കറിലെ പ്രസിദ്ധമായ വാർഷിക ചന്തയിലേയ്ക്ക് ഒട്ടകങ്ങളേയും മറ്റു വളർത്തുമൃഗങ്ങളേയും, വാങ്ങുന്നതിനും, വിൽക്കു ന്നതിനുമായി ധാരാളം ഇടയന്മാരും, വ്യാപാരികളും ദൂരദേശങ്ങളിൽ നിന്നുവരുന്നു. പുഷ്കറിലെ മേളയ്ക്ക് അത്രയും വലിയ സാമൂഹ്യ-സാമ്പത്തിക പ്രാധാന്യം ഉണ്ട്. പുഷ്കറിലെ വാർഷികമേള വിനോദ സഞ്ചാരികളേയും ആകർഷിക്കുന്നു. ഒരു പ്രധാന ടൂറിസ്റ്റ് ആകർഷണ കേന്ദ്രം എന്ന നിലയിൽ ഈ മേളയെ അന്തർദേ ശീയ തലത്തിൽ വിപണനം ചെയ്തുവരികയാണ്. ഹിന്ദുക്കളുടെ ഒരു പ്രധാന ഉത്സ വമായ 'കാർത്തിക പൂർണ്ണിമ'യ്ക്ക് തൊട്ടു മുൻപാണ് ഈ മേള നടക്കുന്നത്. ഉത്സവ ത്തോടനുബന്ധിച്ച് ധാരാളം തീർത്ഥാടകർ പുഷ്കറിലെ പുണ്യതടാകത്തിൽ സ്നാനം ചെയ്യാൻ എത്തുന്നു. ഇവിടെ വളർത്തുമൃഗങ്ങളും പണവും മാത്രമല്ല സാംസ്കാരിക ചിഹ്നങ്ങളും മതമേന്മകളും കൈമാറ്റം ചെയ്യപ്പെടുന്നു.



## പഠനപുരോഗതി വിലയിരുത്താം

24. രാജസ്ഥാനിലെ വാർഷിക ചന്തയുടെ സാമൂഹ്യ സാമ്പത്തിക പ്രാധാന്യത്തെ ക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

## ഉദാരവൽക്കരണത്തോടുള്ള രാഷ്ട്രത്തിന്റേയും വിപണിയുടേയും സമീപന വൈരുദ്ധ്യങ്ങൾ : ഒരു സംവാദം

## (Debate on Libaralisation- Market versus state)

ഇന്ത്യയിൽ 1980കളുടെ അവസാനത്തോടെ ആരംഭിച്ച ഉദാരവൽക്കരണ നയമാണ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ആഗോളവൽക്കരണത്തിന് തുടക്കം കുറിച്ചത്.

**ഉദാരവൽക്കരണത്തിൽ ഉൾപ്പെട്ട നയങ്ങൾ**

- പൊതുമേഖലാ സംരംഭങ്ങളെ സ്വകാര്യവൽക്കരിക്കുക.
- മൂലധനം, തൊഴിൽ, വ്യാപാരം എന്നിവയുടെ മേലുള്ള നിയന്ത്രണങ്ങളിൽ അയവുവരുത്തുക.

- ഇറക്കുമതി തീരുവകളും, ചുങ്കങ്ങളും, കുറയ്ക്കുക.
- വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാൻ അനുവാദമേകുക.

ഉദാരവൽക്കരണനയങ്ങളുടെ മറ്റൊരു പേരാണ് കമ്പോളവൽക്കരണം (Marketisation)

*വിപണികൾ ഉപയോഗിച്ച് സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെയാണ് കമ്പോളവൽക്കരണം എന്നു പറയുന്നത്.*

കമ്പോളവൽക്കരണത്തിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുന്നു?

- സാമ്പത്തിക നിയന്ത്രണങ്ങൾ കുറയ്ക്കുകയോ, ഒഴിവാക്കുകയോ ചെയ്യുക
- വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കുക.
- വേതനങ്ങൾക്കും വിലകൾക്കും മേലുള്ള ഗവൺമെന്റ് നിയന്ത്രണം നീക്കം ചെയ്യുക തുടങ്ങിയവയാണ് കമ്പോളവൽക്കരണത്തിൽ ഉൾപ്പെടുന്നത്.

ഉദാരവൽക്കരണവും, കമ്പോളവൽക്കരണവും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്?

- സാമ്പത്തിക വളർച്ചയെ അത് ഉത്തേജിപ്പിക്കുകയും ഇന്ത്യൻ വിപണികളെ വിദേശ കമ്പനികൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു.
- രാജ്യത്ത് വിദേശ നിക്ഷേപങ്ങൾ വർദ്ധിച്ചു.
- പൊതുകമ്പനികളുടെ സ്വകാര്യവൽക്കരണം.

ഇന്ത്യൻ വ്യവസായത്തിലെ ചില മേഖലകൾക്ക് ആഗോളവൽക്കരണം പ്രയോജനപ്പെട്ടു. സോഫ്റ്റ്‌വെയർ വ്യവസായം, വിവര സാങ്കേതിക വിദ്യ, മത്സ്യകൃഷി, പഴകൃഷി എന്നിവയ്ക്ക് ആഗോള വിപണിയിൽ പ്രവേശിക്കാനും നേട്ടങ്ങളുണ്ടാക്കാനും കഴിഞ്ഞു. അതേസമയം ഓട്ടോ മൊബൈൽസ്, ഇലക്ട്രോണിക്സ്, എണ്ണക്കുരുക്കൾ എന്നീ മേഖലകൾ വിദേശ ഉൽപാദകരുമായി മത്സരിക്കാൻ കഴിയാതെ തകർന്നടിഞ്ഞു.

ഇന്ത്യൻ കർഷകർ വിദേശ രാജ്യത്തിലെ കർഷകരിൽ നിന്നും കടുത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുകയാണ്. വിദേശത്തു നിന്ന് കാർഷികോൽപന്നങ്ങൾ ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതാണ് ഇതിനു കാരണം. മുൻപൊക്കെ താങ്ങുവില പ്രഖ്യാപിച്ചും, സബ്സിഡി നൽകിയും ഇന്ത്യയിലെ കർഷകരെ ലോക വിപണിയിലെ മത്സരത്തിൽ നിന്ന് ഗവൺമെന്റ് സംരക്ഷിച്ചിരുന്നു. ഇപ്പോൾ ഗവൺമെന്റ് താങ്ങുവിലയും സബ്സിഡികളും കുറച്ചുകൊണ്ടുവരികയോ, പിൻവലിക്കുകയോ ചെയ്തുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്ന കർഷകരുടെ ആത്മഹത്യയ്ക്ക് ഇതാണ് കാരണം. അങ്ങനെ കർഷകർ ആഗോളവൽക്കരണത്തിന്റെ ഇരകളായിത്തീർന്നു.

ആഗോളവൽക്കരണം ചെറുകിട നിർമ്മാതാക്കളേയും കച്ചവടക്കാരേയും സാരമായി ബാധിച്ചു. വിപണിയിൽ അവർക്ക് കടുത്ത മത്സരം നേരിടേണ്ടിവന്നു.

സ്വകാര്യവൽക്കരണം അഥവാ പൊതുമേഖലാ സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ ചില മേഖലകളിൽ വൻതോതിലുള്ള തൊഴിൽ നഷ്ടം വരുത്തിവെച്ചു. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇത് അസംഘടിത മേഖലകളിലെ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിന് ഇടവരുത്തി.

## പഠനപുരോഗതി വിലയിരുത്താം

25. ഉദാരവൽക്കരണത്തെ വിശദമാക്കുക.
26. ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും സ്വാധീനം വിലയിരുത്തുക.

## സംഗ്രഹം

- സമകാലിക ഇന്ത്യയിൽ പലതരത്തിലുള്ള വിപണികൾ ഉണ്ട്.
- ഗ്രാമങ്ങളിലെ ആഴ്ചചന്തകൾ മുതൽ വലിയ സ്റ്റോക്ക് എക്സ്ചേഞ്ചുകൾ വരെ നമ്മുടെ രാജ്യത്ത് സജീവമാണ്.
- ഈ വിപണികളെല്ലാം സാമൂഹ്യസ്ഥാപനങ്ങളാണ്.
- സാമൂഹ്യഘടനയുടെ ഭാഗങ്ങളായ ജാതി, വർഗ്ഗം എന്നിവയുമായി പലവിധത്തിൽ വിപണികൾ ബന്ധപ്പെട്ടുകിടക്കുന്നു.
- കൈമാറ്റത്തിന് പുറകിൽ സാമ്പത്തിക ഉദ്ദേശങ്ങൾ മാത്രമല്ല, അവയ്ക്ക് സാമൂഹ്യവും പ്രതീകാത്മകവുമായ പ്രാധാന്യവും ഉണ്ട്.
- ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഉദാരവൽക്കരണവും ആഗോളവൽക്കരണവും മുഖേന സാധനങ്ങളും, സേവനങ്ങളും കൈമാറ്റം ചെയ്യപ്പെടുന്ന രീതികൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.
- സാധനങ്ങളും, സേവനങ്ങളും, സാംസ്കാരിക ചിഹ്നങ്ങളും, പണവുമെല്ലാം 'ഓൺലൈൻ' വഴി കൈമാറ്റം ചെയ്യപ്പെടുന്നു.

## തുടർമൂല്യനിർണയ സാധ്യതകൾ

**പ്രക്രിയ വിലയിരുത്തൽ**

- പ്രവർത്തനങ്ങളുടെ ആസൂത്രണം, ദത്തശേഖരണം, അവതരണം എന്നിവ വിലയിരുത്തുന്നു.

## പോർട്ട്ഫോളിയോ വിലയിരുത്തൽ

- പഠനപ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലുകൾ വിലയിരുത്തുന്നു.

**യൂണിറ്റ് വിലയിരുത്തൽ**

- ചോദ്യാവലി തയാറാക്കി ഉത്തരങ്ങൾ എഴുതുന്നത് വിലയിരുത്തുന്നു.

| സ്വയം വിലയിരുത്തൽ ചെക്ക്ലിസ്റ്റ് | | | |
|---|---|---|---|
| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
| • ആഡംസ്മിത്ത് അവതരിപ്പിച്ച അദൃശ്യകരം എന്ന ആശയത്തെ വിവരിക്കാൻ | | | |
| • സമൂഹശാസ്ത്രത്തിന്റേയും, സാമ്പത്തികശാസ്ത്രത്തിന്റേയും, കാഴ്ചപ്പാടിൽ വിപണി എന്ന ആശയത്തെ വിശകലനം ചെയ്യാൻ. | | | |
| • ആഴ്ചച്ചന്തകളെ ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ വിവരിക്കാൻ | | | |
| • കോളനി ഭരണത്തിനു മുൻപും, കോളനി ഭരണകാലത്തുമുണ്ടായിരുന്ന ജാതി അടിസ്ഥാനമാക്കിയുള്ള വിപണികളേയും, വാണിജ്യ ശൃംഖലകളേയും വിശകലനം ചെയ്യാൻ | | | |
| • തദ്ദേശീയ മുതലാളിത്തത്തെ ഉദാഹരണ സഹിതം വിശദമാക്കാൻ | | | |
| • ഇന്ത്യൻ വിപണിയിൽ പരമ്പരാഗത ബിസിനസ്സ് സമുദായങ്ങളുടെ പങ്കിനെക്കുറിച്ചും, അവയുടെ പ്രകൃതത്തേയും തിരിച്ചറിയാൻ | | | |
| • പുതിയ വിപണികളുടെ ആവിർഭാവത്തെക്കുറിച്ചും, ഇന്ത്യൻ വിപണിയിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നതിൽ കോളനിവാഴ്ചയുടെ പങ്കിനെക്കുറിച്ചും ചർച്ച ചെയ്യാൻ. | | | |
| • ആധുനിക ജീവിതത്തിൽ ചരക്കുവൽക്കരണത്തിന്റേയും, ഉപഭോഗത്തിന്റേയും സാമൂഹികവും, സാംസ്കാരികവുമായ പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാക്കാൻ. | | | |
| • ആഗോളവൽക്കരണ കാലത്ത് പണവും സാധനങ്ങളും, ജനങ്ങളും, സംസ്കാരവും എങ്ങനെ പ്രവഹിക്കുന്നു എന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ | | | |
| • ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ ഉദാരവൽക്കരണ നയങ്ങളുടെ സ്വാധീനം വിലയിരുത്താൻ | | | |

## പഠനപുരോഗതി വിലയിരുത്താം-ഉത്തരസൂചിക

1. രാഷ്ട്രീയ ധനശാസ്ത്രം
2. The Wealth of Nations
3. വ്യക്തികൾ അവരുടെ സ്വാർത്ഥലാഭത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ അത് സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും കൂടുതൽ സമ്പത്തുണ്ടാക്കുകയും ചെയ്യുമെന്ന് ആഡംസ്മിത്ത് സമർത്ഥിച്ചു.

4. രാഷ്ട്രത്തിന്റെയോ, മറ്റേതെങ്കിലും ഏജൻസികളുടെയോ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളുമില്ലാത്ത വിപണിയെയാണ് ലെസ്സേഫെയർ എന്നു പറയുന്നത്.

5. ആഴ്ചച്ചന്തയിലെ മുഖ്യ വാങ്ങലുകാർ (buyers) ആദിവാസികളും, വിൽപനക്കാർ ഹിന്ദു വ്യാപാരികളുമാണ്. സാമൂഹ്യവിഭാഗങ്ങൾക്കിടയിലുള്ള ജാതിയുടെ അടിസ്ഥാനത്തിലുള്ള വലുപ്പച്ചെറുപ്പങ്ങൾ വിപണിയിലും കാണാൻ കഴിയും. ഓരോ സാമൂഹ്യ വിഭാഗത്തിലും വിപണി യിലെ ഇടം ലഭിക്കുന്നത് ജാതിശ്രേണിയിലും, സാമൂഹ്യ ശ്രേണിയിലും അവർക്കുള്ള സ്ഥാനത്തിന്റെ അടിസ്ഥാനത്തിലാണ്.

6. ആൽഫ്രഡ് ഗെൽ

7. നാട്ടുകോട്ടൈ ചെട്ട്യാർമാരുടെ ബാങ്കിംങ് സമ്പ്രദായം

8. നഗരത്താൻമാരുടെ ബാങ്കുകൾ കൂട്ടുകുടുംബസ്ഥാപനങ്ങൾ ആയിരുന്നു. വാണിജ്യ-ബാങ്കിങ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നതും ജാതി ബന്ധങ്ങളിലൂടെയും ബന്ധുത്വ – ബന്ധങ്ങളിലൂടെയുമാണ്. അതിനാൽ നഗരത്താൻമാരുടെ സാമ്പത്തിക പ്രവർത്ത്നങ്ങൾ ഒരു തരത്തിലുള്ള തദ്ദേശീയ മുതലാളിത്തമായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

9. വൈശ്യർ

10. ജാതി ശൃഖലയിലൂടെ, അല്ലെങ്കിൽ ബന്ധുത്വ ശൃംഖലയിലൂടെ വ്യാപാരവും വാണിജ്യവും നടത്തിക്കൊണ്ടു പോകാൻ എളുപ്പമായിരുന്നു. ബിസിനസുകാർ സാധാരണയായി സ്വന്തം സമുദായത്തിലുള്ളവരെ അല്ലെങ്കിൽ ബന്ധുവിഭാഗങ്ങളെയാണ് കൂടുതൽ വിശ്വസിക്കുക. ഇത് ചില ബിസിനസ് മേഖലകളിൽ ഒരു തരത്തിലുള്ള 'ജാതികുത്തക' തന്നെ സൃഷ്ടിക്കുന്നു.

11. ബൻജാരകൾ (Banjaras)

12. മാർവാഡികൾ

13. മാർവാഡികൾ ഇന്ത്യയിലെ ഏറ്റവും വ്യാപകവും പ്രശസ്തവുമായ ഒരു വാണിജ്യ സമുദായമാണ്. വ്യാപാരവും വാണിജ്യവും നടത്തിക്കൊണ്ടു പോകുന്നതിന് അവർ രാജ്യത്തുടനീളം താമസമാക്കി. വ്യാപകമായ സാമൂഹ്യശൃംഖലകൾ ഉപയോഗപ്പെടുത്താനും, ബിസിനസ് ലോകത്തിന്റെ വിശ്വാസം പിടിച്ചു പറ്റാനും അവർക്ക് കഴിഞ്ഞു. എതെല്ലാമണ് അവരുടെ വിജയത്തിന് പുറകിലുണ്ടായ കാരണങ്ങൾ. പണവായ്പകൾ നൽകികൊണ്ട് അവർ ബാങ്കർമാരായി പ്രവർത്തിച്ചു. ചില മാർവാഡി കുടുംബങ്ങൾ ആധുനിക വ്യവസായികളായി മാറി.

14. കാൾ മാക്സ്

15. കാൾ മാക്സ്

16. മാക്സ് വെബർ

17. ഉപഭോഗം

18. വസ്തുവൽക്കരണവും ഉപഭോഗവും

19. ചരക്കല്ലാത്ത ഒരു വസ്തുവിനെ ചരക്കാക്കി മാറ്റുകയും, കമ്പോള വ്യവസ്ഥയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ചരക്കുവൽക്കരണം എന്നു പറയുന്നത്.

20. (i) അദ്ധ്വാനത്തിന്റെ ചരക്കുവൽക്കരണം
    (ii) വൃക്ക വിൽപ്പനയെക്കുറിച്ചുള്ള വിവാദം

21. ആഗോളവൽക്കരണത്തിന്റെ പ്രവണതകൾ
    (i) ചരക്കുകൾ, പണം, വിവരങ്ങൾ, ജനങ്ങൾ എന്നിവയുടെ പ്രവാഹത്തിലുള്ള വർദ്ധനവ്
    (ii) സാങ്കേതികവിദ്യ, അന്തർഘടന എന്നിവയുടെ വികാസം
    (iii) വിപണിയുടെ വ്യാപനവും സംയോജനവും

22. ആഗോളവൽക്കരണം

24. 2001 സെപ്തംബർ 9-ന് ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിലുണ്ടായ ഭീകരാക്രമണത്തെ തുടർന്ന് അമേരിക്കൻ സമ്പദ്വ്യവസ്ഥയിലുണ്ടായ തകർച്ച.

26. ഒരു ടൂറിസ്റ്റ് കേന്ദ്രം എന്ന നിലയിൽ പുഷ്കറിലെ വാർഷികമേളയെ അന്തർദേശീയ തലത്തിൽ വിപണനം ചെയ്തു വരുന്നു. ഇവിടെ വളർത്തുമൃഗങ്ങളും, പണവും മാത്രമല്ല, സാംസ്കാരിക ചിഹ്നങ്ങളും, മതമേൻമകളും കൈമാറ്റം ചെയ്യപ്പെടുന്നു.

27. വിപണികൾ ഉപയോഗിച്ച് സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെയാണ് ഉദാരവൽക്കരണം എന്നു പറയുന്നത്.

    ഉദാരവൽക്കരണത്തിൽ ഉൾപ്പെടുന്ന നയങ്ങൾ താഴെ പറയുന്നവയാണ്.

    - പൊതുമേഖലാ സംരംഭങ്ങൾ സ്വകാര്യവൽക്കരിക്കുക.
    - മൂലധനം, തൊഴിൽ, വ്യാപാരം എന്നിവയുടെ മേലുള്ള നിയന്ത്രണങ്ങളിൽ അയവു വരുത്തുക.
    - ഇറക്കുമതി തീരുവകളും, ചുങ്കങ്ങളും കുറയ്ക്കുക.
    - വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാൻ അനുവാദമേകുക.

28. ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും സ്വാധീനം
    (i) സാമ്പത്തിക വളർച്ച ഉത്തേജിപ്പിക്കുകയും, ഇന്ത്യൻ വിപണികളെ വിദേശ കമ്പനികൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു.
    (ii) രാജ്യത്ത് വിദേശ നിക്ഷേപങ്ങൾ വർദ്ധിച്ചു.
    (iii) പൊതു കമ്പനികളുടെ സ്വകാര്യവൽക്കരണം

## വിലയിരുത്തൽ ചോദ്യങ്ങൾ

1. വ്യക്തിപരമായ ഇടപാടുകൾ കമ്പോള വ്യവസ്ഥയെ സ്വാധീനിക്കുന്നു എന്ന് ............. അഭിപ്രായപ്പെട്ടു.
(ആഡംസ്മിത്ത്, അമർത്യാസെൻ, കാൾമാക്സ്, ആൽഫ്രഡ് മാർഷൽ)
2. ............... എന്ന ഫ്രഞ്ച് ആശയത്തിന്റെ അർത്ഥം വ്യാപാര രംഗത്ത് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകുക എന്നതാണ്.
(കമ്പോളവൽക്കരണം, ലെസ്സേ-ഫെയർ, ഉദാരവൽക്കരണം, ആഗോളവൽക്കരണം)
3. 'അദൃശ്യകരം' എന്ന പദം രൂപീകരിച്ച വ്യക്തിയാണ് .......................
(ഏംഗൽസ്, ആഡംസ്മിത്ത്, കാൾമാക്സ്, ആൽഫ്രഡ് മാർഷൽ)
4. ദൊരൈ ഗ്രാമത്തിൽ പഠനം നടത്തിയ നരവംശ ശാസ്ത്രജ്ഞനായ ............. വിപണിയുടെ സാമൂഹ്യപ്രാധാന്യം ചൂണ്ടിക്കാണിക്കുകയുണ്ടായി.
(കാൾമാക്സ്, ആഡംസ്മിത്ത്, ഏംഗൽസ്, ആൽഫ്രഡ് ഗെൽ)
5. "എല്ലാ സാമ്പത്തിക വ്യവസ്ഥകളും സാമൂഹ്യവ്യവസ്ഥകൾ കൂടിയാണ്" എന്നു പറഞ്ഞതാരാണ്?
(കാൾ മാക്സ്, ആഡംസ്മിത്ത്, ആൽഫ്രഡ് ഗെൽ, ആൽഫ്രഡ് മാർഷൽ)
6. മുതലാളിത്ത ഉൽപ്പാദന രീതിയിൽ അദ്ധ്വാനം തന്നെ ഒരു ചരക്കായി മാറുന്നു, എന്ന് പറഞ്ഞതാരാണ്?
(ആൽഫ്രഡ് ഗെൽ, ആൽഫ്രഡ് മാർഷൽ, ആഡംസ്മിത്ത്, കാൾമാക്സ്)
7. പദവി ചിഹ്നം (status symbol) എന്ന പദം രൂപീകരിച്ചത് ആരാണ്?
(ആഡംസ്മിത്ത്, കാൾമാക്സ്, മാക്സ് വെബർ, ആൽഫ്രഡ് ഗെൽ)
8. ഇന്ത്യയിലെ ഏറ്റവും വലിയ വാർഷിക വിപണിയാണ് ...................
9. ആഗോളവൽക്കരണത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്?
10. ചരക്കുവൽക്കരണം എന്താണെന്ന് വിശദീകരിക്കുക.
11. ഉദാരവൽക്കരണം എന്ന ആശയം വ്യക്തമാക്കുക.

## വിലയിരുത്തൽ ചോദ്യങ്ങളുടെ ഉത്തര സൂചിക

1. ആഡംസ്മിത്ത്
2. ലെസ്സേ - ഫെയർ
3. ആഡംസ്മിത്ത്
4. ആൽഫ്രഡ് ഗെൽ
5. കാൾ മാക്സ്

6. കാൾ മാക്സ്

7. മാക്സ് വെബർ

8. രാജസ്ഥാനിലെ പുഷ്കറിലെ വാർഷിക ചന്ത (ഒട്ടക മേള)

9. ആഗോളവൽക്കരണത്തിന്റെ സവിശേഷതകൾ

   (i) ചരക്കുകൾ, പണം, വിവരം, ജനങ്ങൾ എന്നിവയുടെ പ്രവാഹത്തിലുള്ള വർദ്ധനവ്.

   (ii) സാങ്കേതികവിദ്യ, അന്തർഘടന എന്നിവയുടെ വികാസം

   (iii) വിപണികളുടെ വ്യാപനവും, സംയോജനവും.

10. വസ്തുവൽക്കരണം

    മുൻപ് വിപണികളിൽ കച്ചവടം ചെയ്യാതിരുന്ന സാധനങ്ങൾ വിൽപന വസ്തുക്കൾ ആകുമ്പോഴാണ് വസ്തുവൽക്കരണം സംഭവിക്കുന്നത്. ചരക്കല്ലാത്ത ഒരു വസ്തുവിനെ ചരക്കാക്കി മാറ്റുകയും, കമ്പോള സമ്പദ് വ്യവസ്ഥയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്ന പ്രക്രിയയെയാണ് വസ്തുവൽക്കരണം എന്നു പറയുന്നത്. ഉദാ: കുടിവെള്ളം.

11. ഉദാരവൽക്കരണം

    (i) പൊതുമേഖല സംരംഭങ്ങളെ സ്വകാര്യവൽക്കരിക്കുക.

    (ii) മൂലധനം, തൊഴിൽ, വ്യാപാരം എന്നിവയുടെ മേലുള്ള നിയന്ത്രണങ്ങളിൽ അയവ് വരുത്തുക.

    (iii) ഇറക്കുമതി തീരുവകളും, ചുങ്കങ്ങളും കുറയ്ക്കുക.

    (iv) വിദേശ കമ്പനികൾക്ക് ഇന്ത്യയിൽ വ്യവസായങ്ങൾ തുടങ്ങാൻ അനുവാദമേകുക, തുടങ്ങിയ നയങ്ങളാണ് ഉദാരവൽക്കരണത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

## തുടർപ്രവർത്തനങ്ങൾ

നമുക്കുചുറ്റും കാണുന്ന പലതരത്തിലുള്ള വിപണികളെ നിരീക്ഷിച്ച അവ എങ്ങനെ നമ്മുടെ ജീവിതത്തെ സ്വാധീനിക്കുന്ന എന്നതിനെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.

## തുടർവായന സാമഗ്രികൾ

1. "Indian Society", 2006 NCERT Textbook for Class XII
2. Durkheim Emile - 1964 (1933) "The Division of labour in Society". Free Press, New York
3. Gell, Alfred. 1982 "The Market Wheel: Symbolic aspects of an Indian tribal market". man (N.S) 17 (3) 470-91.
4. Malnowski, Bronislaw. 1961 (1921) "Argonauts of the Western Pacific." E.P.Dutton and Company, New York.

5. Polanyi, Karl 1944. "The Great Transformation." Beacon Press, Boston.
6. Rudner, Dav aid, 1994. "Caste and Capiatalism in Colonial India". The nattukottal chettiars, University of Caliornia Press. Berkeley.
7. Stein Burfon and Subrahmanyam, Sanjayed, 1996. "Institutions and economic change in South Asia", Oxford Univeristy Press, New Delhi.

## പദാവലി (Glossary)

- **മുതലാളിത്തം :** കൂലിവേല ഉപയോഗിച്ചുകൊണ്ട് നടത്തുന്ന ഒരു ഉൽപാദന രീതി.
- **വസ്തുവൽക്കരണം :** വിൽപന ചരക്കല്ലാത്ത ഒരു വസ്തുവിനെ വിൽപന ചരക്കാക്കി മാറ്റുകയും കമ്പോള വ്യവസ്ഥയുടെ ഭാഗമാക്കിത്തീർക്കുകയും ചെയ്യുന്ന പ്രക്രിയ.
- **ആഗോളവൽക്കരണം :** ലോകം മുഴുവൻ സാമ്പത്തികമായും, രാഷ്ട്രീയമായും, സാംസ്കാരികമായും പരസ്പരം കൂട്ടിയിണക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയ. ഇതിലൂടെ ലോകം ഒരു ആഗോള സമുദായമായി മാറുന്നു.
- **സ്വതന്ത്ര വിപണി:** രാഷ്ട്രത്തിന്റെയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളുടേയോ യാതൊരു തരത്തിലുള്ള നിയന്ത്രണങ്ങളുമില്ലാത്ത വിപണിയെയാണ് സ്വതന്ത്ര വിപണി എന്നു പറയുന്നത്.
- **ഉദാരവൽക്കരണം :** ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കമ്പനികൾ സ്വകാര്യ കമ്പനികൾക്ക് വിൽക്കുക, മൂലധനം, തൊഴിൽ, വ്യാപാരം എന്നിവയുടെ മേലുള്ള നിയന്ത്രണങ്ങളിൽ അയവു വരുത്തുക, ഇറക്കുമതി തീരുവകളും, ചുങ്കങ്ങളും കുറയ്ക്കുക തുടങ്ങിയവ ഉൾപ്പെട്ട പ്രക്രിയയാണ് ഉദാരവൽക്കരണം.
- **വെർച്വൽ വിപണി :** കമ്പ്യൂട്ടറിന്റെയും ടെലി കമ്യൂണിക്കേഷൻ മാധ്യമങ്ങളുടേയും സഹായത്തോടെ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന വിപണി (Paperless market)
- **കമ്പോളവൽക്കരണം :** ഉദാരവൽക്കരണ നയങ്ങളുടെ മറ്റൊരു പേരാണ് കമ്പോളവൽക്കരണം, വിപണികൾ ഉപയോഗിച്ച് സാമൂഹ്യവും, രാഷ്ട്രീയവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെയാണ് കമ്പോളവൽക്കരണം എന്നു പറയുന്നത്.
- **അദൃശ്യകരം :** വിപണിയുമായി ബന്ധപ്പെട്ട് വ്യക്തികൾ അവരുടെ ഗുണത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ആ സമൂഹത്തിന് ഗുണകരമായി മാറുന്നു. ഈ മാറ്റം കൊണ്ടുവരുന്ന അദൃശ്യശക്തിയെ ആഡംസ്മിത്ത് അദൃശ്യകരം എന്നു പറയുന്നു.



5

# സാമൂഹ്യ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും രീതികൾ (Patterns of Social Inequality and Exclusion)

### ആമുഖം

സാമൂഹ്യ സ്ഥാപനങ്ങളായ കുടുംബം, ജാതി, ഗോത്രം, വിപണി മുതലായവയെക്കുറിച്ച് നാം മനസ്സിലാക്കിയല്ലോ. വ്യക്തികളുടെയും സംഘങ്ങളുടെയും ഇടയിൽ നിലനിൽക്കുന്ന ബന്ധങ്ങളെ നിയന്ത്രിക്കുന്നത് സാമൂഹ്യസ്ഥാപനങ്ങളാണ്. സ്ഥാപനങ്ങൾ സമൂഹത്തിൽ ശ്രേണീകരണവും വ്യത്യസ്ത പദവികളും സൃഷ്ടിക്കുന്നു. സാമൂഹ്യ അസമത്വത്തിന്റെ അടിസ്ഥാനം സാമൂഹ്യ ശ്രേണീകരണമാണ്. സാമൂഹ്യ അസമത്വവും ബഹിഷ്കരണവും താഴ്ന്ന ജാതിക്കാർ, സ്ത്രീകൾ, ന്യൂനപക്ഷങ്ങൾ ഗോത്രവർഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്കെതിരായി പലപ്പോഴും സംഭവിക്കുന്നു.

സാമൂഹ്യ അസമത്വത്തിന്റെയും ബഹിഷ്കരണത്തിന്റെയും വിവിധ രീതികൾ ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നു. ജാതി, അയിത്താചരണം, ജാതി-ഗോത്രവിവേചനത്തിനെതിരെ സർക്കാരും ഇതര ഏജൻസികളും നടപ്പിലാക്കിയ

നടപടികൾ, മറ്റ് പിന്നാക്കവിഭാഗ ആദിവാസി പോരാട്ടങ്ങൾ, സ്ത്രീ സമത്വത്തിനും അവകാശങ്ങൾക്കും വേണ്ടിയുള്ള പോരാട്ടങ്ങൾ, ഭിന്നശേഷിക്കാരുടെ പോരാട്ടങ്ങൾ എന്നിവയാണ് ഈ അധ്യായത്തിലെ പ്രതിപാദ്യ വിഷയങ്ങൾ. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളോട് അനുതാപ പൂർണമായ മനോഭാവം വളർത്തിയെടുക്കലാണ് ഈ പാഠഭാഗത്തിന്റെ ആത്യന്തിക ലക്ഷ്യം.

## പഠനനേട്ടങ്ങൾ

- സാമൂഹ്യശ്രേണീകരണം സാമൂഹ്യ അസമത്വത്തിന്റെ അടിസ്ഥാനമാണെന്ന നിലയിൽ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- സാമൂഹ്യ ബഹിഷ്കരണം നിർവചിക്കുന്നു.
- ജാതി ഒരു വിവേചന സമ്പ്രദായം എന്ന നിലയിൽ വിശകലനം ചെയ്യുന്നു.
- ജാതിയും വംശവും സാമൂഹ്യ അസമത്വത്തിന്റെ പശ്ചാത്തലത്തിൽ താരതമ്യം ചെയ്യുന്നു.
- സാമൂഹിക ബഹിഷ്കരണത്തിന്റെ ഒരു രീതി എന്ന നിലയിൽ അയിത്താചരണത്തെ വിലയിരുത്തുന്നു.
- ജാതി-ഗോത്രവർഗവിവേചനത്തെ മറികടക്കാനുള്ള ഗവൺമെന്റിന്റെയും ഗവൺമെന്റിതര സംവിധാനങ്ങളുടെയും നടപടികൾ വിശദീകരിക്കുന്നു.
- മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥ വിശകലനം ചെയ്ത് അവരുടെ ക്ഷേമത്തിന് വേണ്ടിയുള്ള നടപടികളും വിശദീകരിക്കുന്നു.
- ആദിവാസികൾ തങ്ങളുടെ ഉന്നമനത്തിന് വേണ്ടിനടത്തുന്ന പോരാട്ടങ്ങൾ വിലയിരുത്തുന്നു.
- സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ വിശകലനം ചെയ്യുന്നു.
- അംഗപരിമിതർ നേരിടുന്ന വെല്ലുവിളികളെയും അവകാശങ്ങളെയും തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.

നമ്മുടെ ചുറ്റും കാണുന്ന യാഥാർത്ഥ്യങ്ങളെ ഒന്നു പരിശോധിക്കാം. പാടത്ത് പണിയെടുക്കുന്നവർ, ചുമട്ടുതൊഴിലാളികൾ, കൂലിവേല ചെയ്യുന്നവർ, അന്യസംസ്ഥാന തൊഴിലാളികൾ, സർക്കാർ സേവനം അനുഷ്ഠിക്കുന്നവർ, ബിസിനസുകാർ, ഡോക്ടർമാർ, മറ്റു തൊഴിലുകൾ ചെയ്യുന്നവർ ഇങ്ങനെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവരെ നമുക്ക് കാണാം. ഇവർ ഓരോരുത്തരും എത്ര മണിക്കൂറാണ് പണിയെടുക്കുന്നത്? ഇവരുടെ അദ്ധ്വാനഭാരം എത്രയാണ്? ഇവർക്ക് ലഭിക്കുന്ന പ്രതിഫലം എത്രത്തോളം വ്യത്യസ്തമാണ്? നാം ചിന്തിച്ചിട്ടുണ്ടോ? പാവപ്പെട്ടവരിലും പണക്കാരിലും പണിയെടുക്കാത്തവരുമില്ലേ?

എന്തുകൊണ്ടാണ് തൊഴിലില്ലായ്മ? തൊഴിൽ ചെയ്യാതെ എങ്ങനെ ജീവിക്കാനാകും. തൊഴിൽ ചെയ്യുന്നവരുടെയും ചെയ്യാത്തവരുടെയും ജീവിതരീതിയിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോ? ഇത്തരത്തിൽ തൊഴിൽപരമായ അസമത്വവും ഒറ്റപ്പെടുന്ന അനുഭവങ്ങളും സമൂഹത്തിലുണ്ട്.

## സാമൂഹ്യ അസമത്വവും ബഹിഷ്കരണവും (Social Inequality and Exclusion)





മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിച്ചുവല്ലോ? നാം ജീവിക്കുന്ന സമൂഹം സമത്വസുന്ദരമാണോ? ജനങ്ങളെല്ലാവരും തുല്യരീതിയിലാണോ പരിഗണിക്കപ്പെടുന്നത്? മനുഷ്യരെല്ലാവരും സമത്വം ആഗ്രഹിക്കുന്നുണ്ട്, പക്ഷെ അസമത്വം ഒരു സാമൂഹ്യ യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

സാമൂഹ്യവിഭവങ്ങളുടെ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലാണ് സാമൂഹ്യ അസമത്വം. സാമൂഹ്യവിഭവങ്ങളെ പൊതുവെ മൂന്ന് രൂപത്തിലുള്ള മൂലധനങ്ങളായി തരംതിരിക്കാം.

1. സാമ്പത്തിക മൂലധനം
2. സാമൂഹ്യ മൂലധനം
3. സാംസ്കാരിക മൂലധനം

താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ ഈ മൂന്ന് മൂലധനവിഭവങ്ങളുടെയും ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ.

| സാമ്പത്തിക മൂലധനം | സാമൂഹ്യ മൂലധനം | സാംസ്കാരിക മൂലധനം |
|---|---|---|
| സ്വത്ത്<br>വരുമാനം | സാമൂഹ്യ പദവി | വിശ്വാസങ്ങൾ<br>രാഷ്ട്രീയം<br>വിദ്യാഭ്യാസയോഗ്യത |

## സാമൂഹ്യ ശ്രേണീകരണം (Social Stratification)

സാമൂഹ്യ അസമത്വം ഒരു സമൂഹനിർമ്മിതിയാണ്. സാമൂഹ്യവിഭവങ്ങളുടെ പ്രാപ്യതയ്ക്ക് അനുസരിച്ച് ജനങ്ങളെ പ്രത്യേക തട്ടുകളായി വിഭാഗീകരിച്ചിരിക്കുന്നതിനെയാണ് സാമൂഹ്യ ശ്രേണീകരണം എന്നു പറയുന്നത്. സാമൂഹ്യശ്രേണീകരണത്തിൽ വ്യക്തികൾക്കുള്ള സ്ഥാനത്തിനനുസരിച്ചാണ് അവരുടെ സ്വത്വം (Identity) രൂപപ്പെടുന്നത്. ജനങ്ങളുടെ സാമൂഹ്യ ബന്ധങ്ങളും, വിഭവങ്ങൾക്കുമേലുള്ള അധികാരവും അവസരങ്ങളും അനുഭവങ്ങളുമെല്ലാം സാമൂഹ്യശ്രേണീകരണത്തിൽ അവരുടെ സ്ഥാനം നിർണയിക്കുന്നു. സാമൂഹ്യശ്രേണീകരണത്തെ വിശദീകരിക്കാൻ സഹായിക്കുന്ന മൂന്ന് പ്രധാന തത്വങ്ങളുണ്ട്.

1. **സാമൂഹ്യശ്രേണീകരണം വ്യക്തിഗതമല്ല, സാമൂഹ്യമാണ്**

   സാമൂഹ്യശ്രേണീകരണം ഒരു സാമൂഹ്യസംവിധാനമാണ്. സാമൂഹ്യവിഭവങ്ങൾ അസന്തുലിതമായിട്ടാണ് വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. വ്യക്തിഗത കഴിവല്ല പകരം സാമൂഹ്യസംഘങ്ങളിലെ അംഗത്വമാണ് വ്യക്തിയുടെ സ്ഥാനം നിർണയിക്കുന്നത്.

2. **സാമൂഹ്യശ്രേണീകരണം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു**

   സാമൂഹ്യശ്രേണീകരണം പലപ്പോഴും ജന്മസിദ്ധമാണ്. അത് തലമുറകളിൽ നിന്ന് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഉദാഹരണം: ജാതിവ്യവസ്ഥ

3. **സാമൂഹ്യശ്രേണീകരണത്തിന് ചില വിശ്വാസരീതികളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പിൻബലമുണ്ട്**

   പല ശ്രേണീവ്യവസ്ഥകൾക്കും മതപരമായ പ്രത്യയശാസ്ത്രങ്ങളുടെ പിൻബലമുണ്ട്. ഉദാഹരണം: ഭാരതീയ സമൂഹത്തിൽ നിലനിൽക്കുന്ന അയിത്താചരണം.

സമൂഹത്തിൽ പലതരത്തിലുള്ള ശ്രേണീകരണം നിലനിൽക്കുന്നു. ചില വിശ്വാസങ്ങളും മനോഭാവങ്ങളും സാമൂഹ്യ ശ്രേണീകരണത്തെ ത്വരിതപ്പെടുത്തുന്നുണ്ട്.

- **മുൻവിധികൾ (Prejudices)** : മറ്റുള്ളവരെക്കുറിച്ച് അല്ലെങ്കിൽ മറ്റ് സംഘങ്ങളെപ്പറ്റി മുൻകൂട്ടി രൂപകൽപ്പന ചെയ്യുന്ന മനോഭാവങ്ങളെയൊ അല്ലെങ്കിൽ അഭിപ്രായങ്ങളെയൊ മുൻവിധികൾ എന്ന് വിളിക്കാം. ഉദാഹരണത്തിന് മറ്റ് മതജാതിവിഭാഗങ്ങളോടുള്ള വികലമായ കാഴ്ചപ്പാടുകൾ.
- **സ്ഥിരരൂപം (Stereotype)** : ഒരു സംഘം ആളുകളുടെ സ്ഥിരമായതും അയവില്ലാത്തതുമായ പ്രത്യേകതകളാണ് സ്ഥിരരൂപം അഥവാ സ്റ്റീരിയോടൈപ്. ഇന്ത്യയിൽ ചില ജനവിഭാഗങ്ങളെ യോദ്ധാക്കൾ, കൗശലക്കാർ, മടിയൻമാർ എന്നിങ്ങനെ വിശേഷിപ്പിക്കാറില്ലേ.
- **വിവേചനം (discrimination)** : യാതൊരു നീതീകരണവുമില്ലാതെ ഒരു വിഭാഗത്തെ സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്നതിനെ വിവേചനം എന്നുപറയപ്പെടുന്നു. ഇത്തരം ബഹിഷ്കരണങ്ങൾ സാധാരണയായി പ്രത്യക്ഷത്തിൽ പ്രകടമാക്കാറില്ല. ഉദാഹരണമായി ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയേയോ സമുദായത്തെയോ ജാതിയുടേയോ മതത്തിന്റേയോ പേരിൽ ജോലിയിൽ നിന്നും മാറ്റിനിർത്തുന്ന പ്രവണത ചില സ്ഥലങ്ങളിലെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടാകുമല്ലോ.

**പഠനപ്രവർത്തനം**

*നിങ്ങളുടെ സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്തതരത്തിലുള്ള സാമൂഹ്യ അസമത്വങ്ങളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.*

## പഠന പുരോഗതി വിലയിരുത്തൽ

1. സാമൂഹ്യവിഭവങ്ങളുടെ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലാണ് ......... എന്നറിയപ്പെടുന്നത്.
2. ചാർട്ട് പൂർത്തിയാക്കുക.




3. സാമൂഹ്യ ശ്രേണീകരണത്തെ വിശദീകരിക്കാൻ സഹായിക്കുന്ന മൂന്ന് പ്രധാന തത്വങ്ങളേവ?

4. മറ്റുള്ളവരെപ്പറ്റി മുൻകൂട്ടി രൂപകൽപ്പന ചെയ്യുന്ന മനോഭാവങ്ങളെ ............ എന്ന് വിളിക്കുന്നു.
5. 'സ്ഥിരരൂപം' എന്നാൽ എന്ത്?

## സാമൂഹ്യ ബഹിഷ്കരണം (Social Exclusion)

കോഴിക്കോട് പേരാമ്പ്രയിലെ സ്കൂളിൽ പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൂടുതലായി പഠിക്കുന്നതുകൊണ്ട് മറ്റ് വിദ്യാർഥികളെ സ്കൂളിലയയ്ക്കാൻ മടിക്കുന്നതുമായി ബന്ധപ്പെട്ട പത്രവാർത്ത ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.

ഇത്തരം അനുഭവങ്ങൾ നിങ്ങളുടെ ചുറ്റുപാടിൽ ഏതെങ്കിലും രൂപത്തിൽ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? നിങ്ങളുടെ സഹപ്രവർത്തകരിൽ നിന്നും സമൂഹത്തിൽ നിന്നും നിങ്ങൾ മാറ്റിനിർത്തപ്പെട്ടാലുള്ള അവസ്ഥ സങ്കൽപ്പിച്ചുനോക്കൂ? എന്തായിരിക്കും നിങ്ങളുടെ പ്രതികരണം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വ്യക്തികളെയോ സാമൂഹ്യവിഭാഗങ്ങളെയോ മാറ്റി നിർത്തുന്ന രീതിയാണ് സാമൂഹ്യബഹിഷ്കരണം (Social exclusion). ഇത് യാദൃശ്ചികമായി സംഭവിക്കുന്നതല്ല. മറിച്ച് സാമൂഹ്യ വ്യവസ്ഥയുടെ ഭാഗമായി രൂപപ്പെടുന്നതാണ്. സമൂഹത്തിന്റെ ശക്തമായ സമ്മർദ്ദം സാമൂഹ്യബഹിഷ്കരണത്തിൽ ഉൾപ്പെട്ടിരുക്കുന്നു. പലപ്പോഴും ബഹിഷ്കരിക്കപ്പെടുന്ന ആളുകളുടെ ആഗ്രഹങ്ങൾ ഇവിടെ മാനിക്കപ്പെടാറില്ല. തൊട്ടുകൂടാത്തവർ, ദളിതർ, ഗോത്ര ജനവിഭാഗങ്ങൾ, സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ മുതലായവർ പലപ്പോഴും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു.

**പഠനപ്രവർത്തനം**

*സാമൂഹ്യബഹിഷ്കരണത്തിനുള്ള വ്യത്യസ്ത ഉദാഹരണങ്ങൾ പത്രമാധ്യമങ്ങളിൽ നിന്നും ശേഖരിച്ച് കൊളാഷ് തയാറാക്കുക.*

## ജാതി ഒരു വിവേചനസമ്പ്രദായം എന്ന നിലയിൽ (Caste as a Discriminatory System)

ജാതി ഒരു സാമൂഹ്യ സ്ഥാപനം എന്ന നിലയിൽ മൂന്നാമത്തെ അധ്യായത്തിൽ നാം ചർച്ച ചെയ്തല്ലോ? ജാതി വ്യവസ്ഥ ഇന്ത്യൻ സമൂഹത്തിൽ സൃഷ്ടിച്ച വിവേചനങ്ങളെക്കുറിച്ചും അസമത്വങ്ങളെക്കുറിച്ചുമാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ജാതി വ്യവസ്ഥ ഒരു ഇന്ത്യൻ പ്രതിഭാസമാണ്. ലോകത്ത് മറ്റൊരിടത്തും ജാതിക്ക് സമാനമായ സാമൂഹ്യവ്യവസ്ഥ നിലവിലില്ല. ജാതിയുടെ ഉത്ഭവകാലത്ത് തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള വിഭജനമായിരുന്നു നിലനിന്നിരുന്നത്. എന്നാൽ പിൽക്കാലത്ത് ജന്മത്തിന്റെ അടിസ്ഥാനത്തിലുള്ള ആരോപിത പദവിയായി അത് മാറി. ഉയർന്ന ജാതിക്കാർ എല്ലാവിധ സുഖസൗകര്യങ്ങളും ആസ്വദിക്കുമ്പോൾ താഴ്ന്ന ജാതിക്കാർ ചൂഷണത്തിനും അവഹേളനത്തിനും വിധേയരായി. ഇരുപത്തൊന്നാം നൂറ്റാണ്ടിലും ജാതി വ്യവസ്ഥ ഓരോ ഇന്ത്യാക്കാരന്റെയും ജീവിത അവസരങ്ങളെ സ്വാധീനിക്കുന്നു എന്നതാണ് ജാതിവ്യവസ്ഥയുടെ പ്രസക്തി.

### പഠനപ്രവർത്തനം

*'ജാതിസമൂഹത്തിൽ വിവേചനം സൃഷ്ടിക്കുന്നു' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.*

## വർണവിവേചനം (Racial Apartheid)

സാമൂഹിക അസമത്വവും വർഗ്ഗീകരണവും ഇന്ത്യയിൽ മാത്രം നിലനിൽക്കുന്ന പ്രതിഭാസമാണോ? സാമൂഹ്യ അസമത്വം ഒരു ആഗോള പ്രതിഭാസമാണ്. ഇന്ത്യയിലെ ജാതി വ്യവസ്ഥപോലെ ദക്ഷിണാഫ്രിക്കയിൽ നിലനിൽക്കുന്ന സാമൂഹ്യശ്രേണീകരണവ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ ഏത് രൂപത്തിലാണ് അറിയപ്പെട്ടിരുന്നതെന്ന് നിങ്ങൾക്കറിയാമോ? വംശവ്യവസ്ഥ അഥവാ വർണവിവേചനം (racial apartheid). ദക്ഷിണാഫ്രിക്കയിൽ ന്യൂനപക്ഷമായ വെള്ളക്കാരാണ് അധികാരത്തിന്റെയും സമ്പത്തിന്റെയും സിംഹഭാഗവും കൈയ്യടക്കി വച്ചിരിക്കുന്നത്. കറുത്തവർഗ്ഗക്കാർ താഴ്ന്ന ജോലി ചെയ്തു ജീവിക്കുന്ന പാവപ്പെട്ടവരായിരുന്നു. വെള്ളക്കാരുടെ കൈവശമുള്ളതിന്റെ നാലിലൊന്നു വിഭവങ്ങൾ മാത്രമെ അവർ കൈകാര്യം ചെയ്തിരുന്നുള്ളു. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ ദശലക്ഷക്കണക്കിന് കറുത്ത വർഗ്ഗക്കാർ ദാരിദ്ര്യം പിടിച്ച പിന്നാക്ക ചേരിപ്രദേശങ്ങളിലേക്ക് ബലം പ്രയോഗിച്ച് മാറ്റിപാർപ്പിക്കപ്പെട്ടു. എൺപത് ശതമാനത്തിലധികം വരുന്ന കറുത്തവർഗക്കാർ രാജ്യത്തിന്റെ വെറും പതിനാല് ശതമാനം വരുന്ന ഈ ഭൂപ്രദേശങ്ങളിലാണ് താമസിച്ചിരുന്നത്. കറുത്തവർഗ്ഗക്കാരെ അധമന്മാരായി ഗണിക്കുകയും സായുധസേനയെ ഉപയോഗിച്ച് അവരെ പലപ്പോഴും അടിച്ചമർത്തുകയും ചെയ്തുപോന്നു. ഇത്തരം ചൂഷണങ്ങൾക്കെതിരെ കറുത്തവർഗ്ഗക്കാർ സംഘടിക്കുകയും ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് എന്ന സംഘടന രൂപീകരിക്കുകയും ചെയ്തു. നെൽസൺമണ്ടേലയുടെ നേതൃത്വത്തിലുള്ള ശക്തമായ സമരങ്ങൾക്കൊടുവിൽ 1994-ൽ ദക്ഷിണാഫ്രിക്കയിൽ ഒരു ജനാധിപത്യഭരണകൂടം സ്ഥാപിക്കാൻ അവർക്കു കഴിഞ്ഞു.



**നെൽസൺ മണ്ടേല**

### പഠനപ്രവർത്തനം

*വിവേചന സമ്പ്രദായങ്ങൾ എന്ന നിലയിൽ ജാതിവ്യവസ്ഥയെയും വംശവ്യവസ്ഥയെയും താരതമ്യം ചെയ്യുക.*

## തൊട്ടുകൂടായ്മ (Untouchability)

*"തൊട്ടുകൂടാത്തവർ*
*തീണ്ടിക്കൂടാത്തവർ*
*ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളവർ"......*

ഈ വരികൾ ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹ്യ വ്യവസ്ഥയെ സൂചിപ്പിക്കുന്നു. ഇത്തരം സാമൂഹ്യ ഉച്ചനീചത്വങ്ങൾ ആധുനിക സമൂഹത്തിൽ നിലനിൽക്കുന്നുണ്ടോ?

ശുദ്ധ-അശുദ്ധ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ ജാതി ശ്രേണിയിൽ ഉയർന്ന സ്ഥാനം വഹിച്ചിരുന്നവർ താഴ്ന്ന ജാതിക്കാരുടെമേൽ അടിച്ചേൽപ്പിച്ചിരുന്ന സാമൂഹ്യ വിവേചനമാണ് തൊട്ടുകൂടായ്മ അഥവാ അസ്പൃശ്യത.

'തീണ്ടിക്കൂടായ്മ' അഥവാ ദർശന നിരോധനം തൊട്ടുകൂടായ്മയുടെ മൂർത്തരൂപമാണ്

## തൊട്ടുകൂടായ്മയുടെ വിവിധ മാനങ്ങൾ

ബഹിഷ്കരണം അവഹേളനം

തൊട്ടുകൂടായ്മ

ചൂഷണം വിധേയത്വം

**ബഹിഷ്കരണം :** പലതരത്തിലുള്ള ബഹിഷ്കരണങ്ങൾക്കും വിധേയരാവുന്നവരാണ് തൊട്ടുകൂടാത്തവർ. സമൂഹത്തിലെ പൊതുരംഗങ്ങളിൽ നിന്നെല്ലാം അവർ മാറ്റിനിർത്തപ്പെടുന്നു. മേൽ ജാതിക്കാർ ഉപയോഗിക്കുന്ന കിണറുകളോ, ടാപ്പുകളോ, കുളങ്ങളോ ഉപയോഗിക്കാൻ അവരെ അനുവദിച്ചുരുന്നില്ല.

**ചൂഷണം. :** മറ്റ് ജാതിക്കാർ ചെയ്യാൻ അറയ്ക്കുന്ന താഴ്ന്ന കൂലികിട്ടുന്ന ജോലികൾ ചെയ്യാൻ വിധിക്കപ്പെട്ടവരായിരുന്നു തൊട്ടുകൂടാത്തവർ. ശൗചാലയങ്ങൾ വൃത്തിയാക്കുക, ഓടകൾ ശുദ്ധീകരിക്കുക, മാലിന്യങ്ങളും ശവങ്ങളും നീക്കം ചെയ്യുക എന്നിവയായിരുന്നു അവരുടെ പ്രധാന ജോലി.

**അവഹേളനം :** തൊട്ടുകൂടത്തവരെ മേൽജാതിക്കാർ പലതരത്തിൽ അപമാനിച്ചിരുന്നു. നല്ല വസ്ത്രങ്ങൾ ധരിക്കാനോ പാദരക്ഷകൾ ധരിക്കാനോ അവരെ അനുവദിച്ചിരുന്നില്ല.

**വിധേയത്വം :** തൊട്ടുകൂടാത്തവരുടെ സ്ഥാനം എപ്പോഴും സാമൂഹ്യശ്രേണീകരണത്തിന്റെ താഴെത്തട്ടിലായിരിക്കും. അവരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയരാൻ ഉന്നതർ ഒരിക്കലും അനുവദിച്ചിരുന്നില്ല. പലതരത്തിലുള്ള ക്രൂരതകൾക്ക് അവർ വിധേയരായിരുന്നു. അത്തരത്തിലുള്ള ഒരു സംഭവം നമുക്ക് പരിശോധിക്കാം.

### ഒരു ദളിത് സ്ത്രീയുടെ ദിനചര്യ

ഇന്ത്യയിലെ 8 ദശലക്ഷത്തിലധികം വരുന്ന തോട്ടികളിൽ (ശുചീകരണ തൊഴിലാളികൾ) ഒരാളാണ് നാരായാണാമ്മ. ആന്ധ്രാപ്രദേശിലെ അനന്തപൂർ മുൻസിപ്പാലിറ്റിയിലെ 400 കക്കൂസുകൾ വൃത്തിയാക്കുന്നത് അവരാണ്. ഈ കക്കൂസുകളിലൊന്നും ഫ്ളഷ് സൗകര്യങ്ങളില്ല എന്നത് ശ്രദ്ധേയമാണ്. നാരായാണാമ്മ ദിവസേന കക്കൂസുകളിൽ നിന്നും മനുഷ്യവിസർജ്ജ്യം തൊട്ടിയിൽ തലയിൽ ചുമന്നുകൊണ്ട് അരകിലോമീറ്റർ ദൂരത്ത് നിർത്തിയിട്ട ട്രോളിയിലെത്തിക്കുന്നു. അവരെ ആളുകൾ 'മുൻസിപ്പാലിറ്റി' എന്നാണ് വിളിക്കുന്നത്. അവരെ കാണുമ്പോൾ ആളുകൾ മൂക്കു പൊത്തുകയും അടക്കം പറയുകയും ചെയ്യുന്നു. ചായക്കടകളിൽ ബെഞ്ചിലിരിക്കാൻ പോലും അവരെ അനുവദിച്ചിരുന്നില്ല.

**പഠനപ്രവർത്തനം**

*സമാന സംഭവങ്ങൾ പല പ്രദേശങ്ങളിൽ നിന്നും പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്ത് നിങ്ങൾ വായിച്ചിരിക്കുമല്ലോ. അത്തരം വാർത്തകൾ ശേഖരിച്ച് ഒരു റിപ്പോർട്ട് തയാറാക്കുമല്ലോ.*

### പഠനപുരോഗതി വിലയിരുത്താം

6. സാമൂഹ്യ ബഹിഷ്കരണം എന്നാൽ എന്ത്?
7. ശുദ്ധ - അശുദ്ധ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന ജാതിക്കാർ കീഴ്ജാതിക്കാരുടെ മേൽ അടിച്ചേൽപ്പിക്കുന്ന വിവേചനമാണ് ................
8. പദസൂര്യൻ പൂർത്തിയാക്കുക.




### ജാതി-ഗോത്ര വിവേചനങ്ങൾക്കെതിരെ ഗവൺമെന്റും ഇതര ഏജൻസികളും കൈക്കൊണ്ട നടപടികൾ

### (State and non- state initiatives addressing caste and tribe discriminations)

1933-ൽ ബ്രിട്ടീഷ് ഗവൺമെന്റ് പട്ടികജാതി പട്ടികവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി നിയമങ്ങൾ കൊണ്ടുവന്നു. സ്വാതന്ത്ര്യാനന്തരം ഇത്തരം നയങ്ങൾ തുടരുകയും പുതിയ ചില പരിപാടികൾ നടപ്പിലാക്കപ്പെടുകയും ചെയ്തു.

**1. സംവരണം :** പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിദ്യാഭ്യാസരംഗത്തും, തൊഴിലിലും, പാർലമെന്റിലും പ്രത്യേകം സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. കൂടാതെ ജോലിയിൽ പ്രവേശിക്കുന്നതിനായി വയസ്സിളവും നൽകിയിരിക്കുന്നു. കേരളത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഇരുപത് ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

**2. നിയമങ്ങൾ/ഭരണഘടനാവകുപ്പുകൾ**

(എ) ജാതി അവശതാ നീക്കം ചെയ്യൽ നിയമം (Caste Disabilities Removal Act 1850)

(ബി)അയിത്തോച്ചാടന നിയമം (ആർട്ടിക്കിൾ 17) (Abolition of Untouchability, Article.17)

(സി) പീഡന നിരോധന നിയമം-1889 (Prevention of Atrocities Act-1889)

(ഡി) ഭരണഘടന ഭേദഗതി നിയമം-2005 (Constitutional Amendment Act-2005)

പിന്നാക്ക വിഭാഗങ്ങളുടെ ഉയർച്ചക്കായി വിവിധ സാമൂഹ്യ-രാഷ്ട്രീയ സംഘടനകൾ പോരാടിയിട്ടുണ്ട്. അത്തരം ചില സംഘടനകളെ പരിചയപ്പെടാം.

- സത്യശോധക് സമാജം
- ബ്രഹ്മ സമാജം
- ആര്യ സമാജം
- ദളിത് സംഘർഷ സമിതി
- ദളിത് പാന്തേഴ്സ് പാർട്ടി

## ഒരു ദളിത് ചെറുത്തുനിൽപ്പിന്റെ കഥ

2005 ആഗസ്റ്റ് 31-ന് ദളിത് വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഗൊഹാനയിലെ ഒരു ചെറിയ പട്ടണം ഒരു സംഘം ജാട്ട് കലാപകാരികൾ അഗ്നിക്കിരയാകുകയും കൊള്ളയടിക്കുകയും ചെയ്തു. ജാട്ട് വിഭാഗത്തിൽപ്പെട്ട ഒരു യുവാവിനെ ദളിത്യുവാക്കൾ കൊലപ്പെടുത്തിയതിന്റെ പേരിലായിരുന്നു അക്രമം അരങ്ങേറിയത്. ദളിതുകൾ കൂട്ടത്തോടെ അവരുടെ ഗ്രാമം ഉപേക്ഷിച്ചു പലായനം ചെയ്തു. കലാപകാരികൾ 54 വീടുകൾ തകർത്തു. അക്രമം അമർച്ചചെയ്യാൻ പോലീസ് നടപടികൾ സ്വീകരിച്ചില്ല. അഞ്ച് മാസത്തിന് ശേഷം ദളിതുകൾ അവരുടെ സ്വത്വം പ്രകടമാക്കിക്കൊണ്ട് തിരിച്ചു വരികയും അവരുടെ തകർന്ന വീടുകൾ പുനർനിർമ്മിക്കുകയും ചെയ്തു. ഇന്ന് ഗൊഹാനയിലെ ദളിതുകൾ ഭൂരിഭാഗവും ഉയർന്ന ഗവൺമെന്റ് തസ്തികയിൽ ജോലി ചെയ്യുന്നവരാണ്.

### പഠനപ്രവർത്തനം



*പട്ടികജാതി പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പരിപാടികളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയാറാക്കുക.*

## മറ്റു പിന്നാക്ക വിഭാഗങ്ങൾ (Other Backward Classes)

സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും രാഷ്ട്രീയപരമായും പിന്നാക്കം നിൽക്കുന്നവരാണ് മറ്റ് പിന്നാക്കവിഭാഗങ്ങൾ. ജാതി ശ്രേണിയിൽ മധ്യസ്ഥാനങ്ങളിൽ നിൽക്കുന്നവരാണിവർ. ഉയർന്ന ജാതിക്കാരിൽ നിന്നും ഒട്ടേറെ വിവേചനങ്ങൾ അനുഭവിക്കുന്നവരാണ് മറ്റ് പിന്നാക്കവിഭാഗങ്ങൾ.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മറ്റ് പിന്നാക്കവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി പഠനം നടത്താൻ നിയോഗിച്ച കമ്മീഷനാണ് കാക കലേൽക്കർ കമ്മീഷൻ. 1953-ലാണ് ഈ കമ്മീഷൻ ഡോ.കാകക്കാലേൽക്കറിന്റെ അധ്യക്ഷതയിൽ രൂപീകൃതമാവുന്നത്. പക്ഷെ കമ്മീഷന്റെ കണ്ടെത്തലുകൾ ഗവൺമെന്റിന് സ്വീകാര്യമല്ലാത്തതിനാൽ ബി.പി.മണ്ഡൽ അധ്യക്ഷനായ മറ്റൊരു കമ്മീഷനെ നിയമിച്ചു. ഈ കമ്മീഷനാണ് മണ്ഡൽ കമ്മീഷൻ എന്നറിയപ്പെടുന്നത്. 1990-ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ അന്നത്തെ പ്രധാനമന്ത്രി വി.പി.സിങ്ങ് തീരുമാനിച്ചു. കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ജോലികളിൽ മറ്റ് പിന്നാക്കക്കാർക്ക് 27% സീറ്റുകൾ സംവരണം ചെയ്യപ്പെട്ടു.

ധാരാളം വൈജാത്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിഭാഗമാണ് മറ്റ് പിന്നാക്കവിഭാഗങ്ങൾ. ഇവരിൽ പല വിഭാഗങ്ങലും തമ്മിൽ വലിയ സാമ്പത്തിക സാമൂഹ്യ അന്തരം നിലനിൽക്കുന്നു. പണക്കാരായ ഉന്നത ഭൂഉടമകളും പാവപ്പെട്ടവരും ഇവർക്കിടയിലുണ്ട്. ഇത്തരം വിഭാഗങ്ങൾക്ക് വേണ്ടത്ര രാഷ്ട്രീയ പ്രാതിനിധ്യം ഇന്നും ലഭിക്കുന്നില്ല.

### പഠനപ്രവർത്തനം

*മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന് ശേഷം മറ്റ് പിന്നാക്കവിഭാഗങ്ങളിലുണ്ടായ രാഷ്ട്രീയ-വിദ്യാഭ്യാസ-സാമൂഹ്യ മാറ്റങ്ങളെക്കുറിച്ച് ഒരു സർവെയിലൂടെ വിവരം ശേഖരിച്ച് വിശകലനം ചെയ്ത് റിപ്പോർട്ട് തയാറാക്കുക.*

### പഠനപുരോഗതി വിലയിരുത്താം

9. സംവരണാനുകൂല്യങ്ങൾ ലഭിക്കുന്ന മേഖലകൾ ഏതെല്ലാം?
10. ജാതി-ഗോത്ര വിവേചനങ്ങൾ ഇല്ലായ്മ ചെയ്യാൻ ഉദ്ദേശിച്ച് രണ്ട് ഭരണഘടനാ വകുപ്പുകൾ എഴുതുക.
11. പിന്നാക്ക ജാതിവിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി പരിശ്രമിച്ച രണ്ട് സംഘടനകളുടെ പേരെഴുതുക.
12. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി ഗവൺമെന്റ് നിയോഗിച്ച ആദ്യത്തെ കമ്മീഷൻ ഏത്?
13 മണ്ഡൽ കമ്മീഷന്റെ പ്രധാന ശുപാർശ വിവരിക്കുക.

## ആദിവാസി പോരാട്ടങ്ങൾ (Adivasi Struggles)





ആരാണ് ആദിവാസികൾ ? അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണ്?

ഒരു പ്രദേശത്തെ ആദിമ നിവാസികളാണ് ആദിവാസികൾ. ഒരു പ്രത്യേകസംസ്കാരം പങ്കുവയ്ക്കുന്ന ഒരേ ഭാഷ സംസാരിക്കുന്ന ഒരു പ്രദേശത്ത് ജീവിക്കുന്ന ജനവിഭാഗമാണ് ആദിവാസികൾ. ഇവർ സാധാരണയായി വനപ്രദേശങ്ങളിലും കുന്നിൻ പ്രദേശങ്ങളിലുമാണ് വസിക്കുന്നത്. കടുത്ത ദാരിദ്ര്യവും ഒറ്റപ്പെടലും അന്യവൽക്കരണവും അനുഭവിക്കുന്നവരാണ് ആദിവാസികൾ. ഇവരുടെ സാമ്പത്തിക സാമൂഹ്യ അവസ്ഥ പരിതാപകരമാണ്. ഇവർ രാഷ്ട്രീയമായി സംഘടിതരോ വിദ്യാസമ്പന്നരോ അല്ല.

അധിനിവേശകാലഘട്ടം മുതലാണ് ആദിവാസികളുടെ പതനം ആരംഭിക്കുന്നത്. 19-ാം നൂറ്റാണ്ടോടെ ബ്രിട്ടീഷ് ഗവൺമെന്റ് ആദിവാസികളുടെ വാസകേന്ദ്രങ്ങളായ വനം ഏറ്റെടുക്കാൻ തുടങ്ങി. സ്വാതന്ത്ര്യാനന്തരവും ഈ നടപടി തുടർന്നുവരുന്നു. ഗവൺമെന്റ് വലിയ വ്യവസായശാലകളും വിമാനത്താവളങ്ങളും അണക്കെട്ടുകളും സ്ഥാപിക്കുന്നത് ആദിവാസിഭൂമിയിലാണ്. ഇവരുടെ വാസകേന്ദ്രങ്ങൾ സർക്കാർ ഏറ്റെടുക്കുകയും ഇവർ കുടിയിറക്കപ്പെടുകയും ചെയ്യുന്നു. സർദാർ സരോവർ അണക്കെട്ടിന്റെ നിർമ്മാണം, പൊളാവരം ജലസേചനപദ്ധതി എന്നിവയുടെ പേരിൽ ആയിരക്കണക്കിന് ആദിവാസികൾ കുടിയൊഴിപ്പിക്കപ്പെട്ടു. ദേശീയവികസനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവരാണ് ആദിവാസികൾ.

ഇന്ത്യയിലെ പലസംസ്ഥാനങ്ങളിലും ആദിവാസികൾ ഗണ്യമായ ജനവിഭാഗങ്ങളാണ്. ഭൂമിശാസ്ത്രപരമായി ഒന്നിച്ചു ജീവിക്കുന്നതുകൊണ്ട് ചില അവകാശങ്ങൾ നേടിയെടുക്കാൻ ആദിവാസികൾക്ക് കഴിഞ്ഞിട്ടുണ്ട്. അവരുടേതായ പ്രത്യേക സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ശക്തമായ പോരാട്ടത്തിന്റെ ഫലമായാണ് ഝാർഖണ്ട്, ഛത്തീസ്ഘട്ട് മുതലായ സംസ്ഥാനങ്ങൾ രൂപം കൊണ്ടത്.

**പഠനപ്രവർത്തനം**

*ഇന്ത്യയിലെ ആദിവാസികളുടെ പോരാട്ടങ്ങളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.*

### പഠനപുരോഗതി വിലയിരുത്താം

14. ആദിവാസികളെ എന്തുകൊണ്ടാണ് അങ്ങനെ വിളിക്കുന്നത്? വിശദീകരിക്കുക.
15 ആദിവാസികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാം?
16. ആദിവാസികളുടെ ശക്തമായ പോരാട്ടങ്ങളുടെ ഫലമായി രൂപീകരിക്കപ്പെട്ട രണ്ട് സംസ്ഥാനങ്ങളുടെപേരെഴുതുക.

## സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ

## (Struggles for Women's Equality and Rights)

നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യപരിഗണനയാണോ ലഭിക്കുന്നത്?

ഇന്ത്യൻ സമൂഹത്തിൽ പുരുഷ മേധാവിത്വം നിലനിൽക്കുന്നു. സ്ത്രീപുരുഷന്മാർക്കിടയിൽ അസമത്വം നിലനിൽക്കുന്നതിന് കാരണം ജീവശാസ്ത്രപരമായ വ്യത്യാസമാണെന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. പക്ഷെ യഥാർത്ഥത്തിൽ ശാരീരികമായ വ്യത്യാസങ്ങൾക്കപ്പുറം സാമൂഹ്യമായ അസമത്വമാണ് നിലനിൽക്കുന്നത്. ജീവശാസ്ത്രപരമായ വ്യത്യാസം ഒരിക്കലും സ്ത്രീകളെ പൊതുരംഗത്ത് നിന്നും മാറ്റി നിർത്തുന്നതിന് നീതീകരണമാവില്ല.




സ്ത്രീകൾ പലതരത്തിലുള്ള അടിച്ചമർത്തലുകൾക്ക് വിധേയമാകുന്നുണ്ടെങ്കിലും മാതൃദായകകുടുംബസമ്പ്രദായം നിലനിൽക്കുന്ന ചില സമൂഹങ്ങൾക്കിടയിൽ സ്ത്രീകൾ ഉയർന്ന പദവി അലങ്കരിക്കുന്നുണ്ട്. ഇത്തരത്തിലുള്ള ചില സാമൂഹ്യവിഭാഗങ്ങളുടെ പേര് പറയാമോ?




ഇന്ത്യയിൽ സ്ത്രീകൾക്കിടയിൽ സമത്വത്തിന് വേണ്ടിയുള്ള മുറവിളി ശക്തമാണ്. പത്തൊൻപതാം നൂറ്റാണ്ടിലെ സാമൂഹ്യനവീകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തോടുകൂടെയാണ് ഇത്തരം പ്രക്ഷോഭങ്ങൾ ശക്തമായത്. പക്ഷെ ഇത്തരം സംഘടനകളിലധികവും പ്രവർത്തിച്ചിരുന്നത് നഗരങ്ങളിലെ മധ്യവർഗ വിഭാഗങ്ങൾക്കിടയിലായിരുന്നു. ഇത്തരം പ്രസ്ഥാനങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി ശക്തമായി പോരാടി. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ സ്ത്രീകളുടെ ഉന്നമനത്തിന് വേണ്ടി പോരാടിയ പ്രധാന പ്രസ്ഥാനങ്ങളെക്കുറിച്ചും അവരുടെ പ്രധാന പ്രവർത്തനങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

| പ്രസ്ഥാനം | നേതാക്കൾ | പ്രവർത്തനങ്ങൾ |
|---|---|---|
| ബ്രഹ്മ സമാജം<br>Brahma Samaj | രാജാ റാം മോഹൻ റോയ്<br>Raja Ram Mohan Roy | സതി സമ്പ്രദായത്തിനെതിരെ പോരാടി<br>Anti Sati Campaign |
| പ്രാർത്ഥനാ സമാജം<br>Prarthana Samaj | എം.ജി.റാനഡെ<br>M.G.Ranade | വിധവ പുനർ വിവാഹത്തിനുവേണ്ടി പ്രവർത്തിച്ചു.<br>Widow Remarriage |
| സത്യശോധക് സമാജം (Sathya Shodhak Samaj) | ജ്യോതിബ ഫുലെ<br>Jothiba Phule | ജാതിലിംഗ അസമത്വങ്ങൾക്കെതിരെ പോരാടി.<br>Attack on Caste and Gender oppressres |
| അലിഗർ പ്രസ്ഥാനം<br>Aligar Movement | സർ സയ്യദ് അഹമ്മദ്ഖാൻ<br>Sir Sayed Ahmed Khan | മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു വേണ്ടി പ്രവർത്തിച്ചു.<br>Education for Muslim Women |
| ആര്യ സമാജം<br>Arya Samaj | സ്വാമി ദയാനന്ദ സരസ്വതി<br>Swami Dayananda Saraswathi | സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിച്ചു.<br>Women Education |

സ്ത്രീകൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ എപ്പോഴും പുരുഷന്മാരാണ് നയിച്ചിരുന്നത് എന്നത് ഒരു മിഥ്യാധാരണയാണ്. സ്ത്രീകൾ നയിച്ച ധാരാളം പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ പ്രവർത്തിച്ചിട്ടുണ്ട്. സ്ത്രീ സമത്വത്തിന് വേണ്ടിയുള്ള പോരാട്ടത്തിന്റെ ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ.

## സ്ത്രീപുരുഷ തുലന (1882)
## *Stree Purush Tulana*

*1882-ൽ മഹാരാഷ്ട്രയിലെ ഒരു വീട്ടമ്മയായ താരാഭായ് ഷിന്റെ എഴുതിയ ഗ്രന്ഥമാണ് 'സ്ത്രീപുരുഷ തുലന'. പുരുഷ മേധാവിത്വ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന വിവേചനങ്ങൾക്കെതിരെയാണ് ഈ പുസ്തകം വിരൽ ചൂണ്ടുന്നത്.*

*അവിഹിത ബന്ധത്തിലൂടെ പ്രസവിച്ച തന്റെ കുഞ്ഞിനെ കൊന്നതിന്റെ പേരിൽ കൊലക്കയർ വിധിക്കപ്പെട്ട ബ്രാഹ്മണ സ്ത്രീയുടെ കഥയാണ് ഈ പുസ്തകത്തിലെ ഇതിവൃത്തം. പക്ഷെ ഈ കുഞ്ഞിന് ജന്മം നൽകിയ ആളെ കണ്ടെത്താനോ ശിക്ഷിക്കാനോ സമൂഹം തയാറാവുന്നില്ല എന്നതാണ് ആശ്ചര്യ ജനകമായ വസ്തുത.*

### സുൽത്താനയുടെ സ്വപ്നം
### *(Sulthana's Dream 1905)*

*ബംഗാളിലെ ഒരു സമ്പന്ന മുസ്ലീം കുടുംബത്തിൽ ജനിച്ച ബീഗം രുഖിയ്യ ശഖാവത്ത് ഹുസൈൻ എഴുതിയ മിനിക്കഥയാണ് സുൽത്താനയുടെ സ്വപ്നം. ലോകത്തിലെ തന്നെ ഏറ്റവും പഴയതും സ്ത്രീകളാൽ രചിക്കപ്പെട്ടവയിൽ ആദ്യത്തേതുമായ ശാസ്ത്രകഥയാണിത്. തന്റെ സ്വപ്നത്തിൽ സുൽത്താന അത്ഭുതകരമായ ഒരു രാജ്യത്തിലൂടെ സഞ്ചരിക്കുകയാണ്. അവിടെ സ്ത്രീപുരുഷ റോളുകൾ മാറ്റപ്പെട്ടിരിക്കുന്നു. പുരുഷന്മാർ വീട്ടിനകത്ത് ഒതുങ്ങി കഴിയുമ്പോൾ സ്ത്രീകൾ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ വിരാചിക്കുന്നു.*

**പഠനപ്രവർത്തനം**

*സ്ത്രീകളുടെ പുരോഗതിക്ക് വേണ്ടി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെയും വ്യക്തികളുടെയും പ്രവർത്തനങ്ങൾ ദിനപത്രങ്ങളിൽ നിന്നും ചാനലുകളിൽ നിന്നും ശേഖരിച്ച് ഒരു സെമിനാർ അവതരിപ്പിക്കുക.*

ഇന്ന് സ്ത്രീകളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി ദേശീയപ്രാദേശിക തലങ്ങളിൽ അനേകം സംഘടനകൾ പ്രവർത്തിച്ചുവരുന്നു. 1931-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കറാച്ചി സമ്മേളനത്തിൽ വിളംബരം ചെയ്ത ഇന്ത്യൻ പൗരന്മാരുടെ മൗലിക അവകാശങ്ങൾ പ്രസക്തമാണ്. ഈ പ്രഖ്യാപനത്തിൽ സ്ത്രീ സമത്വത്തിന് മുന്തിയ പരിഗണന നൽകിയിട്ടുണ്ട്.

## കറാച്ചി പ്രഖ്യാപനം

1. ജാതി, മത, വംശലിംഗ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാരും നിയമത്തിനു മുൻപിൽ സമന്മാരാണ്.
2. വംശത്തിന്റെയോ മതത്തിന്റയോ വർഗത്തിന്റെയോ ലിംഗ വ്യത്യാസത്തിന്റെയോ പേരിൽ ഒരു പൗരന്റെ മേലും വിവേചനം അടിച്ചേൽപ്പിക്കാൻ പാടില്ല
3. എല്ലാവർക്കും പ്രായപൂർത്തി വോട്ടവകാശം ഉണ്ടായിരിക്കും
4. സ്ത്രീകൾക്ക് വോട്ടു ചെയ്യാനും, പ്രതിനിധാനം ചെയ്യാനും പൊതു ഓഫീസുകളിൽ പദവികൾ വഹിക്കാനും അധികാരമുണ്ട്.

എഴുപതുകളോടെ സ്ത്രീകളുടെ പ്രശ്നങ്ങൾ പുനർനിർവചിക്കപ്പെട്ടു. സ്ത്രീകളുടെ കസ്റ്റഡി മരണം, മാനഭംഗം, സ്ത്രീധന മരണങ്ങൾ, മാധ്യമങ്ങളിലെ പ്രാതിനിധ്യം, മാറുന്ന ലിംഗപദവികൾ മുതലായ ആധുനിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നിടത്തേക്ക് സ്ത്രീകളുടെ പോരാട്ടങ്ങൾ വഴിമാറിയിരിക്കുന്നു.

### പഠനപ്രവർത്തനം

*ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്ന ങ്ങൾ ചർച്ച ചെയ്യുക.*

### പഠനപുരോഗതി വിലയിരുത്താം

17. 'സ്ത്രീപുരുഷ തുലന' എന്ന ഗ്രന്ഥം രചിച്ചതാര്?
18. ബീഗം റുഖി ശഖാവത്ത് ഹുസൈൻ രചിച്ച മിനിക്കഥയുടെ പേരെന്ത്?
19. സത്യശോധക് സമാജം സ്ഥാപിച്ചതാര്?
20. സർ സയ്യദ് അഹമ്മദ്ഖാൻ സ്ഥാപിച്ച പ്രസ്ഥാനം ഏത്?

## അംഗപരിമിതരുടെ പോരാട്ടങ്ങൾ (The struggle of Disabled)

അംഗപരിമിതർ ഇന്ന് അറിയപ്പെടുന്നത് ഭിന്നശേഷിക്കാർ എന്നാണ്. ഏതെങ്കിലും ഒരവയവത്തിന് വൈകല്യം ബാധിച്ചവരെയാണ് അംഗപരിമിതിക്കാർ എന്ന് വിളിക്കുന്നത്. എന്നാൽ വ്യത്യസ്ത കഴിവുകളുള്ളവരാണ് അംഗപരിമിതർ. അംഗപരിമിതർ നേരിടുന്ന പല വിവേചനങ്ങളും സമൂഹത്തിന്റെ സൃഷ്ടിയാണ്. ശാരീരികവൈകല്യത്തേക്കാൾ അവർ അനുഭവിക്കുന്നത് സാമൂഹ്യ ഒറ്റപ്പെടുത്തലുകളാണ്. അംഗപരിമിതർക്കെതിരെയുള്ള സമൂഹത്തിന്റെ പൊതുവായ കാഴ്ചപ്പാട് എന്താണ്?



- വൈകല്യം തികച്ചും ശാരീരികമാണ്.
- ഒരു അംഗപരിമിതൻ ഇരയായി കണക്കാക്കപ്പെടുന്നു.
- 
- 

ഇവരുടെ വൈകല്യത്തിന് മറ്റൊരു സാമൂഹ്യതലം കൂടിയുണ്ട്. അംഗപരിമിതരുടെ സാമൂഹ്യ പിന്നാക്കാവസ്ഥയ്ക്ക് സാമ്പത്തിക പിന്നാക്കാവസ്ഥയും കാരണമാകുന്നുണ്ട്. ഈ സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായി സർക്കാർ-സർക്കാരിതര ഏജൻസികൾ വ്യത്യസ്ത പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

### പഠനപ്രവർത്തനം

*നമ്മുടെ സമൂഹത്തിൽ ഭിന്നശേഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കി പരിഹാര നടപടികൾ നിർദ്ദേശിക്കുക.*

## സംഗ്രഹം

- സാമൂഹ്യ അസമത്വവും ബഹിഷ്കരണവും ജീവിതയാഥാർത്ഥ്യങ്ങളാണ്.
- സാമൂഹ്യ അസമത്വത്തിന്റ ആധാരം സാമൂഹ്യശ്രേണീകരണമാണ്
- ജാതിവ്യവസ്ഥ സമൂഹത്തിൽ വിഭാഗീകരണം സൃഷ്ടിക്കുന്നു
- വംശവും ജാതിയും സാമൂഹ്യ അസമത്വം പരിപോഷിപ്പിക്കുന്നു
- അസ്പൃശ്യത/അയിത്തം ഒരു വിഭാഗം ജനങ്ങളെ സമൂഹത്തിന്റ പൊതു ധാരയിൽ നിന്നും മാറ്റിനിർത്തുന്നു
- ജാതി-ഗോത്ര വിവേചനങ്ങൾ പരിഹരിക്കുന്നതിനായി ഗവൺമെന്റും ഇതര ഏജൻസികളും ധാരാളം നയപരിപാടികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.
- മറ്റുപിന്നാക്ക വിഭാഗങ്ങളും സമൂഹത്തിൽ അസമത്വത്തിനും ബഹിഷ്കരണത്തിനും വിധേയമാവുന്നുണ്ട്
- ആദിവാസികൾക്കു നേരേയുള്ള അനീതികൾക്കെതിരെ പോരാട്ടങ്ങൾ നടക്കുന്നുണ്ട്.
- സ്ത്രീകൾ അവരുടെ അവകാശങ്ങൾക്ക് വേണ്ടിയും സമത്വത്തിന് വേണ്ടിയും പോരാട്ടങ്ങൾ സംഘടിപ്പിക്കുന്നുണ്ട്
- സമൂഹത്തിൽ ഭിന്നശേഷിക്കാർ/അംഗപരിമിതർ ധാരാളം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു.

## തുടർമൂല്യനിർണയസാധ്യതകൾ

- പ്രക്രിയ വിലയിരുത്തലിന്റെ ഭാഗമായി ഈ പാഠഭാഗവുമായി ബന്ധപ്പെടുത്തി അധ്യാപക സഹായിയിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ സമ്പർക്ക ക്ലാസിൽ ചെയ്യാവുന്നതാണ്.
- പാഠഭാഗത്ത് നൽകിയിരിക്കുന്ന പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ തെളിവുകൾ തുടർമൂല്യനിർണയത്തിന് ഉപയോഗിക്കാറുള്ളതാണ്.
- യൂണിറ്റ്തല വിലയിരുത്തലിന്റെ ഭാഗമായി ക്വിസ് മത്സരം സംഘടിപ്പിക്കാവുന്നതാണ്.

| സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ് | | | |
|---|---|---|---|
| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
| • സാമൂഹ്യശ്രേണീകരണം സാമൂഹ്യ അസമത്വത്തിന്റെ അടിസ്ഥാനമാണെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ | | | |
| • സാമൂഹ്യബഹിഷ്കരണം എന്തെന്ന് നിർവചിക്കാൻ | | | |
| • ജാതിവ്യവസ്ഥ ഒരു വിവേചന സമ്പ്രദായമാണ് എന്ന നിലയിൽ വിശദീകരിക്കാൻ | | | |
| • ജാതിയും വംശവും സാമൂഹ്യ അസമത്വത്തിന്റെ പശ്ചാത്തലത്തിൽ താരതമ്യം ചെയ്ത് വിശദീകരിക്കാൻ | | | |
| • സാമൂഹ്യ ബഹിഷ്കരണത്തിന്റെ ഒരു രീതി എന്ന നിലയിൽ അയിത്താചരണം വിലയിരുത്താൻ | | | |
| • ജാതി-ഗോത്ര വിവേചനം പരിഹരിക്കാനുള്ള ഗവൺമെന്റിന്റെയും ഗവൺമെന്റിതര സംവിധാനങ്ങളുടെയും നയപരിപാടികൾ വിശദീകരിക്കാൻ | | | |
| • മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ അവസ്ഥ വിശകലനം ചെയ്യാനും അവരുടെ ക്ഷേമത്തിന് വേണ്ടിയുള്ള പരിപാടികൾ വിശദീകരിക്കാനും. | | | |
| • ആദിവാസികൾ അവരുടെ ഉന്നമനത്തിന് വേണ്ടി നടത്തുന്ന പോരാട്ടങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ | | | |
| • സ്ത്രീകളുടെ അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടിയുള്ള പോരാട്ടങ്ങൾ വിശകലനം ചെയ്യാൻ | | | |
| • അംഗപരിമിതർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തിരിച്ചറിയാനും അവർക്കനുകൂലമായ മനോഭാവം വളർത്തിയെടുക്കാനും | | | |

## പഠനപുരോഗതി വിലയിരുത്താം - ഉത്തരസൂചിക

1. സാമൂഹ്യ അസമത്വം
2. സാമൂഹ്യ മൂലധനം
3. (i) സാമൂഹ്യ ശ്രേണീകരണം വ്യക്തിഗതമല്ല, സാമൂഹ്യമാണ്
   (ii) സാമൂഹ്യ ശ്രേണീകരണം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു
   (iii) സാമൂഹ്യ ശ്രേണീകരണത്തിന് ചില വിശ്വാസ രീതികളുടെയും പ്രത്യയ ശാസ്ത്രങ്ങളുടെയും പിൻബലമുണ്ട്.
4. മുൻവിധികൾ
5. ഒരുസംഘം ആളുകളുടെ സ്ഥിരവും അയവില്ലാത്തതുമായ പ്രത്യേകതകളെയാണ് സ്ഥിര രൂപം എന്ന് പറയുന്നത്.
6. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വ്യക്തികളെയോ സാമൂഹ്യ വിഭാഗങ്ങളെയോ മാറ്റിനിർത്തുന്നതിനെയാണ് സാമൂഹ്യ ബഹിഷ്കരണം എന്ന് പറയുന്നത്.
7. തൊട്ടുകൂടായ്മ
8. ചൂഷണം, വിധേയത്വം
9. വിദ്യാഭ്യാസ സ്ഥാപനത്തിലുള്ള സംവരണം, ജോലി സംവരണം, നിയമനിർമ്മാണ സംഘങ്ങളിലെ സംവരണം
10. (i) ജാതി അവശത നീക്കം ചെയ്യൽ നിയമം
    (ii) അയിത്തോച്ചാടന നിയമം
11. (i) സത്യശോധക് സമാജം
    (ii) ബ്രഹ്മസമാജം
12. കാക കലേൽകർ കമ്മീഷൻ
13. സർക്കാർ ജോലികളിൽ 27% സംവരണം
14. ഒരു പ്രദേശത്ത് ആദ്യമായി താമസിച്ചവരെയാണ് ആദിവാസികൾ എന്ന് പറയുന്നത്.
15. ആദിവാസികളുടെ ഭൂമി ഏറ്റെടുക്കൽ
    ആദിവാസികളെ കുടിയിറക്കൽ
    വൻ വ്യവസായശാലകൾ, അണക്കെട്ടുകൾ, ഫാക്ടറികൾ മുതലായവ സ്ഥാപിക്കൽ
16. ഝാർഖണ്ഡ്, ഛത്തീസ്ഗഢ്
17. താരാഭായ്ഷിന്റെ
18. സുൽത്താനയുടെ സ്വപ്നം (Sulthana's Dream)
19. ജ്യോതിബ ഫൂലെ
20. അലിഗർ പ്രസ്ഥാനം

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സാമൂഹ്യ വിഭവങ്ങളുടെ ലഭ്യതയുടെ അടിസ്ഥനത്തിൽ രൂപപ്പെടുന്ന വിവേചന രീതിയെ ...... എന്ന് വിളിക്കുന്നു.
2. ഒരു ഗണത്തിലെ അംഗങ്ങൾക്ക് മറ്റ് സംഘടനകളോട് തോന്നുന്ന മുൻകൂട്ടി രൂപ കൽപ്പന ചെയ്ത അഭിപ്രായങ്ങളെ എങ്ങനെ വിശേഷിപ്പിക്കാം.

   (മുൻവിധി, സ്ഥിരരൂപം, വിവേചനം, വംശീയത)
3. സ്ഥിരവും മാറ്റമില്ലാതെ തുടരുന്നതുമായ ഒരു സംഘം ആളുകളുടെ സ്വഭാവ മാണ്

   (ആദർശ മാതൃക, സ്ഥിരരൂപം, സഹഭാവം, ഇവയൊന്നുമല്ല)
4. ഫ്ളോ ചാർട്ട് പൂർത്തീകരിക്കുക.




5. രണ്ടാമത്തെ പിന്നാക്കവർഗ കമ്മീഷന്റ അധ്യക്ഷൻ ആരായിരുന്നു
6. സാമൂഹ്യ ശ്രേണീകരണം സാമൂഹ്യ അസമത്വത്തിന്റെ പശ്ചാത്തലത്തിൽ വിശ ദീകരിക്കുക.
7. 'സാമൂഹ്യ ബഹിഷ്കരണം ബഹിഷ്കൃതരാവുന്നവരുടെ താൽപര്യപ്രകാരമല്ല നടക്കുന്നത്' ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.
8. ജാതിവ്യവസ്ഥയിലും വംശവ്യവസ്ഥയിലും നിലനിൽക്കുന്ന അസമത്വങ്ങൾ താര തമ്യം ചെയ്തു വിശദീകരിക്കുക?
9. ജാതി-ഗോത്ര വിവേചനങ്ങൾ പരിഹരിക്കാൻ ചില മാർഗങ്ങൾ നിർദ്ദേശിക്കുക.
10. മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സ്വീക രിച്ച നടപടികൾ വിശദീകരിക്കുക?
11. ആദിവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അവരുടെ പോരാട്ട ങ്ങളെക്കുറിച്ചും ഒരു കുറിപ്പ് തയാറാക്കുക.
12. ഇന്ത്യൻ സ്ത്രീ പ്രസ്ഥാനങ്ങളുടെ പ്രവർത്തന പരിപാടികളെ വിമർശനാത്മക മായി വിലയിരുത്തുക.
13. 'വികലാംഗത ശാരീരിക അവസ്ഥയേക്കാൾ സാമൂഹ്യ നിർമ്മിതിയാണ് ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ വാദം ഉദാഹരണ സഹിതം സമർഥിക്കുക.

## വിലയിരുത്തൽ ചോദ്യങ്ങൾ-ഉത്തരസൂചിക

1. സാമൂഹ്യ അസമത്വം (Social Inequality)
2. മുൻവിധി (Prejudice)
3. സ്ഥിര രൂപം (Stereotype)
4. വിധേയത്വം
5. ബി.പി.മണ്ഡൽ
6. സാമൂഹ്യ ശ്രേണികരണമാണ് സാമൂഹ്യ അസമത്വത്തിന്റെ അടിസ്ഥാനം
   - സാമൂഹ്യ ശ്രേണീകരണത്തിന്റെ മുഖ്യ തത്വങ്ങൾ : സാമൂഹ്യ ശ്രേണീകരണം സമൂഹത്തിന്റെ സവിശേഷതയാണ്. സാമൂഹ്യ ശ്രേണീകരണം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതാണ്. സാമൂഹ്യ ശ്രേണീകരണത്തിന് ചില വിശ്വാസം അഥവാ പ്രത്യയശാസ്ത്രപരമായ പിൻബലമുണ്ട്
7. അതെ
   - വ്യക്തികളെ സമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് വേർപെടുത്തുന്ന രീതിയാണ് സാമൂഹ്യബഹിഷ്കരണം.
   - സാമൂഹ്യബഹിഷ്കരണം യാദൃശ്ചികമല്ല; അത് വ്യവസ്ഥാപിതമാണ്
   - സാമൂഹ്യബഹിഷ്കരണം അടിച്ചേൽപ്പിക്കപ്പെടുന്നതാണ്
8. 
   - ജാതിയും വംശവും ജനങ്ങളുടെ ജന്മത്തിന്റെ അടിസ്ഥാനത്തിലുള്ള വിഭജനമാണ്
   - ഇവ രണ്ടും അത്യന്തം നിന്ദ്യവും ചൂഷണത്തിലധിഷ്ഠിതവുമാണ്
   - താഴ്ന്ന ജാതിക്കാരുടെയും കറുത്തവർഗക്കാരുടെയും സാമൂഹ്യ-സാമ്പത്തിക പദവി വളരെ താഴെയാണ്.
   - ഈ രണ്ടു വിഭാഗത്തിനും രാഷ്ട്രീയ അധികാരങ്ങളില്ല
   - ജാതിയും വംശവും ജനങ്ങളുടെ ജീവിത സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നു
9. 
   - പാർലമെന്റുകളിലും (രാജ്യസഭ, ലോകസഭ) സംസ്ഥാന അസംബ്ലികളിലും സംവരണം.
   - ഗവൺമെന്റ് ജോലികളിൽ സംവരണം
   - വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റ് സംവരണം
   - തൊട്ടുകൂടായ്മയും ജാതി വിവേചനങ്ങളും നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ
   - ജാതി അവശത നിരോധന നിയമം 1850
   - ഭരണഘടനയുടെ 93-ാം ഭേദഗതി
   - പട്ടികജാതി പട്ടികവർഗ (അതിക്രമ നിരോധന) നിയമം 1989
   - സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ

10. • കാക്ക കലേൽക്കർ കമ്മീഷന്റെ നിയമനം
    • മണ്ഡൽ കമ്മീഷൻ നിയമനം
    • മറ്റ് ക്ഷേമപരിപാടികൾ
11. • ഭൂമി അന്യാധീനപ്പെടൽ
    • ദേശീയ വികസനം എങ്ങനെ ആദിവാസിവികസനത്തെ ബാധിക്കുന്നു
    • ആദിവാസി പോരാട്ടങ്ങൾ
    • സംസ്ഥാന രൂപീകരണ പ്രസ്ഥാനങ്ങൾ
12. • മധ്യവർഗ കേന്ദ്രീകൃതം
    • പരിഷ്കരണ പ്രസ്ഥാനങ്ങൾ
    • സതിനിരോധന ക്യാമ്പയിൻ
    • ജാതി-ലിംഗ വിവേചനത്തിനെതിരെയുള്ള പോരാട്ടങ്ങൾ
13. അതെ
    • വികലാംഗത്വം ശാരീരിക വൈകല്യത്തേക്കാൾ ഒരു സാമൂഹ്യ നിർമ്മിതിയാണ്.
    • വികലാംഗർ സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും മാറ്റിനിർത്തപ്പെടുന്നു.
    • വികലാംഗരെ പഴിക്കുന്ന ധാരാളം ഐതിഹ്യകഥകളും പഴഞ്ചൊല്ലുകളും പ്രചാരത്തിലുണ്ട്.

## തുടർപ്രവർത്തനങ്ങൾ

1. ഇന്ത്യയിൽ നിലനിന്നിരുന്ന തൊട്ടുകൂടായ്മ എന്ന സാമൂഹ്യ ദുരാചാരത്തെ പ്രതിഫലിപ്പിക്കുന്ന ഒരു ലഘു നാടകത്തിന് സ്ക്രിപ്റ്റ് തയാറാക്കുക.
2. സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയാറാക്കുക.
3. ഇന്ത്യയിലെ ആദിവാസി പോരാട്ടങ്ങളുമായി ബന്ധപ്പെട്ട് ദിനപത്രങ്ങളിലും മാസികകളിലും വന്ന റിപ്പോർട്ടുകളും ചിത്രങ്ങളും ശേഖരിച്ച് ഒരു സ്ക്രാപ് ബുക്ക് തയാറാക്കുക.

## തുടർവായനാ സാമഗ്രികൾ


1. Ellison.R 1952. Invisible Man, Modern Library, Newyork
2. Giddens, Anthony, 2001, Sociology, 4th Edition, Polity Press, Cambridge
3. Fuller.C.J.ed-1996, Caste Today, Oxford University Press, New Delhi
4. Indian Society 2006, NCERT XII Textbook



6

# സാംസ്കാരിക വൈവിധ്യത്തിന്റെ വെല്ലുവിളികൾ (The Challenges of Cultural Diversity)

## ആമുഖം

സാമൂഹ്യമായും സാംസ്കാരികമായും ഏറ്റവും വൈവിധ്യമുള്ള ലോക രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 120 കോടിയിലേറെ ജനങ്ങളുള്ള ഇന്ത്യയിൽ ഭൂപ്രകൃതി, പ്രദേശം, വംശം, ഭാഷ, മതം, ജാതി എന്നിവയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ടിട്ടുള്ള അനേകം സാമൂഹ്യവിഭാഗങ്ങളാണ് ഉള്ളത്. ഇവിടെ ഇത്തരത്തിലെ നൂറുകണക്കിനു വിഭിന്നങ്ങളായ സാംസ്കാരിക സ്വത്വങ്ങൾ രൂപപ്പെട്ടു വരാനുള്ള കാരണങ്ങൾ എന്തൊക്കെയായിരിക്കാം? സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ എങ്ങനെയാണ് സാംസ്കാരിക ഇന്ത്യയുടെ വൈവിധ്യത്തിനും സാമൂഹ്യ ഐക്യത്തിനും ഭീഷണിയാകുന്നത്? ഇത്തരം വെല്ലുവിളികളെ ഒരു രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ അതിജീവിക്കുന്നത് എങ്ങനെയാണ്? ലോകപ്രശസ്തമായ ഇന്ത്യൻ ജനാധിപത്യത്തിന്റെയും ദേശീയതയുടെയും വളർച്ചയിൽ കടന്നുപോയ ഘട്ടങ്ങളും അതിൽ പൗരസമൂഹം വഹിച്ച പങ്കുമെന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടിയുള്ള അന്വേഷണമാണ് ഈ പാഠഭാഗം.

## പഠനനേട്ടങ്ങൾ

- ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യങ്ങളെ തിരിച്ചറിയുകയും പട്ടികപ്പെടുത്തുകയും ചെയ്യുന്നു.
- വൈവിധ്യം എന്ന ആശയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർവചിക്കുന്നു.
- സാമുദായിക സ്വത്വം എന്നത് തിരിച്ചറിഞ്ഞ് അതിന്റെ പ്രാധാന്യം വിശദീകരിക്കുന്നു.
- സമുദായം, ദേശം, ദേശരാഷ്ട്രം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുന്നു.
- രാഷ്ട്രങ്ങളുടെ സ്വാംശീകരണ, ഉദ്ഗ്രഥന നയങ്ങൾ വിശകലനം ചെയ്യുന്നു.
- സാംസ്കാരിക വൈവിധ്യം സംരക്ഷിക്കുന്നതിൽ ഇന്ത്യ നടത്തുന്ന ശ്രമങ്ങളെ വിശകലനം ചെയ്യുന്നു.
- പ്രാദേശിക വാദത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ സംസ്ഥാന പുനഃ സംഘടനയെ വിശകലനം ചെയ്യുന്നു.
- ജനാധിപത്യത്തിന്റെ സ്ഥിരതയും ദാർഢ്യവും ഉറപ്പുവരുത്തുന്നതിൽ ന്യൂനപക്ഷാവകാശ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- ഇന്ത്യയിൽ നടന്ന സാമുദായിക കലാപങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നു
- ഇന്ത്യയിലും യൂറോപ്പിലും നിലനിൽക്കുന്ന മതേതരത്വ സങ്കൽപങ്ങളെ താരതമ്യം ചെയ്യുന്നു.
- ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലും ശുദ്ധീകരിക്കുന്നതിലും പൗരസമൂഹത്തിന്റെ പങ്ക് വിശദീകരിക്കുന്നു.

## പഠനപ്രവർത്തനം

*താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെ ഒപ്പം നൽകിയിരിക്കുന്ന ഇന്ത്യയുടെ ഭൂപടത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിറങ്ങളുപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങൾ / പ്രദേശങ്ങൾ അടയാളപ്പെടുത്തുക.*

| ഭൂപടത്തിൽ അടയാളപ്പെടുത്തുക | | നിറങ്ങൾ |
|---|---|---|
| I ഭാഷകൾ | (ഭാഷാ സംസ്ഥാന അതിർത്തി രേഖപ്പെടുത്തുക)<br>a) പഞ്ചാബി<br>b) മറാത്തി<br>c) ബംഗാളി<br>d) മലയാളം<br>e) ഒറിയ | ചുവപ്പ് |
| II ആഘോഷങ്ങൾ | (നടത്തുന്ന പ്രദേശം ഷെയ്ഡ് ചെയ്യുക)<br>a) പുരി രഥോത്സവം<br>b) കുംഭമേള<br>c) പൊങ്കൽ<br>d) ഓണം<br>e) ദസറ | പച്ച |
| III തീർത്ഥാടക നഗരങ്ങൾ | (കൃത്യം സ്ഥലം അടയാളപ്പെടുത്തുക)<br>a) അജ്മീർ (മുസ്ലീം)<br>b) കാശി (ഹിന്ദു)<br>c) ഗയ (ബുദ്ധ)<br>d) സുവർണ്ണ ക്ഷേത്രം (സിഖ്)<br>e) വേളാങ്കണ്ണി (ക്രിസ്ത്യൻ) | മഞ്ഞ |
| IV ജാതികൾ | (ഭൂരിപക്ഷ പ്രദേശം ഷെയ്ഡ് ചെയ്യുക)<br>നായർ<br>റെഡ്ഡി<br>ജാട്ട്<br>യാദവർ<br>ബാനർജി | നീല |
| V ഭൂപ്രദേശം | (ഷെയ്ഡ് ചെയ്യുക)<br>ഹിമപ്രദേശം<br>മരുഭൂമി<br>പീഠഭൂമി<br>തീരപ്രദേശം | വയലറ്റ് |

# ഇന്ത്യ



നിങ്ങൾ തയാറാക്കിയ ഭൂപടം പരിശോധിച്ചാൽ ഇന്ത്യയുടെ സാംസ്കാരിക സവിശേഷതകൾ സംബന്ധിച്ച ചില നിഗമനങ്ങളിലെത്താം.

- ഭൂപ്രദേശം, ഭാഷ, വംശം, മതം, ജാതി എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ സാമൂഹ്യ വിഭാഗങ്ങൾ രൂപം കൊണ്ടിട്ടുള്ളത്.
- പല തരത്തിലുള്ള സാമൂഹ്യ വിഭാഗങ്ങളും സമുദായങ്ങളും ഒരുമിച്ചു ജീവിക്കുന്നതു കൊണ്ടാണ് നാനാത്വത്തിൽ ഏകത്വം എന്നത് ഇന്ത്യയുടെ സാംസ്കാരിക സവിശേഷതയായി പറയപ്പെടുന്നത്.
- ഈ വൈവിധ്യങ്ങളെ ഏകോപിപ്പിച്ചു നിർത്തുന്ന ഭൂമിശാസ്ത്രപരമായ ഒരതിർത്തി ഇന്ത്യക്കുണ്ട്.

ഒരു രാഷ്ട്രത്തിന്റെ ഭാഗമായി ഈ വൈജാത്യങ്ങൾ ഒരുമിച്ചു നീങ്ങുമ്പോൾ അവർക്കിടയിൽ മത്സരവും സംഘട്ടനവും ഉണ്ടാകുന്നു. നമ്മുടെ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്ന തരത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത സമൂഹ്യ വിഭാഗങ്ങൾ തമ്മിലുണ്ടാകുന്ന സംഘർഷങ്ങളുടെ വാർത്തകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. വർഗ്ഗീയ ലഹളകളും, ജാതി യുദ്ധങ്ങളും പ്രാദേശിക സ്വയംഭരണത്തിനു വേണ്ടിയുള്ള പ്രക്ഷോഭങ്ങളും പോലുള്ള പ്രശ്നങ്ങളുടെ അടിസ്ഥാന കാരണവും ഈ വൈവിധ്യങ്ങൾ തന്നെയല്ലേ? ഇത്തരത്തിൽ സാംസ്കാരിക വൈവിധ്യം ദേശീയതയ്ക്ക് കടുത്ത വെല്ലുവിളികൾ ഉയർത്താനുള്ള കാരണങ്ങളെന്തൊക്കെയാണ്? ദേശരാഷ്ട്രങ്ങൾ ഇത്തരം വൈവിധ്യങ്ങളിൽ നിന്നു രൂപപ്പെടുന്ന വൈരുദ്ധ്യങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നു? എന്ന ചർച്ചയാണ് തുടർന്നുള്ളത്.

**പഠനപ്രവർത്തനം**



*ഇന്ത്യൻ ദേശീയത ഇന്ന് രാജ്യത്തിനകത്തു നിന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന ഭീഷണികൾ എന്തെല്ലാമാണ്? നിങ്ങളുടെ ധാരണകൾ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ രേഖപ്പെടുത്തൂ.*

| പ്രശ്നങ്ങൾ | ഉദാഹരണങ്ങൾ |
|---|---|
| വർഗ്ഗീയ കലാപങ്ങൾ | ഗുജറാത്ത്, മാറാട് |
| മാവോയിസ്റ്റ് വാദം | |
| നക്സൽ വാദം | |
| വിഘടന വാദം | |

## സാമുദായിക സ്വത്വത്തിന്റെ പ്രാധാന്യം (Importance of commmunity Identity)

ദിനപ്പത്രങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള വൈവാഹികപ്പരസ്യങ്ങൾ ശ്രദ്ധിച്ചിരിക്കുമല്ലോ. മതം, ജാതി, പ്രദേശം, ഭാഷ, തൊഴിൽ, സാമ്പത്തിക സ്ഥിതി ഇവയിൽ ചിലതിന്റെ അടിസ്ഥാനത്തിലൊക്കെയാവും നാം നമ്മെക്കുറിച്ചു വിശദീകരിക്കുന്നത്. ഇതേ കാര്യങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെയാവും നാം സാമൂഹ്യബന്ധങ്ങൾ സൃഷ്ടിക്കുന്നതും. കാരണം ഇവയെല്ലാമാണ് നമ്മുടെ സ്വത്വത്തെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ.

ഈ ലോകത്ത് ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ഓരോ മനുഷ്യനും അടിയുറച്ച ഒരു സ്വത്വബോധം (Sense of identity) ഉണ്ടായിരിക്കും. വിവിധ സാമൂഹീകരണ ഏജൻസി (Socialising Agency) കളുടെ സ്വാധീന ഫലമായാണ് വ്യക്തിയിൽ ഈ സ്വത്വബോധം രൂപപ്പെടുന്നത്.

വ്യക്തിയുടെ പ്രകടമായ പരിശ്രമമോ യോഗ്യതകളോ കൂടാതെതന്നെ അംഗത്വം ലഭിക്കുന്ന ഇടമാണ് സമുദായം (Community). അതുകൊണ്ടുതന്നെ സാമുദായികസ്വത്വം ആരോപിതമായ (ascribed) ഒന്നാണ്. ഒരാൾക്ക് തന്റെ സാമുദായിക സ്വത്വം ഉപേക്ഷിക്കാനോ പുതിയത് സ്വീകരിക്കാനോ എളുപ്പമല്ല.

സാമുദായിക സ്വത്വത്തിന്റെ പ്രധാന സവിശേഷത അതിന്റെ വൈകാരികതയാണ്. അത് വ്യക്തിയുടെ ലോകത്തിന് അർത്ഥം നൽകുകയും താൻ ആരാണ് എന്ന സ്വത്വബോധം അവനിൽ ഉണ്ടാകുകയും ചെയ്യുന്നു. സമുദായത്തിനു നേരെയുള്ള ഭീഷണിയോട് വ്യക്തികൾ വൈകാരികമായും ഹിംസാത്മകമായും പ്രതികരിക്കുന്നത് ഇതുകൊണ്ടാണ്.

'സാർവ്വത്രികത'യാണ് സമുദായസ്വത്വത്തിന്റെ മറ്റൊരു സവിശേഷത. ഒരു സമുദായത്തിലെ മിക്കവാറും എല്ലാവർക്കും ഒരു ജന്മനാടും, ഒരു മാതൃഭാഷയും, പ്രത്യേക കുടുംബ പശ്ചാത്തലവും, ഒരു വിശ്വാസവും ഉള്ളവരായിരിക്കും. ഇത്തരക്കാർ സ്വദേശം വിട്ട് ലോകത്തിന്റെ ഏതു ഭാഗത്തു ചെന്നാലും ഈ സ്വത്വബോധം സൂക്ഷിക്കുന്നു. എല്ലാ തരത്തിലും ഇതു ശരിയായിക്കൊള്ളണമെന്നില്ല. എന്നാൽ പൊതു അർത്ഥത്തിൽ ഇത് ശരിയാണ്. ഇത്തരത്തിൽ സ്വത്വബോധം കാത്തു സൂക്ഷിക്കുന്ന ചില സാമൂഹ്യ വിഭാഗങ്ങളുടെ പേര് പറയാമോ?

- തമിഴ് ജനത
- പലസ്തീൻ ജനത
- ജൂതന്മാർ
- 

### പഠന പുരോഗതി വിലയിരുത്താം

1. സമുദായിക സ്വത്ത്വം എന്ന ആശയത്തിന്റെ പ്രത്യേകതകൾ പട്ടികപ്പെടുത്തുക.
    - ജന്മനാ നിശ്ചയിക്കപ്പെട്ടത്.
    - 
    - 

**പഠനപ്രവർത്തനം**

*നിങ്ങളുടെ സാമൂഹ്യ വ്യക്തിത്വവും സ്വത്വവും സൂചിപ്പിക്കുന്ന തരത്തിൽ പദസൂര്യൻ പൂർത്തീകരിക്കുക. സഹപാഠിതാക്കളുടെ പദസൂര്യനുമായി താരതമ്യം ചെയ്ത് കണ്ടെത്തലുകൾ ക്രോഡീകരിച്ച് ക്ലാസിലവതരിപ്പിക്കുക.*




## സമുദായങ്ങൾ, ദേശങ്ങൾ, ദേശരാഷ്ട്രങ്ങൾ (Communities, Nations and Nation states)

ദേശീയതയെന്ന വാക്ക് ആധുനിക രാഷ്ട്രീയ സങ്കൽപവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ടു തന്നെ സമുദായം, ദേശം എന്നീ വാക്കുകളെ ഇവിടെ ചർച്ച ചെയ്യേണ്ടത് ഇതുമായി ബന്ധപ്പെടുത്തിയാവണം. ഇത്തരത്തിൽ ചിന്തിച്ചാൽ വലിയൊരു സമുദായത്തെയാണ് ദേശം (nation) എന്നു പറയുന്നത്. ആ ദേശത്തിൽ വസിക്കുന്നവരിൽ ഉണ്ടാകേണ്ട സ്വത്വബോധമാണ് ദേശീയത (nationality). ഇതിൽ നിന്നു രൂപപ്പെട്ടുവരുന്ന രാഷ്ട്രീയ കൂട്ടായ്മയാണ് രാഷ്ട്രമായി രൂപപ്പെടുന്നത്. അതായത് ഒരു രാഷ്ട്രീയ സമുദായമാണ് രാഷ്ട്രം. ഒരു നിശ്ചിത ഭൂപ്രദേശം, ജനങ്ങൾ, ഗവൺമെന്റ് പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ.

*ഒരു പ്രത്യേക പ്രദേശത്ത് നിയമാനുസൃതമായ ബലപ്രയോഗത്തിനുള്ള കുത്തക വിജയകരമായി അവകാശപ്പെടുന്ന സംഘമാണ് രാഷ്ട്രം - മാക്സ് വെബർ.*

ഒരു ദേശത്തെ ഇങ്ങനെ വിശദീകരിക്കാൻ വിഷമവുമാണ്. കാരണം ഒരു ദേശത്ത് പല ഭാഷകളും, മതങ്ങളും, വംശങ്ങളും കാണാം. ഭാഷ, മതം, വംശീയത, ചരിത്രം ഇവയുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ദേശങ്ങൾ പോലും ഇന്ന് വിഭിന്ന സമൂഹങ്ങളെ ഉൾക്കൊള്ളേണ്ടതായി വരുന്നുണ്ട്.

**ദേശവും സമുദായങ്ങളും ആശയപരമായി വ്യത്യാസങ്ങളില്ല. സ്വന്തമായൊരു രാഷ്ട്രം സ്ഥാപിക്കുന്നതിൽ വിജയിച്ച ഒരു സമുദായമാണ് ദേശം എന്നു പറയാം.**

അനേകം ദേശീയതകളെ ഒന്നിപ്പിച്ചു നിലനിൽക്കുന്ന രാഷ്ട്രങ്ങളുമുണ്ട്. പഴയ സോവിയറ്റ് യൂണിയൻ (USSR) ഇത്തരത്തിലൊന്നായിരുന്നു. അവിടെ ഓരോ ദേശത്തിനും

ഓരോ രാഷ്ട്രം മുൻപുണ്ടായിരുന്നില്ല. ആധുനിക അമേരിക്കൻ ഭരണകൂടം (United States of America) അനേകം സ്റ്റേറ്റുകളെ രാഷ്ട്രീയമായി ഏകോപിപ്പിച്ചിരിക്കുന്നു രാഷ്ട്രത്തെക്കുറിച്ചുള്ള ചില നിർവചനങ്ങളും മാനദണ്ഡങ്ങളും ചർച്ച ചെയ്തല്ലോ. ഇനി ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ കണ്ടെത്തു.

- അമേരിക്കയും അലാസ്കയും ഒരു രാഷ്ട്രമാണ്. എന്നാൽ അവ തമ്മിൽ ഒരേ ഭൂമിശാസ്ത്ര അതിർത്തി പങ്കുവെക്കുന്നുണ്ടോ?
- 1971 നു മുമ്പ് നമ്മുടെ അയൽ രാജ്യമായ പാകിസ്ഥാന്റെ ഭൂപടം എങ്ങനെയായിരുന്നു?
- ആസ്ട്രിയയും ജർമ്മനിയും ഒരേ സംസ്കാരവും ഭാഷയും പങ്കുവെക്കുന്നവരാണ്. അവർ ഒരൊറ്റ രാഷ്ട്രമാണോ?
- യെമൻ, കുവൈറ്റ്, സൗദി അറേബ്യ, യു.എ.ഇ എന്നീ രാജ്യങ്ങളിലെ ഭാഷയും സംസ്കാരവും ഭൂമിശാസ്ത്രവും വ്യത്യസ്ഥങ്ങളാണോ?

നിങ്ങളുടെ അന്വേഷണത്തിൽ നിന്നു കണ്ടെത്തുന്ന കാര്യങ്ങൾ കുറിച്ചു വയ്ക്കു. ആധുനിക 'ദേശരാഷ്ട്ര' സങ്കൽപത്തെക്കുറിച്ച് കൂടുതൽ ധാരണകൾ സൃഷ്ടിക്കാൻ അതു നിങ്ങളെ സഹായിക്കും.

അതുപോലെ ഒരു ദേശത്തിന്റെ ഭാഗമായ ജനങ്ങൾ വിവിധ രാഷ്ട്രങ്ങളിലെ പൗരന്മാരോ നിവാസികളോ ആകാം. ഉദാഹരണത്തിന് ജമൈക്കയിലുള്ളതിനേക്കാൾ ജമൈക്കൻ പൗരൻമാർ ആ രാജ്യത്തിനു പുറത്താണു താമസിക്കുന്നത്. ചില രാഷ്ട്രങ്ങൾ തങ്ങളുടെ പൗരന്മാരെ ഒരേ സമയം മറ്റൊരു രാജ്യത്തിന്റെ പൗരന്മായിരിക്കാനും അനുവദിക്കുന്നു. ഉദാഹരണമായി ചില അമേരിക്കക്കാർ ഒരേസമയം അമേരിക്കയിലെയും ഇസ്രയേലിലേയും പൗരന്മാരാണ്. ഇത്തരത്തിൽ ഒട്ടേറെ സവിശേഷതകളടങ്ങുന്നതാണ് ആധുനിക ദേശ-രാഷ്ട്ര സങ്കൽപം. ലോകത്ത് പലയിടത്തും ഓരോ ദേശീയതയും അവരുടെ രാഷ്ട്രനിർമ്മാണത്തിനു ശ്രമിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രങ്ങളാവട്ടെ തങ്ങളുടെ രാഷ്ട്രീയ ഏകീകരണത്തിനു തടസ്സമാകുമെന്ന് ഭയപ്പെടുകയും ദേശീയതകളെ കുറച്ചുകൊണ്ടു വരാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഇതിൽ നിന്ന് വ്യത്യസ്തമായ നിലപാടാണ് ഇന്ത്യയെന്നും സ്വീകരിച്ചു പോന്നിട്ടുള്ളത്. സാംസ്കാരിക വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ടു തന്നെ ഒരു ദേശരാഷ്ട്രമായി നിൽനിൽക്കാനാകുമെന്ന് തെളിയിക്കുകയാണ് ഇന്ത്യ.

## സ്വാംശീകരണ ഉദ്ഗ്രഥന നയങ്ങൾ (Assimilationist and Integrationist Policies)

എങ്ങനെയാണ് ഒരു ദേശരാഷ്ട്രത്തിലെ ജനങ്ങൾ ആ രാഷ്ട്രത്തോട് കൂറും അനുസരണയുമുള്ളവരായി മാറുന്നത്? ഇന്ത്യയെപ്പോലെ സാംസ്കാരിക-സാമുഹ്യ-വൈവിധ്യങ്ങളുള്ള ഒരു രാജ്യത്ത് അത്ര എളുപ്പം സംഭവിക്കുന്ന ഒരു കാര്യമാണോ ഇത്? അല്ല എന്നുത്തരം പറയേണ്ടി വരും. കാരണം സാംസ്കാരിക വൈവിധ്യം നില

നിൽക്കുന്നൊരു രാഷ്ട്രത്തിൽ പൗരൻമാർ രാഷ്ട്രത്തോടൊപ്പം തങ്ങളുടെ സമുദായങ്ങളോടും കൂറു പുലർത്തും. അവർക്ക് തങ്ങൾ ഉൾപ്പെടുന്ന വംശീയ, മത-ഭാഷാ സമുദായങ്ങളുമായി ബന്ധപ്പെട്ട സ്വത്വബോധം ഉണ്ടായിരിക്കും.

ഈ സ്വത്വ രാഷ്ട്രീയത്തെയും സാംസ്കാരിക വൈവിധ്യങ്ങളെയും അംഗീകരിച്ചു കൊടുത്താൽ അത് ദേശീയഐക്യത്തിന് ഭീഷണിയാകുമെന്ന് രാഷ്ട്രങ്ങൾ ഭയപ്പെടുന്നു. അതുകൊണ്ട് വൈവിധ്യങ്ങളെ അടിച്ചമർത്തുകയോ, അവഗണിക്കുകയോ ചെയ്യുന്ന സമീപനമാണ് മിക്ക രാഷ്ട്രങ്ങളും സ്വീകരിച്ചു വരുന്നത്.

ഇത്തരത്തിൽ വർഗ്ഗീയ - മത - ഭാഷാ സ്വത്വങ്ങളെ അടിച്ചമർത്തിക്കൊണ്ട് ഒരു ഏക ദേശീയസ്വത്വം സ്ഥാപിക്കുന്നതിനുതകുന്ന സ്വാംശീകരണ - ഉദ്ഗ്രഥന നയങ്ങളാണ് രാഷ്ട്രങ്ങൾ പിന്തുടർന്നു പോരുന്നത്. ഇത് അവർ എങ്ങനെ നടപ്പിലാക്കുന്നുവെന്ന് പരിശോധിക്കാം.

- രാഷ്ട്രങ്ങൾ അതിലെ പ്രബല സാമൂഹ്യ വിഭാഗങ്ങളുടെ സാംസ്കാരിക മൂല്യങ്ങളും നിയമങ്ങളും ഉയർത്തിപ്പിടിക്കുകയും ഇവ സ്വീകരിക്കാൻ എല്ലാ പൗരൻമാരോടും ആവശ്യപ്പെടുകയും ചെയ്യുന്നു.
- പ്രബല വിഭാഗത്തിന്റെ ഭാഷ ദേശീയ ഭാഷയായി അംഗീകരിക്കപ്പെടുന്നു. ദേശീയ മാധ്യമങ്ങളും സർക്കാർ സ്ഥാപനങ്ങളും കോടതികളും അവരുടെ പ്രധാന ക്രയ വിക്രയ ഭാഷയായി ദേശീയ ഭാഷ ഉപയോഗിക്കുന്നു.
- പ്രബല വിഭാഗത്തിന്റെ ചരിത്രം, വീരനായകർ, സംസ്കാരങ്ങൾ എന്നിവ പ്രചരിപ്പിക്കപ്പെടുകയും, ചിഹ്നങ്ങളെയും പ്രതീകങ്ങളെയും സ്വീകരിക്കുകയും ചെയ്യുന്നു.
- തദ്ദേശീയ ജനതയുടെ ഭൂമിയും വനങ്ങളും മത്സ്യബന്ധന കേന്ദ്രങ്ങളും പിടിച്ചെടുത്തുകൊണ്ട് ദേശീയ വിഭവങ്ങളായി പ്രഖ്യാപിക്കുന്നു.
- ഇത്തരത്തിൽ പ്രബല വിഭാഗത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ ഒരു ഏകദേശീയ സാംസ്കാരമാക്കി മാറ്റിയെടുക്കാൻ രാഷ്ട്രം ശ്രമിക്കുന്നു.

എന്തുകൊണ്ടാണ് രാഷ്ട്രങ്ങൾ ഇത്തരത്തിൽ സാംസ്കാരിക വൈവിധ്യങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുന്നത്?

സാമുദായിക സ്വത്വങ്ങൾ രാഷ്ട്രത്തിന് ഭീഷണിയാകുമെന്ന ഭയമാണ് ഇതിനുള്ള പ്രധാന കാരണം. വിവിധ സമുദായങ്ങൾ അവരുടേതായ രാഷ്ട്രം രൂപീകരിക്കാൻ ശ്രമിക്കുമെന്ന് നിലവിലുള്ള രാഷ്ട്രങ്ങൾ ഭയപ്പെടുന്നു.

ഇത്തരത്തിൽ രാഷ്ട്രങ്ങൾ സ്വാംശീകരണ ഉദ്ഗ്രഥന നയങ്ങളിലൂടെ ഏകദേശീയ സ്വത്വം സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന ദോഷങ്ങളെന്താണ്?

ഇതിലൂടെ രാഷ്ട്രങ്ങൾക്ക് സ്വയം ശക്തിപ്പെടാൻ സാധിക്കുമോ?

ഇല്ല എന്നായിരിക്കും ഉത്തരം. കാരണം സാസ്കാരിക വൈവിധ്യങ്ങളെ മാനിക്കാത്ത

രാജ്യങ്ങളിൽ ന്യൂനപക്ഷ വിഭാഗങ്ങൾ രാഷ്ട്രത്തിനെതിരെയും ഗവൺമെന്റിനെതിരെയും വിരോധവും ശത്രുതയും പുലർത്തുന്നതും പ്രക്ഷോഭങ്ങൾ നയിച്ചതിനും ഒട്ടേറെ ഉദാഹരണങ്ങളുണ്ട്.

ശ്രീലങ്കയിൽ തമിഴ് വംശങ്ങൾ LTTE യുടെ നേതൃത്വത്തിൽ നടത്തിയ പോരാട്ടങ്ങളും ഇന്ത്യയിൽ ഹിന്ദി ദേശീയ ഭാഷയായി പ്രഖ്യാപിച്ചപ്പോൾ പൊട്ടിപ്പുറപ്പെട്ട പ്രക്ഷോഭങ്ങളും ഉദാഹരണങ്ങളാണ്.

ഇത്തരത്തിൽ ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ സാമുദായിക സ്വത്വങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. ചുരുക്കത്തിൽ, സാംസ്കാരിക വൈവിധ്യങ്ങളെ പ്രോത്സാഹിപ്പിക്കുകയോ ചുരുങ്ങിയ പക്ഷം അവയെ നിലനിർത്താൻ അനുവദിക്കുകയോ ചെയ്യുക എന്നതാണ് ഏറ്റവും സ്വീകാര്യമായ മാർഗ്ഗം. ആശയപരമായും ഇതാണ് ശരിയായ മാർഗ്ഗം.

## സാംസ്കാരിക വൈവിധ്യവും ഇന്ത്യൻ ദേശരാഷ്ട്രവും - ഒരു അവലോകനം

## (Cultural Diversity And The Indian State - An Overview)

ഇന്ത്യയിലെ സാമൂഹ്യ- സാംസ്കാരിക വൈവിധ്യത്തെക്കുറിച്ച് മുൻപ് ചർച്ച ചെയ്തതാണല്ലോ. ഒരേസമയം സാംസ്കാരിക വൈജാത്യത്തെ നിലനിർത്തുകയും ദേശീയൈക്യം ശക്തിപ്പെടുത്തുകയും ചെയ്തുപോരാൻ ഇന്ത്യ എന്തു നയമാണ് സ്വീകരിച്ചു പോരുന്നത്? സാമുദായിക സ്വത്വങ്ങളോടുള്ള ഇന്ത്യൻ ദേശരാഷ്ട്രത്തിന്റെ സമീപനം എന്താണ്?

- സ്വതന്ത്ര ഇന്ത്യൻ രാഷ്ട്രം തുടക്കം മുതൽക്കുതന്നെ സ്വാംശീകരണ മാതൃകയെ തള്ളിക്കളഞ്ഞിരുന്നു. വൈവിധ്യങ്ങളെയും ബഹുസ്വരതയെയും അംഗീകരിച്ചുകൊണ്ടുള്ള ഭരണഘടനയാണ് ഇന്ത്യയ്ക്കുള്ളത്.
- ജനസംഖ്യയിൽ 80 ശതമാനത്തിലേറെ വരുന്ന പ്രബല ഹിന്ദു സമുദായത്തിലെ ചില വിഭാഗങ്ങൾ സ്വാംശീകരണ മാതൃക നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും രാഷ്ട്രം അത് അംഗീകരിച്ചില്ല.
- വിഭിന്ന സാമൂഹ്യവിഭാഗങ്ങൾക്കിടയിൽ ഐക്യവും, സമാധാനവും, സാഹോദര്യവും വളർത്താനാവശ്യമായ ബോധപൂർവ്വമായ ഇടപെടൽ രാഷ്ട്രം നടത്തുന്നു.
- ഇന്ത്യ, മത/ഭാഷാ ന്യൂനപക്ഷങ്ങൾക്ക് ശക്തമായ ഭരണഘടനാപരമായ സംരക്ഷണം വാഗ്ദാനം ചയ്യുന്നു.

എന്നാൽ സാമൂഹ്യ - സാങ്കേതിക വൈവിധ്യങ്ങളുയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കാൻ ഉദ്ഗ്രഥന നയങ്ങൾക്ക് സാധിച്ചിട്ടുണ്ടോ?

- മത ജാതി വിഭാഗങ്ങൾ പ്രബലമായിരിക്കുകയും രാഷ്ട്രീയ സ്വാധീനം നേടിയെടുക്കുകയും ചെയ്ത ഇന്ത്യയിൽ മതനിരപേക്ഷതയെ ഒരു യാഥാർത്ഥ്യമാക്കാനായിട്ടില്ല.
- ജാതി പോലുള്ള ഘടകങ്ങൾ ഇപ്പോഴും പൊതുമണ്ഡലത്തിൽ നിർണായക

സ്വാധീനം ചെലുത്തുന്നു.

- നിയമങ്ങളും നയങ്ങളും പൂർണ്ണമായും നടപ്പിലാക്കാനും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും രാജ്യത്തിനിനിയും സാധിച്ചിട്ടില്ല.

പക്ഷെ, പരിമിതികളേറെയുണ്ടെങ്കിലും ഇന്ത്യയെ ദേശരാഷ്ട്രത്തിന്റെ മികച്ച ഒരുദാഹരണമായി കണക്കാക്കാം.

## പ്രാദേശിക വാദം ഇന്ത്യൻ സാഹചര്യത്തിൽ

## (Regionalism in the Indian Context)

ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യമുയർത്തുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് പ്രാദേശിക വാദം. നാം മുൻപ് ചർച്ച ചെയ്ത ഭാഷാ വൈവിധ്യം, മതങ്ങൾ, പ്രദേശം എന്നിവയിൽ നിന്നാണ് പ്രാദേശിക വാദം ഉത്ഭവിക്കുന്നത്. ഇവയെല്ലാം ഒരു പ്രത്യേക പ്രദേശത്ത് കേന്ദ്രീകരിക്കപ്പെടുമ്പോൾ പ്രാദേശിക വാദം അതിവേഗം വളരുന്നു. പ്രാദേശികമായി തങ്ങൾക്ക് അവകാശപ്പെട്ടത് നിഷേധിക്കപ്പെടുകയാണ് (Sense of regional deprivation)എന്ന വികാരം കൂടി ചേരുമ്പോൾ പ്രാദേശിക വാദം ആളിക്കത്തുന്നു.

പ്രാദേശിക വാദത്തിന്റെ ചരിത്രം തിരഞ്ഞുപോയാൽ ഇന്ത്യയിൽ ബ്രിട്ടീഷുകാർ വരുന്നതിനു മുൻപും ബ്രിട്ടീഷ് ഭരണ കാലഘട്ടത്തിലുമെല്ലാം പ്രാദേശിക വിഭജനം ഇന്ത്യയിൽ നിലനിന്നിരുന്നു എന്നു മനസ്സിലാക്കാനാകും. ഭരണ നടത്തിപ്പിനായി ബ്രിട്ടീഷുകാർ പ്രസിഡൻസികളെന്ന പേരിൽ രാജ്യത്തെ വലിയ പ്രവശ്യകളാക്കി വിഭജിക്കുകയുണ്ടായി. ബോംബെ, മദ്രാസ്, കൽക്കത്ത എന്നിവയായിരുന്നു മൂന്ന് പ്രധാന പ്രസിഡൻസികൾ. ഇതിനു പുറമെ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള ഇന്ത്യൻ രാജാക്കൻമാർ ഭരിച്ച 565 ലേറെ നാട്ടു രാജ്യങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യം ലഭിച്ച ശേഷം ഇന്ത്യൻ ഗവൺമെന്റും തുടക്കത്തിൽ ഈ പ്രവിശ്യാ വിഭജനത്തിന്റെ ചുവടു പിടിച്ചു നീങ്ങി. ഈ പ്രവിശ്യകളിലാവട്ടെ വിഭിന്ന ഭാഷാ, വംശീയ വിഭാഗങ്ങളുണ്ടായിരുന്നു. പട്ടിക നോക്കൂ.

| ബ്രിട്ടീഷ് പ്രസിഡൻസി | സ്വതന്ത്ര്യ ഇന്ത്യൻ സംസ്ഥാനം | ഭാഷകൾ |
|---|---|---|
| • ബോംബെ | ബോംബെ സംസ്ഥാനം | മറാത്തി, ഗുജറാത്തി, കന്നഡ, കൊങ്കണി |
| • മദ്രാസ് | മദ്രാസ് സംസ്ഥാനം | തമിഴ്, തെലുങ്ക്, കന്നട, മലയാളം |
| • കൽക്കത്ത | കൽക്കത്ത | ബംഗാളി, ഒഡീസി |

ഇന്ത്യയിലെ പ്രവിശ്യകളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണമെന്ന ആശയം സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് 1920 കളിൽ ഈ ആശയം അംഗീകരിക്കുകയും സംസ്ഥാനങ്ങളെ ഭാഷാ

ടിസ്ഥാനത്തിൽ പുനഃ സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ ഈ വിഷയത്തെച്ചൊല്ലി കോൺഗ്രസ്സിൽ അഭിപ്രായ ഭിന്നതയുണ്ടാകുകയും പ്രമുഖ നേതാക്കളിൽ പലരും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണത്തെ എതിർക്കുകയും ചെയ്തു.

## ഇന്ത്യയുടെ ദേശീയ ഐക്യവും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ രൂപീകരണവും

ഇന്ത്യാ വിഭജനമേൽപ്പിച്ച ആഘാതം മനസ്സിൽ വച്ചുകൊണ്ട് ദേശീയ നേതാക്കളായ നെഹ്റു, പട്ടേൽ, രാജാജി എന്നിവർ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന വിഭജനത്തെ ശക്തമായി എതിർത്തു. എന്നാൽ ഭാഷാ സംസ്ഥാനങ്ങൾ വേണമെന്ന ആവശ്യവുമായി ജനങ്ങൾപ്രക്ഷോഭരംഗത്തേക്കിറങ്ങി. തെലുങ്കു സംസാരിക്കുന്ന മേഖലകളിലാണ് ആദ്യം പ്രക്ഷോഭം ശക്തിയാർജ്ജിച്ചത്. ബംഗാളികളും തമിഴരും എല്ലാം ഇതിൽ അണിചേർന്നു. ഭാഷാടിസ്ഥാനത്തിൽ പുതിയ ആന്ധ്രാ സംസ്ഥാനംഎന്ന ആവശ്യമുന്നയിച്ച് ഉപവാസ സമരമാരംഭിച്ച ഗാന്ധിയനായ ശ്രീരാമലു 1952 ഡിസംബറിൽ അന്തരിച്ചതോടെ പ്രക്ഷോഭം ആളിപ്പടർന്നു. 1953 ൽ ഫസൽഅലിയുടെ നേതൃത്വത്തിൽ സംസ്ഥാന പുനഃ സംഘടനാ കമ്മീഷനെ നിയമിച്ചു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങൾ ശുപാർശ ചെയ്യപ്പെട്ട 1956 നവംബർ 1 ന് ഇന്ത്യയുടെ രാഷ്ട്രീയ സാമൂഹ്യ ഭൂപടത്തെത്തന്നെ മാറ്റി വരച്ചുകൊണ്ട് കേരളമടമുള്ള ഭാഷാ സംസ്ഥാനങ്ങൾ നിലവിൽ വന്നു. ഭാഷാടിസ്ഥാനത്തിലുള്ള 14 സംസ്ഥാനങ്ങളും 6 കേന്ദ്ര ഭരണ പ്രദേശങ്ങളുമാണ് ആദ്യം നിലവിൽ വന്നത്.

### പഠന പുരോഗതി വിലയിരുത്താം

2. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണത്തെ എതിർത്തവരിൽ ആദ്യകാല പ്രമുഖ കോൺഗ്രസ് നേതാവ് ആര്?

   (ഗാന്ധിജി, ശ്രീരാമലു, നെഹ്റു, ഫസൽ അലി)

3. കേരളം ബ്രിട്ടീഷ് കാലഘട്ടത്തിലെ ഏതു പ്രസിഡൻസിയിലാണ് ഉൾപ്പെട്ടിരുന്നത്?

ആശങ്കകളെ അസ്ഥാനത്താക്കിക്കൊണ്ട് ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ഇന്ത്യൻ ദേശീയതയെ പൂർവാധികം ശക്തിപ്പെടുത്തുന്നതാണ് നാം കണ്ടത്. പ്രക്ഷോഭം നയിച്ച ജനങ്ങളെല്ലാം താന്താങ്ങളുടെ ഭാഷ സംസാരിക്കുന്ന ഭൂപ്രദേശത്ത് സ്വന്തം സാംസ്കാരിക സ്വത്വം സംരക്ഷിക്കാമെന്ന് ആത്മവിശ്വാസമുള്ളവരാവുകയും അതുറപ്പാക്കിയ രാഷ്ട്രത്തോട് കൂറു പുലർത്തുകയും ചെയ്തു. രാഷ്ട്രം ഇതു വഴി വൈവിധ്യം എന്ന ആശയത്തെ അംഗീകരിക്കുക കൂടിയാണ് ചെയ്തത്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും രൂപീകരിക്കപ്പെട്ടത് ഭാഷാടിസ്ഥാനത്തിലല്ല. സാംസ്കാരികവും വംശീയവുമായ പ്രത്യേകതകൾ, ഭൂപ്രകൃതി എന്നിവകൂടി കണക്കിലെടുത്തുകൊണ്ടും സംസ്ഥാന രൂപീകരണം നടത്തി 2000 ൽ രൂപം കൊണ്ട ഛത്തീസ്ഗഢ്, ഉത്തരാഞ്ചൽ, ഝാർഖണ്ട് എന്നിവ ഇതിനുദാഹരണമാണ്.

### പഠന പ്രവർത്തനം

*നിലവിൽ ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളുമുണ്ട്? ഒരു രാഷ്ട്രീയ ഭൂപടത്തിന്റെ സഹായത്തോടെ കണ്ടെത്തിയെഴുതുക.*

*ഏറ്റവും പുതുതായി നിലവിൽ വന്ന സംസ്ഥാനങ്ങളിലെ സംസാര ഭാഷകൾ, ജനവിഭാഗങ്ങൾ എന്നിവയെപ്പറ്റി ഇന്റർനെറ്റ്, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവയിൽ നിന്ന് വിവരശേഖരണം നടത്തി ഒരു റിപ്പോർട്ട് തയാറാക്കുക.*

സംസ്ഥാന രൂപീകരണം മാത്രമാണോ ഇന്ത്യയിൽ പ്രാദേശിക വാദമുയർത്തിയ വെല്ലുവിളികളെ നേരിടാൻ കൈക്കൊണ്ട നടപടി? എന്തെല്ലാം സ്ഥാപനപരമായ പിന്തുണാ സംവിധാനങ്ങളാണ് പ്രാദേശികാവശ്യങ്ങളെ നേരിടാൻ ഗവൺമെന്റിനുള്ളത്?

ഇന്ത്യൻ ഭരണഘടന വളരെ ശക്തവും വിപുലവുമായ മുന്നൊരുക്കങ്ങളാണ് പ്രാദേശിക വൈവിധ്യങ്ങളെ ഐക്യപ്പെടുത്താൻ നടത്തിയിട്ടുള്ളത്. ഭരണഘടന കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അധികാരങ്ങളെയും ഭരണ വിഷയങ്ങളെയും കൃത്യമായി വിഭജിച്ചിട്ടുണ്ട്.

കേന്ദ്ര ലിസ്റ്റ് - കേന്ദ്ര ഗവൺമെന്റിന് പൂർണ്ണ ഭരണാധികാരമുള്ളവയുടെ പട്ടിക.

ഉദാ: സൈന്യം, റെയിൽവേ

സംസ്ഥാന ലിസ്റ്റ് - സംസ്ഥാന ഗവൺമെന്റിന്റെ ഭരണാധികാരപ്പട്ടിക

ഉദാ: വിദ്യാഭ്യാസം, സ്വത്തു നികുതി പിരിവ്

കൺകറന്റ് ലിസ്റ്റ് - കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾക്ക് തുല്യാധികാരമുള്ള പട്ടിക

ക്രിമിനൽ നിയമം, വിവാഹനിയമങ്ങൾ, വസ്തുകൈമാറ്റം

കേന്ദ്ര ഗവൺമെന്റിന്റെ ഉപരിഘടകമായരാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരം സംസ്ഥാന നിയമസഭാംഗങ്ങൾക്കാണ്.

നീതി ആയോഗ് സംവിധാനം (ആസൂത്രണ പങ്കാളിത്തം)ധനകാര്യ കമ്മീഷനുകൾ തുടങ്ങിയ നിരവധി സ്ഥാപനപരമായ സഹകരണാവസരങ്ങൾ ഇന്ത്യയിലെ സംസ്ഥാന/ പ്രാദേശിക ഗവൺമെന്റിനു ലഭിക്കും വിധമാണ് ഫെഡറൽ സംവിധാനം രൂപപ്പെടുത്തിയിട്ടുള്ളത്.

തർക്കങ്ങളിൽ നിന്നു പൂർണ്ണ മോചനം നേടിയ ഒരു ഫെഡറൽ സംവിധാനമാണ് ഇന്ത്യയിൽ എന്നു പറയാനാവില്ല. ഉദാരവൽക്കരണ നയങ്ങളെത്തുടർന്ന് രാജ്യത്ത് പ്രാദേശിക സമത്വം ഉറപ്പാക്കാനാവാത്ത അവസ്ഥയുണ്ട്. ഉദാഹരണമായി അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നിട്ടു നിൽക്കുന്ന പഞ്ചാബ്, ഹരിയാന, ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളിൽ ധാരാളം വിദേശ നിക്ഷേപകർ വ്യവസായങ്ങൾ നടത്താൻ തയാറാകുമ്പോൾ പിന്നാക്കം നിൽക്കുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലോ ബംഗാളിലോ മുതൽമുടക്കാൻ തയ്യാറാകുന്നില്ല. ഇത് ഭാവിയിൽ പ്രാദേശിക

വാദത്തിന് പുതുമാനങ്ങൾ നൽകിയേക്കാം. ഗവൺമെന്റും പൊതുമേഖലയും ചേർന്ന് പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളെ ഉയർത്തിയെടുക്കാൻ ശ്രമിക്കുകയാണ് ദേശീയ തയെ ശക്തിപ്പെടുത്താൻ വേണ്ടത്.

### പഠന പുരോഗതി വിലയിരുത്താം

4. പ്രാദേശിക വാദത്തിലേക്കു നയിക്കുന്ന സാഹചര്യങ്ങളെ ചെറുക്കാൻ ഇന്ത്യൻ ഭരണഘടന എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?
5. ഉദാരവൽക്കരണ നയങ്ങൾ ദേശീയഐക്യത്തെ ഇല്ലാതാക്കാനിടയുണ്ടോ? ഉദാഹരണ സഹിതം വിശദമാക്കുക.

## ദേശരാഷ്ട്രവും മതപരമായ പ്രശ്നങ്ങളും സ്വത്വങ്ങളും (The Nation - States and Religion related issues and Identities)

സാംസ്കാരിക വൈവിധ്യത്തിലെ മുഖ്യഘടകമാണല്ലോ മതം. ലോകത്തെ ഒട്ടുമിക്ക മതങ്ങളുടെ അനുയായികൾ ഒരുമിച്ചു വസിക്കുന്ന നാടാണ് ഇന്ത്യ. ഇതു സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ പൊതുവെ രണ്ടായി തിരിക്കാം.

1. രാഷ്ട്രത്തിന് മതവുമായും മതാടിസ്ഥാനത്തിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായുള്ള ബന്ധവും അവയോടുള്ള യോജിപ്പുകളും വിയോജിപ്പുകളും.
2. ജനസംഖ്യയുടെയും അധികാരത്തിന്റെയും കാര്യത്തിൽ തുല്യരല്ലാത്ത വിവിധ മത-വംശീയ സമുദായങ്ങളോട് രാഷ്ട്രം പെരുമാറുന്ന രീതി.

ചുരുക്കത്തിൽ പലമതങ്ങളും അധിവസിക്കുന്ന ഒരു രാജ്യത്തെ ഗവൺമെന്റ് ഏതെങ്കിലും പ്രത്യേക വിഭാഗത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുകയോ ശത്രുത പുലർത്തുകയോ ചെയ്യുന്നതാണ് മത വിഭാഗീയതക്ക് അടിസ്ഥാനമാവുക. ഇന്ത്യ ഇക്കാര്യത്തിൽ എന്തു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് ചർച്ച ചെയ്യുകയാണിവിടെ.

## ന്യൂനപക്ഷാവകാശങ്ങളും രാഷ്ട്രനിർമ്മാണവും (Minority Rights and Nation building)

ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന തരത്തിൽ ജനാധിപത്യ രീതിയിലാണ് ഭരണഘടന തയ്യാറാക്കിയിരിക്കുന്നത്. വിവേചനത്തിനും (Discrimination) ബഹിഷ്കരണത്തിനും (Exclusion) സ്ഥാനമില്ലാത്ത, സമത്വാധിഷ്ഠിതമായ ഒരു സമൂഹസൃഷ്ടിക്കാണ് ഭരണഘടനാ ശില്പികൾ പ്രാധാന്യം കൊടുത്തത്. അതിനായി സാമൂഹ്യവും സാമ്പത്തികവുമായി ദുർബലരായവർക്കും ന്യൂനപക്ഷവിഭാഗങ്ങൾക്കും പ്രത്യേക സംരക്ഷണം നൽകാനുള്ള വ്യവസ്ഥകൾ ഭരണഘടനയിലുൾപ്പെടുത്തി.

എന്താണ് ന്യൂനപക്ഷം? ന്യൂനപക്ഷങ്ങളുടെ പ്രത്യേക പ്രശ്നങ്ങളെന്തൊക്കെയാണ്? ന്യൂനപക്ഷ സംരക്ഷണം എങ്ങനെയാണ് ദേശീയ ഐക്യത്തിനു സഹായകരമാകുന്നത്? ഇത്തരം ചോദ്യങ്ങൾ സമൂഹശാസ്ത്രപരവും ദേശീയവുമായ കാഴ്ചപ്പാടുകളിലൂടെ പരിശോധിക്കാം.

സമൂഹശാസ്ത്രപരമായ വീക്ഷണത്തിൽ ന്യൂനപക്ഷം എന്നത് കേവലം ജനസംഖ്യാ പരമായി എണ്ണം കുറഞ്ഞവർ മാത്രമല്ല, **സാമൂഹ്യമായ അവശതയനുഭവിക്കുന്ന, ചരിത്രപ്രരമായി വിവേചനങ്ങൾ നേരിട്ടിരുന്ന, ഒരു കൂട്ടായ്മ രൂപീകരിച്ചിട്ടുള്ള ഒരു ചെറിയ സാമൂഹ്യവിഭാഗത്തെയാണ് ന്യൂനപക്ഷം എന്നതുകൊണ്ടർത്ഥമാക്കുന്നത്.**

സാമ്പത്തികമായും സാമൂഹ്യമായും മുന്നാക്കം നിൽക്കുന്ന ചില വിഭാഗങ്ങളാവട്ടെ ജനസംഖ്യാപരമായ കുറവു നിമിത്തം സാംസ്കാരികമായി പ്രശ്നങ്ങൾ നേരിടുന്നവ രാണ്. സിക്കുകാർ, പാർസികൾ എന്നിവർ ഇതിനുദാഹരണമാണ്. ഭൂരിപക്ഷത്തിന്റെ ജനസംഖ്യാ മേധാവിത്വം കാരണം മത-സാംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണം ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ട്.

എന്തെല്ലാം പ്രശ്നങ്ങളാണ് ന്യൂനപക്ഷങ്ങൾ നേരിടാൻ സാധ്യത?

സംഖ്യാബലം കുറഞ്ഞ ന്യൂനപക്ഷങ്ങൾക്ക് തെരഞ്ഞെടുപ്പിൽ മത്സരിച്ച് അധികാര സ്ഥാനങ്ങൾ നേടിയെടുക്കാൻ കഴിയുകയില്ല. മറിച്ച് ഭൂരിപക്ഷസമുദായങ്ങൾ രാഷ്ട്രീ യാധികാരം നേടിയെടുക്കുകയും ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുകയും, സാംസ്കാ രിക സ്വത്വം ഇല്ലാതാക്കുകയും ചെയ്തേക്കാം.

ഈ അവസ്ഥ എങ്ങനെയാണ് ദേശീയ ഐക്യത്തെ ബാധിക്കുക?

ലോകത്തെങ്ങും ന്യൂനപക്ഷങ്ങൾ തങ്ങളെ അടിച്ചമർത്തുന്നവർക്കെതിരെ ഫലപ്രദ മായി ഐക്യപ്പെടുകയും ശക്തമായ പോരാട്ടങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ശ്രീല ങ്കയിലെ തമിഴർ സിംഹളഭൂരിപക്ഷത്തിനെതിരെ നടത്തിയ പോരാട്ടം, കിഴക്കൻ പാകി സ്ഥാനിലെ ജനങ്ങൾ പാകിസ്ഥാൻ ഭരണകൂടത്തിന്റെ അവകാശലംഘനങ്ങൾക്കെതിരെ നടത്തിയ പോരാട്ടം ഇവയെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് ന്യൂനപക്ഷ വിഭാഗത്തിന്റെ ശക്തിയാണ്. ഈ സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപീകരിച്ചപ്പോൾ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകിയത്.

ഇന്ന് ഇന്ത്യയിൽ മാത്രമല്ല ലോകത്തെല്ലായിടത്തും ന്യൂനപക്ഷങ്ങൾ നിലനിൽക്കു ന്നുണ്ട്. ആഗോളതലത്തിൽ കഴിഞ്ഞ പത്തു വർഷങ്ങൾക്കിടെ സംഭവിച്ച അഭയാർത്ഥി പ്രവാഹവും ആഗോളവൽക്കരണവും കാരണം ഒരൊറ്റ സാംസ്കാരിക വിഭാഗം മാത്ര മുള്ള ഒരു ദേശരാഷ്ട്രവും ലോകത്തില്ല. ചെറു രാഷ്ട്രങ്ങളിൽപ്പോലും ഇന്ന് ന്യൂനപ ക്ഷങ്ങൾ നിലനിൽക്കുന്നുണ്ട്.

ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച് എന്തെല്ലാം ഉറപ്പാണ് നൽകുന്നത് എന്നു പരിശോധിക്കാം.

**ആർട്ടിക്കിൾ 29** - ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കാനുള്ള അവകാശം നൽകുന്നു. സർക്കാർ, സർക്കാർ സഹായിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആർക്കും അവരുടെ മത, ജാതി, വംശ, ഭാഷ പ്രത്യേകതകളുടെ പേരിൽ പ്രവേശനം നിഷേധിക്കാൻ പാടില്ല എന്നും ഈ ആർട്ടിക്കിൾ വ്യക്തമാക്കുന്നു.

**ആർട്ടിക്കിൾ 30** - എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടെ താൽപര്യമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാനുള്ള അവകാശം നൽകുന്നു. ന്യൂനപക്ഷ സ്ഥാപനങ്ങൾക്ക് അതിന്റെ പേരിൽ ഗവൺമെന്റ് ധനസഹായം നിഷേധി ക്കാൻ പാടില്ല എന്നു കൂടി ഈ ആർട്ടിക്കിൾ നിഷ്കർഷിക്കുന്നു.

*ന്യൂനപക്ഷങ്ങൾ ഒരു സ്ഫോടക ശക്തിയാണ്. അത് പൊട്ടിത്തെറിച്ചാൽ മുഴു വൻരാഷ്ട്രവും തകർന്നു വീഴും - ഡോ. ബി.ആർ.അംബേദ്കർ*

**ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ**
**മൊത്തം ജനസംഖ്യ 121 കോടി (1210 ദശലക്ഷം) - 2001 സെൻസസ്**

| മതം | ജനസംഖ്യ % | സംസ്ഥാനങ്ങൾ |
|---|---|---|
| ജൈന | 0.4 % | മഹാരാഷ്ട്ര |
| ബുദ്ധ | 0.8 % | സിക്കിം, അരുണാചൽ പ്രദേശ്, മഹാരാഷ്ട്ര |
| സിക്ക് | 1.9 % | പഞ്ചാബ് |
| ക്രിസ്ത്യൻ | 2.3 % | നാഗാലാന്റ്, മിസോറാം, ഗോവ, മേഘാലയ, കേരളം |
| മുസ്ലീം | 13.4 % | ജമ്മു കശ്മീർ, കർണാടക, കേരളം, രാജസ്ഥാൻ, ബംഗാൾ, യു.പി, ആന്ധ്ര |

## പഠന പുരോഗതി വിലയിരുത്താം

6. ഒരു ന്യൂനപക്ഷ സമൂഹത്തിന്റെ പ്രത്യേകതകളെന്തെല്ലാമാണ്? പട്ടികയിൽ രേഖ പ്പെടുത്തൂ.
   - വിഷമതകളനുഭവിക്കുന്ന ചെറു വിഭാഗം
   - ഉയർന്ന സംഘബോധം
   - ..............................................
   - ..............................................

7. ന്യൂനപക്ഷ സംരക്ഷണം സംബന്ധിച്ച് ഭരണഘടനാപരമായ ഉറപ്പുനൽകുന്ന ആർട്ടിക്കിളുകൾ ഏതെല്ലാം?

### ഭരണഘടനാ ശില്പിയും ന്യൂനപക്ഷ സംരക്ഷണവും



*ഇന്ത്യൻ ഭരണഘടനയുടെ മുഖ്യശില്പിയായ ഡോ.ബി.ആർ. അംബേദ്കർ ന്യൂനപക്ഷ സംരക്ഷണത്തിനുവേണ്ടി ശക്ത മായ നിലപാടാണ് ഭരണഘടനാസമിതിയിൽ സ്വീകരിച്ചത്. അസ്പൃശ്യ സമുദായത്തിൽപ്പെട്ട ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച ഭീംറാവു റാംജി അംബേദ്കറിന് ജാതിയുടെ പേരിൽ ജീവിതത്തിലുടനീളം പീഡനങ്ങളേൽക്കേണ്ടി വന്നിട്ടുണ്ട്. ഹിന്ദു മതത്തിലെ ജാതി വ്യവസ്ഥയിൽ പ്രതിഷേധിച്ച് അദ്ദേഹം ഒടുവിൽ ബുദ്ധമതം സ്വീകരിച്ചു. അദ്ദേഹം നേരിട്ട അസ്പൃശ്യതയും അവഹേളനങ്ങളും പിൽക്കാല തലമുറയിൽപ്പെടുന്നവർക്ക് സംഭവിക്കരുതെന്ന ആഗ്രഹമാണ് ഇന്ത്യൻ ഭരണഘടനയിലുടനീളം ജനാധിപ ത്യത്തിനും സമത്വ സങ്കല്പങ്ങൾക്കും ഊന്നൽ നൽകാൻ അദ്ദേഹത്തെ പ്രേരി പ്പിച്ചത്.*

## വർഗ്ഗീയതയും മതനിരപേക്ഷതയും ദേശരാഷ്ട്രവും (Communalism, Seculiarism and Nationstate)

**വർഗ്ഗീയത (Communalism)**

നിത്യജീവിതത്തിൽ നാം ഭയപ്പാടോടെ കേട്ടുവരുന്ന ഒരു വാക്കാണ് വർഗ്ഗീയത. സമൂഹശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ഈ പദം പരിശോധിച്ച് നോക്കാം.

**'സ്വന്തം മതവിഭാഗത്തെ ശ്രേഷ്ഠമായും മറ്റു വിഭാഗങ്ങളെ അധമരായും കാണുന്ന സങ്കുചിത മനോഭാവമാണ് വർഗ്ഗീയത'.** മതവുമായി ബന്ധപ്പെട്ട അക്രമണോത്സുകമായ ഒരു രാഷ്ട്രീയ പ്രത്യയ ശാസ്ത്രമാണിത്.

Communalism എന്ന ഇംഗ്ലീഷ് പദത്തിന് സമുദായവുമായി ബന്ധപ്പെട്ടത്, അല്ലെങ്കിൽ കൂട്ടായ്മ (Collectivity) എന്ന നിഷ്പക്ഷ അർത്ഥമാണുള്ളത്. എന്നാൽ ഇതിന്റെ ഇന്ത്യൻ പശ്ചാത്തലത്തിലെ അർത്ഥമാകട്ടെ കല്പിത (charged) മാണ്. കാരണം ഒരാൾ സ്വന്തം വർഗ്ഗത്തോട് അനുഭൂതി പുലർത്തുന്നത് അനുകൂലാത്മകവും മറ്റ് വർഗ്ഗങ്ങൾക്ക് പ്രതികൂലാത്മകമായും ഒരേ സമയം അനുഭവപ്പെടാം.

വർഗ്ഗീയത എന്ന വാക്ക് എപ്പോൾ എവിടെയൊക്കെയാണ് നാം ഏറെ പരാമർശിച്ചു കേൾക്കുന്നത്?

- മാധ്യമങ്ങളിൽ
- രാഷ്ട്രീയ പ്രസ്താവനകളിൽ
- 
- 

അതെ, വർഗ്ഗീയത യഥാർത്ഥത്തിൽ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്, മതവുമായല്ല. കാരണം വർഗ്ഗീയ വാദികൾ മതവിശ്വാസിയോ അവിശ്വാസിയോ ആകാം. ഉദാഹരണത്തിന് വർഗ്ഗീയവാദിയായ മുഹമ്മദാലി ജിന്ന ഒരു അവിശ്വാസിയായിരുന്നു. അതുപോലെ വിശ്വാസികൾ ഭൂരിഭാഗവും വർഗ്ഗീയ വാദികളല്ല എന്നും മനസ്സിലാക്കുക. അതുകൊണ്ട് രാഷ്ട്രീയ ലക്ഷ്യങ്ങൾക്കു വേണ്ടി 'മത'മെന്ന സാമൂഹ്യസ്ഥാപനത്തെ ദുരുപയോഗം ചെയ്യുന്ന പ്രതിഭാസമാണ് വർഗ്ഗീയതയെന്നു പറയാം. ഇതൊരു സാമൂഹ്യ പ്രശ്നമാണ്.

## വർഗ്ഗീയതയുടെ പൊതുസവിശേഷതകൾ തിരിച്ചറിയാം

- വർഗ്ഗീയത മതസ്വത്വത്തിന് അമിത പ്രാധാന്യം നൽകുന്നു. ഒരാളുടെ വിദ്യാഭ്യാസം, സമ്പത്ത്, ജോലി, രാഷ്ട്രീയം എന്നിവയേക്കാൾ വലുതാണ് മതം എന്നു വരുത്തിതീർക്കുന്നു.
- മറ്റു മത, രാഷ്ട്രീയ സ്വത്വങ്ങളിൽ വിശ്വസിക്കുന്നവരോട് എതിർപ്പും ശത്രുതയും പുലർത്തുന്നു.

- മറ്റു മതസാമൂഹ്യ സ്വഭാവങ്ങളുമായുള്ള സമാനതകളെ നിഷേധിക്കുന്നു.
- ആക്രമണോന്മുഖമായ രാഷ്ട്രീയ സ്വത്വം വളർത്തിയെടുക്കുന്നു. (സായുധ പരിശീലനം നേടിയ സംഘങ്ങൾ)

ഇന്ത്യൻ ദേശരാഷ്ട്രത്തെ വർഗ്ഗീയത എങ്ങനെ ബാധിക്കുന്നു? ചില ഉദാഹരണങ്ങളിലൂടെ പരിശോധിക്കാം.

ഇന്ത്യ കണ്ട ഏറ്റവും ഭീകരമായ രണ്ടു വർഗ്ഗീയ കലാപങ്ങൾ:

1. 1984 ൽ ഇന്ദിരാഗാന്ധി വധത്തെത്തുടർന്ന് ഡൽഹിയിൽ സിക്കുകാർക്കെതിരെ നടന്ന കലാപം. ഈ കലാപത്തിലെ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിൽ വീഴ്ചയുണ്ടായി എന്ന ആരോപണം നിലനിൽക്കുന്നു.
2. 2002 ൽ ഗുജറാത്തിലുണ്ടായ മുസ്ലീം വിരുദ്ധ കലാപത്തിലും രാഷ്ട്രീയലക്ഷ്യമാണുണ്ടായിരുന്നത്. ഇതിൽ നിന്നു തന്നെ വർഗ്ഗീയതയെന്ന സാമൂഹ്യപ്രശ്നത്തിന് രാഷ്ട്രീയ സ്ഥാപനങ്ങളുമായുള്ള ബന്ധം വ്യക്തമാണല്ലോ. ഇന്ത്യയിലെ ഒരു പ്രദേശവും ഏതെങ്കിലും തരത്തിലുള്ള വർഗ്ഗീയ അക്രമങ്ങളിൽ നിന്നു മുക്തമല്ല. കേരളത്തിലെ മാറാട് കലാപത്തിനും പൂന്തുറ കലാപത്തിനും വർഗ്ഗീയത തന്നെയാണ് കാരണം.

എന്നാൽ ഇന്ത്യക്ക് മതസംഘർഷങ്ങളുടെ ചരിത്രം മാത്രമല്ല ഉള്ളത്. മതപരമായ ബഹുസ്വരതയെ അംഗീകരിക്കുകയും സമാധാനപരമായ സഹവർത്തിത്വവും മതാശയങ്ങളുടെ സ്വാംശീകരണവും നടന്നിട്ടുള്ള രാജ്യമാണ് ഭാരതം. ഭക്തി, സൂഫി പ്രസ്ഥാനങ്ങളും സാമൂഹ്യ മതപരിഷ്കർത്താക്കളും ആവർത്തിച്ചുറപ്പിച്ച ഒന്നു കൂടിയാണ് ഇത്.

## പഠന പുരോഗതി വിലയിരുത്താം

8. സ്വന്തം മതവിഭാഗത്തെ ശ്രേഷ്ഠമായിക്കാണുകയും മറ്റു വിഭാഗങ്ങളെ അധമമായി കാണുകയും ചെയ്യുന്ന സങ്കുചിത മനോഭാവമാണ് ..............

   (മതനിരപേക്ഷത, ജാതീയത, വർഗ്ഗീയത, പ്രാദേശികവാദം)
9. താഴെ കൊടുത്തതിൽ വർഗ്ഗീയതയുടെ പ്രധാന സവിശേഷത തിരിച്ചറിയുക (പ്രാദേശികത, മതാധിഷ്ഠിത ജീവിതം, അക്രമണോത്സുകത, ദൈവവിശ്വാസം)
10. സിക്കുകാർക്കെതിരെ വർഗ്ഗീയലഹള നടന്ന വർഷം?
    (2002, 1998, 1984, 1988)
11. വർഗ്ഗീയതയുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കുന്ന പ്രസ്താവനകൾ ശരിയോ തെറ്റോ എന്ന് രേഖപ്പെടുത്തുക.

    a) മതവിശ്വാസികളെല്ലാം വർഗ്ഗീയവാദികൾ കൂടിയാണ്
    ശരി / തെറ്റ്

b) വർഗ്ഗീയത എന്നത് രാഷ്ട്രീയവുമായി ബന്ധപ്പെട്ടിരിക്കുന്നു.
ശരി / തെറ്റ്

c) വർഗ്ഗീയവാദികൾ മത സ്വത്വത്തിന് പ്രാധാന്യം കല്പിക്കുന്നു.
ശരി / തെറ്റ്

d) വർഗ്ഗീയത ഒരു ഇന്ത്യൻ പ്രതിഭാസമാണ്.
ശരി / തെറ്റ്

## മതനിരപേക്ഷത (Secularism)

വർഗ്ഗീയത പോലെത്തന്നെ വിവാദപരമായ ഒരു സങ്കല്പനമാണ് മതനിരപേക്ഷത. ആധുനിക ജനാധിപത്യ രാജ്യങ്ങളിൽ മതാധികാരത്തെയും രാഷ്ട്രീയാധികാരത്തെയും തമ്മിൽ വേർതിരിക്കുന്നതിനാണ് മതനിരപേക്ഷത എന്നതുകൊണ്ട് അർത്ഥമാക്കിയിരുന്നത്. ഒരു സമൂഹശാസ്ത്ര വിദ്യാർത്ഥി എന്ന നിലയിൽ നിങ്ങൾ ഈ സങ്കൽപത്തിന്റെ സങ്കീർണതകളെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ് എന്ന വാചകം നമുക്ക് സുപരിചിതമാണല്ലോ. 'വർഗ്ഗീയതയുടെ വിപരീതം' എന്ന അർത്ഥത്തിലാണ് സാധാരണയായി ഈ പദം ഉപയോഗിക്കപ്പെടാറുള്ളത്. അതുകൊണ്ട് മതേതരത്വം എന്നാൽ ഏതെങ്കിലും 'ഒരു പ്രത്യേക മതത്തോട് മമത കാണിക്കാത്ത' എന്നാണ് അർത്ഥമാക്കുന്നത്.

എന്നാൽ 'മതനിരപേക്ഷത' (Secularism) എന്ന ആശയം മതേതരത്വം എന്ന സമദൂര സങ്കല്പനത്തേക്കാൾ പുരോഗമനപരമാണ്. ആധുനികത, ശാസ്ത്ര ബോധം, യുക്തിചിന്ത എന്നിവയുമായി ബന്ധപ്പെട്ട സങ്കൽപനമാണ് മതനിരപേക്ഷത. ജീവിതത്തേയും ലോകത്തേയും മനസ്സിലാക്കുന്നതിന് മതം എന്ന സ്ഥാപനത്തിനു പുറത്ത് യുക്തിപരമായ ബദൽ മാർഗ്ഗങ്ങൾ അത് നിർദ്ദേശിക്കുന്നു. എന്നാൽ മതേതരത്വം മതത്തെ എതിർക്കുന്നില്ല. മറിച്ച് മതത്തിന്റെ സങ്കുചിത കാഴ്ചപ്പാടിനെ അംഗീകരിക്കുന്നുമില്ല.

രാഷ്ട്രം എല്ലാ മതങ്ങളിൽ നിന്നും അകന്നു നിൽക്കണം എന്നതാണ് പാശ്ചാത്യ സങ്കൽപം. ഇങ്ങനെ ചിന്തിച്ചാൽ, ഇന്ത്യയുടെ മതേതരത്വം എത്രമാത്രം 'മതനിരപേക്ഷമാണ്'. പരിശോധിക്കേണ്ടതുണ്ട്.

**ചുവടെ കൊടുത്തിട്ടുള്ള ആശയങ്ങൾ ശ്രദ്ധിക്കൂ.**

- എല്ലാ മതങ്ങളുടെയും പ്രധാന ആഘോഷദിനങ്ങളെ ഇന്ത്യാ ഗവൺമെന്റ് പൊതു അവധി ദിനമായി പ്രഖ്യാപിച്ചിരിക്കുന്നു.
- ഇന്ത്യൻ ഭരണഘടന എല്ലാ മതങ്ങൾക്കും ഭൂരിപക്ഷ ന്യൂനപക്ഷ ഭേദമെന്യേ തുല്യ പരിഗണന കൽപിക്കുന്നു.
- ഇന്ത്യാ ഗവൺമെന്റ് മുസ്ലീം മത വിശ്വാസികൾക്ക് ഹജ്ജ് തീർത്ഥാടനത്തിന് ധനസഹായം നൽകി വരുന്നു.
- ഇന്ത്യാ ഗവൺമെന്റ് ഹിമാലയത്തിലെ പുണ്യ സ്ഥലങ്ങൾ സന്ദർശിക്കാൻ ഹിന്ദു തീർത്ഥാടകർക്ക് സഹായങ്ങൾ ചെയ്യുന്നു.

- ചില സംസ്ഥാന ഗവൺമെന്റുകൾ ഗോവധം നിരോധിക്കുന്നതിനെപ്പറ്റി തീരുമാനമെടുക്കുന്നു.
- സൈന്യത്തിൽ ചില മതവിഭാഗങ്ങൾക്ക് മതപരമായ തലപ്പാവ് ധരിക്കാൻ അനുവദിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ആശയങ്ങളെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ ഇന്ത്യ ഒരേസമയം മതങ്ങളോട് തുല്യഭാവം പുലർത്തുന്നതായും ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകുന്നതായും കാണാം. ചില സന്ദർഭങ്ങളിൽ ഭൂരിപക്ഷാശയങ്ങൾക്ക് പ്രാബല്യമുള്ളതായും അനുഭവപ്പെടുന്നു.

ആശയപരമായും ദർശനപരമായും ഇന്ത്യൻ ഭരണഘടന പുലർത്തുന്നത് മതേതര സങ്കല്പനമാണ്. പൂർണ്ണമായ ഒരു 'മതനിരപേക്ഷ സമൂഹ'മായിട്ടു മാറാൻ നമുക്കായിട്ടില്ല. രാഷ്ട്രീയ കക്ഷികളും സാമൂഹ്യ പ്രസ്ഥാനങ്ങളും അവരവരുടെ സ്ഥാപിത താൽപര്യങ്ങളെ സംരക്ഷിക്കുന്നതിന് മതേതരത്വ നിലപാടുകളെക്കുറിച്ച് സദാ വിവാദങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു മതനിരപേക്ഷ സമൂഹ സൃഷ്ടി സുഗമമാവില്ല. എന്നാൽ വർഗ്ഗീയത സൃഷ്ടിച്ച പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമ വ്യവസ്ഥക്കും സാധിച്ചിട്ടുണ്ട്.



### പഠന പുരോഗതി വിലയിരുത്താം

12. ആധുനികത, ശാസ്ത്രം, യുക്തിബോധം എന്നിവയുടെ ഉദയവുമായി ബന്ധപ്പെട്ട ഒരു സങ്കല്പനമാണ് ............ (ദേശരാഷ്ട്രം, മതേതരത്വം, മതനിരപേക്ഷത, സമുദായം)

13. പാശ്ചാത്യ മതനിരപേക്ഷതയും, ഇന്ത്യൻ മതേതരത്വവും സംബന്ധിച്ച വ്യത്യാസങ്ങളെ പട്ടികപ്പെടുത്തുക.

| A. മതനിരപേക്ഷത | B. മതേതരത്വം |
|---|---|
| • ............................................ | • ............................................ |
| • ............................................ | • ............................................ |

## രാഷ്ട്രവും പൗരസമൂഹവും (State and Civil Society)

കുടുംബജീവിതം, തൊഴിൽ, സാമ്പത്തിക ഇടപാടുകൾ, സർക്കാർ സ്ഥാപനങ്ങൾ, മതവിശ്വാസം എന്നിങ്ങനെ സുപ്രധാനമായ കാര്യങ്ങളെ മാറ്റിവച്ചാലും ഒരു വ്യക്തിയെന്ന നാം ഇടപെടുന്ന മണ്ഡലങ്ങളില്ലേ? ചുറ്റുപാടും നടക്കുന്ന എന്തെല്ലാം കാര്യങ്ങളോടാണ് നിങ്ങൾ പ്രതികരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നത്? നിങ്ങളുടെ അനുഭവങ്ങൾ പട്ടികപ്പെടുത്തുക.

- പരിസ്ഥിതി പ്രവർത്തനങ്ങൾ
- സാമൂഹ്യസേവനം

ഇവയിൽ പലതും നിങ്ങൾക്കു വ്യക്തിപരമായ ലാഭമുണ്ടാക്കുന്നവയല്ല. എങ്കിലും പൊതു നന്മയെ മുൻനിർത്തി നമ്മൾ പ്രവർത്തിക്കുന്നതാണ്.

ഇത്തരത്തിൽ കുടുംബജീവിതത്തിന്റെ സ്വകാര്യതയ്ക്കും, രാഷ്ട്രീയ സാമ്പത്തിക മണ്ഡലത്തിനും പുറത്ത് വ്യക്തികൾ പ്രവർത്തിക്കുന്ന വിശാലമായ സാമൂഹ്യമേഖലയെയാണ് പൗരസമൂഹം എന്നു വിളിക്കുന്നത്. ഇവിടെ വ്യക്തികൾ സ്വമേധയാ ഒത്തുചേരുകയും സ്ഥാപനങ്ങളും സംഘടനകളും രൂപീകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. നിങ്ങൾക്കറിയുന്ന ഇത്തരത്തിലുള്ള പൗര സംഘടനകളെ രേഖപ്പെടുത്തൂ.

ഉദാ: NGOs, സിറ്റിസൺ ഫോറം, സ്വതന്ത്ര യുവജന പ്രസ്ഥാനങ്ങൾ, മാധ്യമങ്ങൾ മുതലയാവ.

ഇവയെല്ലാം പൗരസമൂഹത്തിന്റെ ഭാഗമായി കാണാനാവുമോ? എന്തൊക്കെയാണ് പൗര സമൂഹത്തിന്റെ ധർമ്മങ്ങൾ? രാഷ്ട്രത്തിന്റെ സാമൂഹ്യ സാംസ്കാരിക മണ്ഡലത്തെ ഇവയുടെ പ്രവർത്തനങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു?

പൗരസമൂഹത്തിൽ ഉൾപ്പെടുന്നതിന് ചില മാനദണ്ഡങ്ങളുണ്ട്.

- രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലുള്ള സംഘടനയാവരുത്.
- വാണിജ്യ താൽപര്യമോ ലാഭേച്ഛയോ ഉള്ള സ്ഥാപനങ്ങൾ പൗരസമൂഹത്തിന്റെ ഭാഗമല്ല.
- സ്വതന്ത്ര മാധ്യമ സ്ഥാപനങ്ങൾ പൊതുസമൂഹത്തിന്റെ ഭാഗമായിരിക്കും. എന്നാൽ സർക്കാർ മാധ്യമസ്ഥാപനങ്ങൾ പൗരസമൂഹത്തിന്റെ ഭാഗമല്ല.

### പഠനപുരോഗതി വിലയിരുത്താം

14. താഴെ കൊടുത്തവയിൽ പൗരസമൂഹത്തിന്റെ ഭാഗമല്ലാത്തത് ഏത്?
(രാഷ്ട്രീയ സംഘടന, ചാരിറ്റബിൾ ട്രസ്റ്റ്, NGO, ദൂരദർശൻ)

## അടിയന്തരാവസ്ഥയും ഇന്ത്യൻ പൗരസമൂഹവും

പൗരാവകാശങ്ങൾക്കു മേൽ സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ഭരണഘടനാപരമായ അവകാശങ്ങൾ പോലും അപ്രസക്തമാക്കുകയും ചെയ്യുന്ന വ്യവസ്ഥയാണ് അടിയന്തരാവസ്ഥ. ഭരണഘടനയുടെ 352 മുതൽ 360 വരെയുള്ള ആർട്ടിക്കിളുകൾ ദേശ സുരക്ഷയെ മുൻനിർത്തി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള വ്യവസ്ഥകളെ കുറിക്കുന്നു. എന്നാൽ ഭരണകൂടങ്ങൾ ഈ വ്യവസ്ഥകളെ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയും രാജ്യത്തുണ്ട്.

ഇന്ത്യയിൽ ഒരു പൗരസമൂഹത്തിന്റെ ആവിർഭാവത്തിനു വഴിയൊരുക്കിയ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് 1975 – 1977 കാലഘട്ടത്തിലെ അടിയന്തരാവസ്ഥ. 1975 ജൂൺ 26 മുതൽ മാർച്ച് 21 വരെയുള്ള 21 മാസം, സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വേച്ഛാധിപത്യ ഭരണത്തിന്റെ കാലഘട്ടത്തിന് സാക്ഷ്യം വഹിച്ചു. പാർലമെന്റ് താൽക്കാലികമായി

പിരിച്ചു വിടുകയും പൗരസ്വാതന്ത്ര്യങ്ങൾ സെൻസറിംഗ് ഏർപ്പെടുത്തുകയും ചെയ്തു. അടിയന്തരാവസ്ഥയെ എതിർക്കാൻ സാധ്യതയുള്ള എല്ലാ പ്രമുഖ രാഷ്ട്രീയ നേതാക്കൻമാരെയും കരുതൽ തടങ്കൽ നിയമം ഉപയോഗിച്ച് അറസ്റ്റു ചെയ്തു. ചേരി നിർമ്മാർജനം, നിർബന്ധിത വന്ധ്യംകരണം പോലുള്ള നടപടികൾ സാധാരണ ജനങ്ങളിൽ അടിച്ചേൽപ്പിച്ചു. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ സാധാരണ നടപടിക്രമങ്ങളൊന്നുമില്ലാതെത്തന്നെ പിരിച്ചു വിടും. ചുരുക്കത്തിൽ അടിയന്തരാവസ്ഥക്കാലത്ത് എല്ലാ പൗരസ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടു. അടിയന്തരാവസ്ഥ ഇന്ത്യയിലെ ജനങ്ങൾക്ക് ഒരു ആഘാതമായിരുന്നു. സ്വേച്ഛാധിപത്യവാഴ്ചയുടെ അപകടങ്ങൾ അവർ തിരിച്ചറിഞ്ഞു. ഇത് 70 കളിൽ നിരവധി പൗരസമൂഹങ്ങളുടെ ആവിർഭാവത്തിനു കാരണമായി. 1977 ജനുവരിയിൽ നടന്ന പൊതു തിരഞ്ഞെടുപ്പിൽ ജനങ്ങൾ ആവേശത്തോടെ വോട്ടു ചെയ്ത് ഭരണകക്ഷിയെ പരാജയപ്പെടുത്തി.

ഇന്ന് ഇന്ത്യയിലെ പൗരസമൂഹ സംഘടനകൾ വൈവിധ്യമാർന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുകയും പോരാടുകയും ചെയ്യുന്നു.

## പഠനപ്രവർത്തനം




*നൽകിയിരിക്കുന്ന ചിത്രം പൗരസമൂഹപ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന വിവിധ മണ്ഡലങ്ങളെ ചിത്രീകരിക്കുന്നു. മേൽപ്പറഞ്ഞവയ്ക്ക് അനുയോജ്യമായ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക പൂർത്തീകരിക്കൂ.*

| പ്രസ്ഥാനങ്ങൾ/പ്രക്ഷോഭങ്ങൾ | സംഘടനകൾ/പ്രദേശങ്ങൾ |
|---|---|
| ആദിവാസി ഭൂസമരങ്ങൾ | ഗോത്ര മഹാസഭ, കേരളം. |
| | |
| | |
| | |
| | |

പൗര സമൂഹത്തിന്റെ ഏറ്റവും പ്രധാന ദൗത്യം തന്നെ രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുക എന്നതാണ്. ഇത് നിയമപ്രകാരം പ്രവർത്തിക്കാൻ രാഷ്ട്രത്തെ നിർബന്ധിതമാക്കുന്നു. മാധ്യമങ്ങളും ഇതിൽ സുപ്രധാന പങ്കു വഹിക്കുന്നു.

പൗരസമൂഹത്തിന്റെ പ്രധാന പ്രവർത്തനമേഖലയാണ് വിവരാവകാശത്തിനുവേണ്ടിയുള്ള സമരങ്ങൾ. 1990 ൽ രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘം (MKSS) എന്ന ഒരു പൗരവകാശ സംഘടന, ഗവൺമെന്റ് ഗ്രാമവികസനത്തിനുവേണ്ടി ചെലവിട്ടു. ഫണ്ടിനെക്കുറിച്ച് ചില രേഖകൾ ആവശ്യപ്പെട്ടതോടെയാണ് ഈ പ്രസ്ഥാനത്തിനു തുടക്കം കുറിക്കപ്പെട്ടത്. തുടർന്ന് ഇത് ദേശവ്യാപകമായ ഒരു പ്രസ്ഥാനമായി വളർന്നു വന്നു.

2015 ജൂൺ 15 ന് വിവരാവകാശ നിയമം പാർലമെന്റ് പാസാക്കി. ഒക്ടോബർ 13 ന് ഈ നിയമം പ്രാബല്യത്തിൽ വന്നു.

- വിവരാവകാശ നിയമപ്രകാരം സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭിക്കാൻ പൗരന് അവകാശമുണ്ട്. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം സംബന്ധിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ആവശ്യപ്പെടാവുന്നതാണ്.
- ദേശസുരക്ഷ, ഔദ്യോഗിക രഹസ്യങ്ങൾ തുടങ്ങി പരിമിതമായ വകുപ്പുകൾ മാത്രമേ ഈ നിയമത്തിനു പുറത്തുള്ളൂ.
- അപേക്ഷയിൻമേൽ 30 പ്രവർത്തി ദിവസങ്ങൾക്കകം മറുപടി നൽകാൻ ബന്ധപ്പെട്ട അധികാരിക്ക് ഉത്തരവാദിത്തമുണ്ട്.

വിവരാവകാശം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് www.righttoinformation.gov.in സന്ദർശിക്കൂ.

ചുരുക്കത്തിൽ ജനാധിപത്യത്തെ ശക്തവും സുതാര്യവുമായ സംവിധാനമാക്കി മാറ്റിയെടുക്കുന്നതിനായി പൗരവകാശ പ്രവർത്തകർ നടത്തിയ പോരാട്ടങ്ങളുടെ വിജയമാണ് വിവരാവകാശ നിയമം.

## പഠനപുരോഗതി വിലയിരുത്താം

15 ഇന്ത്യയിൽ പൗരസമൂഹത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയ ഏറ്റവും പ്രധാനപ്പെട്ട സംഭവം ഏതാണ്?

16. വിവരാവകാശ നിയമത്തിനുവേണ്ടിയുള്ള ഇന്ത്യയിലെ തുടക്കം കുറിക്കപ്പെട്ടത് ഏതു സംസ്ഥാനത്താണ്?

17. ഇന്ത്യാ ഗവൺമെന്റ് വിവരാവകാശ നിയമം പാസാക്കിയത് ...................... വർഷമാണ്?

(2000, 2005, 2010, 2016)

ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരമെടുത്തഴുതുക.

## സംഗ്രഹം

- ലോകത്ത് ഏറ്റവും സാംസ്കാരിക വൈവിധ്യം പുലർത്തുന്ന നാടാണ് ഇന്ത്യ.
- ഭൂപ്രദേശങ്ങൾ, ഭാഷ, വംശം, ജാതി എന്നിവയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യയിലെ സാമൂഹ്യ വിഭാഗങ്ങൾ രൂപം കൊണ്ടിട്ടുള്ളത്.
- ഇത്തരം വൈജാത്യങ്ങൾ ഒരു രാഷ്ട്രത്തിന്റെ ഭാഗമായി ഒരുമിച്ചു നീങ്ങുമ്പോൾ, സാമൂഹ്യവിഭാഗങ്ങൾക്കിടയിൽ രൂപപ്പെടുന്ന ഐക്യവും അനൈക്യവും ദേശീയതയെ സ്വാധീനിക്കുന്നു.
- സ്വന്തമായൊരു രാഷ്ട്രം സ്ഥാപിക്കുന്നതിൽ വിജയിച്ച ഒരു സമുദായമാണ് ദേശം. സാംസ്കാരിക വൈവിധ്യങ്ങളെ നിലനിർത്തിക്കൊണ്ടു തന്നെ ഒരു ദേശരാഷ്ട്രമായി നിലനിൽക്കാമെന്നു തെളിയിക്കുകയാണ് ഇന്ത്യ.
- എല്ലാ സാമൂഹ്യ വിഭാഗങ്ങളെയും ഒരുമിച്ചു കൊണ്ടു പോകുന്ന ദേശീയോദ്ഗ്രഥന നയമാണ് ഇന്ത്യ പിന്തുടരുന്നത്.
- ഭാഷാ-മത-ജാതി ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന ഭരണഘടനയാണ് ഇന്ത്യക്കുള്ളത്. ഇത് ദേശീയതയെ ശക്തിപ്പെടുത്തുന്നു.
- ഇന്ത്യൻ ദേശീയത എക്കാലത്തും നേരിടുന്ന വെല്ലുവിളിയാണ് വർഗ്ഗീയത.
- ബഹുമത സമൂഹമായ ഇന്ത്യ, വർഗ്ഗീയതയെ ചെറുക്കാനായി എല്ലാ മതങ്ങൾക്കും തുല്യ പരിഗണന കൊടുക്കുന്ന മതേതര നയമാണ് പിന്തുടരുന്നത്.
- വാണിജ്യ താൽപര്യമോ ലാഭേച്ഛയോ ഇല്ലാത്ത രാഷ്ട്രീയ നിയന്ത്രണങ്ങൾക്കതീതമായ ശക്തിയാണ് പൗരസമൂഹം. അത് രാഷ്ട്രം ലക്ഷ്യങ്ങളിൽ നിന്നു വ്യതിചലിക്കാതിരിക്കാൻ ജാഗ്രത പുലർത്തുന്നു.
- അടിയന്തരാവസ്ഥ പോലുള്ള വെല്ലുവിളികളെ അതി ജീവിച്ചു കൊണ്ടാണ് ഇന്ത്യയിലെ പൗരസമൂഹം ഉയർന്നു വന്നത്.
- ഇന്ത്യയിൽ വിവരാവകാശ നിയമം നടപ്പിലാക്കിയത് പൗരാവകാശ പ്രസ്ഥാനങ്ങളുടെ വിജയമായി കണക്കാക്കാം.

| സ്വയം വിലയിരുത്തൽ ചെക്ക്‌ലിസ്റ്റ് | | | |
|---|---|---|---|
| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
| • വൈവിധ്യം എന്ന ആശയത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് നിർവചിക്കാൻ | | | |
| • ഇന്ത്യയിൽ നിലനിൽക്കുന്ന സാംസ്കാരിക വൈവിധ്യങ്ങളെ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്താൻ | | | |
| • സാമൂദായിക സ്വത്വം എങ്ങനെ രൂപപ്പെടുന്നു എന്നു വിശദീകരിക്കാൻ | | | |
| • സമുദായം, ദേശം, ദേശരാഷ്ട്രം എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കാൻ | | | |
| • ഇന്ത്യയുടെ സ്വാംശീകരണ ഉദ്ഗ്രഥന നയങ്ങൾ വിശകലനം ചെയ്യാനും പാശ്ചാത്യ രാജ്യങ്ങളുടെ നയങ്ങളിൽ നിന്ന് അതിനുള്ള വ്യത്യാസം വിശദീകരിക്കാൻ. | | | |
| • പ്രാദേശികവാദം എങ്ങനെയാണ് ഇന്ത്യയിലെ സംസ്ഥാന രൂപീകരണത്തിനു വഴിയൊരുക്കിയത് എന്ന് പശ്ചാത്തല സഹിതം ഉദാഹരണങ്ങൾ എഴുതാൻ | | | |
| • ന്യൂനപക്ഷാവകാശ സംരക്ഷണം ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ എങ്ങനെ സഹായിക്കുന്നു എന്നു വിശദീകരിക്കാൻ | | | |
| • ഇന്ത്യയിൽ നടന്ന സാമുദായിക കലാപങ്ങളുടെ സാമൂഹ്യപശ്ചാത്തലം വിശകലനം ചെയ്യാൻ | | | |
| • ജനാധിപത്യ സംരക്ഷണത്തിന് പൗരസമൂഹം എങ്ങനെ ഇടപെടുന്നു എന്ന് ഉദാഹരണ സഹിതം വിശദീകരിക്കാൻ | | | |
| • മതനിരപേക്ഷത, മതേതരത്വം എന്നീ ആശയങ്ങളുടെ വ്യത്യാസങ്ങൾ വിശദമാക്കാൻ | | | |

## തുടർമൂല്യനിർണയ സാധ്യതകൾ

- പാഠഭാഗത്ത് നൽകിയിരിക്കുന്ന പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന്റെ തെളിവുകൾ തുടർമൂല്യ നിർണയത്തിന് ഉപയോഗിക്കാവുന്നതാണ് (പോർട്ട്ഫോളിയോ)
- യൂണിറ്റ് തല വിലയിരുത്തലിന്റെ ഭാഗമായി ഈ പാഠഭാഗത്തെ ആസ്പദമാക്കി ഓപ്പൺ ബുക്ക് അസസ്മെന്റ് നടത്താവുന്നതാണ്.

## പഠനപുരോഗതി വിലയിരുത്താം - ഉത്തരസൂചിക

1. • സാമുദായിക സ്വത്വം ആരോപിതമാണ് (ascribed)
   • ഉപേക്ഷിക്കാനോ പുതിയത് സ്വീകരിക്കാനോ സാധ്യമല്ല.
   • വൈകാരികമാണ്.

2. നെഹ്റു

3. മദ്രാസ്

4. • ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം
   • കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ അധികാര വിഭജനം
   • സംസ്ഥാനങ്ങൾക്ക് ആസൂത്രണം ബോർഡ് പങ്കാളിത്തം (നീതി ആയോഗ്)

5. ഉദാരവൽക്കരണത്തെത്തുടർന്ന് ഇന്ത്യയിൽ വിദേശ കമ്പനികൾ നിക്ഷേപം നടത്താൻ തെരഞ്ഞെടുത്തതും അടിസ്ഥാന സൗകര്യങ്ങൾ നേരത്തെ വികസിച്ച പഞ്ചാബ്, ഹരിയാന, ഗുജറാത്ത് സംസ്ഥാനങ്ങളാണ്. ഈ സംസ്ഥാനങ്ങൾ കൂടുതൽ വളർച്ച നേടി. ഇത് സ്വതവേ പിന്നാക്കം നിൽക്കുന്ന വടക്കു കിഴക്കൻ സംസ്ഥാനങ്ങളെ കുടുതൽ പുറകിലാക്കി. ഇത്തരം അസമത്വങ്ങൾ പ്രാദേശിക വാദത്തെ ശക്തിപ്പെടുത്തുന്നത് ദേശീയ ഐക്യത്തിന് ഭീഷണിയുയർത്തുന്നു.

6. • കുറഞ്ഞ ജനസംഖ്യ
   • സാമൂഹ്യ വിവേചനങ്ങൾക്കു വിധേയം.

7. ആർട്ടിക്കിൾ 29, ആർട്ടിക്കിൾ 30

8. വർഗ്ഗീയത

9. അക്രമണോത്സുകത

10. 1984

11. (a) തെറ്റ് (b) ശരി (c) ശരി (d) ശരി

12 മതനിരപേക്ഷത

13 (a) രാഷ്ട്രം മതത്തിൽനിന്ന് അകലം പാലിക്കുന്നു. (b) എല്ലാ മതങ്ങളോടും തുല്യ ആദരം

14. ദൂരദർശൻ (സർക്കാർ ഉടമസ്ഥതയിലുള്ള മാധ്യമം)
15. അടിയന്തരാവസ്ഥ ( 1975-1977)
16 രാജസ്ഥാനിൽ
17 2015

## വിലയിരുത്തൽ ചോദ്യങ്ങൾ

1. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം നേരിടുന്ന വെല്ലുവിളികളിലൊന്നാണ്? (ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുക്കുക)

   (സാമുദായിക സ്വത്വം, ഭാഷാ വൈവിധ്യം, വർഗ്ഗീയത, മതനിരപേക്ഷത)
2. ആധുനികത, ശാസ്ത്രം, യുക്തിബോധം എന്നിവയുടെ ഉദയവുമായി ബന്ധപ്പെട്ട ഒരു സങ്കൽപ്പനമാണ് .......
3. ഇന്ത്യൻ ഭരണഘടനയിൽ ന്യൂനപക്ഷ അവകാശങ്ങളുമായി ബന്ധപ്പെട്ട അനുഛേദങ്ങൾ ഏതെല്ലാം?
4. വ്യക്തിയിൽ സാമുദായിക സ്വത്വബോധം രൂപപ്പെട്ടു വരുന്നത് എങ്ങനെയാണ്?
5. ബഹുവംശ ദേശീയതയുള്ള - രാഷ്ട്രങ്ങൾ സ്വീകരിക്കുന്ന സ്വാംശീകരണ - ഉദ്ഗ്രഥന നയങ്ങളുടെ ന്യൂനത എന്താണ്? ഇന്ത്യ സ്വീകരിച്ചിരിക്കുന്ന നയം എന്താണ്?
6. 1853- ലെ സംസ്ഥാന പുനഃസംഘടനാ കമ്മീഷനു നേതൃത്വം വഹിച്ചത് ആരാണ്? ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുക്കുക.

   (നെഹ്റു, പട്ടേൽ, ഫസൽഅലി, ശ്രീരാമലു)
7. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന രൂപീകരണം ഇന്ത്യൻ ദേശീയതയെ എങ്ങനെയാണ് സ്വാധീനിച്ചത്?
8. ഭരണഘടനാപരമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് തുല്യമായ അധികാരമുള്ള പട്ടികയാണ്............................
9. ന്യൂനപക്ഷ വികാരം ഇന്ത്യൻ ദേശീയതയ്ക്ക് ഭീഷണിയാവാതിരിക്കാൻ ഭരണഘടന കൈക്കൊണ്ടിരിക്കുന്ന മുൻകരുതലുകൾ എന്തെല്ലാമാണ്?
10. ജനാധിപത്യ സമൂഹത്തിന്റെ വളർച്ചയിൽ പൗരസമൂഹം വഹിക്കുന്ന പങ്ക് വിശദമാക്കുക?

## വിലയിരുത്തൽ ചോദ്യങ്ങൾ - ഉത്തരസൂചിക

1. വർഗ്ഗീയത
2. മതനിരപേക്ഷത
3. ആർട്ടിക്കിൾ 29, 30

4. വിവിധ സാമൂഹീകരണ ഏജൻസികളുടെ സ്വാധീന ഫലമായി വ്യക്തിയിൽ സാമുദായിക സ്വത്വം രൂപപ്പെടുന്നു. ഒരാൾക്ക് തന്റെ സാമുദായിക സ്വത്വം ഉപേക്ഷിക്കാനോ പുതിയതു സ്വീകരിക്കാനോ എളുപ്പമല്ല. സ്വത്വ ബോധം ഒരു സമുദായത്തിലെ എല്ലാ അംഗങ്ങളും പങ്കിടുന്നു.

5. വംശീയ-മത-ഭാഷാ വിഭാഗങ്ങളുടെ സ്വത്വങ്ങളെ അടിച്ചമർത്തിക്കൊണ്ട് ഒരു ഏകദേശീയ ത്വത്വം സ്ഥാപിക്കാനാണ് സ്വാംശീകരണ-ഉദ്ഗ്രഥന നയങ്ങൾ ശ്രമിക്കുന്നത്. പ്രബല വിഭാഗത്തിന്റെ സാംസ്കാരിക മൂല്യങ്ങളും നിയമങ്ങളുമാണ് അത് ഉയർത്തിപ്പിടിക്കുന്നത്.

   സ്വാംശീകരണ-ഉദ്ഗ്രഥന നയങ്ങളോട് ഇന്ത്യക്ക് യോജിപ്പില്ല. എല്ലാ വംശ-മത-ഭാഷാ വിഭാഗങ്ങൾക്കു തുല്യ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ദേശീയോദ്ഗ്രഥന മാതൃകയാണ് ഇന്ത്യ വിഭാവനം ചെയ്യുന്നത്.

6. ഫസൽ അലി

7. ഇന്ത്യയിലെ ഭാഷാ വൈവിധ്യവും അതിലധിഷ്ഠിതമായ സംസ്കാരങ്ങളെയും അംഗീകരിച്ചുകൊണ്ട് ഗവൺമെന്റ് ഭാഷാ സംസ്ഥാനങ്ങൾ രൂപീകരിച്ചത്, ഒരു സംസ്ഥാനത്തിലെ ജനങ്ങളെ രാഷ്ട്രത്തോട് കൂടുതൽ കൂറുള്ളവരാക്കിത്തീർത്തു. ഇത് ജനാധിപത്യത്തെയും ദേശീയ ഐക്യത്തെയും ശക്തിപ്പെടുത്തി.

8. കൺകറന്റ് ലിസ്റ്റ്.

9. ന്യൂനപക്ഷങ്ങൾക്ക് വിശേഷാവകാശങ്ങളും ഭരണ ഘടനപരമായ സംരക്ഷണവും ഉറപ്പു വരുത്തി. വിദ്യാഭ്യാസ, തൊഴിൽ, രാഷ്ട്രീയ പ്രാതിനിധ്യ രംഗങ്ങളിൽ സംവരണം ഏർപ്പെടുത്തി.

10. പൗരസമൂഹം രാഷ്ട്രത്തിന്റെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നു. രാഷ്ട്രത്തിനു മുൻപിൽ ജനങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിക്കുകയും പൊതു താത്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. അനീതി, അഴിമതി എന്നിവയ്ക്കെതിരെ പ്രതികരിക്കുന്നു. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു.

## തുടർപ്രവർത്തനങ്ങൾ

- വിവിധ ആഘോഷങ്ങളിലും ഉത്സവങ്ങളിലും വിഭിന്ന സാമൂഹ്യവിഭാഗങ്ങൾ ഒരുമിച്ചു പ്രവർത്തിക്കുന്നതു നിരീക്ഷിക്കുക. ഇതു സംബന്ധിച്ച ചിത്രങ്ങൾ ശേഖരിച്ച് കുറിപ്പുകൾ തയാറാക്കി പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തുക.

## തുടർവായന സാമഗ്രികൾ

1. **Indian Society, NCERT 2006** രണ്ടാം വർഷ സമൂഹശാസ്ത്ര പാഠപുസ്തകം
2. Bharagava, Rajeev, 2005, Civil Society Public Sphere and citizenship, Sage Publications, New Delhi.

## പദാവലി (Glossary)

- **സാമുദായിക സ്വത്വം**
  വ്യക്തികൾക്ക് അവരുടെ സമുദായം വഴി പകർന്നു കിട്ടിയ ആത്മബോധം.
- **ദേശരാഷ്ട്രം**
  ഒരു ദേശത്ത് സ്വന്തം രാഷ്ട്രം സ്ഥാപിച്ച സമുദായങ്ങൾ
- **വർഗ്ഗീയത**
  സ്വന്തം മതവിഭാഗത്തെ മാത്രം ശ്രേഷ്ഠമായി കരുതുകയും മറ്റു വിഭാഗങ്ങളെ അധമമായി കാണുകയും ചെയ്യുന്ന സങ്കുചിത മനോഭാവം.
- **മതനിരപേക്ഷത**
  ഒരു പ്രത്യേക മതത്തോടും മമത പുലർത്താതിരിക്കൽ. എല്ലാ മതങ്ങളോടും തുല്യമായ ബഹുമാനം പുലർത്തൽ.
- **ന്യൂനപക്ഷം**
  ഭൂരിപക്ഷ സമൂഹത്തെ അപേക്ഷിച്ച് സാമൂഹ്യമോ സാമ്പത്തികമോ ആയ വിഷമതകൾ അനുഭവിക്കുന്ന ഒരു കൂട്ടായ്മ രൂപീകരിച്ചിട്ടുള്ള ഒരു ചെറിയ വിഭാഗം.
- **പൗര സമൂഹം**
  വ്യക്തിയുടെ സ്വകാര്യ ജീവിത മണ്ഡലങ്ങൾ, വിപണി, രാഷ്ട്രം, ഗവൺമെന്റ് നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവയ്ക്കു പുറത്തുള്ള വിശാല സമൂഹം.